05
നവംബർ 2024
ചൊവ്വ
1446 ജമാദുൽ അവ്വൽ 03
1200 തുലാം 20
പേജ് 18
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം



06 വ്യോമസേനയുടെ യുദ്ധവിമാനം തകർന്നു വീണു

07 സംഗീത ഇതിഹാസം ക്വിൻസി ജോൺസ് അന്തരിച്ചു



08 സ്കൂൾ മീറ്റിന് തുടക്കം

Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

# കമലയോ, ട്രംപോ?

## അമേരിക്ക ഇന്ന് ബൂത്തിലേക്ക്

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിനായുള്ള വോട്ടെടുപ്പ് ഇന്ന്. ഡെമോക്രാറ്റ് സ്ഥാനാർത്ഥി കമലാ ഹാരിസും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപും തമ്മിൽ അപ്രവചനാതീതമായ പോരാട്ടമാണ് നടക്കുന്നത്. ഇന്നത്തെ വോട്ടെടുപ്പിന് മുന്നോടിയായി അമേരിക്കയിൽ നടക്കുന്ന 'ഏർളി വോട്ടിങ്' പൂർത്തിയാകുമ്പോൾ ഡെമോക്രാറ്റിക് സ്ഥാനാർഥി കമല ഹാരിസ് എട്ട് ശതമാനം വോട്ടിനു മുന്നിട്ടുനിൽക്കുന്നതായാണ് റിപ്പോർട്ടുകൾ. ഏർളി വോട്ടിങ് ഉപയോഗിച്ച് 7.8 കോടിപേർ ഇതിനോടകം സമ്മതിദാനം രേഖപ്പെടുത്തിക്കഴിഞ്ഞു.



തിരഞ്ഞെടുപ്പ് ദിവസം വോട്ട് ചെയ്യാൻ അസൗകര്യമുള്ളവർക്ക് സമ്മതിദാനാവകാശം നേരത്തെ വിനിയോഗിക്കാൻ ഒരുക്കുന്ന സംവിധാനമാണ് ഏർളി വോട്ടിങ്. റിപ്പബ്ലിക്കൻ സ്ഥാനാർഥി ഡൊണാൾഡ് ട്രംപിന് അനുകൂലമാകുമെന്നു കരുതിയ പല പ്രദേശങ്ങളിലെയും വോട്ടിങ് അത്തരത്തിലല്ല സംഭവിച്ചിരിക്കുന്നതെന്നാണ് ആദ്യ സൂചനകൾ നൽകുന്നത്. എങ്ങോട്ടുവേണമെങ്കിലും മറിയാൻ സാധ്യതയുള്ള (സ്വിങ് സംസ്ഥാനങ്ങൾ) ഏഴ് സംസ്ഥാനങ്ങളിൽ മൂന്നിടത്ത് കമല ഹാരിസും ഒരിടത്ത് ഡൊണാൾഡ് ട്രംപും മുന്നേറുന്നതായാണ് ന്യൂയോർക് ടൈംസും സിയന്നാ കോളജും പുറത്തുവിടുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത്. കമല ഹാരിസ് അവസാനവട്ട പ്രചാരണവുമായി മിഷിഗണിലായിരുന്നു. മാധ്യമങ്ങൾ തനിക്കെതിരെ വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതായും ട്രംപ് ആരോപിച്ചു. അതേ സമയം മിഷിഗണിൽ നടത്തിയ പ്രസംഗത്തിൽ ഗസ്സയിൽ നടക്കുന്ന യുദ്ധം അവസാനിപ്പിക്കാൻ തന്നാൽ ആവുന്നതെല്ലാം ചെയ്യുമെന്നായിരുന്നു കമല ഹാരിസിന്റെ പ്രഖ്യാപനം. മിഷിഗണിൽ അറബ് അമേരിക്കൻ, മുസ്ലിം അമേരിക്കൻ വിഭാഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കവെയാണ് ഗസ്സയിൽ യുദ്ധമവസാനിപ്പിക്കുന്നതിനു മുൻകൈയെടുക്കാൻ താൻ പ്രതിജ്ഞാബദ്ധയാണെന്നു കമല പ്രഖ്യാപിച്ചത്. ഇസ്രാഈൽ ഗസ്സയ്ക്കുമേൽ നടത്തുന്ന ആക്രമണത്തിൽ അമേരിക്ക നൽകുന്ന പിന്തുണയെ ചോദ്യം ചെയ്തുകൊണ്ട് അതിശക്തമായ പ്രതിഷേധമാണ് അമേരിക്കയിൽ നടന്നത്. 2,40,000 മുസ്ലിം വോട്ടർമാരുള്ള മേഖലയാണ് മിഷിഗൺ. (വിദേശം പേജ് കാണുക)



എറണാകുളം മഹാരാജാസ് ഗ്രൗണ്ടിൽ സംസ്ഥാന സ്കൂൾ കായിക മാമാങ്കത്തിന് ഒളിംപ്യൻ പി.ആർ ശ്രീജേഷ് ദീപം തെളിയിക്കുന്നു. സംസ്ഥാനത്തെ കായിക കൗമാരം ഇന്ന് മുതൽ മൽസരക്കളങ്ങളിലാണ്. കൊച്ചിയിലെ 17 വേദികളിലായാണ് കായിക മേള. (സ്പോർട്സ് പേജ് കാണുക)
ചിത്രം: നിതിൻ കൃഷ്ണൻ

# കുഴലിൽ വീണ് ബി.ജെ.പി

## സംസ്ഥാന പ്രസിഡന്റ് സ്ഥാനം ലക്ഷ്യമിട്ട് ശോഭാസുരേന്ദ്രൻ

## തുറന്നടിച്ച് വീണ്ടും തിരൂർ സതീശ്







### കൊടകരയിൽ കുരുങ്ങി കെ.സുരേന്ദ്രൻ

തിരുവനന്തപുരം: സംഘടനാ തിരഞ്ഞെടുപ്പിലേക്ക് കടക്കുന്ന സംസ്ഥാന ബി.ജെ.പിയിൽ അസാധാരണ പൊട്ടിത്തെറി. കൊടകര കുഴൽപ്പണ കേസിനു പിന്നാലെ ബി.ജെ.പിയുടെ പ്രമുഖ നേതാക്കൾ കൊമ്പുകോർക്കുകയാണ്. സംസ്ഥാന ബി.ജെ.പിയിലെ വിവാദങ്ങളും പോർവിളികളും ദേശീയ നേതൃത്വത്തിനും തലവേദനയായിട്ടുണ്ട്. അധ്യക്ഷ പദവിയിൽ ഒരുവട്ടം കൂടി തുടരാനുള്ള കെ.സുരേന്ദ്രന്റെ മോഹങ്ങൾക്ക് മേൽ ഇടിത്തീ വീഴ്ത്തി സംസ്ഥാന പ്രസിഡന്റാകാൻ അരയും തലയും മുറുക്കി ശോഭാ സുരേന്ദ്രൻ രംഗത്തിറങ്ങിയത് നേതൃത്വത്തെ കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

പാലക്കാട് സ്ഥാനാർഥിത്വം നിഷേധിച്ചതിൽ ശോഭാ സുരേന്ദ്രൻ അസ്വസ്ഥയാണ്. ഇതോടെയാണ് സുരേന്ദ്രനെ സംസ്ഥാന പ്രസിഡന്റ് കസേരയിലേക്കുള്ള ശ്രമം ശോഭ സജീവമാക്കിയത്. ദേശീയ നേതൃത്വത്തിനും ശോഭയുടെ കാര്യത്തിൽ താൽപ്പര്യമുണ്ട്. ഈ അനുകൂല സാഹചര്യം മുതലാക്കാനാണ് ശോഭയുടെ തീരുമാനം. മഞ്ചേശ്വരം തിരഞ്ഞെടുപ്പ് കോഴക്കേസിൽ ഹൈക്കോടതിയിൽ നിന്നേറ്റ തിരിച്ചടി, കൊടകര കുഴൽപ്പണക്കേസിലെ മുൻ ഓഫീസ് സെക്രട്ടറിയുടെ വെളിപ്പെടുത്തൽ, സന്ദീപ് വാര്യരുടെ പരാതി തുടങ്ങി ഒന്നിന് പിറകെ ഒന്നായി പ്രശ്നങ്ങൾ വന്നതോടെ സുരേന്ദ്രൻ പാർട്ടിയിൽ ഒറ്റപ്പെട്ടിരിക്കുകയാണ്.

കൊടകര കുഴൽപ്പണക്കേസ് ഉയർന്നത് മുതൽ കൃത്യമായ വിശദീകരണം നൽകാൻ സംസ്ഥാന നേതൃത്വത്തിന് കഴിഞ്ഞിട്ടില്ല. സി.പി.എമ്മുമായി ഏറെ വിട്ടുവീഴ്ചകൾ ചെയ്താണ് ബി.ജെ.പി 2021ൽ ഈ ആരോപണം ഒതുക്കിയത്. ബി.ജെ.പിയുടെ ഓഫീസ് സെക്രട്ടറിയായിരുന്ന തിരൂർ സതീശ് നടത്തിയ വെളിപ്പെടുത്തലാണ് കൊടകര കുഴൽപ്പണക്കേസിനെ വീണ്ടും ചർച്ചകളിൽ എത്തിച്ചത്.

തിരഞ്ഞെടുപ്പ് സാമഗ്രികൾ എന്ന പേരിൽ ചാക്കുകളിൽ കോടികൾ എത്തിച്ചെന്നും ഈ സമയം കെ.സുരേന്ദ്രൻ ജില്ലാ കമ്മിറ്റി ഓഫീസിലുണ്ടായിരുന്നതായും സതീശൻ പറഞ്ഞു. ഇക്കാര്യം ശോഭാ സുരേന്ദ്രൻ പറഞ്ഞിട്ടാണ് വെളിപ്പെടുത്തുന്നതെന്നും സതീശൻ ആരോപിച്ചു. എന്നാൽ സതീശൻ പറയുന്നതെല്ലാം നുണയെന്നായിരുന്നു ശോഭാ സുരേന്ദ്രന്റെ ആരോപണം. ഇതിനു പിന്നിൽ മുഖ്യമന്ത്രി പിണറായി വിജയനും സി.പി.എമ്മുമാണെന്നായിരുന്നു ശോഭയുടെ ആരോപണം. കടുത്ത ഭാഷയിൽ വാർത്താ സമ്മേളനം നടത്തി വെല്ലുവിളിച്ചതോടൊപ്പം തന്റെ സംഘടനാ പ്രവർത്തനത്തിന്റെ ചരിത്രവും ശോഭ വിളിച്ചുപറഞ്ഞു.

നൂലിൽ കെട്ടിയിറക്കിയ നേതാവല്ലെന്നും ഒരു ഗോഡ്ഫാദറും വളർത്തിവിട്ട ആളല്ലെന്നും ശോഭാ സുരേന്ദ്രൻ പറഞ്ഞു. പ്രത്യക്ഷ വിമർശനം സി.പി.എമ്മിനു നേരെയാണെങ്കിലും ശോഭയുടെ ലക്ഷ്യം സുരേന്ദ്രൻ പക്ഷം തന്നെയാണ്. താൻ പറഞ്ഞിട്ടാണ് വെളിപ്പെടുത്തൽ നടത്തിയതെന്ന സതീശന്റെ ആരോപണങ്ങൾ ശോഭ തള്ളുകയും ചെയ്തിരുന്നു. എന്നാൽ തന്റെ വീട്ടിൽ ശോഭ എത്തിയ ചിത്രങ്ങൾ പുറത്തുവിട്ടായിരുന്നു സതീശന്റെ മറുപടി. ഇത്രയും കാര്യങ്ങൾ പുറത്തു വന്നിട്ടും ശോഭാ സുരേന്ദ്രനെ പരസ്യമായി തള്ളിപ്പറയാനോ വിമർശിക്കാനോ സംസ്ഥാന നേതൃത്വം തയ്യാറായിട്ടില്ല. ഇത് ശോഭയുടെ പ്രതികരണം ഏത് രീതിയിലാകും എന്ന് മനസിലാക്കി തന്നെയാണ്. ബി.ജെ.പി നേതാക്കളുടെ പേര് വലിച്ചിഴയ്ക്കുന്നത് ദുരുദ്ദേശ്യപരമാണ്. സതീശന് പിന്നിൽ ശോഭാ സുരേന്ദ്രനാണെന്ന് ആരു പറഞ്ഞാലും വിശ്വസിക്കില്ലെന്നും പറഞ്ഞ് വിവാദങ്ങളെ മയപ്പെടുത്താനാണ് കെ.സുരേന്ദ്രൻ ശ്രമിച്ചത്.

### ഇടഞ്ഞ സന്ദീപ് വാര്യർക്ക് പിറകെ സി.പി.എം

തിരുവനന്തപുരം: ബി.ജെ.പിയുമായി ഇടഞ്ഞുനിൽക്കുന്ന സംസ്ഥാന സമിതി അംഗം സന്ദീപ് വാര്യർക്കു പിന്നാലെ വാഗ്ദാനവുമായി സി.പി.എം. കീഴ്വഴക്കങ്ങളെല്ലാം തെറ്റിച്ചാണ് സന്ദീപ് വാര്യരെ പ്രമുഖ നേതാക്കൾ സി.പി.എമ്മിലേക്ക് വിളിക്കുന്നത്. സി.പി.എമ്മിനെ വിമർശിച്ച നിരവധി പേർ നേരത്തെയും ഇടതുപക്ഷവുമായി സഹകരിച്ചിട്ടുണ്ടെന്നും ഇടതുപക്ഷ നിലപാട് സ്വീകരിച്ചാൽ സി.പി.എമ്മുമായി ചേർന്ന് പ്രവർത്തിക്കാമെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞു. എന്നാൽ ഇതുവരെ സന്ദീപുമായി ആശയവിനിമയം നടന്നിട്ടില്ലെന്നും ഗോവിന്ദൻ വ്യക്തമാക്കി. ബി.ജെ.പി രാഷ്ട്രീയം ഉപേക്ഷിക്കാൻ തയ്യാറായാൽ സന്ദീപ് വാര്യരെ പാർട്ടിയിലേക്ക് സ്വീകരിക്കാൻ ബുദ്ധിമുട്ടില്ലെന്ന് മന്ത്രി എം.ബി രാജേഷും പ്രതികരിച്ചിരുന്നു. അതേസമയം ബി.ജെ.പി നേതൃത്വത്തിനെതിരെ സന്ദീപ് വാര്യർ രൂക്ഷ വിമർശനം തുടരുകയാണ്. പാർട്ടിയിൽ നിന്ന് അവഗണനയും അപമാനവും നേരിടുന്ന നിരവധി സന്ദീപ് വാര്യർമാർ പാലക്കാടുണ്ടെന്നും അത്തരക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള യാതൊരു ഇടപെടലും നേതൃത്വത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ബി.ജെ.പിയിൽ ഇനി പ്രതീക്ഷയില്ല. പാലക്കാട് ജില്ലയിൽ നിരന്തരമായ അവഗണന, അധിക്ഷേപം, അപമാനം തുടങ്ങിയവ നേരിടേണ്ടിവന്നു. അത്തരമൊരു സാഹചര്യത്തിൽ ആരാണ് ഇതിന് പിന്നിലെന്ന് സാമാന്യയുക്തിയുള്ളവർക്ക് ബോധ്യമാകുമെന്ന് സി. കൃഷ്ണകുമാറിന്റെ പേര് പരാമർശിക്കാതെ അദ്ദേഹം പറഞ്ഞു.

### പാലക്കാട് തിരഞ്ഞെടുപ്പ് തീയതി മാറ്റി വോട്ടെടുപ്പ് 20ന്

തിരുവനന്തപുരം: പാലക്കാട് നിയമസഭാ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പ് തീയതി മാറ്റി തിരഞ്ഞെടുപ്പ് കമ്മീഷൻ. നവംബർ 13ന് നടത്താനിരുന്ന വോട്ടെടുപ്പ് നവംബർ 20ലേക്കാണ് മാറ്റിവെച്ചത്. കൽപ്പാത്തി രഥോത്സവം നടക്കുന്നതിനാൽ നവംബർ 13ലെ വോട്ടെടുപ്പ് മാറ്റിവെക്കണമെന്ന് യു. ഡി.എഫ് അടക്കം വിവിധ രാഷ്ട്രീയ പാർട്ടികൾ ആവശ്യപ്പെട്ടിരുന്നു. 23ന് തന്നെയായിരിക്കും വോട്ടെണ്ണൽ.

### കരിപ്പൂരിൽ 32ലക്ഷം രൂപയുടെ സ്വർണ്ണം പിടികൂടി

കൊണ്ടോട്ടി: കരിപ്പൂർ വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 433 ഗ്രാം സ്വർണ മിശ്രിതവുമായി യാത്രക്കാരൻ പൊലീസ് പിടിയിലായി.സംഭവത്തിൽ സ്വർണം സ്വീകരിക്കാൻ എത്തിയ രണ്ടുപേരെയും പൊലീസ് കസ്റ്റഡിയിലെടുത്തു. ഇന്നലെ രാവിലെ 07.15ന് റിയാദിൽ നിന്നുള്ള എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ എത്തിയ തിരൂർ ,താനാളൂർ സ്വദേശി മുഹമ്മദലി (36)ആണ് പിടിയിലായത്. സ്വർണ്ണം മിശ്രിത രൂപത്തിൽ രണ്ട് കാപ്സ്യൂളുകളിലാക്കി ശരീരത്തിനകത്ത് ഒളിപ്പിച്ച നിലയിലായിരുന്നു.



വയനാട് ലോക്സഭാ മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധിയുടെ തിരഞ്ഞെടുപ്പ് പ്രചാരണാർത്ഥം വയനാട് മുട്ടിലിൽ നടന്ന യോഗത്തിൽ മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി തങ്ങൾ സംസാരിക്കുന്നു. കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരൻ, പ്രിയങ്കാ ഗാന്ധി, പി.കെ കുഞ്ഞാലിക്കുട്ടി, ടി.സിദ്ദീഖ് തുടങ്ങിയവർ സമീപം.

വാർത്ത പേജ് 18

### കളിക്കുന്നതിനിടെ കാറിൽ കുടുങ്ങി; ഗുജറാത്തിൽ നാല് കുട്ടികൾക്ക് ശ്വാസം മുട്ടി ദാരുണാന്ത്യം

അംറേലി: കളിച്ചുകൊണ്ടിരിക്കെ കാറിനുള്ളിൽ അകപ്പെട്ടു പോയ നാല് കുട്ടികൾ ശ്വാസംമുട്ടി മരിച്ചു. ഗുജറാത്തിലെ അംറേലി ജില്ലയിലാണ് ദാരുണമായ സംഭവം നടന്നതെന്ന് പൊലീസ് തിങ്കളാഴ്ച അറിയിച്ചു. രണ്ട് വയസ് മുതൽ ഏഴ് വയസ് വരെ പ്രായമുള്ളവരാണ് മരിച്ച കുട്ടികൾ. അംറേലി ജില്ലയിലെ രാന്ധിയ ഗ്രാമത്തിൽ ശനിയാഴ്ചയായിരുന്നു സംഭവം നടന്നത്. തിങ്കളാഴ്ചയാണ് ഇക്കാര്യം പൊലീസ് ഉദ്യോഗസ്ഥർ മാധ്യമങ്ങളെ അറിയിച്ചത്. ഗ്രാമത്തിലെ ഒരു ഫാമിൽ ജോലി ചെയ്യുകയായിരുന്നു കുട്ടികളുടെ മാതാപിതാക്കൾ എല്ലാവരും. രാവിലെ 7.30ഓടെ മാതാപിതാക്കൾ ജോലിക്ക് പോയപ്പോൾ തങ്ങളുടെ ഏഴ് കുട്ടികൾ അവരുടെ താമസ സ്ഥലത്തായിരുന്നു ഉണ്ടായിരുന്നത്. കളിക്കുന്നതിനിടെ കുട്ടികളിൽ നാല് പേർ ഫാം ഉടമയുടെ കാറിൽ കയറി. വീടിന് സമീപത്ത് പാർക്ക് ചെയ്തിരിക്കുകയായിരുന്നു ഈ കാർ. രാവിലെ 7.30ഓടെ ജോലിക്ക് പോയ മാതാപിതാക്കളും കാർ ഉടമയും വൈകുന്നേരം തിരിച്ചെത്തിയപ്പോൾ കാറിനുള്ളിൽ നാല് കുട്ടികളെ ചലനമറ്റ നിലയിൽ കണ്ടെത്തുകയായിരുന്നു. സംഭവത്തിൽ അപകട മരണത്തിന് പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. വിശദമായ അന്വേഷണം നടത്തുകയാണെന്ന് അംറേലി പൊലീസ് പറഞ്ഞു.

### യു.പി മദ്രസ നിയമം: സുപ്രീം കോടതി ഇന്ന് വിധി പറയും

ന്യൂഡൽഹി: ഉത്തർ പ്രദേശ് മദ്രസ വിദ്യാഭ്യാസ ബോർഡ് നിയമം 2004 ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ച അലഹബാദ് ഹൈക്കോടതിയുടെ തീരുമാനത്തെ ചോദ്യം ചെയ്തുള്ള ഹർജികളിൽ സുപ്രീം കോടതി ഇന്ന് വിധി പറയും. മാർച്ച് 22 നാണ് അലഹബാദ് ഹൈക്കോടതി വിധി പുറപ്പെടുവിച്ചത്. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ മൂന്നംഗ ബെഞ്ചാണ് കേസിൽ വിധി പറയുന്നത്. ഏപ്രിലിൽ ഹൈക്കോടതിയുടെ ഉത്തരവ് സ്റ്റേ ചെയ്യുന്നതിനിടെ, മദ്രസ നിയമത്തിലെ വ്യവസ്ഥകൾ ഹൈക്കോടതി തെറ്റായി വ്യാഖ്യാനിച്ചുവെന്ന് കോടതി ചൂണ്ടിക്കാട്ടിയിരുന്നു.

നിയമത്തിന്റെ ഉദ്ദേശ്യവും സ്വഭാവവും നിയന്ത്രണ സ്വഭാവമുള്ളതാണെന്നും സുപ്രീം കോടതി കൂട്ടിച്ചേർത്തിരുന്നു. മദ്രസകളിൽ മതനിരപേക്ഷ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഹൈക്കോടതിക്ക് മുമ്പാകെയുള്ള ഹർജി ഉദ്ദേശത്തോടെയാണെങ്കിലും, നിയമത്തെ തടയുകയല്ല പ്രതിവിധിയെന്നും കോടതി പറഞ്ഞിരുന്നു. യു.പി മദ്രസ ബോർഡിനെതിരായ അലഹാബാദ് ഹൈക്കോടതി വിധി ചൂണ്ടിക്കാട്ടി രാജ്യത്തെ മദ്രസകളെല്ലാം അടച്ചുപൂട്ടാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ദേശീയ ബാലാവകാശ കമ്മിഷൻ നിർദേശം നൽകിയിരുന്നു.

മദ്രസകൾക്കെതിരെ നടപടി എടുക്കരുതെന്നും എന്തുകൊണ്ട് മദ്രസകളെ മാത്രം ലക്ഷ്യമിടുന്നുവെന്നതടക്കം സുപ്രീം കോടതി രൂക്ഷ വിമർശനമുന്നയിച്ചതോടെ നടപടിയിൽ നിന്നും ബാലാവകാശ കമ്മീഷൻ മലക്കം മറിഞ്ഞിരുന്നു. മദ്രസകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുന്ന 2009ലെ നിയമം അനുശാസിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നില്ലെന്നായിരുന്നു കമ്മീഷന്റെ വിമർശനം. ഈ മാസം പത്തിന് സ്ഥാനമൊഴിയാനിരിക്കെ, ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് ഈയാഴ്ച വിധി പ്രസ്താവിക്കുക നാല് സുപ്രധാന കേസുകളിലാണ്. നവംബർ 8 ആണ് ചീഫ് ജസ്റ്റിസിന്റെ അവസാന പ്രവൃത്തി ദിനം.

## അബുദാബിയിൽ ഇനി ഡ്രൈവറില്ലാ വിമാനവും

അബുദാബി: ഇനി ഡ്രൈവറില്ലാത്ത കുഞ്ഞൻ വിമാനത്തിൽ പറക്കാം. സെൽഫ് ഡ്രൈവിങ് ഡ്രോണിന്റെ പരിശീലന പറത്തൽ അബുദാബിയിൽ വിജയകരമായി പൂർത്തിയാക്കി. അഡ്വാൻസ്ഡ് മൊബിലിറ്റി ഹബ്ബും അബുദാബി പോർട്ട്സ് ഗ്രൂപ്പും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം സായിദ് പോർട്ടിലെ അബുദാബി ക്രൂയിസ് ടെർമിനിലേക്കാണ് ആദ്യ യാത്ര നടത്തിയത്. ഈ ഇവിറ്റോൾ കുഞ്ഞൻ വിമാനത്തിന് ലംബമായ ടേക്ക് ഓഫും ലാന്റിംഗും സാധ്യമാണ്. കരാർ പ്രകാരം സുസ്ഥിരമായ ഗതാഗതമാണ് അബുദാബി ലക്ഷ്യമിടുന്നത്. രണ്ട് മുതൽ അഞ്ച് വ്യക്തികൾക്ക് വരെ യാത്ര ചെയ്യാൻ ശേഷിയുള്ള വെർട്ടിപോർട്ട് ലോജിസ്റ്റിക് സേവനങ്ങൾക്കും ഉപയോഗിക്കാം. ഇത് സുഖകരവും സമ്പന്നവുമായ എയർ ടൂറുകൾക്ക് അനുയോജ്യമാണെന്ന് മൾട്ടി ലെവൽ ഗ്രൂപ്പ് സിഇഒ മുഹമ്മദ് സലാ പറഞ്ഞു.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.90 ₹
1 ഒമാനി റിയാൽ 219.45 ₹
1 സൗദി റിയാൽ 22.39 ₹
1 ഖത്തർ റിയാൽ 23.06 ₹
1 കുവൈത്ത് ദിനാർ 274.53 ₹
1 ബഹ്റൈൻ ദിനാർ 223.18 ₹



### സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 332.00
22 കാരറ്റ് 307.50
21 കാരറ്റ് 297.50
18 കാരറ്റ് 255.00



# മുസലിയാർ കിങ്: മലബാർ സമരത്തിന്റെ പുതുചരിത്രം ഷാർജ അന്താരാഷ്ട്ര പുസ്തക മേളയിൽ


അബുദാബി കേന്ദ്രമായ ഇന്റർനാഷണൽ സെന്റർ ഫോർ ഇന്റർഫെയ്ത് സ്റ്റഡീസ് ഡയറക്ടറും ഗവേഷകനും, സ്കോട്ട്ലണ്ടിലെ സെന്റ് ആൻഡ്രൂസ് യൂണിവേഴ്സിറ്റിയിലെ ചരിത്രകാരനുമായ ഡോ. അബ്ബാസ് പനക്കൽ രചിച്ച മലബാർ സമരത്തെ കുറിച്ചുള്ള പുതിയ പുസ്തകം 'മുസലിയാർ കിംഗ്' ഷാർജ അന്താരാഷ്ട്ര പുസ്തക മേളയിൽ അവതരിക്കപ്പെടുന്നു. മലബാറിൽ നടന്ന കൊളോണിയൽ വിരുദ്ധ സമരങ്ങളെ പുതിയ വീക്ഷണത്തിൽ പരിശോധിക്കുന്ന 'മുസലിയാർ കിംഗ്' അന്താരാഷ്ട്ര പ്രസാധകരായ ബ്ലൂംസ്ബറി, ഒരേ സമയം ന്യൂയോർക് (അമേരിക്ക), ലണ്ടൻ (യുകെ), സിഡ്നി (ആസ്ട്രേലിയ), ഡൽഹി (ഇന്ത്യ) തുടങ്ങി വിവിധ ഇടങ്ങളിൽ നിന്ന് ഒരേ സമയം പ്രസിദ്ധീകരിച്ചു റെക്കോർഡ് സൃഷ്ടിക്കുകയും ചെയ്തു. 'മുസലിയാർ കിംഗ്' മലബാർ സമരത്തെ ഡി കൊളോണിയൽ വീക്ഷണത്തിൽ അവതരിപ്പിക്കുന്ന ആദ്യത്തെ പഠനമാണ്. കൊളോണിയൽ വിരുദ്ധ സമരത്തെയും പ്രതിരോധത്തെയും കുറിച്ചുള്ള ഡി കൊളോണിയൽ വായന പുതിയ ചരിത്ര പഠനത്തിനു വലിയ മുതൽക്കൂട്ടാണ്. ആലിമുസ് ലിയാരെ ബർട്ടീഷ് കാർ അറസ്റ്റ് ചെയ്തതു ആഗസ്ത് മുപ്പതിനായിരുന്നു. ഈ



*ഡോ. അബ്ബാസ് പനക്കൽ*

സംഭവം നടന്ന ദിവസം തന്നെയാണ്, ഇക്കഴിഞ്ഞ ഓഗസ്റ്റ് 30-ന്, ആലി മുസ് ലിയാരുടെ മുഖചിത്രമുള്ള മുസലിയാർ കിംഗ് പുറത്തിറക്കിയത്. 1921 ഓഗസ്റ്റ് 30-ന് തിരൂരങ്ങാടിയിൽ ആലി മുസ്ലിയാർ അറസ്റ്റ് ചെയ്യപ്പെടുന്നത്.

'മുസലിയാർ കിങ്' ഈ പ്രധാന ചരിത്ര സംഭവത്തെക്കുറിച്ചുള്ള കൊളോണിയൽ പോസ്റ്റ് കൊളോണിയൽ ധാരണകൾ മാറ്റിയെഴുതുന്നു. മലബാറിൽ നൂറ്റാണ്ടുകളുടെ കൊളോണിയൽ വിരുദ്ധപോരാട്ടങ്ങളിൽ എല്ലാം ഹിന്ദു മുസ്ലിം സൗഹൃദം നിലനിന്നിരുന്നു. ഇതുവരെ ഇറങ്ങിയ പുസ്തകങ്ങളിലെ കൊളോണിയൽ നിലപാടുകൾ ഗ്രന്ഥം വിശദീകരിക്കുന്നു. നിരന്തരം ഉപയോഗിക്കുന്ന കലാപം, മതഭ്രാന്തു, ഹാലിളക്കം, കൂട്ടബാങ്ക് തുടങ്ങിയ പ്രയോഗങ്ങളിലെ കൊളോണിയൽ തന്ത്രങ്ങൾ പുസ്തകം തുറന്നു കാട്ടുന്നുണ്ട്. ആദ്യഭാഗത്തു മഹാത്മാ ഗാന്ധി മുതൽ മുസ്ലിയാർ കിംഗ് വരെ യുള്ള മലബാറിന്റെ ചരിത്രമാണ് ഡികോളോണിയൽ ലെൻസിലൂടെ നോക്കിക്കാണുന്നത്. 1921 -1922 സംഭവങ്ങളെ കാലഗണനവെച്ച് കൃത്യമായി വിവരിക്കുന്നു. ബ്രിട്ടീഷ് രേഖകൾ ഇഴകീറി പരിശോധിക്കുന്ന പുസ്തകം നാട്ടുകാരുടെ എഴുത്തുകൾക്കും അനുഭവങ്ങൾക്കും അഭിപ്രായങ്ങൾക്കും സജീവമായ പരിഗണന നൽകിക്കൊണ്ട് ചരിത്രത്തെ നവീന വീക്ഷണത്തിൽ പുനരവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ബ്രിട്ടീഷുകാർ 'മുസ്ലിയാർ രാജാവ്' എന്ന പേര് എങ്ങിനെയാണ് ദുരുപയോഗം ചെയ്തതെന്നും ഈ പുസ്തകം വിശദമാക്കുന്നുണ്ട്. ആഗസ്ത് മാസത്തിലായിരുന്നു മലബാർ സമരത്തിന്റെ പ്രധാന സംഭവങ്ങൾ നടന്നത്. സമരത്തിന്റെ തുടക്കം എന്ന് ബ്രിട്ടീഷ് കാർ വിശദീകരിച്ച പൂക്കോട്ടൂർ സംഭവം ആഗസ്ത് ഒന്നിനായിരുന്നു.




## അന്താരാഷ്ട്ര പെട്രോളിയം പ്രദർശനത്തിന്

# അബുദാബിയിൽ തുടക്കം

**റസാഖ് ഒരുമനയൂർ**
അബുദാബി



*അബുദാബിയിൽ നടക്കുന്ന അന്താരാഷ്ട്ര പെട്രോളിയം പ്രദർശനത്തിൽ ഇന്ത്യൻ പവലിയൻ ഇന്ത്യൻ ഊർജ വകുപ്പ് മന്ത്രി ഹർദീപ്സിങ് പുരി ഉദ്ഘാടനം ചെയ്യുന്നു*

അന്താരാഷ്ട്ര പെട്രോളിയം എക്സിബിഷന് അബുദാബിയിൽ പ്രൗഢമായ തുടക്കം. വിവിധ രാജ്യങ്ങളിൽനിന്നുള്ള മന്ത്രിമാരുടെയും നയതന്ത്രപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിലാണ് അന്താരാഷ്ട്ര പെട്രോളിയം പ്രദർശനത്തിന് തുടക്കം കുറിച്ചത്. യുഎഇ വ്യവസായ, അഡ്വാൻസ്ഡ് ടെക്നോളജി മന്ത്രിയും അഡ്നോക് മാനേജിംഗ് ഡയറക്ടറും ഗ്രൂപ്പ് സിഇഒയുമായ ഡോ. സുൽത്താൻ അഹമ്മദ് അൽ ജാബർ ഉദ്ഘാടനം ചെയ്തു. ലോകത്തെ സുസ്ഥിര സാമൂഹിക സാമ്പത്തിക വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് നയിക്കാൻ ഊർജ്ജ വ്യവസായത്തെ കൂ ടുതൽ ഉയർച്ചയിലേക്ക് എത്തിക്കേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഈ മാസം 7 വരെ നടക്കുന്ന അഡിപെക് 2024-ൽ 184, 000-ത്തിലധികം പേർ പങ്കെടുക്കുമെന്നാണ് കണക്കാക്കുന്നത്. 370-ലധികം കോൺഫറൻസ് സെഷനുകളിൽ 1,800-ലധികം സംബന്ധിക്കും. ഇതിൽ 40ൽപരം രാജ്യങ്ങളിലെ മന്ത്രിമാരും 200 ആഗോള സി-സ്യൂട്ട് എക്സിക്യൂട്ടീവുകളും ഉൾപ്പെടുന്നു. ലോക മെമ്പാടുമുള്ളവരെ ശാക്തീകരിക്കുന്നതിനും ആഗോള സുസ്ഥിരതയും സമൃദ്ധിയും നയിക്കുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള പരിവർത്തന പരിഹാരങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത യും സമ്മേളനം ഊന്നിപ്പറഞ്ഞു. ഊർജ, അടിസ്ഥാന സൗകര്യ വികസന മന്ത്രി സുഹൈൽ അൽമസ്റൂ യി, ഇന്ത്യൻ ഊർജ്ജവകുപ്പ് മന്ത്രി ഹർദീപ്സിംഗ് പുരി ഉൾപ്പെടെയുള്ള നിരവധി മന്ത്രിമാർ സന്നിഹിതരായിരുന്നു.

'യുഎഇയിലെ ഞങ്ങളുടെ നേതാക്കൾ എല്ലായ്പ്പോഴും ഭാവിയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ട്, മതിയായ വിതരണം ഉറപ്പാക്കാൻ കൂടുതൽ ഊർജ്ജ സ്രോതസ്സുകളിൽ നിക്ഷേപിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഊർജത്തിലെ നിക്ഷേപത്തെക്കുറിച്ച് കരുതലുള്ള ഭരണകർത്താക്കൾ ഞങ്ങൾക്കുണ്ട്,പുനരുപയോഗം,ആണവ,പരമ്പരാഗത ഊർജം എന്നിവയോടുള്ള ഞങ്ങളുടെ പ്രതിബദ്ധത തുടരുമെന്ന് മന്ത്രി സുഹൈൽ അൽ മസ്റൂഇ വ്യക്തമാക്കി. 'ലോ കാർബൺ എനർജി സിസ്റ്റത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനിടയിൽ ആഗോള ഊർജ്ജ ആവശ്യം വർദ്ധിപ്പിക്കുന്നു' എന്ന തലക്കെട്ടിൽ നടന്ന സെഷനിൽ ഷെൽ സിഇഒ വെയ്ൽ സാവാൻ, ഊർജ്ജ പരിവർത്തനത്തോടുള്ള തന്റെ കമ്പനിയുടെ സമീപനം പങ്കുവെച്ചു: 'ലോകത്തിന് കൂ ടുതൽ ഊർജ്ജം ആവശ്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, പ്രത്യേകിച്ച് കൂടുതൽ വ്യത്യസ്ഥമായ ആവശ്യങ്ങൾക്ക് ക്രമേണ പരിവർത്തനങ്ങൾ ആവശ്യമായേക്കും. ഒരുകമ്പനി എന്ന നിലയിൽ, നമുക്ക് ന മ്മുടെ മൂലധനം എവിടെ നിക്ഷേപിക്കാം എന്നതിനെക്കുറിച്ച് വളരെ വ്യക്തമായിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

### ഇന്ത്യയിൽനിന്ന് അമ്പതിലേറെ കമ്പനികൾ

അബുദാബിയിൽ നടക്കുന്ന അന്താരാഷ്ട്ര പെട്രോളിയം പ്രദർശനത്തിൽ ഇന്ത്യയി ൽനിന്നുള്ള അമ്പതിലേറെ കമ്പനികൾ പങ്കെടുക്കുന്നുണ്ട. ഇന്ത്യയിൽനിർമ്മിക്കുന്ന നിരവധി വസ്തുക്കളാ ണ് ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ളത്. ഇന്ത്യൻ പവലനിയന്റെ ഉൽഘാടനം ഇന്ത്യൻ ഇന്ത്യൻ ഊർജ്ജവകുപ്പ് മന്ത്രി ഹർദീപ്സിംഗ് പുരി ഉൽഘാടനം ചെയ്തു. ഇന്ത്യൻ അംബാസ്സഡർ സഞ്ജയ് സുധീർ സന്നിഹിതനായിരുന്നു. അന്താരാഷ്ട്ര മാർക്കറ്റിൽ കിടപിടിക്കാൻ പോന്ന നരവധി ഉൽപ്പന്നങ്ങൾ ഇവിടെയുണ്ട്. ഇന്ത്യൻ പവലിയനിൽ ആദ്യദിവസം നിരവധി പേർ സന്ദർശകരായെത്തി. വരുംനാളുകളിൽ വിവിധ രാജ്യങ്ങളിലെ സ്ഥാപനങ്ങളുമായി നടത്താനിടയുള്ള ഇടപാടുകളെക്കുറിച്ചുള്ള പ്രാഥമിക ചർച്ചകളും നടക്കുകയുണ്ടായി.

## തൊഴിലാളികളുടെ ആരോഗ്യം: നൂതന ആശയങ്ങളുമായി ബുർജീൽ

അബുദാബി: അബുദാബിയിൽനടക്കുന്ന അന്താരാഷ്ട്ര പെട്രോളിയം എക്സിബിഷനിൽ പെട്രോളിയം മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടു നൂതന ആശയങ്ങളുമായി ബുർജീൽ ഹോൾഡിംഗ്സും ആർപിഎമ്മും ഒരുക്കിയ പ്രദർശനം ശ്രദ്ധേയമായി. മെനയിലെ പ്രമുഖ സൂപ്പർ സ്പെഷ്യ ലിറ്റി ആരോഗ്യസേവന ദാതാവായ ബുർജീലിന്റെയും ഓൺസൈറ്റ് ആരോഗ്യസേവന ദാതാവായ ആർപി എമ്മിന്റെയും സംയുക്ത പവലിയൻ യുഎഇ യിലെ ഇന്ത്യൻ അംബാസിഡർ സഞ്ജയ് സുധീർ ഉത്ഘാടനം ചെയ്തു. ബുർജീൽ ഹോൾഡിങ്സ് സ്ഥാപകനും ചെയർമാനുമായ ഡോ. ഷംഷീർ വയലിലും സന്നിഹിത നായിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള രണ്ടായിരത്തി ഇരുനൂറിലധികം കമ്പനികൾ പങ്കെടുക്കുന്ന നാലുദിവ സത്തെ മേളയിൽ ഊർജ മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യവും ക്ഷേമവും വർധിപ്പിക്കുന്നതിനുള്ള ഏറ്റവും പുതിയ ആശയങ്ങളാണ് ലോകരാജ്യങ്ങളിൽനിന്നുള്ള വർക്കായി പ്രദർശിപ്പിക്കുന്നത്. ബുർജീൽ ഹോൾഡിങ്സും ആർപിഎമ്മും യഥാക്രമം 'മാനുഷിക ഊർജത്തിന്റെ ശക്തിപ്പെടുത്തൽ', 'മാനുഷിക ഊർജത്തിന്റെ സുസ്ഥിരത' എന്നീ രണ്ട് വിഷയങ്ങളിലൂന്നിയുള്ള പരിഹാരങ്ങളാണ് മേളയിൽ അവതരി പ്പിക്കുന്നത്.

ഊർജ വ്യവസായ മേഖലയിലെ തൊഴിലാളികൾ വിശിഷ്യാ വിദൂര സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന വർ, മാനസികവും ശാരീരികവുമായ നിരവധി സമ്മർദ്ദങ്ങൾ നേരിടാറുണ്ട്. ഇതിനെ ആരോഗ്യപരമായി നേരിടാനുള്ള പരിഹാരങ്ങൾ അവതരിപ്പിക്കുകയാണ് മേളയിലൂടെ ബുർജീലും ആർപിഎമ്മും. തൊഴിലാ ളികൾക്ക് അനുയോജ്യമായ പിന്തുണ, അവരുടെ ആരോഗ്യം, സുരക്ഷ, ഉൽപ്പാദനക്ഷമത, മൊത്തത്തിലുള്ള ക്ഷേമം, മാനസിക ദൃഢത, ശാരീരിക ക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നൂതന സംരംഭങ്ങളാണ് മേളയിലുള്ളത്. ഊർജ മേഖലയിലെ ആരോഗ്യ സംരക്ഷണ പരിഹാരങ്ങളുടെ ഭാവിയിൽ താൽപ്പര്യമുള്ള നിരവധി ഉന്നതരും വ്യവസായ പ്രമുഖരും സന്ദർശിച്ചു. വരും ദിവസങ്ങളിലും വിദഗ്ദ്ധ ചർച്ചകൾക്കും സന്ദർശനങ്ങൾക്കും ബുർജീൽ വേദിയാകും.

## ലുലു ഐപിഒ ഓഹരി ലിസ്റ്റിങ് 30% ആയി വർധിപ്പിച്ചു

# ലിസ്റ്റ് ചെയ്യുന്നത് 3.098 ബില്യൺ ഓഹരികൾ

### തീരുമാനം ലുലു ഓഹരികൾക്കായുള്ള വൻ ഡിമാൻഡ് കണക്കിലെടുത്ത്



അബുദാബി: ലുലു ഐപിഒ ഓഹരികൾക്ക് ആവശ്യക്കാർ കൂടിയതോടെ ലിസ്റ്റിങ്ങ് 30 ശതമാനമായി വർധിപ്പിച്ചു. 25 ശതമാനം ഓഹരികളാണ് ആദ്യം ലിസ്റ്റ് ചെയ്തിരുന്നതെങ്കിലും ഡിമാൻഡ് ഉയർന്നതോടെയാണ് 5 ശതമാനം ഓഹരികൾ കൂടി അധികം ലിസ്റ്റ് ചെയ്യുന്നത്. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കായാണ് അധിക ഓഹരികൾ. ഓഹരി ഇഷ്യൂ വില 1.94 ദിർഹം മുതൽ 2.04 ദിർഹം വരെയായി തുടരും.

30 ശതമാനം വർധിപ്പിച്ചതോടെ ലുലുവിന്റെ 309.8 കോടി ഓഹരികളാണ് ഇപ്പോൾ ലിസ്റ്റ് ചെയ്യുന്നത്. 601 കോടി ദിർഹം മുതൽ 632 കോടി ദിർഹം വരെയാണ് ലുലു റീട്ടെയ്ലിന്റെ ഐപിഒ. 20.04 ബില്യൺ മുതൽ 21.07 ബില്യൺ ദിർഹം വരെ വിപണി മൂല്യം. സബ്സ്ക്രിബ്ഷനുള്ള അവസാന തീയതി ഇന്നാണ്. നാളെ ഓഹരിയുടെ അന്തിമ വില പ്രഖ്യാപിക്കും. അബുദാബി സെക്യൂരിറ്റീസ് എക്സ്ചേഞ്ചിൽ നവംബർ 14നാണ് ലിസ്റ്റിങ്. ലുലു ഐപിഒയ്ക്ക് ലഭിച്ച വളരെ മികച്ച സ്വീകാര്യതയും നിക്ഷേപക പങ്കാളിത്തവും കണക്കിലെടുത്താണ് ലുലുവിന്റെ പുതിയ തീരുമാനം. ഓഹരി ലിസ്റ്റിങ് 30 ശതമാനമാക്കി വർധിപ്പിച്ചതോടെ കൂടുതൽ നിക്ഷേപകർക്ക് പങ്കാളിത്തം ലഭിക്കും. ലുലുവിന്റെ റീട്ടെയ്ൽ ശൃംഖലയിൽ ഭാഗമാകാൻ കൂടുതൽ നിക്ഷേപകർക്ക് അവസരം നൽകുകയാണ് ലുലു. പൊതുനിക്ഷേപകരുടെ ലുലുവിലുള്ള വിശ്വാസത്തിന് പിന്തുണ നൽകുന്നത് കൂടിയാണ് ഈ തീരുമാനമെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി വ്യക്തമാക്കി.



Savour the flavours

FOUR SQUARE
CAFE & RESTAURANT

**AL NAHDA**
Al Qamzi Building,
Behind Sahara Centre,
Al Nahda 1 - Dubai
Tel: 04 252 7991
052 641 8757 |058 656 9494

**DUBAI LAND**
Opp Skycourts Towers,
Al Ain Road - Dubai
Tel: 04 432 7518
055 8380084
05549 75 900

**TECOM**
Oasis Residence,
Opp. Signature Hotel,
Barsha Heights, Tecom - Dubai
Tel : 04 7700 369
052 7153 817 | 052 609 8787

**DIP 2**
DIP 2, DULSCO
Labour Camp 4 Jebel Ali
Dubai, Tel: 050 648 2985,
04 280 4988

**AL FURJAN**
Starz Tower 1 By Danube,
Al Furjan, Jebel Ali First - Dubai
Tel : 04 4581 466
052 78 78 456 | 050 9661 786

**DEIRA**
One Deira,
Mall Gold souq
Metro station, Deira -
Dubai 050 261 8451

**AL QUSAIS**
Al Wasl, Village
Retail Center
AL Qusais Industrial 5
- Dubai 050 261 8431

KP GROUP INTERNATIONAL
KP INTERNATIONAL GENERAL TRADING L.L.C
KPmart SUPERMARKET
KPMobiles
KP CHAI
Minnus
FOUR SQUARE CAFE & RESTAURANT
green soft TECHNOLOGY

## നാലു പേർക്ക് 66 ദിർഹം വീതം നൽകണം

# ദുബൈക്കും അബുദാബിക്കും ഇടയിൽ ടാക്സി ഷെയറിങ് സർവീസ് ആരംഭിച്ചു




ദുബൈ: അബുദാബിക്കും ദുബൈക്കുമിടയിൽ ഷെയർ ടാക്സി സംവിധാനം. പരീക്ഷണാടിസ്ഥാനത്തിൽ സർവീസ് ആറ് മാസത്തേക്ക് ആയിരിക്കുമെന്ന് ദുബൈ റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റി അറിയിച്ചു. ദുബൈയിലെ ഇബ്നു ബത്തൂത്ത മാളിനും അബുദാബിയിലെ അൽ വഹ്ദ മാളിനും ഇടയിൽ യാത്രക്കാരെ എത്തിക്കുന്ന സർവീസായിരിക്കുമിത്.

യാത്രാ ചെലവ് 75 ശതമാനത്തോളം കുറയ്ക്കും. രണ്ട് എമിറേറ്റുകൾക്കിടയിലുള്ള ഷെയർ ടാക്സി സർവീസിന് സാധ്യതയുള്ള റൂട്ടുകൾ വിശദമായി വിശകലനം ചെയ്ത ശേഷമാണ് ദുബൈയിലെ ഇബ്നു ബത്തൂത്ത മാളും അബുദാബിയിലെ അൽ വഹ്ദ സെന്ററും തിരഞ്ഞെടുത്തതെന്ന് ദുബൈയിലെ പബ്ലിക് ട്രാൻസ്പോർട്ട് ഏജൻസിയിലെ പ്ലാനിംഗ് ആൻഡ് ബിസിനസ് ഡെവലപ്മെന്റ് ഡയറക്ടർ അദേൽ ഷാക്രി പറഞ്ഞു. ഈ സംരംഭം യാത്രാ ചെലവ് കുറയ്ക്കാൻ ലക്ഷ്യമിടുന്നതായും പ്രത്യേകിച്ച് ദുബായ്ക്കും അബുദാബിക്കും ഇടയിൽ പതിവായി യാത്ര ചെയ്യുന്നവർക്ക് ഗുണകരമാകുമെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ, രണ്ട് സ്ഥലങ്ങളിലെയും പൊതുഗതാഗത കേന്ദ്രങ്ങളുമായും പാർക്കിംഗ് സൗകര്യങ്ങളുമായും ബന്ധപ്പെടുത്തിയിരിക്കുന്നു. നാലുപേർ യാത്രാക്കൂലി പങ്കിടുമ്പോൾ ഓരോ യാത്രക്കാരനും 66 ദിർഹവും രണ്ട് റൈഡർമാർ ടാക്സി പങ്കിടുമ്പോൾ 132 ദിർഹം വീതവും മൂന്ന് യാത്രക്കാരുള്ളപ്പോൾ 88 ദിർഹം വീതവും നൽകണം. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിലൂടെ പരിസ്ഥിതിക്ക് പ്രയോജനം ചെയ്യുന്ന ഒറ്റ വാഹനത്തിൽ പങ്കിട്ട യാത്രകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗതാഗതക്കുരുക്ക് കുറയ്ക്കാൻ സഹായിക്കുമെന്നതാണ് പദ്ധതിയുടെ കേന്ദ്ര ലക്ഷ്യം. ഇത് ലൈസൻസില്ലാത്ത ടാക്സി സേവനങ്ങളുടെ എണ്ണവും പരിമിതപ്പെടുത്തുമെന്ന് ആർടിഎ അറിയിച്ചു.

## ഇന്ത്യൻ ഇതിഹാസ സംഗീതജ്ഞൻ ഇളയരാജ 8ന് ഷാർജ അന്തർദേശിയ പുസ്തകോത്സവ വേദിയിൽ




ഷാർജ: ഇന്ത്യൻ ചലച്ചിത്ര രംഗത്തെ ഇതിഹാസ സംഗീതജ്ഞൻ ഇളയരാജ നവംബർ 8 ന് ഷാർജ അന്തർദേശിയ പുസ്തകോത്സവ വേദിയിൽ ആസ്വാദകരുമായി സംവദിക്കും.രാത്രി 8.30 മുതൽ 10.30 വരെ ബോൾ റൂമിൽ നടക്കുന്ന 'മഹാ സംഗീതജ്ഞന്റെ യാത്ര – ഇളയരാജയുടെ സംഗീതത്തിലൂടെ ഒരു സഞ്ചാരം' എന്ന പരിപാടിയിൽ അമ്പതാണ്ട് പിന്നിടുന്ന തന്റെ സംഗീത സപര്യയെക്കുറിച്ച് ഇളയരാജ സംസാരിക്കും.

ഈ വർഷത്തെ പുസ്തകമേളയിൽ ആസ്വാദകരുടെ പങ്കാളിത്തം കൊണ്ടും അതിഥിയുടെ വിസ്മയകരമായ പ്രതിഭ കൊണ്ടും സമാനതകളില്ലാത്ത അനുഭവമായിരിക്കും ഇളയരാജക്കൊപ്പമുള്ള സംഗീത സാന്ദ്രമായ രണ്ട് മണിക്കൂർ നീളുന്ന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ലഭിക്കുന്നത്. സംഗീത ജീവിതത്തിലെ ക്രിയാത്മക തലങ്ങൾ, സംഗീതത്തിലൂടെയുള്ള വളർച്ച,ഇന്ത്യൻ സംഗീത ലോകത്ത് സൃഷ്ടിച്ച മാസ്മരികത എന്നിവയെക്കുറിച്ച് അദ്ദേഹം ശ്രോതാക്കളോട് മനസ് തുറക്കും.

ഒൻപത് ഭാഷകളിലായി 1428 സിനിമകൾക്ക് സംഗീതം പകർന്ന ഏക സംഗീതജ്ഞൻ എന്ന ലോക റെക്കോർഡ് ഇളയരാജക്ക് സ്വന്തമാണ്. 8500 ഗാനങ്ങൾക്ക് ഈണം പകർന്ന ഇളയരാജ ഇരുപതിനായിരത്തിലധികം കച്ചേരികൾ നടത്തിയിട്ടുണ്ട്. മികച്ച സംഗീത സംവിധായകനുള്ള നിരവധി കേന്ദ്ര-സംസ്ഥാന അവാർഡുകൾ നേടിയിട്ടുള്ള ഇളയരാജയെ 2018 ഇൽ രാഷ്ട്രം പദ്മവിഭൂഷൺ നൽകി ആദരിച്ചു. ശാസ്ത്രിയ സംഗീതത്തിന് പുതിയ ഭാവുകത്വം നൽകിയ കർണാടിക് സംഗീതജ്ഞൻ സഞ്ജയ് സുബ്രഹ്മണ്യനാണ് ഈ സംഗീത യാത്രയിൽ ഇളയരാജക്കൊപ്പം സഞ്ചരിക്കുന്നത്.2015 ഇൽ മദ്രാസ് സംഗീത അക്കാദമിയുടെ 'സംഗീത കലാനിധി പട്ടം' നേടിയിട്ടുള്ള സഞ്ജയ് സുബ്രഹ്മണ്യം ഇളയരാജയുമായുള്ള സംവാദം നയിക്കും.

# ഗൾഫ് വാർത്തകൾ



യുഎഇയിൽ നടക്കുന്ന വേൾഡ് മെന്റൽ സ്പോർട്സ് ഒളിമ്പിക്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംഘാടകർ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു

## വേൾഡ് മെന്റൽ സ്പോർട്സ് ഒളിമ്പിക്സിന് യുഎഇ ആതിഥേയത്വം വഹിക്കും

ഷാർജ: ഗണിത ശാസ്ത്രത്തിൽ അസാധാരണമായ മികവും ഓർമ ശക്തിയും ഉള്ളവർ പങ്കെടുക്കുന്ന വേൾഡ് മെന്റൽ സ്പോർട്സ് ഒളിമ്പിക്സിന് യുഎഇ ആതിഥേയത്വം വഹിക്കും. ഈ മാസം 7 മുതൽ 9 വരെ ഷാർജ സ്കൈലൈൻ യൂണിവേഴ്സിറ്റി കോളേജിലാണ് മത്സരങ്ങൾ നടക്കുന്നത്. 35 രാജ്യങ്ങളിൽ നിന്നുള്ള 5 വയസ്സ് മുതൽ 60 വയസ്സ് വരെ പ്രായമുള്ള ഇരുനൂറോളം പ്രതിഭകളാണ് വേൾഡ് മെന്റൽ സ്പോർട്സ് ഒളിമ്പിക്സിൽ പങ്കെടുക്കുന്നത്. ഗണിത ശാസ്ത്ര നൈപുണ്യവും ഓർമ ശക്തിയും പരീക്ഷിക്കുന്ന പന്ത്രണ്ട് വിഭാഗങ്ങളിലായിരിക്കും മൽസരം. മെന്റൽ സ്പോർട്സ് ഒളിമ്പിക്സിന്റെ ചരിത്രത്തിൽ ആദ്യമായി ഔദ്യോഗിക ഇമിറാത്തി മെന്റൽ സ്പോർട്സ് ടീം യുഎഇയെ പ്രതിനിധീകരിക്കുന്നു എന്ന പ്രത്യേകതയുമുണ്ട്.

40 അംഗ യുഎഇ ടീമിൽ നാല് പ്രതിഭാധനരായ ഇമറാത്തികളും ഉൾപ്പെടുന്നു. മൂന്ന് മലയാളികളടക്കം ഇന്ത്യയിൽ നിന്ന് 50 പേർ പങ്കെടുക്കും. 30,000 ഡോളറിന്റെ സമ്മാനങ്ങൾ നൽകും. ഓരോ വിഭാഗത്തിലും ഒളിമ്പിക് ചാമ്പ്യൻമാർക്ക് 1000 ഡോളറും രണ്ടാം സ്ഥാനക്കാർക്ക് 750 ഡോളറും മൂന്നാം സ്ഥാനക്കാർക്ക് 500 ഡോളറും സമ്മാനം ലഭിക്കും.

2008 മുതലാണ് നാലുവർഷത്തെ ഇടവേളയിൽ മെന്റൽ സ്പോർട്സ് ഒളിമ്പിക്സിന് തുടക്കമിട്ടത്. കോവിഡ് കാരണം കഴിഞ്ഞതവണ ഒളിമ്പിക്സ് സംഘടിപ്പിക്കാൻ സാധിച്ചില്ല. എട്ട് വർഷത്തെ ഇടവേളക്ക് ശേഷമാണ് ഇത്തവണ വേൾഡ് മെന്റൽ സ്പോർട്സ് ഒളിമ്പിക്സ് നടക്കുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമെന്നും അതിർത്തികൾക്കതീതമായ സമഗ്രവും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്നും 'മെമ്മോറിയാഡ് 2024' ചെയർപേഴ്സൺ ഷെർലി ജേക്കബ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

യുഎഇയിലെ പ്രമുഖ എഡ്ടെക് കമ്പനികളിലൊന്നായ സ്പാർക്ക്ലർ മൈൻഡ്സ് ആണ് മെമ്മോറിയഡ് 2024 സംഘടിപ്പിക്കുന്നത്. ഈ വർഷം യുഎഇയിലെ 120 സ്കൂളുകളിലായി 10 റൗണ്ട് യോഗ്യതാ മത്സരങ്ങൾ നടത്തിയെന്നും അസാമാന്യമായ ഓർമശക്തിയും ഗണിത ശാസ്ത്ര മികവുമുള്ള 40 പ്രതിഭകൾ അടങ്ങിയ യുഎഇ ടീമിന് രൂപം നൽകാൻ സാധിച്ചുവെന്നും സ്പാർക്ക്ലർ മൈൻഡ്സ് സിഇഒയും മെമ്മോറിയഡ് 2024 ന്റെ ബ്രാൻഡ് അംബാസഡറുമായ ക്രിസ് ജേക്കബ് പറഞ്ഞു.

സ്കൈലൈൻ യൂണിവേഴ്സിറ്റി ഡെപ്യൂട്ടി വൈസ് ചാൻസലർമാരായ ഡോ.ദീപക് കൽറ, ഡോ. നസീം ആബിദി, മതെല്ലൊ ജീനിയസ് ആഗോള വിദ്യാഭ്യാസ ഡയറക്ടർ ശ്രീനിവാസ് അയ്യങ്കാർ, മെമ്മോറിയാഡ് വേൾഡ് മെന്റൽ സ്പോർട്സ് ഫെഡറേഷൻ ചെയർ പേഴ്സണും സ്പാർക്ക്ലർ മൈൻഡ്സ് സ്ഥാപകയുമായ ഷേർലി ജേക്കബ്, സ്പാർക്ക്ലർ മൈൻഡ്സ് ചെയർ പേഴ്സൺ ജേക്കബ് സക്കറിയ, സ്പാർക്ക്ലർ മൈൻഡ്സ് സി ഇ ഒയും മെമ്മോറിയാഡ് ബ്രാൻഡ് അംബാസിഡറുമായ ക്രിസ് ജേക്കബ് എന്നിവർ സംബന്ധിച്ചു.




ഹോട്ട്പാക്ക് ഗ്ലോബൽ ഹാപ്പിനസ് ഇനീഷ്യേറ്റീവ് ജീവനക്കാർക്ക് എൻഎംസി ആശുപത്രിയുമായി ചേർന്ന് നടത്തിയ സ്തനാർബുദ ബോധവത്കരണത്തിൽ നിന്ന്

## ഹോട്ട്പാക്ക് ഗ്ലോബൽ ജീവനക്കാർക്ക് സ്തനാർബുദ ബോധവത്കരണം

ദുബൈ: യുഎഇ ആസ്ഥാനമായി പ്രവർത്തിക്കുന്ന സുസ്ഥിര പാക്കേജിങ് രംഗത്തെ പ്രമുഖ ഗ്രൂപ്പായ ഹോട്ട്പാക്ക് ഗ്ലോബൽ ഹാപ്പിനസ് ഇനീഷ്യേറ്റീവിന്റെ ഭാഗമായി അവരുടെ ജീവനക്കാർക്ക് എൻഎംസി ആശുപത്രിയുമായി ചേർന്ന് സ്തനാർബുദ ബോധവത്കരണ പരിപാടി നടത്തി. ഈ രോഗവുമായി ബന്ധപ്പെട്ട ഉൾക്കാഴ്ചകളും അറിവുകളും ജീവനക്കാർക്ക് ലഭിച്ചുവെന്ന് ഉറപ്പാക്കിക്കൊണ്ട് ഹോട് പായ്ക്ക് ഹെഡ് ക്വാർട്ടേഴ്സിലായിരുന്നു ബോധവത്കരണ പരിപാടി.

ദുബൈ,അബുദാബി,ഷാർജ,ഉമ്മുൽഖുവൈൻ എന്നിവിടങ്ങളിൽ നിന്നുള്ള ജീവനക്കാർ പങ്കെടുത്തു. റജിസ്റ്റർ ചെയ്ത എല്ലാവർക്കും ആരോഗ്യ പരിശോധന, നേരത്തെയുള്ള കണ്ടെത്തൽ,സജീവമായ ആരോഗ്യ നിരീക്ഷണം എന്നിവയുടെ പ്രാധാന്യം ഉറപ്പാക്കുന്നതിന് കോംപ്ലിമെന്ററി സ്ക്രീനിങ് ടെസ്റ്റുകൾ നടത്തും. എൻഎംസി ഹോസ്പിറ്റലിലെ ശസ്ത്രക്രിയാ വിദഗ്ധൻ ബോധവൽക്കരണ ക്ലാസെടുത്തു. സ്തനാർബുദ പ്രതിരോധത്തിൽ പതിവ് പരിശോധനകളുടെ നിർണായക പങ്കിനെക്കുറിച്ചും നേരത്തെയുള്ള കണ്ടെത്തൽ സാങ്കേതികതകളെക്കുറിച്ചും പ്രതിരോധ പരിചരണ നടപടികളെക്കുറിച്ചും മാർഗനിർദേശം നൽകി. ജീവനക്കാർക്ക് അവരുടെ ആരോഗ്യത്തിനും ക്ഷേമത്തിനും മുൻഗണന നൽകാനുള്ള ഒരു സംസ്കാരം സൃഷ്ടിക്കുന്നതിന് ഇത്തരം പരിപാടി ഗുണകരമാകുമെന്ന് വിശ്വസിക്കുന്നതായി ഹോട്ട്പാക്ക് ഗ്ലോബൽ ഗ്രൂപ് മാനേജിങ് ഡയറക്ടർ പി.ബി. അബ്ദുൽ ജബ്ബാർ പറഞ്ഞു. ആരോഗ്യം, സുരക്ഷ, സമൂഹ പിന്തുണ എന്നിവയെ വിലമതിക്കുന്ന ഒരു ജോലിസ്ഥലത്തെ പരിപോഷിപ്പിക്കുന്നതിനുള്ള തങ്ങളുടെ നിരന്തരമായ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതിന് എൻഎംസി ആശുപത്രിയുടെ സഹകരണം സഹായകമായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രായോഗികവും ഫലപ്രദവുമായ സംരംഭങ്ങളിലൂടെ ജീവനക്കാരുടെ ക്ഷേമത്തോടുള്ള ഹോട് പായ്ക്കിന്റെ പ്രതിബദ്ധതയാണ് ഈ പരിപാടി അടിവരയിടുന്നതെന്ന് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ പി.ബി. സൈനുദ്ദീൻ പറഞ്ഞു. സ്തനാർബുദം പോലുള്ള ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുക മാത്രമല്ല, ഞങ്ങളുടെ ജീവനക്കാർക്ക് അവരുടെ ആരോഗ്യം സജീവമായി കൈകാര്യം ചെയ്യുന്നതിനുള്ള അവബോധവും സൗകര്യവും നൽകുകയെന്നതാണ് ഹോട്ട്പാക്ക് ഹാപ്പിനസ് ഉപയോഗിച്ചുള്ള ഞങ്ങളുടെ ലക്ഷ്യം. ഈ അനിവാര്യമായ ഉദ്യമത്തിൽ ഞങ്ങളുമായി സഹകരിച്ചതിന് എൻഎംസി ഹോസ്പിറ്റലിനോട് നന്ദിയുണ്ട്.

സ്തനാർബുദ ബോധവൽക്കരണം ഉയർത്തുന്നതിനും സ്ഥാപനത്തിനുള്ളിൽ ആരോഗ്യ ജാഗ്രതയുടെ സംസ്കാരം വളർത്തുന്നതിനും ഹോട്ട്പാക്ക് ടീം കൂട്ടായ പ്രതിജ്ഞയെടുത്തു. ഫിറ്റ്നസ് വെല്ലുവിളികൾ, മാനസികാരോഗ്യ സെമിനാറുകൾ, മറ്റ് വിദ്യാഭ്യാസ ശിൽപശാലകൾ എന്നിവ പോലുള്ള പ്രവർത്തനങ്ങളും ഹോട് പായ്ക്ക് ഹാപ്പിനസ് ഇനീഷ്യേറ്റീവിന്റെ ഭാഗമായി നടത്തിവരുന്നു.



ദുബൈ കെഎംസിസി കൊടുങ്ങല്ലൂർ മണ്ഡലം കമ്മിറ്റി 'മുസ്രിസ് ഗാല' പോസ്റ്റർ പ്രകാശനം ഫൈൻ ടൂൾസ് എംഡിയും യൂണിവേഴ്സൽ എഞ്ചിനീയറിങ് കോളജ് ഡയരക്ടർ ബോർഡ് അംഗവുമായ അബ്ദുൽ ഗഫൂർ നിർവഹിക്കുന്നു.

## കെഎംസിസി മുസ്രിസ് ഗാല 2024 ബ്രോഷർ പ്രകാശനം ചെയ്തു

ദുബൈ: കെഎംസിസി കൊടുങ്ങല്ലൂർ മണ്ഡലം സംഘടിപ്പിക്കുന്ന മുസ്രിസ് ഗാല 2024 സംഗമത്തിന്റെ പോസ്റ്റർ പ്രകാശനം സാമൂഹ്യ പ്രവർത്തകനും, വ്യവസായ പ്രമുഖനുമായ അബ്ദുൽ ഗഫൂർ ഫൈൻടൂൾസ് നിർവഹിച്ചു. മണ്ഡലത്തിലെ മുഴുവൻ അംഗങ്ങളെയും അനുഭാവികളെയും കുടുംബസമേതം പങ്കെടുപ്പിച്ചു നടത്തുന്ന സംഗമത്തിൽ വിവിധ മത്സരങ്ങൾ, മോട്ടിവേഷൻ ക്ലാസ്സ്, ആദരങ്ങൾ, ഇശൽ ഗാല എന്നിവ സംഘടിപ്പിക്കും. ഇതൊടനുബന്ധിച്ചു ചേർന്ന യോഗം ജില്ലാ പ്രസിഡന്റ് ജമാൽ മനയത്ത് ഉത്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് അസ്കർ പുത്തൻചിറ അദ്ധ്യക്ഷത വഹിച്ചു ജില്ലാ ഭാരവാഹികളായ അഷ്റഫ് കൊടുങ്ങലൂർ,സത്താർ മാമ്പ്ര സംസാരിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി സലാം മാമ്പ്ര സ്വാഗതവും, വൈസ് പ്രസിഡന്റ് അബ്ദുൾ റഹിമാൻ കുട്ടി നന്ദിയും പറഞ്ഞു.

## ഐഐസി-എസിസി ഇന്റർനാഷണൽ ചെസ് ടൂർണമെന്റ് നവം.9,10 തിയ്യതികളിൽ




അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററും അബുദാബി ചെസ് ക്ലബുമായി ചേർന്ന് സംഘടിപ്പിക്കുന്ന രണ്ടാമത് ഇന്റർനാഷണൽ ചെസ് ടൂർണമെന്റ് സംബന്ധിച്ച് സംഘാടകർ വാർത്താ സമ്മേളനത്തിൽ

അബുദാബി: അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററും അബുദാബി ചെസ് ക്ലബുമായി ചേർന്ന് സംഘടിപ്പിക്കുന്ന രണ്ടാമത് ഇന്റർനാഷണൽ ചെസ് ടൂർണമെന്റ് നവംബർ 9,10 തിയ്യതികളിൽ ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ഓഡിറ്റോറിയത്തിൽ നടക്കും. ആദ്യ ദിവസം രാവിലെ 10 മണി മുതൽ അണ്ടർ 16 വിഭാഗത്തിലും, രണ്ടാം ദിവസം വൈകുന്നേരം 4മണി മുതൽ ഓപ്പൺ കാറ്റഗറി വിഭാഗത്തിലുമാണ് മത്സരങ്ങൾ. കഴിഞ്ഞ വർഷം നടന്ന ടൂർണമെന്റിൽ 36 രാജ്യങ്ങളിൽ നിന്നായി 300 പേർ പങ്കെടുത്തിരുന്നു. ഈ വർഷം 40 ഓളം രാജ്യങ്ങളിൽ നിന്നായി നാന്നൂറോളം മത്സരാർത്ഥികൾ പങ്കെടുക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. മത്സരത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് അബുദാബി ചെസ്സ് ക്ലബ് വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. 16 വയസ്സിനു താഴെയുള്ള വിഭാഗത്തിൽ അഞ്ചു ജേതാക്കൾക്കും ഗേൾസ് ആന്റ് ബോയ്സ് അണ്ടർ 14, 12, 10, 8 വിഭാഗങ്ങളിലായി എട്ടു പേർക്കും ക്യാഷ് പ്രൈസ് നൽകും. ഓപ്പൺ കാറ്റഗറിയിൽ അഞ്ചു ജേതാക്കൾക്കും ഏറ്റവും മികച്ച വനിതക്കും പുരുഷനും ക്യാഷ് പ്രൈസ് സമ്മാനിക്കും. അണ്ടർ 16 വിഭാഗത്തിൽ പതിമൂന്ന് പേർക്ക് ക്യാഷ് പ്രൈസ് നൽകുന്നതിലൂടെ ചെസ്സ് മത്സര രംഗത്തേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാൻ കഴിയുമെന്ന് ഭാരവാഹികൾ പ്രത്യാശ പ്രകടിപ്പിച്ചു. ക്യാഷ് പ്രൈസിനു പുറമെ ജേതാക്കളിൽ ഇരു കാറ്റഗറികളിലുമായി 3 പേർക്ക് വീതം ട്രോഫിയും മെഡലും നൽക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ചെസ്സ് ക്ലബ്-ഐഐസി സംയുക്ത സർട്ടിഫിക്കറ്റുകൾ സമ്മാനിക്കും.

ഓപ്പൺ കാറ്റഗറി: ഒന്നാം സമ്മാനം 2000, രണ്ടാം സമ്മാനം 1100, മൂന്നാം സമ്മാനം 900, നാലാം സമ്മാനം 750, അഞ്ചാം സമ്മാനം 500. ബെസ്റ്റ് ഫീമെയിൽ 500, ബെസ്റ്റ് മെയിൽ 500. അണ്ടർ 16 കാറ്റഗറി: ഒന്നാം സമ്മാനം 1250, രണ്ടാം സമ്മാനം 1100, മൂന്നാം സമ്മാനം 750, നാലാം സമ്മാനം 500, അഞ്ചാം സമ്മാനം 250, ബെസ്റ്റ് അണ്ടർ 14 ഫോർ ബോയ്സ് 250, ബെസ്റ്റ് അണ്ടർ 14 ഫോർ ഗേൾസ് 250, ബെസ്റ്റ് അണ്ടർ 12 ഫോർ ബോയ്സ് 250, ബെസ്റ്റ് അണ്ടർ 12 ഫോർ ഗേൾസ് 250, ബെസ്റ്റ് അണ്ടർ 10 ഫോർ ബോയ്സ് 250, ബെസ്റ്റ് അണ്ടർ 10 ഫോർ ഗേൾസ് 250, ബെസ്റ്റ് അണ്ടർ 8 ഫോർ ബോയസ് 250, ബെസ്റ്റ് അണ്ടർ 8 ഫോർ ഗേൾസ് 250 ദിർഹം വീതം ക്യാഷ് പ്രൈസുകൾ നൽകും. പത്രസമ്മേളനത്തിൽ അബുദാബി ചെസ്സ് ക്ലബ്ബ് സിഇഒ; സയ്യിദ് അൽക്കൂരി, ബോഗ്താൻ ഗാർബിയ, സുഹൈർ, അബുദാബി ഇസ്‌ലാമിക് സെന്റർ പ്രസിഡന്റ് പി. ബാവ ഹാജി, സെക്രട്ടറി മുഹമ്മദ് ഹിദായത്തുള്ള, വൈസ് പ്രസിഡന്റ് വി.പി.കെ.അബ്ദുള്ള, വർക്കിംഗ് പ്രസിഡന്റ് സി.സമീർ, സ്പോർട് സെക്രട്ടറി ഹുസൈൻ, ഹാഷിം ഹസ്സൻ കുട്ടി, കമാൽ മല്ലം, ജാഫർ കുറ്റിക്കോട്, പ്രോഗ്രാം കൺവീനർ പി.ടി റഫീഖ്, സമീർ പുറത്തൂർ, സി. ഷാഹിദ് എന്നിവർ പങ്കെടുത്തു.

## പ്രവാസി സംഗമം ലോഗോ പ്രകാശനം

അജ്മാൻ: കൊളവയൽ കൂട്ടായ്മ സംഘടിപ്പിക്കുന്ന ഒരുമയിൽ ഒരുനേരം പരിപാടിയുടെ ഭാഗമായി അബുദാബിയിൽ സംഘടിപ്പിക്കുന്ന കൊളവയൽ പ്രവാസി സംഗമവും ക്രിക്കറ്റ് ഫെസ്റ്റിന്റെ ടൈറ്റിൽ നെയിമും ടീമുകളുടെ ലോഗോയും അജ്മാൻ എംസിസി ഗ്രൗണ്ടിൽ ശംസുദ്ദീൻ പാറപ്പള്ളി കെപിഎൽ ചെയർമാൻ നൂറുദ്ദീൻ ഫോൺസ്ഫോർ യുവിന് നൽകി പ്രകാശനം ചെയ്തു. മാനേജർ ജുനൈദ്,ഫിർദൗസ്,നൗഷാദ് ഹദ്ദാദ്,ഷബീർ ഹദ്ദാദ്,വിശാൽ കാഞ്ഞങ്ങാട്,റിയാസ് അതിഞ്ഞാൽ,യൂനുസ് ഫോൺസ് ഫോർ യൂ,അർഷാദ് ,മഷൂദ്,മുബഷിർ എന്നിവർ പങ്കെടുത്തു




കൊളവയൽ പ്രവാസി സംഗമവും ക്രിക്കറ്റ് ഫെസ്റ്റിന്റെ ടൈറ്റിൽ നെയിമും ടീമുകളുടെ ലോഗോയും ശംസുദ്ദീൻ പാറപ്പള്ളി കെപിഎൽ ചെയർമാൻ നൂറുദ്ദീൻ ഫോൺസ് ഫോർ യുവിന് നൽകി പ്രകാശനം ചെയ്യുന്നു

## ഒമാൻ ഇസ്‌ലാഹി സംഗമം നവംബർ 8ന് ബർക്കയിൽ

മസ്കത്ത്: ഒമാൻ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ റൂവി, സീബ്, ബർക്ക, സോഹാർ എന്നീ യൂണിറ്റുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഒമാൻ ഇസ്‌ലാഹി സംഗമം നവംബർ 8 ന് ബർക്കയിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുലത്തീഫ് മദനി ഉദ്ഘാടനം നിർവഹിക്കും. രാവിലെ 11 മണിക്ക് ആരംഭിക്കുന്ന ഇസ്‌ലാഹി സംഗമത്തിൽ കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രകടമാക്കാനുതകുന്ന കളിച്ചങ്ങാടം, വനിതകൾക്കായി പ്രേത്യകം മയ്യിത്ത് പരിപാലന ലൈവ് ഡെമോ ക്ലാസ്, വിത്യസ്ത വിഷയങ്ങളിലുള്ള പഠന ക്ലാസുകൾ, പ്രതിനിധി സമ്മേളനം എന്നിങ്ങനെ വിവിധ സെഷനുകൾ നടക്കുമെന്ന് അറിയിച്ചു. രജിസ്ട്രേഷനും മറ്റും ബന്ധപ്പെട്ട വിവരങ്ങൾക്ക് ബന്ധപ്പെടാം 71244901, 94399799.

## ദുബൈയിൽ ഇനി മുതൽ 'ചാ' യുടെ കാലം

ദുബൈ: മലയാളികളുടെ നിത്യജീവിതത്തിന്റെ ഭാഗമായ ചായ ഇനി പുതിയ രൂപത്തിൽ ദുബൈയിലും. കോഴിക്കോടും പരിസര പ്രദേശങ്ങളിലും ചുരുങ്ങിയ കാലത്തിനുള്ളിൽ ശ്രദ്ധ നേടിയ ചാ ബ്രാൻഡാണ് ദുബൈയിൽ പ്രവർത്തനമാരംഭിച്ചത്. യുഎഇയിലെ പ്രശസ്ത സ്ഥാപനമായ എസ്ആൻഡ്സി ഗ്രൂപ്പുമായി സഹകരിച്ചാണ് ചാ യുഎഇയിൽ ചുവടുറപ്പിക്കാൻ ഒരുങ്ങുന്നത്. ചായയിൽ നിന്നും 'ചാ'യിലേക്ക് മാറുക എന്നുള്ളതാണ് കമ്പനി യുടെ ലക്ഷ്യം. ചായ്ക്കൊപ്പം മലബാറിന്റെ പ്രത്യേകിച്ച് കോഴിക്കോടിന്റെയും കുറ്റിച്ചിറയുടേയുമെല്ലാം സ്വകാര്യ അഹങ്കാരമായ പലഹാരങ്ങളുമുണ്ട്. ആദ്യഘട്ടത്തിൽ ദുബായ് കരാമയിൽ പ്രവർത്തനമാരംഭിക്കുന്ന ചാ അധികം വൈകാതെ ഷാർജയിലും അജ്മാനിലും ബ്രാഞ്ചുകൾ തുറക്കും. വാർത്താ സമ്മേളനത്തിൽ ഡയറക്ടർമാരായ എം പി, മഹ്ഷൂക് സി.എൻ,സഹൽ സി.ടി, ഡോ.ആഷിക് വി.വി പങ്കെടുത്തു.




ഗൾഫ് ചന്ദ്രിക
news@gulf-chandrika.com
2024 നവംബർ 05 ചൊവ്വ
ഗൾഫ് ചന്ദ്രിക



## പരീക്ഷാ തീയതി പുനക്രമീകരിച്ചു

കണ്ണൂർ: നാളെ ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ ത്രിവത്സര എൽഎൽബി (റെഗുലർ/സപ്ലിമെന്ററി) നവംബർ 2024 പരീക്ഷകൾ 12ന് ആരംഭിക്കുന്ന വിധം പുനക്രമീകരിച്ചു. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കണ്ണൂർ: 27ന് ആരംഭിക്കുന്ന പ്രൈവറ്റ് രെജിസ്ട്രേഷൻ-ഒന്നാം സെമസ്റ്റർ എംകോം (2023 അഡ്മിഷൻ-റെഗുലർ), നവംബർ 2023 പരീക്ഷകൾക്ക് നാളെ മുതൽ 12 വരെ പിഴയില്ലാതെയും13 വരെ പിഴയോടെയും അപേക്ഷിക്കാം. പരീക്ഷാ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ.

## വള്ളം മറിഞ്ഞു കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി

കൊല്ലം: ശാസ്താംകോട്ട കായലിൽ വള്ളം മറിഞ്ഞു കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി. തേവലക്കര അരിനല്ലൂർ പൊന്നമ്പലത്തിൽ വീട്ടിൽ അഖിലിന്റെ മൃതദേഹം ആണ് കണ്ടെത്തിയത്. തിങ്കളാഴ്ച വൈകിട്ട് അഞ്ചര മണിയോടെ അമ്പലക്കടവിൽ നിന്നുമാണ് മൃതദേഹം കണ്ടെത്തിയത്. ഞായറാഴ്ച വൈകിട്ട് വിളന്തറ നിവാസികളായ രണ്ട് യുവാക്കൾക്കൊപ്പം ഫൈബർ വള്ളത്തിൽ ശാസ്താംകോട്ട തടാകത്തിലെത്തിയതായിരുന്നു അഖിൽ. കനത്ത മഴയിൽ വള്ളം മറിയുകയായിരുന്നു. മറ്റു രണ്ടു പേരും നീന്തി രക്ഷപ്പെട്ടു. അഖിലിനായി ശാസ്താംകോട്ട പൊലീസ്, ഫയർ ഫോഴ്സ് എന്നിവർ അന്വേഷണം നടത്തുന്നതിനിടയിലാണ് മൃതദേഹം കണ്ടെത്തിയിട്ടുള്ളത്.

കേരള വാർത്തകൾ

# മലബാർ മിൽമ അധിക പാൽവിലയും കാലിത്തീറ്റ സബ്സിഡിയുമായി 15 കോടി നൽകും

കോഴിക്കോട്: മലബാർ മിൽമ അധിക പാൽവിലയായും കാലിത്തീറ്റ സബ്സിഡിയായും 15 കോടി രൂപ ക്ഷീര കർഷകർക്ക് നൽകും. മലബാർ മേഖലാ യൂണിയൻ ഭരണസമിതി യോഗമാണ് തീരുമാനം കൈക്കൊണ്ടത്. മലബാറിലെ ഒരു ലക്ഷത്തോളം വരുന്ന ക്ഷീര കർഷകർക്ക് ഇത് ആശ്വാസമാവും. മിൽമ മലബാർ മേഖലാ യൂണിയന് 2024 ഏപ്രിൽ, മെയ്, ഓക്ടോബർ മാസങ്ങളിൽ നൽകിയതും നവംബർ, ഡിസംബർ മാസങ്ങളിൽ നൽകുന്നതുമായ പാലളവ് അടിസ്ഥാനമാക്കി ലിറ്ററിന് ഒരു രൂപ വീതം കർഷകർക്ക് അധിക പാൽവിലയായി നൽകും.

എല്ലാ ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾ വഴി സംഭരിക്കുന്ന നിശ്ചിത ഗുണനിലവാരമുള്ള പാലിനായിരിക്കും അധിക വില ലഭിക്കുക. ഇതുപ്രകാരം ഒരു ലിറ്റർ പാലിന് കർഷകനു നിലവിൽ ലഭിക്കുന്ന വിലയായ 45.93 രൂപ വർധിച്ച് 46.93 പൈസയാവും. 9 കോടി രൂപയാണ് അധിക പാൽ വിലയായി കർഷകരിലേക്ക് വന്നുചേരുക. 2024 നവംബർ മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിൽ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 150 രൂപ വീതവും മലബാർമ മിൽമയുടെ സഹോദര സ്ഥാപനമായ എംഎർഡിഎഫിന്റെ പെല്ലറ്റ് രൂപത്തിലുള്ള ടിഎംആർ കാലിത്തീറ്റ, ട്രൂ മീൽ ടിഎംആർ ഫീഡ് എന്നിവയ്ക്ക് കിലോയ്ക്ക് ഒരു രൂപ വീതവും സബ്സിഡി നൽകും.

ആറു കോടി രൂപ ഈ ഇനത്തിൽ കർഷർക്ക് മിച്ചമായി ലഭിക്കും. ത്രിതല ക്ഷീര സഹകരണ മേഖലയെ ശാക്തീകരിച്ച് പാൽ ഉത്പാദനവും സംഭരണവും വർദ്ധിപ്പിക്കുക, പാലുത്പാദന ചെലവ് കുറയ്ക്കുക എന്നിവയാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നത്. 2024 25 സാമ്പത്തിക വർഷത്തിൽ ഇതുവരെയായി മലബാർ മേഖലയിലെ ക്ഷീര കർഷകരിലേക്ക് 27.20 കോടി രൂപ അധികപാൽ വിലയായും, കാലിത്തീറ്റ സബ്സിഡിയായും മലബാർ മിൽമ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

ഇപ്പോൾ പ്രഖ്യാപിച്ച 15 കോടി ഉൾപ്പെടെ ഈ സാമ്പത്തിക വർഷം മാത്രം മേഖലാ യൂണിയൻ 42.20 കോടി രൂപയാണ് അധിക പാൽവിലയായും കാലിത്തീറ്റ സ്ബ്സിഡിയായും നൽകുന്നത്. ഒരു സാമ്പത്തിക വർഷം മുഴുവൻ കാലിത്തീറ്റക്ക് സബ്സിഡി നൽകാനുമായി. ഇത് മലബാർ മേഖലാ യൂണിയന്റെ ചരിത്രത്തിലെ സർവ്വകാല റെക്കോർഡ് നേട്ടമാണെന്ന് മിൽമ ചെയർമാൻ കെ.എസ്.മണി, മാനേജിംഗ് ഡയറക്ടർ കെ.സി. ജെയിംസ് എന്നിവർ അറിയിച്ചു.

# ഷുഹൈബ് വധക്കേസ് വിചാരണയ്ക്ക്

തലശ്ശേരി: മട്ടന്നൂരിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകൻ ഷുഹൈബിനെ വെട്ടിക്കൊലപ്പെടുത്തിയ കേസിന്റെ വിചാരണ മൂന്നാം അഡീഷണൽ ജില്ല സെഷൻസ് ജഡ്ജ് റൂബി.കെ ജോസ് മുമ്പാകെ അടുത്ത മാസം ആരംഭിക്കും. സിബിഐ അന്വേഷണം സുപ്രീംകോടതി നിരസിച്ചതിനെ തുടർന്നാണ് വിചാരണ കോടതിയുടെ നടപടി. 17 സി.പി.എം പ്രവർത്തകരാണ് കേസിലെ പ്രതികൾ. ആറ് മാസത്തിനകം വിചാരണ പൂർത്തിയാക്കി കേസിന് തീർപ്പുകൽപ്പിക്കണമെന്ന ഹൈക്കോടതിയുടെ ഉത്തരവും നിലവിലുണ്ട്. 2018 ഫെബ്രുവരി 12ന് രാത്രി 10.30ഓടെ കീഴല്ലൂർ തെരൂരിലെ ഒരുതട്ടുകടയിൽ സുഹൃത്തുക്കളോടൊപ്പം ഇരിക്കുമ്പോഴാണ് കൊലപാതകം നടന്നത്. അക്രമം തടയാൻ ശ്രമിച്ച റിയാസ്, നൗഷാദ് എന്നിവർക്കും പരിക്കേറ്റിരുന്നു. സി.പി.എം പ്രവർത്തകരായ എം.പി ആകാശ്, രജിൽരാജ്, ജിതിൻ എന്ന ചാത്തു, ദീപ്ചന്ദ്, ടി.കെ ബൈജു, സി.എസ് അസ്കർ, പി.പി അഖിൽ, അൻവർ സാദത്ത്, കെ രജത്ത്, കെ.കെ സജയ്, സി.കെ.പി പ്രശാന്ത്, കെ.വി സംഗീത്, എ.പി സനീഷ്, എ.പി സുബിൻ, പി.കെ അഭിനാഷ്, പി.കെ നിഖിൽ, എ.കെ പ്രജിത്ത് എന്നിവരാണ് കേസിലെ പ്രതികൾ. കേസിൽ പ്രോസിക്യൂഷൻ ഭാഗത്ത് 142 സാക്ഷികളാണുള്ളത്. നിലവിൽ അഡീഷണൽ ജില്ല ഗവ.പ്ലീഡർ കെ രൂപേഷാണ് പ്രോസിക്യൂഷന് വേണ്ടി ഹാജരാവുന്നത്.

# അശ്വനികുമാർ വധം മൂന്നാം പ്രതിക്ക് ജീവപര്യന്തം തടവും പിഴയും

തലശ്ശേരി: ഇരിട്ടിയിലെ അശ്വനികുമാർ വധക്കേസിൽ മൂന്നാം പ്രതി മർഷൂക്കി(39)ന് ശിക്ഷ വിധിച്ചു. ഐപിസി 302 റെഡ് വിത്ത് 149 പ്രകാരം ജീവപര്യന്തം തടവും അമ്പതിനായിരം രൂപ പിഴയടക്കാനുമാണ് ശിക്ഷിച്ചത്. പിഴ തുകയായി ആകെ എഴുപത്തിരണ്ടായിരം രൂപ അടക്കണം. തലശ്ശേരി ഒന്നാം അഡീഷണൽ ജില്ല സെഷൻസ് ജഡ്ജി ഫിലിപ്പ് തോമസാണ് ശിക്ഷ വിധിച്ചത്. തെളിവുകളുടെ അഭാവത്തിൽ കേസിലെ 13 പ്രതികളെ കോടതി വെറുതെ വിട്ടിരുന്നു. 2005 മാർച്ച് 10ന് രാവിലെ കണ്ണൂരിൽ നിന്ന് പേരാവൂരിലേക്ക് സ്വകാര്യ ബസിൽ യാത്രചെയ്യവെ അശ്വനികുമാറിനെ ഇരിട്ടി പയഞ്ചേരി മുക്കിൽ വെച്ച് ജീപ്പിലെത്തിയ പ്രതികൾ ബസ് തടഞ്ഞിട്ട് വെട്ടിക്കൊലപ്പെടുത്തിയെന്നാണ് കേസ്.

## വാടകയ്ക്ക് 18 ശതമാനം ജി.എസ്.ടി

# വ്യാപാരി വ്യവസായി ഏകോപന സമിതി പ്രക്ഷോഭത്തിലേക്ക്

കൊച്ചി: വാടകയ്ക്ക് മേൽ 18 ശതമാനം ജി.എസ്.ടി ഏർപ്പെടുത്തിയ ജി.എസ്.ടി കൗൺസിലിന്റെ ഉത്തരവിനെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രക്ഷോഭത്തിലേക്ക്. നവംബർ ഏഴിന് ഏകോപന സമിതി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ രാജ് ഭവൻ മാർച്ച് നടത്തും. സൂചന സമരത്തിൽ മുഴുവൻ അംഗങ്ങളും അണി ചേരുമെന്ന് സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ്, എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ.ജെ റിയാസ്, ട്രഷറർ സി. എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത് എന്നിവർ പറഞ്ഞു. വാടക കെട്ടിടങ്ങളിൽ കട നടത്തുന്ന വ്യാപാരികളുടെ മേൽ വാടകയുടെ നികുതി ബാധ്യത കെട്ടിവെച്ച് ദ്രോഹിക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിലപാട് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്ന് ഏകോപന സമിതി നേതാക്കൾ വ്യക്തമാക്കി. കെട്ടിട ഉടമയ്ക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലെങ്കിൽ വാടകക്കാരായ വ്യാപാരികൾ വാടകയ്ക്ക് 18 ശതമാനം ജി.എസ്.ടി നൽകണമെന്നാണ് ജി.എസ്.ടി കൗൺസിലിന്റെ പുതിയ തീരുമാനം. ഇത് ഏറ്റവും അധികം ബാധിക്കുക ചെറുകിട വ്യാപാരികളെയായിരിക്കുമെന്നും ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും ഏകോപന സമിതി നേതാക്കൾ വ്യക്തമാക്കി. ചെറുകിട വ്യാപാരികളെ ഇല്ലായ്മ ചെയ്ത് കോർപ്പറേറ്റുകളെ സഹായിക്കുന്ന തീരുമാനത്തിൽ നിന്നും സർക്കാരുകൾ പിന്തിരിയണമെന്നും അല്ലാത്ത പക്ഷം രാജ്യവ്യാപകമായി ശക്തമായ സമരവുമായി വ്യാപാരികൾ രംഗത്തിറങ്ങുമെന്നും നേതാക്കൾ വ്യക്തമാക്കി.

# ജനദ്രോഹത്തിൽ കേന്ദ്രവും കേരളവും തമ്മിൽ മത്സരിക്കുന്നു: പി.എം.എ സലാം



ചേലക്കര മണ്ഡലത്തിലെ മുള്ളൂർക്കര മണ്ണുവട്ടം മേഖലാ യു.ഡി.എഫ് കുടുംബ സംഗമം മുസ്‌ലിംലീഗ് സംസ്ഥാന ജന.സെക്രട്ടറി പി.എം.എ സലാം ഉദ്ഘാടനം ചെയ്യുന്നു

മുള്ളൂർക്കര: ജനദ്രോഹ കാര്യങ്ങളിൽ കേന്ദ്രവും കേരളവും തമ്മിൽ മത്സരിക്കുകയാണെന്ന് മുസ്‌ലിംലീഗ് സംസ്ഥാന ജന.സെക്രട്ടറി പി.എം.എ സലാം പറഞ്ഞു. ചേലക്കരയിൽ യു.ഡി.എഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ പ്രചരണാർത്ഥം നടത്തിയ മുള്ളൂർക്കര പഞ്ചായത്തിലെ വാഴക്കോട് മണ്ണുവട്ടം മേഖല കുടുംബ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. വിലക്കയറ്റം മൂലം ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണ്. എന്നിട്ടും സർക്കാർ ഇടപെടുന്നില്ല. നേരത്തെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മറ്റും വില വർദ്ധിക്കുമ്പോൾ അധികമായി ലഭിക്കുന്ന വരുമാനം വേണ്ടെന്ന് വെച്ചിരുന്നു. എന്നാൽ ഇന്ന് വിലവർദ്ധന മൂലം കഷ്ടതയനുഭവിക്കുന്ന സാധാരണക്കാരനുമേൽ അധിക നികുതി കൂടി ചുമത്തി കൂടുതൽ ദുരിതത്തിലേക്ക തള്ളിവിടുന്ന സമീപനമാണ് പിണറായി സർക്കാർ സ്വീകരിക്കുന്നത്. ഏതൊക്കെ രീതിയിൽ ജനങ്ങളെ ദ്രോഹിക്കാമെന്ന രീതിയിൽ ഗവേഷണം നടത്തുന്ന ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ഇവർക്കെതിരായ ശക്തമായ വികാരമാണ് ഉപ തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കാൻ പോവുകയെന്നും പി.എം.എ സലാം പറഞ്ഞു. യൂത്ത് കോൺഗ്രസ് സംസ്ഥാന ജന.സെക്രട്ടറി അഡ്വ.സോയ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. പി.എം മുഹമ്മദ് അധ്യക്ഷത വഹിച്ചു.

യൂത്ത്‌ലീഗ് അഖിലേന്ത്യാ സെക്രട്ടറി ഷാക്കിർ, യൂത്ത്‌ലീഗ് അഖിലേന്ത്യാ ഓർഗനൈസിംഗ് സെക്രട്ടി ടി.പി അഷ്റഫലി, എം.എസ്.എഫ് അഖിലേന്ത്യാ പ്രസിഡന്റ് അഹമ്മദ് സാജു, യു.ഡി.എഫ് നേതാക്കളായ എം.പി കുഞ്ഞിക്കോയ തങ്ങൾ, ജിജോ കുര്യൻ, കെ.എം.എ ബക്കർ, ബഷീർ അഹമ്മദ് ബുർഹാനി, മുഹിയുദ്ദീൻ, പി.വി അലി, ഉമ്മർ മാസ്റ്റർ, ഹംസ, കെ.എ അബ്ദുള്ള സംസാരിച്ചു.







താങ്കൾ പറയുക: എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു മതി. തീർച്ചയായും അല്ലാഹു തന്റെ ദാസന്മാരെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനുമാകുന്നു.

**(വിശുദ്ധ ഖുർആൻ 17: 96)**

news@gulf-chandrika.com

ഗൾഫ് ചന്ദ്രിക

1446 ജമാദുൽ അവ്വൽ 03 • 1200 തുലാം 20

# ധ്രുവീകരണ ശ്രമങ്ങൾ മുളയിലേ നുള്ളണം

വ്യവസായ വകുപ്പ് ഡയറക്ടർ കെ.ഗോപാലകൃഷ്ണൻ ഐ.എ.എസിന്റെ നേതൃത്വത്തിൽ 'മല്ലു ഹിന്ദു ഓഫീസേഴ്സ് ഗ്രൂപ്പ്' എന്ന പേരിൽ മുതിർന്ന ഐ.എ.എസ് ഓഫീസർമാരെ അംഗങ്ങളായി ചേർത്ത് വാട്സ് ആപ്പ് കൂട്ടായ്മ രൂപീകരിച്ച സംഭവം ഞെട്ടലുളവാക്കുന്നതാണ്. തന്റെ ഫോൺ ഹാക്ക് ചെയ്യപ്പെട്ടതാണെന്നാണ് ഗോപാലകൃഷ്ണൻ വിശദീകരിക്കുന്നതെങ്കിലും അംഗങ്ങളായി ചേർക്കപ്പെട്ട പലരും വിമർശനം ഉന്നയിച്ചതോടെയാണ് ഡിലീറ്റ് ചെയ്യുകയായിരുന്നവെന്നാണ് വ്യക്തമാക്കപ്പെടുന്നത്. പൊലീസിലുൾപ്പെടെ സംസ്ഥാന സർക്കാറിലെ ഉന്നത ഉദ്യോഗസ്ഥ മേഖലയിലെ ആർ.എസ്.എസ് ബാന്ധവം മറനീക്കിപ്പുറത്തുവരുന്ന ഘട്ടത്തിലെ ഈ നീക്കം അതീവ ഗൗരവതരവമാണ്. ഗോപാലകൃഷ്ണൻ അവകാശപ്പെടുന്നതുപോലെ ഗ്രൂപ്പ് ഹാക്ക്ചെയ്യപ്പെട്ടതാണെങ്കിൽ പോലും നിരവധി ചോദ്യങ്ങൾ ഇവിടെ ഉയരുന്നുണ്ട്. അദ്ദേഹം അറിയാതെ ഫോണിലെ കോണ്ടാക്ട് ലിസ്റ്റിലുള്ളവരെ ചേർത്തുണ്ടാക്കപ്പെടതാണെങ്കിൽ ഗ്രൂപ്പിലെ അംഗങ്ങളെല്ലാം ഒരേ സമുദായത്തിൽപ്പെട്ടതായി മാറിയതും ഇത്തരത്തിലൊരു പേരു തിരഞ്ഞെടുക്കപ്പെട്ടതും എങ്ങനെയെന്ന് അന്വേഷിച്ചുകണ്ടെത്തപ്പെടേണ്ടതുണ്ട്. മുൻ തിരുവന്തപുരം കലക്ടറായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പക്കൽ നിന്ന് ദുരൂഹമായ രീതിയിലുണ്ടായ നടപടിയും ഇപ്പോഴത്തെ സംഭവത്തെ സാങ്കേതികതയുടെ പേരിൽ എഴുതിത്തള്ളുന്നതിന് വിലങ്ങുതടിയായി നിൽക്കുകയാണ്. സംസ്ഥാനം പ്രളയത്തിന്റെ മഹാകെടുതികൾ അനുഭവിക്കുമ്പോൾ ദുരിതാശ്വാസ കേന്ദ്രങ്ങളിലൂടെ അവശ്യ സാധനങ്ങൾ തൽക്കാലം ശേഖരിക്കേണ്ടതില്ലെന്ന വീഡിയോ ഇറക്കിയ ശേഷം അവധിയിൽ പോകുകയായിരുന്നു ഗോപാലകൃഷ്ണൻ. സർക്കാർ ഉദ്യോഗസ്ഥർ അവധിയൊഴിവാക്കി ജോലിയിൽ പ്രവേശിക്കണമെന്ന സർക്കാറിന്റെ ഉത്തരവ് പുറത്തുവന്നതിനു ശേഷമായിരുന്നു അദ്ദേഹത്തിന്റെ അവധിയിൽ പോക്ക്.

സിവിൽ സർവീസ് എന്നത് സർക്കാർ സംവിധാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. സർക്കാറുകൾ രൂപപ്പെടുത്തിയെടുക്കുന്ന പദ്ധതികൾ ജനങ്ങളിലേക്കെത്തുന്നത് അവരിലൂടെയാണ്. മാത്രവുമല്ല ജനോപകാരപ്രദമായ പല പദ്ധതികളും രൂപപ്പെടുത്തിയെടുക്കുന്നതിലും അവർ നിർണായക പങ്കുവഹിക്കുന്നുണ്ട്. പലപ്പോഴും വകുപ്പുകളും വകുപ്പ് മന്ത്രിമാരുമെല്ലാം പേരെടുക്കുന്നത് പ്രസ്തുതവകുപ്പിലെ ഉന്നത ഉദ്യോഗസ്തരുടെ മിടുക്ക്കൊണ്ടാണെന്നതും വസ്തുതയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഉന്നത ഉദ്യോഗസ്ഥർ തന്നെ മതത്തിന്റെയും ജാതിയുടെയുമെല്ലാം പേരിൽ കൂട്ടായ്മകൾ രൂപപ്പെടുത്തുകയും ധ്രുവീകരണ ചിന്തകളിൽ ഏർപ്പെടുകയും ചെയ്യുന്നത് എത്രമാത്രം അപകടകരമാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഒരു വിധത്തിലുള്ള വിവേചനങ്ങൾക്കും സിവിൽ സർവീസുകാർ അടിമപ്പെടരുതെന്ന നിർബന്ധമുളളതുകൊണ്ടാണ് സർക്കാർ ഉദ്യോഗസ്ഥർക്ക് കക്ഷിരാഷ്ട്രീയത്തിലുള്ള പങ്കാളിത്തം നിരോധിക്കപ്പെട്ടത്. രാജ്യത്തെ ഏതൊരു പൗരനുമുള്ളതുപോലെ ഇഷ്ടപ്പട്ട മതത്തിൽ വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനുമുള്ള അവകാശം ഉദ്യോഗസ്ഥ വൃന്ദത്തിനുമുണ്ടെങ്കിലും സിവിൽ സർവീസിനെ അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കൊന്നും ഹേതുവാക്കിമാറ്റാൻ നിയമം അനുവദിക്കുന്നില്ല. സർക്കാർ ഉദ്യോഗസ്ഥർ എന്ന നിലയിൽ ഭരണഘടനയും നിയമങ്ങളുമാണ് അവർക്ക് മാർഗദർശിയാകേണ്ടത്. എന്നാൽ മഹത്തായ ഈ സങ്കൽപങ്ങളുടെയെല്ലാം മേൽ കരിനിഴൽ വീഴ്ത്തുന്ന വാർത്തകളാണ് കഴിഞ്ഞ ദിവസം പുറത്തുവന്നത് എന്ന കാര്യത്തിൽ സംശയമില്ല.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ദൗർഭാഗ്യകരമായ ഇത്തരം വാർത്തകൾ നിരന്തരമായി പുറത്തുവരാറുണ്ടെങ്കിലും അതിനെയെല്ലാം കോട്ടകെട്ടി കാത്ത പാരമ്പര്യമായിരുന്നു കേരളത്തിനുണ്ടായിരുന്നത്. തങ്ങളുടെ വിധേയത്വവും വിരോധവുമെല്ലാം മടിയും മറയുമില്ലാതെ തുറന്നുപ്രകടിപ്പിക്കുന്നതും അവരുടെ പ്രതിജ്ഞക്ക് കടകവിരുദ്ധമായി വിവിധ വിഭാഗങ്ങളോട് മമതയും വിദ്വേഷവും വെച്ചു പുലർത്തുന്നതുമെല്ലാം ഉത്തരേന്ത്യയിൽ സർവസാധാരണമാണെങ്കിൽ ഇപ്പോൾ കേരളവും അതേവഴിക്കു സഞ്ചരിക്കാൻ തുടങ്ങിയോ എന്ന് ഇത്തരം സംഭവങ്ങൾ നമ്മെ ആശങ്കപ്പെടുത്തുകയാണ്. ക്രമസമാധാനത്തിന്റെ ചുമതല വഹിച്ചിരുന്ന ഡി.ജി.പി ആർ.എസ്.എസ് മേധാവിയുമായി ചർച്ച നടത്തിയെതും തൃശൂർ പൂരം കലക്കുന്നതിന് ഇതേ ഉദ്യോഗസ്ഥൻ ശ്രമം നടത്തിയെന്ന റിപ്പോർട്ടുമെല്ലാം ഈ ആശങ്കകൾക്ക് ബലം നൽകുന്നതാണ്. ഉദ്യോഗസ്ഥ തലത്തിൽ മാത്രമല്ല, പൊതു സമൂഹത്തിലും ഇത്തരം ധ്രുവീകരണ ശ്രമങ്ങൾക്ക് ആർ.എസ്.എസ് കിണഞ്ഞു ശ്രമിക്കുന്ന ഈ അഭിശപ്തമായ കാലത്ത് അതിനെയെല്ലാം തിരിച്ചറിഞ്ഞ് തടയിടേണ്ട ഭരണകൂടവും ഇതേ പാതയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്നത് മറ്റൊരുയാഥാർത്ഥ്യമാണ്. എ.ഡി.ജി.പിയുടെ ആർ.എസ്.എസ് കൂടിക്കാഴ്ച്ചയെ നിസാരവൽക്കരിക്കുകയും, ആർ.എസി.എസിന്റെ പ്രവർത്തനങ്ങളെ ന്യായീകരിച്ച് സംസ്ഥാനത്ത് പൂരംകലക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടില്ലെന്ന് വാദിക്കുകയും, കൊടകര കുഴൽപണകേസിൽ ബി.ജെ.പി നേതൃത്വത്തെ ഒരു പോറലുമേൽക്കാതെ രക്ഷപ്പെടുത്തിയെടുത്തതുമെല്ലാം ചെയ്ത മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണ് ഈ ധ്രുവീകരണ ശ്രമങ്ങൾക്ക് വെള്ളവും വളവും നൽകിക്കൊണ്ടിരിക്കുന്നത് എന്നതാണ് ഏറെ ഖേദകരം.

## അടിക്കുറിപ്പ്

കൊടകരയിൽ ഇത്രയും ഗൗരവതരമായ ഹവാല ഇടപാട് നടന്നിട്ടും എന്തുകൊണ്ട് വിഷയത്തിൽ ഇ.ഡി ഇടപെടുന്നില്ല? കൃത്യമായ എഫ്.ഐ.ആർ ഉണ്ടായിട്ടും ഈ കേസിൽ അന്വേഷണം നടത്തുന്നതിൽ നിന്ന് ഇ.ഡിയെ തടയുന്നത് എന്താണ് ?.

**–കെ.സി വേണുഗോപാൽ**

## ചരിത്രത്തിൽ ഇന്ന്

1556 രണ്ടാം പാനിപ്പത്ത് യുദ്ധം. അക്ബർ ഭാരതത്തിന്റെ ചക്രവർത്തിയായി.
1945 കൊളംബിയ ഐക്യരാഷ്ട്രസഭയിൽ അംഗമായി.
2008 ബരാക്ക് ഒബാമ അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

# സമുദായ ഐക്യത്തിന്റെ മഹിത പാരമ്പര്യം



**ഡോ. പുത്തൂർ റഹ്മാൻ**

മുസ്‌ലിം കേരളത്തെ രൂപപ്പെടുത്തുന്നതിലും നയിക്കുന്നതിലും നമ്മുടെ ഉലമാക്കളും ഉമറാക്കളും വഹിച്ച പങ്കിന്റെ കാര്യത്തിൽ ആർക്കും തർക്കമുണ്ടാവാനിടയില്ല. മതപരമായ കാര്യങ്ങളിൽ ഭിന്നാഭിപ്രായമുള്ള അവാന്തര വിഭാഗങ്ങൾ കേരള മുസ്‌ലിംകളിലുണ്ട് എന്നതും തർക്കമില്ലാത്ത കാര്യമാണ്. മതകാര്യത്തിൽ കേരള മുസ്‌ലിംകൾക്കുള്ള ഭിന്നിപ്പുകൾ പുതിയതല്ല. പലധാരകളായാണ് സമുദായം വളർന്നു വികസിച്ചത്. എന്നാൽ എല്ലാവരെയും ഒരുമിപ്പിക്കുന്ന മുസ്‌ലിം ലീഗിന്റെ പ്ലാറ്റ് ഫോം ആയിരുന്നു ഒരു സാമൂഹികശക്തി എന്ന നിലയിലുള്ള നമ്മുടെ ഐക്യത്തിന്റെ നിദാനം. സുന്നീ വീക്ഷണത്തോട് ചേർന്നു നിൽക്കുക മാത്രമല്ല അതിൽ നേതൃപരമായ പങ്ക് വഹിക്കുകയും ചെയ്ത പൂക്കോയ തങ്ങളും ബാഫഖി തങ്ങളും മുജാഹിദുകളുമായി വളരെയേറെ സഹകരിക്കുകയും സഹിഷ്ണുതയോടെ പെരുമാറുകയും ചെയ്തു. മുജാഹിദ് നേതാക്കളാകട്ടെ അവരെ തങ്ങളുടെ കൂടി നേതൃസ്ഥാനത്തു കാണുകയും ആശയഭിന്നതകൾ മറന്നു ഐക്യപ്പെടുകയും ചെയ്തു. ഒട്ടേറെ മുസ്‌ലിം വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി സ്കോളർഷിപ്പ് നൽകിയിരുന്നു ബാഫഖി തങ്ങൾ. സി.എച്ച് മുഹമ്മദ് കോയാ സാഹിബ്, പ്രൊഫ.ടി. അബ്ദുല്ല സാഹിബ് ഉൾപ്പടെ പതിനാല് പേർക്ക് സ്കോളർഷിപ്പ് ഒരേ സമയം നൽകിയിരുന്നതായി അബ്ദുല്ല സാഹിബ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങിനെ വേറെയും പലരെയും ബാഫഖി തങ്ങൾ സഹായിച്ചിട്ടുണ്ട്. തങ്ങളവർകൾ വളർത്തിയ ഇവർ ഓരോരുത്തരും മതപരമായി വ്യത്യസ്ത പക്ഷത്തോട് ചേർന്നു നിന്നതിനെ തങ്ങൾ എന്നാൽ ഒരിക്കലും നിരുത്സാഹപ്പെടുത്തിയില്ലെന്നു കാണാം. എം.കെ ഹാജിയും ബാഫഖി തങ്ങളും തമ്മിലുള്ള ബന്ധത്തിന് സുന്നി മുജാഹിദ് തർക്കങ്ങൾ ബാധകമല്ലായിരുന്നു എന്നാണ് ചരിത്രത്തിൽ നിന്നും നാം പഠിക്കുന്നത്. ഈ സഹിഷ്ണുത നമുക്കൊരു പാഠമാകേണ്ടതല്ലേ.

1950കളോടെ സമസ്ത രൂപപ്പെടുത്തിയ മദ്രസ പ്രസ്ഥാനത്തിന്റെ മുഖ്യ ശിൽപി ബാഫഖി തങ്ങളായിരുന്നു. വിദ്യാഭ്യാസ ബോർഡിനുള്ള മൂലധനം കൈയ്യിൽ നിന്നും നൽകിയ ബാഫഖി തങ്ങൾ വിളക്കിച്ചേർത്ത സമസ്തയും മുസ്‌ലിം ലീഗും തമ്മിലുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടാതിരിക്കാൻ ഈ പഴയ ചരിത്ര ശകലങ്ങൾ നമ്മൾ അനുസ്മരിക്കുക മാത്രം പോര. അവയുടെ പാഠവും ഉൾക്കൊള്ളണം. ഇസ്‌ലാമിൽ ഒരാൾക്ക് വേറൊരാളെ പിൻപറ്റാനുള്ള മാനദണ്ഡം അറിവാണ്. അറിവുള്ളവരെ, ജ്ഞാനികളെ സൂചിപ്പിക്കുന്ന വാക്കാണ് ഉലമാഅ്. അതേപോലെ സംഘടിതരാവുക എന്നതും മതത്തിന്റെ ഏറ്റവും പ്രധാനമായ സാമൂഹിക പാഠമാണ്. ഒരു ലക്ഷ്യംവച്ചു പുറപ്പെടുന്നത് മൂന്നു പേരാണെങ്കിൽ പോലും അവരവരിൽ ഒരാളെ അമീറാക്കണം എന്നതാണത്. അമീർ എന്ന വാക്കിന് നേതാവ്, ലീഡർ എന്നൊക്കെയാണർത്ഥം. ആ വാക്കിന്റെ ബഹുവചനമാണ് ഉമറാഅ്. ഈ ഇരു വിഭാഗത്തെ കുറിച്ചുമുള്ള നബിവചനവും ഏറെ പ്രസക്തമാണ്. എന്റെ സമുദായത്തിലെ രണ്ട് വിഭാഗം നന്നായിക്കഴിഞ്ഞാൽ ജനമാകെ നന്നായി. അവർ ദുശിച്ചാലോ, ജനമാകെ ദുശിക്കുകയും ചെയ്യും, ഉലമാക്കളും ഉമറാക്കളുമാണവർ എന്നാണാ നബിവചനം. ഇപ്പോൾ ഒരു മുന്നറിയിപ്പുപോലെ നമ്മുടെ മുന്നിൽ തെളിഞ്ഞുവരുന്നുണ്ട് ഈ നബിവചനം.

കേരള മുസ്‌ലിംകളുടെ ഐക്യത്തിന്റെ പിൻബലവും ശക്തിസ്രോതസ്സുമായി നിലകൊണ്ട ആശയവും അനുഭവവുമാണ് ഈ ഉലമാഉമറാ ഐക്യം. മുസ്‌ലിം സമുദായത്തിന്റെ വൈജ്ഞാനിക നവോത്ഥാനത്തിനും പുരോഗമനത്തിനുമുള്ള ഇന്ധനമായും സാമൂഹിക, സാമ്പത്തിക മൂലധനം ഭദ്രമാക്കാനുള്ള സംഘടിത ശ്രമമായും ഈ രണ്ടുകൂട്ടരുടെയും ഐക്യം പ്രവർത്തിച്ചു. പൊന്നാനിയിലെ മഖ്ദൂമുമാരുടെ പാരമ്പര്യത്തിൽ നിന്നാണ് ഈ ഐക്യം കേരളത്തിലെ മുസ്‌ലിംകൾക്ക് കൈവന്നത്. സാമൂതിരിയുടെ പടത്തലവന്മാരായ കുഞ്ഞാലിമാർക്ക് പിന്തുണ നൽകാൻ കേരളത്തിലെ മുസ്‌ലിംകളെ ഉപദേശിച്ച് ഗ്രന്ഥരചന നടത്തിയ മഖ്ദൂമുമാർ ഉലമാഉമറാ ബന്ധത്തിന്റെ നിസ്തുല മാതൃകയാണ്. ഫത്ഹുൽ മുഈൻ പോലുള്ള കർമശാസ്ത്ര ഗ്രന്ഥങ്ങൾ രിചിച്ചവരാണല്ലോ മഖ്ദൂമുമാർ. അതുവഴി മതപരമായ കാര്യങ്ങളിൽ വഴികാട്ടിയ അവരാണ് രാഷ്ട്രീയമായി പറങ്കികൾക്കെതിരെ നിലകൊള്ളുന്ന കുഞ്ഞാലിമാർക്ക് പിന്തുണ പ്രഖ്യാപിക്കുന്നതും. മുസ്‌ലിംകളുടെ മതപരമായും രാഷ്ട്രീയപരമായും നയിച്ചതിന്റെ മാതൃകയാണിത്. ഈ പാരമ്പര്യത്തെ മുറുകെ പിടിച്ചാണ് കേരള മുസ്‌ലിംകൾ പുരോഗതിയിലേക്കു സഞ്ചരിച്ചത്. പിൽക്കാലത്ത് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, കേരള നദ്‌വത്തുൽ മുജാഹിദീൻ പോലുള്ള മതസംഘടനകളുടെ ജീവനാഡികളായി നിന്ന ഉലമാക്കളും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ നേതൃത്വവും പരസ്പരം ഒത്തൊരുമയോടെ നീങ്ങിയതും മേൽപറഞ്ഞ മാതൃക പിൻപറ്റിക്കൊണ്ടു തന്നെയാണ്.

കേരളത്തിലെ ഖാസിമാരുടെ നിയമനത്തിലും പൂർവികരായ ആളുകൾ മുറുകെപ്പിടിച്ച തത്വം ഈ പാരമ്പര്യം തന്നെയാണ്. ശംസുൽ ഉലമാ ഇ.കെ അബൂബക്കർ മുസ്‌ലിയാർ ഖാസിമാരുടെ നിയമനത്തെ കുറിച്ച് നൽകിയ ഒരു മതവിധി ഇതു തന്നെയാണ് വെളിപ്പെടുത്തുന്നത്. ആരെയാണ് ഖാസിയായി നിയമിക്കേണ്ടത് എന്ന ചോദ്യത്തിന് ഇ.കെ ഉസ്താദ് നൽകിയ ഉത്തരം ഇപ്പോൾ വളരെ പ്രസക്തമായിരിക്കുന്നു. ഉദിനൂർ ഖാദിമുൽ ഇസ്‌ലാം ജമാഅത്ത് സെക്രട്ടറിയുടെ ചോദ്യത്തിന് ശംസുൽ ഉലമ നൽകിയ ഫത്‌വ ഇപ്രകാരമാണ്. 'ഇവിടെയുള്ള ഖാസിമാർ എന്നത് മഹാന്മാരായ ഇമാമുകൾ പറഞ്ഞിട്ടുള്ള ഖാസിമാരല്ല. അവർ പറഞ്ഞിട്ടുള്ളത് ഇന്നത്തെ ജഡ്ജിമാരുടെ പദവിയിലുള്ള ഖാസിമാരെ പറ്റിയാണ്. അപ്രകാരമുള്ള ഒരേർപ്പാട് (കേരളത്തിലെ) മുസ്‌ലിം സമുദായത്തിനു സാധ്യമല്ല. അതിനാൽ ഇവിടെയുള്ള ഖാസിമാർ എന്ന് വെച്ചാൽ സമുദായത്തിന്റെ ഐക്യത്തിനെയും കെട്ടുറപ്പിനെയും സൗഹാർദ്ദപരമായി നി ലനിർത്തിപോരാനുള്ള ഒരായുധം മാത്രമേയുള്ളൂ. സൗഹാർദ്ദം ഉള്ളപ്പോൾ മാത്രമേ അത് നടക്കുകയുള്ളൂ. അതിനാൽ നിങ്ങളുടെ മഹല്ലത്തിന്റെ മുമ്പുള്ള ഖാസിയെ മഹല്ല് ഇഷ്ടപ്പെടുന്ന കാലത്തോളം നിർത്താവുന്നതാണ്. അല്ലാത്ത സമയം ഒഴിവാക്കാവുന്നതുമാണ്.'

കേരള മുസ്‌ലിം സമുദായത്തിന്റെ ഐക്യം കെട്ടുറപ്പ് എന്നതാണ് ഖാസിമാരെ നിയമിക്കുന്നതിൽ പോലും പാലിക്കേണ്ട മതപരമായ തത്വം എന്ന ശംസുൽ ഉലമയുടെ മതവിധി ഇപ്പോഴത്തെ തർക്കങ്ങൾക്കുള്ള കൃത്യമായ ഉത്തരമാണ്. അതോടൊപ്പം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ ഖാസി പദവിക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നവരുടെ ലക്ഷ്യം എന്തെന്ന് തുറന്നുകാട്ടുന്നതുമാണ് ശംസുൽ ഉലമാ അന്നു നൽകിയ വിശദീകരണം.

സമുദായം ഇന്നനുഭവിക്കുന്ന ശൈഥില്യങ്ങളുടെ അടിസ്ഥാനകാരണം അന്വേഷിക്കേണ്ടത് നമ്മുടെ പാരമ്പര്യമായ ഉലമാഉമറാ ബന്ധത്തിൽ വിള്ളൽ വീഴുന്നുണ്ടോ എന്നതിലാണ്. അതിൽ വിള്ളലു വീഴ്ത്തിയാൽ സമുദായത്തിന്റെ സംഘടിത ശക്തിയെ ഇല്ലാതാക്കാം എന്നു കരുതുന്നവർ അതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടെന്നു വേണം കരുതാൻ. മുമ്പ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നേതൃത്വത്തെയും ഖാസിസ്ഥാനത്തെയും ചോദ്യം ചെയ്തവർക്കും ആക്ഷേപം ഉന്നയിച്ചവർക്കുമെതിരെ പ്രതിരോധമായി നിന്ന സംഘശക്തിയാണ് സമസ്തയെന്നതും ഈയവസരത്തിൽ സ്മരണീയമാണ്. സമസ്തയേയും ലീഗിനെയും തമ്മിലടിപ്പിച്ചാൽ ലാഭം കൊയ്യാമെന്നും കാര്യം സാധിക്കാമെന്നും കരുതുന്നതുവരെ പ്രതിരോധിക്കേണ്ട ഉത്തരവാദിത്തം ഈ രണ്ടും സംഘടനകൾക്കും ഉണ്ട്. കേരളത്തിലെ സുന്നികളുടെ പരമോന്നത സഭയായ സമസ്തയുടെ ചരിത്രം അറിയുന്നവർക്ക് സമസ്തയും ലീഗും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢതയറിയാം. സമസ്ത പ്രവർത്തന നിരതമായ മലബാറിലാണല്ലോ, ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് രൂപീകൃതമാകുന്നത്. മലബാർ ജില്ലാ മുസ്‌ലിം ലീഗിന്റെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന കെ.എം മൗലവി അധ്യക്ഷനായ യോഗത്തിൽ മുസ്‌ലിം ലീഗിന്റെ പ്രഥമ പ്രസിഡണ്ടായി സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളെ മൗലവിയാണ് നാമനിർദ്ദേശം ചെയ്തത്. സമസ്തയുടെ സ്ഥാപകരായ വരക്കൽ മുല്ലക്കോയ തങ്ങളുടെ സഹോദരീ പുത്രനായ ബാഫഖി തങ്ങൾ കേരള രാഷ്ട്രീയത്തെ സ്വാധീനിക്കാൻ പോകുന്ന ആത്മീയവും സാമൂഹികവുമായ സാരഥ്യം ഏൽക്കുന്ന വേദി ഇങ്ങനെയായിരുന്നു. പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളജിന്റെ വേദികളിൽ ബാഫഖി തങ്ങളും പൊന്നാനി മഊനത്തുൽ ഇസ്‌ലാം സഭയുടെ വേദികളിൽ സി.എച്ചുമൊക്കെ സ്ഥിരം ക്ഷണിതാക്കളായി. ഫാറൂഖ് കോളജ് ഉൾപ്പടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംസ്ഥാപനത്തിലും ബാഫഖി തങ്ങളുടെ പങ്ക് വലുതായിരുന്നു. എന്നാൽ അതേ തങ്ങളവർകൾ പട്ടിക്കാട് ജാമിഅ നൂരിയ്യ പോലുള്ള സ്ഥാപനങ്ങളുടെയും സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് പോലുള്ള കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിലും നേതൃപരമായ പങ്ക് വഹിച്ചു. എം.ഇ.എസിന്റെ പോലും പ്രാരംഭകാലത്ത് ബാഫഖി തങ്ങൾ വളരെയേറെ സഹായിച്ചു.

> സമുദായം നേരിടുന്ന പ്രതിസന്ധികൾക്ക് ഉത്തമ പരിഹാര മാർഗങ്ങൾ കണ്ടെത്തി സമൂഹത്തെ വൈജ്ഞാനിക, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക ഉന്നമനത്തിലേക്ക് നയിക്കാൻ വേണ്ടി ഉലമാ ഉമറാ കൂട്ടായ്മകൾ ശക്തമായി നിലനിൽക്കണം. ഇസ്‌ലാമിക ശരീഅത്തിനു വിരുദ്ധമായ നിയമങ്ങളെ സമാധാനപരമായ പോരാട്ടങ്ങളിലൂടെ ചെറുക്കാനും ഭരണഘടനാപരമായ അവകാശങ്ങൾ നേടിയെടുക്കാനും ഉലമാഉമറാ കൂട്ടായ്മകൾ ശക്തിപ്പെടേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവ് സമൂഹത്തിൽ വളരേണ്ടതുണ്ട്'. മർഹൂം സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ ഈ വാക്കുകൾ ഒരു വസിയ്യത്ത് പോലെ ഏറ്റെടുക്കേണ്ടവരാണ് നമ്മൾ, അതു നമ്മുടെ കടമയാണ്.

മുസ്‌ലിം ലീഗിന്റെ സംഘ ശക്തിയെ ദുർബലമാക്കാൻ ശ്രമങ്ങൾ നടക്കുന്നൊരു കാലാവസ്ഥയിൽ നടന്ന ലീഗിന്റെ മഹാസമ്മേളനത്തിൽ പ്രാർത്ഥന നടത്താൻ സൂഫിവര്യനും മഹാജ്ഞാനിയുമായ ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാരെത്തി. പിന്നീട് സമസ്ത പ്രസിഡണ്ടായിത്തീർന്ന സി. കോയക്കുട്ടി മുസ്‌ലിയാർ ആ സമ്മേളനത്തെ പറ്റിയും ചാപ്പനങ്ങാടി ഉസ്താദിന്റെ ദുആയെ പറ്റിയും ഓർമ പങ്കുവെച്ചത് ഇങ്ങനെയായിരുന്നു. ലീഗ് സമ്മേളനത്തിൽ ബാപ്പു മുസ്‌ലിയാർ ദുആ ചെയ്യുന്ന വാർത്ത കേട്ട് ആശ്ചര്യം തോന്നി ഞാൻ അദ്ദേഹത്തെ വീട്ടിൽ പോയി കണ്ടു. അദ്ദേഹം എന്നോട് പറഞ്ഞത്, 'കുട്ടീ മുസ്‌ലിം ലീഗിനെ എതിർക്കരുത്. അതു നമ്മുടെ രാഷ്ട്രീയ ശക്തിയാണ്. നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ നമുക്ക് വേറെ ഒരു പാർട്ടിയില്ല. അതിൽ മുജാഹിദും ജമാഅത്തും ഉണ്ടാകും. എല്ലാവരും ഉണ്ടാകട്ടെ. നമുക്ക് ലീഗ് വേണം'. എന്നായിരുന്നു. നെല്ലിക്കുത്ത് അബ്ദുറഹിമാൻ മുസ്‌ലിയാരുടെ ലീഗ് ചരിത്ര കഥകളിൽ ഈ സ്മരണ വായിക്കാം.

ചുറ്റും അപകടം പതിയിരിക്കുന്ന പ്രയാണപഥത്തിലൂടെയാണ് ഒരു സമൂഹം എന്ന നിലയിൽ നമ്മളിപ്പോൾ യാത്ര ചെയ്യുന്നത്. ഭരണസിരാ കേന്ദ്രങ്ങളിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ചു ഇന്ത്യൻ ഭരണഘടന തങ്ങളുടെ ധവള പത്രമാക്കുന്ന സംഘ് പരിവാർ കാലത്ത് കഴിഞ്ഞ കാലം നമുക്കു ബാക്കിവെച്ച അന്യോന്യമുള്ള ധാരണകളുടെയും പരസ്പര വിശ്വാസത്തിന്റെയും വഴിടയാളങ്ങളെ മറക്കാതിരിക്കുക വളരെ പ്രധാനമാണ്. അഭിമാനത്തോടെ ജീവിക്കുക എന്നത് എത്ര പ്രധാനമാണോ അത്രയും പ്രധാനമാണ് നമ്മുടെ ഐക്യം കാത്തു സൂക്ഷിക്കുകയെന്നതും. അതിന്റെ ആണിക്കല്ലാണ് നമ്മുടെ ഉലമാഉമറാ ഐക്യം. ഒരേ സമയം മുസ്‌ലിം ലീഗിന്റെ സംസ്ഥാന അധ്യക്ഷനും സമസ്തയുടെ മുശാവറയിൽ അംഗവുമായിരുന്ന വന്ദ്യരായ സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ ഒരു ലേഖനം, ഒരുപക്ഷേ തങ്ങളുടെ അവസാനത്തെ ലേഖനം ഉലമാ ഉമറാ ബന്ധത്തെ കുറിച്ചുള്ളതാണ്. അതിലിങ്ങനെ എഴുതിയിരിക്കുന്നു.

'ഉലമാ ഉമറാ ബന്ധത്തിൽ വിള്ളൽ വീഴുന്നത് കേരളീയ മുസ്‌ലിം സമൂഹത്തിന്റെ സർവ മേഖലകളിലെയും പുരോഗമനത്തിന് ശോഷണം സൃഷ്ടിക്കുമെന്നത് മുൻകാല ചരിത്രങ്ങളിൽനിന്നും ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ അനുഭവപാഠങ്ങളിൽനിന്നും മനസിലാക്കാവുന്നതാണ്. മതകാര്യങ്ങളിൽ തീർപ്പുകൽപ്പിക്കാനുള്ള ദൗത്യം ഉലമാക്കളിലാണ് നിർണിതമായിട്ടുള്ളത്. അവർ തന്നെയാണ് അതിൽ അന്തിമവിധികളെടുക്കേണ്ടതും. മതരംഗത്ത് പ്രവർത്തിക്കുന്നവരും രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിലെ നേതാക്കളും കൈക്കോർത്ത് സമൂഹത്തിന്റെ ഔന്നത്യത്തിനു വേണ്ടി പ്രവർത്തിക്കുന്ന സാഹചര്യമാണ് വളർന്നുവരേണ്ടത്. ഇത്തരം സ്തുത്യർഹമായ പ്രവർത്തനപദ്ധതികളെ തകർക്കാനുള്ള ശ്രമങ്ങളെ ശക്തമായി എതിർക്കേണ്ടതുണ്ട്. ആഗോള, ദേശീയ തലങ്ങളിൽ മുസ്‌ലിം സമൂഹം നേരിടുന്ന പ്രതിസന്ധികൾക്ക് ഉത്തമ പരിഹാര മാർഗങ്ങൾ കണ്ടെത്തി സമൂഹത്തെ വൈജ്ഞാനിക, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക ഉന്നമനത്തിലേക്ക് നയിക്കാൻ വേണ്ടി ഉലമാ ഉമറാ കൂട്ടായ്മകൾ ശക്തമായി നിലനിൽക്കണം. ഇസ്‌ലാമിക ശരീഅത്തിനു വിരുദ്ധമായ നിയമങ്ങളെ സമാധാനപരമായ പോരാട്ടങ്ങളിലൂടെ ചെറുക്കാനും ഭരണഘടനാപരമായ അവകാശങ്ങൾ നേടിയെടുക്കാനും ഉലമാഉമറാ കൂട്ടായ്മകൾ ശക്തിപ്പെടേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവ് സമൂഹത്തിൽ വളരേണ്ടതുണ്ട്'. സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ ഈ വാക്കുകൾ ഒരു വസിയ്യത്ത് പോലെ ഏറ്റെടുക്കേണ്ടവരാണ് നമ്മൾ, അതു നമ്മുടെ കടമയാണ്.

# അതല്ലേ യഥാർത്ഥ പുരോഗമനം

**കെ. പി അബ്ദുൽ ഗഫൂർ**

ഖലീഫമാരുടെ കാലഘട്ടത്തെ പ്രാകൃതമായി ചിത്രീകരിച്ച മുഖ്യമന്ത്രി പിണറായി വിജയൻ ചരിത്രത്തോട് കാണിച്ചിരിക്കുന്നത് പൊറുക്കാനാവാത്ത അനീതിയാണെന്ന കാര്യത്തിൽ സംശയമില്ല. എഴാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ആരംഭിച്ച് എ.ഡി 663 ൽ ഖലീഫ അലിയുടെ മരണത്തോടെ അവസാനിക്കുന്ന പ്രവാചകന്റെയും ഖുലാഫാഉ റാഷിദുകളുടെയും കാലഘട്ടം ചരിത്രത്തിലെ ഏറ്റവും സുന്ദരവും പരിഷ്കൃത കാലഘട്ടവുമായി പരിഗണിക്കപ്പെടുന്നു. ഖലീഫ ഉമറിന്റെ ഭരണമാണ് ഇന്ത്യയിൽ ഞാൻ ആഗ്രഹിക്കുന്നതെന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ ആരുടെയെങ്കിലും തൃപ്തിക്കുവേണ്ടിയുള്ളതായിരുന്നില്ല.

ഭരണകർത്താവിൽ നിന്നും വല്ല അനീതിയും സംഭവിച്ചാൽ അത് ചോദ്യം ചെയ്യാനുള്ള അവകാശം ഭരണീയർക്ക് നൽകിയിരുന്ന കാലഘട്ടമായിരുന്നു അത്. പൊതുവായി ഒരേ അളവിൽ നൽകപ്പെട്ട തുണികൊണ്ട് കുപ്പായം തുന്നിയപ്പോൾ ഖലീഫാ ഉമറിന്റെ കൈക്ക് നീളക്കൂടുതൽ കണ്ടു ചോദ്യം ചെയ്ത സഹാബിയോട് വിനയത്തിൽ ഉമറിന്റെ മകൻ പറഞ്ഞു. ബാപ്പാക്ക് കൈക്ക് അൽപം നീളം കൂടുതൽ വേണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അത് എന്റേതിൽ നിന്ന് ഞാൻ കൊടുത്തതാണ്. സഹാബിയുടെ ചോദ്യം കേട്ട് ഉമർ അരിശം കൊള്ളുകയോ പ്രശ്നം നിസാരമായി കാണുകയോ ചെയ്തില്ല, എന്താണുണ്ടായതെന്ന് ചോദ്യകർത്താവിനെ ബോധ്യപ്പെടുത്തുകയായിരുന്നു. അതാണ് നീതി ബോധം.

തന്റെ അധികാര പരിധിയിൽ ഒരു സ്ത്രീയും രണ്ടു കുട്ടികളും പട്ടിണിയിലാണെന്നറിഞ്ഞപ്പോൾ ഗോതമ്പ് മാവ് ചുമന്നുകൊണ്ട് പോയി അവർക്ക് റൊട്ടി ഉണ്ടാക്കി കൊടുത്ത് നിങ്ങളുടെ സ്ഥിതി മനസിലാക്കാൻ ഉമർ വൈകി, ക്ഷമിക്കണം നാളെ നിങ്ങൾ ഉമറിനെതിരെ സാക്ഷി പറയരുതെന്ന് അദ്ദേഹം അപേക്ഷിക്കുകയുണ്ടായി. തന്റെ കീഴിൽ ഏതുമത വിശ്വാസിയുടെയും സ്വത്തും ജീവനും സുരക്ഷിതമായിരിക്കുമെന്നും അന്യായമായി ഒരാളും അക്രമിക്കപ്പെടുകയില്ലെന്നും തന്നെ കാണാനെത്തിയ ക്രൈസ്തവർക്ക് വാക്കു കൊടുത്തു. കൊട്ടാരം മനസ്സിൽ വെച്ച് ഉമറിന്റെ കൂര കണ്ട് ഞെട്ടിയവരുമുണ്ട്.


സാമ്പത്തിക സോഷ്യലിസം നടപ്പിൽ വരണമെങ്കിൽ സകാത്ത് സംവിധാനം നടപ്പിൽ വരുത്തണമെന്നും സകാത്ത് നൽകാത്തവരോട് ഞാനത് പിടിച്ചു വാങ്ങുമെന്നും ആദ്യ ഖലീഫ അബൂബക്കർ പ്രഖ്യാപിച്ചു. അറേബ്യയിലെ ഏറ്റവും വലിയ ധനികരിൽ ഒരാളായ ഖലീഫ ഉസ്മാൻ തന്റെ ഭരണത്തിന്റെ അന്ത്യമാകുമ്പോഴേക്കും ഫകീറായിത്തീർന്നു.

നാലാം ഖലീഫ അലി തൊഴിലാളികളുടെ വിയർപ്പ് ഉണങ്ങുന്നതിന്റെ മുമ്പ് തന്നെ അവരുടെ കൂലി നൽകിയിരിക്കണമെന്ന് അനുശാസിച്ച് തൊഴിലാളി സംരക്ഷണം എന്താണെന്ന് ലോകത്തിന് കാണിച്ചു കൊടുത്തു. കാറൽ മാക്സ് കമ്മ്യൂണിസം രൂപപ്പെടുത്തുന്നതിന്റെ നൂറ്റാണ്ടുകൾക്ക് മുമ്പാണിതെന്ന് ഓർക്കണം. തിരുനബിയിൽ നിന്ന് നേരിട്ട് ഇസ്‌ലാമിനെ മനസ്സിലാക്കി അതിന്റെ അന്തസ്സത്ത ചോർന്നു പോകാതെ ജീവിതത്തിൽ പകർത്തിയവരാണ് ഖലീഫമാർ.

ആരുടെയെങ്കിലും കൈയ്യടിക്കുവേണ്ടി ചരിത്രത്തെ പരസ്യമായ തള്ളുകയാണ് മുഖ്യമന്ത്രി പിണറായി വിജയൻ ചെയ്തിരിക്കുന്നത്. ഖലീഫ കാലഘട്ടത്തെക്കുറിച്ചുള്ള തന്റെ അജ്ഞത തിരുത്താനും അതുവഴി വരുത്തിവെച്ച മഹാ അപരാധത്തിന് മാപ്പുപറയാനും അദ്ദേഹം തയാറാവണം.

**(ഐ.ഐ കെ.എം.സി.സി മഹാരാഷ്ട്ര സ്റ്റേറ്റ് ജനറൽ സെക്രട്ടറിയാണ് ലേഖകൻ)**

## എം.കെ ഹാജി



മലബാറിൽ മുസ്‌ലിംലീഗ് സ്ഥാപക നേതാക്കളിൽ പ്രമുഖനും സ്വാതന്ത്ര്യ സമര സേനാനിയും ചന്ദ്രിക ഡയറക്ടറുമായിരുന്ന എം.കെ ഹാജി വിടവാങ്ങിയിട്ട് ഇന്നേക്ക് 41 വർഷം.

RNI 3018/1957 Vol No. 91. Issue No.287 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com

## വിജയ്ക്ക് സ്റ്റാലിന്റെ മറുപടി



ചെന്നൈ: നടനും രാഷ്ട്രീയ നേതാവുമായ വിജയ്‌യുടെ ആരോപണത്തിന് മറുപടിയുമായി തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ രംഗത്ത്. ഡി.എം.കെയുടെ തിരഞ്ഞെടുപ്പ് പ്രകടനപത്രിക കള്ളം നിറഞ്ഞതാണെന്നും അധികാരം പിടിക്കാനുള്ള ലക്ഷ്യത്തോടെയാണെന്നും വിജയ് ആരോപിച്ചിരുന്നു. ഈ ആരോപണങ്ങൾ സ്റ്റാലിൻ നിരസിക്കുകയും മിക്ക തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും നിറവേറ്റിയെന്നും പറഞ്ഞു. പുതിയ പാർട്ടികൾ തുടങ്ങുന്നവർ ഡി.എം.കെയുടെ നാശമാണ് ആഗ്രഹിക്കുന്നതെന്നും വിമർശനങ്ങളെക്കുറിച്ച് താൻ കാര്യമാക്കുന്നില്ലെന്നും അനാവശ്യമായി ആരോടും പ്രതികരിക്കേണ്ട ആവശ്യമില്ലെന്നും സ്റ്റാലിൻ പറഞ്ഞു.

## ജാമ്യവ്യവസ്ഥയിൽ ഇളവ്



ന്യൂഡൽഹി: മാധ്യമ പ്രവർത്തകൻ സിദ്ദിഖ് കാപ്പന്റെ ജാമ്യ വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് സുപ്രീ ംകോടതി. എല്ലാ ആഴ്ചയും പൊലീസ് സ്റ്റേഷനിൽ ഹാജരാകണമെന്ന ജാമ്യ വ്യവസ്ഥയിലാണ് ഇളവ് അനുവദിച്ചത്. 2022 സെപ്തംബറിലെ ജാമ്യാപേക്ഷയിൽ സുപ്രീം കോടതി നിശ്ചയിച്ച വ്യവസ്ഥയിലാണ് ജസ്റ്റിസുമാരായ പി. എസ്. നരസിംഹ, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് ഇളവ് നൽകിയത്. യു.എ.പി.എ പ്രകാരം ഉത്തർ പ്രദേശ് പൊലീസ് നൽകിയ കേസിൽ 2022 സെപ്തംബറിൽ സുപ്രീം കോടതി കാപ്പന് ജാമ്യം അനുവദിച്ചിരുന്നു. കലാപമുണ്ടാക്കാൻ ഗൂഢാലോചന നടത്തിയെന്നാരോപിച്ചാണ് കാപ്പനെതിരെ യു.എ.പി.എ ഉൾപ്പെടെ യു.പി പൊലീസ് ചുമത്തിയത്.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

## ശ്വാസം മുട്ടി ഡൽഹി

### പലയിടത്തും സൂചിക 400 കടന്നു

ന്യൂഡൽഹി: ദീപാവലിക്കു ശേഷം ഡൽഹിയിൽ വായു മലിനീകരണം കുത്തനെ ഉയർന്നു. ദേശീയ തലസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ എയർ ക്വാളിറ്റി ഇൻഡെക്സ് (എക്യുഐ) 400 കടന്നു. ആനന്ദ് വിഹാർ (433), അശോക് വിഹാർ (410), രോഹിണി (411), വിവേക് വിഹാർ (426) എന്നിവിടങ്ങളിൽ എക്യുഐ 400ന് മുകളിൽപ്പോയതായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചു. അതേസമയം, ലോകത്തെ പ്രമുഖ നഗരങ്ങളിലെ എക്യുഐ പുറത്തുവന്നപ്പോൾ ആദ്യസ്ഥാനം പാക്കിസ്താനിലെ ലഹോറിനാണ്. 1900 ആണ് ശനിയാഴ്ചത്തെ തോത്.

ദ്വാരക, പ്രതാപ്ഗഞ്ച്, ജഹാംഗിർപുരി, പഞ്ചാബ് ബാഗ് എന്നിവടങ്ങളിലെ എക്യുഐ രൂക്ഷമായ നിലയിലാണ്. ഡൽഹിയുടെ പല ഭാഗങ്ങളിലും വായു ഗുണനിലവാരം വളരെ മോശമാണ്. സംസ്ഥാനത്തിന്റെ തിങ്കളാഴ്ച രാവിലെ 7 മണിക്കുള്ള ശരാശരി എക്യുഐ 373 ആണ്. ശനിയാഴ്ച ഇത് 316ഉം ഞായറാഴ്ച 382മായിരുന്നു. തിങ്കൾ മുതൽ ബുധനാഴ്ചവരെ പുലർച്ചെ സ്മോഗും മിസ്റ്റും ഉണ്ടായിരിക്കുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം പ്രവചിച്ചിരുന്നു.

ദേശീയ തലസ്ഥാന മേഖലയുടെ ഭാഗമായ നോയിഡയിൽ 305, ഗാസിയാബാദിൽ 295, ഗുരുഗ്രാമിൽ 276 എന്നിങ്ങനെയാണ് എക്യുഐ. എക്യുഐ 50ന് താഴെയാണെങ്കിലാണ് ഏറ്റവും മികച്ചത്. പരമാവധി ഈ തോത് 100 വരെയാകാം. നൂറിനു മുകളിൽപ്പോയാൽ അത് ആരോഗ്യത്തിന് ഹാനികരമാണ്.

ലഹോറിൽ വായു മലിനീകരണം അതിരൂക്ഷമായതിനാൽ ജീവനക്കാർക്ക് വീട്ടിലിരുന്നു ജോലി ചെയ്യാനുള്ള സൗകര്യം ഉണ്ട്. വിവിധ നഗരങ്ങളിൽ പ്രൈമറി സ്കൂളുകൾ അടച്ചിട്ടിരിക്കുകയാണ്.

## തീർഥമെന്ന് കരുതി ഭക്തർ കുടിച്ചത് എസി വെള്ളം

മഥുര: ക്ഷേത്രത്തിലെ എസിയിലെ വെള്ളം തീർഥമെന്ന് കരുതി കുടിച്ച് വിശ്വാസികൾ. മഥുര വൃന്ദാവനിലെ ബങ്കേ ബിഹാരി ക്ഷേത്രത്തിലാണ് സംഭവം. ക്ഷേത്രത്തിലെ ആനയുടെ പ്രതിമയിൽ നിന്ന് വരുന്ന ജലം ചരണാമൃതം എന്ന പേരിൽ വിശ്വാസികൾ തീർഥമായി സേവിക്കാറുണ്ട്. പലരും ഇത് ഗ്ലാസിലാക്കി കുടിക്കാറും കുപ്പിയിലാക്കി കൊണ്ടുപോവാറും ശരീരത്തിൽ തളിക്കാറുമുണ്ട്. എന്നാൽ ചരണാമൃതത്തിന് പിന്നിലെ സത്യാവസ്ഥ കണ്ടെത്തിയിരിക്കുകയാണ് ഒരു വ്ളോഗർ. ഇതിനോടകം വൈറലായ വീഡിയോയിൽ വ്ളോഗർ ക്ഷേത്രത്തിനുള്ളിൽ നിന്നുള്ള ദൃശ്യങ്ങളാണ് കാണിക്കുന്നത്. ആനയുടെ പ്രതിമയിൽ നിന്നും ആളുകൾ വെള്ളം ശേഖരിച്ച് കുടിക്കുന്നത് കാണാം. എന്നാൽ ഇത് ചരണാമൃതമല്ല മറിച്ച് ക്ഷേത്രത്തിലെ എസിയിൽ നിന്ന് വരുന്ന വെള്ളമായിരുന്നു. ക്ഷേത്രത്തിലെ പൂജാരി തന്നോട് ഇതിനെക്കുറിച്ച് പറഞ്ഞതായും വ്ളോഗർ പറയുന്നുണ്ട്. പലരോടും ഇത് വ്ളോഗർ പറയുന്നുമുണ്ട്. എന്നാൽ പലരും വ്ലോഗറെ അവഗണിച്ച് വെള്ളം കുടിക്കുകയാണ്.

ക്ഷേത്രത്തിലെ പ്രസാദം ഇതല്ലെന്നും ഇത് പ്രസാദമാണെന്ന് ആരോടും പറഞ്ഞിട്ടില്ലെന്നും ആളുകൾ സ്വയം തോന്നിയത് ചെയ്യുകയാണെന്നുമാണ് സമൂഹ മാധ്യമങ്ങളിൽ ക്ഷേത്രത്തെക്കുറിച്ച് അറിയുന്നവർ പ്രതികരിച്ചത്. സംഭവത്തെക്കുറിച്ച് പ്രതികരിക്കാൻ ക്ഷേത്രം തയ്യാറായിട്ടില്ല.



ഉത്തർ പ്രദേശിലെ ആഗ്രക്കു സമീപം ഇന്ത്യൻ വ്യോമസേനയുടെ മിഗ് 29 വിമാനം തകർന്നുവീണ് തീപിടിച്ചപ്പോൾ

## ആഗ്രയിൽ വ്യോമസേനയുടെ യുദ്ധവിമാനം തകർന്നു വീണു

### പൈലറ്റ് രക്ഷപ്പെട്ടു

ആഗ്ര: ഉത്തർ പ്രദേശിലെ ആഗ്രക്കു സമീപം ഇന്ത്യൻ വ്യോമസേനയുടെ മിഗ് 29 വിമാനം തകർന്നു വീണു. പൈലറ്റ് സുരക്ഷിതനായി പുറത്തുകടന്നു. വിമാനം വീഴുന്നതിനു തൊട്ടുമുൻപാണു പൈലറ്റ് പുറത്തേക്കു ചാടിയത്. നിലത്തുവീണ വിമാനത്തിനു തീ പിടിച്ചു.

സംഭവത്തിൽ വ്യോമസേന അന്വേഷണം പ്രഖ്യാപിച്ചു. ആഗ്രയിലെ സോംഗ ഗ്രാമത്തിലാണ് അപകടമുണ്ടായത്. തീ പിടിച്ച വിമാനത്തിനു ചുറ്റും നാട്ടുകാർ കൂടിനിൽക്കുന്ന വീഡിയോ പുറത്തുവന്നു. അപകട കാരണമെന്തെന്നു വ്യക്തമല്ല.

സോവിയറ്റ് റഷ്യയിൽ നിർമിച്ച മിഗ് 29 വിമാനങ്ങൾ 1987ലാണ് ഇന്ത്യൻ സേനയുടെ ഭാഗമായത്. ആധുനികവൽക്കരിച്ച മിഗ് 29 യുപിജി വിമാനമാണ് അപകടത്തിൽപ്പെട്ടത്. രണ്ടു മാസത്തിനിടെ രണ്ടാമത്തെ സമാന സംഭവമാണിത്. സാങ്കേതികപ്രശ്നത്തെ തുടർന്നു സെപ്തംബറിൽ മിഗ്29 വിമാനം രാജസ്ഥാനിൽ തകർന്നിരുന്നു. അപകട സമയത്തു രക്ഷപ്പെടാൻ പൈലറ്റിനെ സഹായിക്കുന്ന ലോകത്തിലെ തന്നെ മികച്ച 'ഇജക്ഷൻ സീറ്റ്' ആണു മിഗ്29ൽ ഉള്ളതെന്നാണു വിലയിരുത്തൽ.

## ഉത്തരാഖണ്ഡിൽ ബസ് മലയിടുക്കിലേക്ക് മറിഞ്ഞ് 36 മരണം

ഡെറാഡൂൺ: ഉത്തരാഖണ്ഡിൽ ബസ് മലയിടുക്കിലേക്ക് മറിഞ്ഞ് 36 മരണം. അൽമോറ ജില്ലയിലെ മർച്ചുലയിലാണ് സംഭവം. ഗഢ്വാളിൽ നിന്ന് കുമാവോണിലേക്ക് 45 യാത്രക്കാരുമായി സഞ്ചരിച്ച ബസാണ് അപകടത്തിൽപ്പെട്ടത്. 200 അടി താഴ്ചയിലേയ്ക്കാണ് ബസ് മറിഞ്ഞത്.

ഇന്നലെ രാവിലെ 8.25 ഓടെയായിരുന്നു അപകടം. നിരവധി പേർ സംഭവസ്ഥലത്തു തന്നെ മരിച്ചതായാണ് റിപ്പോർട്ട്. പരിക്കേറ്റ ഒമ്പത് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. പൊലീസും ദുരന്ത നിവാരണ സേനയും സംഭവസ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തി. പരിക്കേറ്റവർക്ക് എത്രയും വേഗം ചികിത്സ ലഭ്യമാക്കുമെന്നും രക്ഷാപ്രവർത്തനത്തിന് ജില്ലാ ഭരണകൂടവും സംസ്ഥാന ദുരന്തനിവാരണ



ഉത്തരാഖണ്ഡിൽ ബസ് മലയിടുക്കിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നു

സേനയും പ്രവർത്തിച്ചുവരികയാണെന്നും മുഖ്യമന്ത്രി പുഷ്കർസിങ് ധാമി പറഞ്ഞു.

ഗുരുതരമായി പരിക്കേറ്റവരെ ആവശ്യമെങ്കിൽ എയർലിഫ്റ്റ് ചെയ്യാനുള്ള നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയും പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപ വീതം നൽകുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ബസ് അപകടം സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

### പ്രതിപക്ഷ നേതാക്കളുടെ ഫോൺ ചോർത്തൽ

## മഹാരാഷ്ട്ര ഡി.ജി.പിയെ മാറ്റാൻ നിർദേശം



മുംബൈ: നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന മഹാരാഷ്ട്രയിൽ ഡിജിപി രശ്മി ശുക്ലയെ സ്ഥാനത്തു നിന്നു മാറ്റാൻ തിരഞ്ഞെടുപ്പ് കമ്മിഷൻ നിർദേശം നൽകി. ഡിജിപിക്കെതിരെ കോൺഗ്രസ് തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകിയിരുന്നു.

പ്രതിപക്ഷ നേതാക്കളുടെ ഫോൺ ചോർത്തുന്നത് അടക്കമുള്ള ഗുരുതര ആരോപണങ്ങളാണ് കോൺഗ്രസ് ഉന്നയിച്ചത്. മറ്റൊരു മുതിർന്ന ഐപിഎസ് ഓഫിസർക്ക് ഡിജിപിയുടെ ചുമതല നൽകാൻ തിരഞ്ഞെടുപ്പ് കമ്മിഷൻ, ചീഫ് സെക്രട്ടറിയോട് നിർദേശിച്ചു. ഡിജിപി നിയമനത്തിന് മൂന്നംഗ പാനൽ സമർപ്പിക്കാനും കമ്മിഷൻ നിർദേശിച്ചതായി പിടിഐ റിപ്പോർട്ട് ചെയ്തു.

പുനെ കമ്മിഷണറായിരുന്നപ്പോൾ രശ്മി ശുക്ല ഫോൺ ചോർത്തിയതായി പ്രതിപക്ഷം ആരോപിച്ചിരുന്നു. പെരുമാറ്റച്ചട്ടം ലംഘിച്ചതിന് ജാർഖണ്ഡ് ഡി.ജി.പിയെ മാറ്റിയെങ്കിലും മഹാരാഷ്ട്ര ഡി.ജി.പിയെ മാറ്റാത്ത കാര്യവും കമ്മിഷന് നൽകിയ കത്തിൽ സൂചിപ്പിച്ചിരുന്നു. പ്രതിപക്ഷ നേതാക്കൾക്കെതിരെ കേസുകൾ കെട്ടിച്ചമയ്ക്കാൻ ഡി.ജി.പി നിർദേശം നൽകിയതായും ആരോപണം ഉയർന്നിരുന്നു. സംസ്ഥാന ഇന്റലിജൻസ് വകുപ്പ് (എസ്.ഐ.ഡി) കമ്മീഷണറായിരുന്ന രശ്മി ശുക്ല മുൻ മുഖ്യമന്ത്രിയും ബി.ജെ.പി നേതാവുമായ ദേവേന്ദ്ര ഫഡ്നാവിലന്റെ മാനസപുത്രിയാണ് .

## കനഡയിൽ ക്ഷേത്ര പരിസരത്ത് ഖലിസ്ഥാനികളുടെ ആക്രമണം

### അപലപിച്ച് ജസ്റ്റിൻ ട്രൂഡോ

ഒട്ടാവ: കനഡയിലെ ബ്രാംപ്ടണിൽ ഹിന്ദു ക്ഷേത്ര പരിസരത്ത് വിശ്വാസികൾക്കു നേരെ ആക്രമണം. ഖലിസ്ഥാൻ പതാകകളുമായി എത്തിയവരാണ് ആക്രമണം നടത്തിയത്. ഹിന്ദു മഹാസഭ മന്ദിറിലാണ് ആക്രമണം നടന്നത്.

ആക്രമണത്തെ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ അപലപിച്ചു. അക്രമത്തെ അംഗീകരിക്കാനാവില്ല. എല്ലാ കനേഡിയൻ പൗരൻമാർക്കും അവരുടെ വിശ്വാസത്തെ മുറുകെപിടിക്കാനുള്ള അവകാശമുണ്ട്-ട്രൂഡോ പറഞ്ഞു. പൊലീസിന്റെ സമയോചിതമായ ഇടപെടലിനെ



കനഡയിലെ ബ്രാംപ്ടണിൽ ഹിന്ദു ക്ഷേത്ര പരിസരത്ത് വിശ്വാസികൾക്കു നേരെ നടന്ന ആക്രമണത്തിന്റെ വീഡിയോ ദൃശ്യം

അദ്ദേഹം പ്രശംസിച്ചു.

വടികളുമായി എത്തിയ ഒരു സംഘം അമ്പലത്തിന് പുറത്തുവച്ച് വിശ്വാസികളെ ആക്രമിക്കുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ഖലിസ്ഥാൻ അനുകൂല ഗ്രൂപ്പുകളുടെ പതാകകളുമായാണ് അക്രമികൾ എത്തിയത്. പ്രദേശത്ത് കൂടുതൽ പൊലീസിനെ വിന്യസിച്ചു. സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശത്തെ മാനിക്കുന്നതായും, അക്രമത്തെ ഒരു തരത്തിലും അംഗീകരിക്കാനാകില്ലെന്നും കനേഡിയൻ പൊലീസ് വ്യക്തമാക്കി.

ഖലിസ്ഥാൻ നേതാവ് നിജ്ജറിന്റെ കൊലപാതകത്തിൽ ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് പങ്കുണ്ടെന്ന കനഡയുടെ ആരോപണത്തെ തുടർന്ന് ഇന്ത്യ-കനഡ ബന്ധം വഷളായതിന് പിന്നാലെയാണ് ഹിന്ദു ക്ഷേത്രത്തിന് നേരെ കനഡയിൽ ഖലിസ്ഥാൻ വാദികളുടെ ആക്രമണം.

### ജോലിക്കാരിയെ പീഡിപ്പിച്ച കേസ്

## വസ്ത്രങ്ങളിൽ പ്രജ്വലിന്റെ ഡി.എൻ.എ സാംപിൾ



ബെംഗളൂരു: ജനതാദൾ എസ് മുൻ എം.പി പ്രജ്വൽ രേവണ്ണ പീഡിപ്പിച്ച വീട്ടുജോലിക്കാരിയുടെ വസ്ത്രത്തിൽ നിന്ന് ഇയാളുടെ ഡി.എൻ.എ സാംപിൾ ലഭിച്ചതായി പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) അറിയിച്ചു. ഹോളെനരസീപുരയിലെ ഫാംഹൗസിൽ പ്രജ്വൽ പീഡിപ്പിച്ച 48 വയസ്സുകാരിയുടെ വസ്ത്രത്തിൽ നിന്നാണ് തെളിവു ലഭിച്ചത്.


ഇതുൾപ്പെടെ 4 പീഡന ക്കേസുകളാണ് പ്രജ്വൽ നേരിടുന്നത്. മെയ് 31ന് എസ്ഐടി അറസ്റ്റ് ചെയ്ത പ്രജ്വൽ നിലവിൽ പാരപ്പന അഗ്രഹാര സെൻട്രൽ ജയിലിൽ വിചാരണത്തടവിലാണ്.

### വഖഫ് ബിൽ: തെളിവെടുപ്പ് പ്രഹസനം

## ജെ.പി.സിയിൽ ഏകാധിപത്യം

### പ്രതിപക്ഷാംഗങ്ങൾ ഇന്ന് സ്പീക്കറെ കാണും

ന്യൂഡൽഹി: കേന്ദ്ര സർക്കാർ കൊണ്ടുവന്ന വഖഫ് ഭേദഗതി ബിൽ പരിശോധിക്കുന്നതിനായി നിയോഗിക്കപ്പെട്ട സംയുക്ത പാർലമെന്ററി കമ്മിറ്റിയിൽ ചെയർമാനും ബി.ജെ.പി നേതാവുമായ ജഗദംബിക പാൽ ഏകപക്ഷീയ തീരുമാനമെടുക്കുന്നതായി പ്രതിപക്ഷാംഗങ്ങൾ. ജെ.പി.സിയിലെ പ്രതിപക്ഷാംഗങ്ങൾക്ക് തയാറെടുപ്പിന് വേണ്ടത്ര സമയം നൽകാതെ എല്ലാം അടിച്ചമർത്തി ഏകപക്ഷീയ തീരുമാനവുമായി ചെയർമാൻ മുന്നോട്ടു പോവുകയാണെന്നാണ് ആക്ഷേപം. ഇക്കാര്യം ചൂണ്ടിക്കാട്ടി പ്രതിപക്ഷ അംഗങ്ങൾ ഇന്ന് ലോക്സഭാ സ്പീക്കർ ഓംബിർലയെ കാണും.



ജഗദംബിക പാൽ

കമ്മിറ്റിയുടെ നടപടികളിൽ തങ്ങളെ മാറ്റി നിർത്തുകയാണെന്ന് കാണിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കർക്ക് കത്ത് നൽകിയിട്ടുണ്ട്. ഡി.എം.കെ നേതാവ് എ.രാജ, കോൺഗ്രസ് എം.പിമാരയ മുഹമ്മദ് ജാവേദ്, ഇമ്രാൻ മസൂദ്, എ.ഐ.എം.ഐ.എം എം.പി അസദുദ്ദീൻ ഉവൈസി, എ.എ. പി എം.പി സ്ഞ്ജയ് സിങ്, ടി.എം.സി എം.പി കല്യാൺ ബാനർജി എന്നിവർ സംയുക്തമായാണ് കത്ത് നൽകിയത്.

സർക്കാർ ആഗ്രഹിക്കുന്ന രീതിയിൽ ബില്ലുകൾ പാസാക്കുന്നതിനായി വെറുതെ പ്രഹസനമെന്ന രീതിയിലാണ് ജെ.പി.സി തെളിവെടുപ്പിനായി ആളുകളെ വിളിച്ചു വരുത്തുന്നതെന്നും തയാറെടുപ്പുകൾക്ക് സമയം നൽകാതെ തുടർച്ചയായി ജെ.പി.സി സിറ്റിങ് നടത്തുകയാണെന്നും പ്രതിപക്ഷാംഗങ്ങൾ ആരോപിച്ചു. ജെ.പി.സി ചെയർമാന്റെയും ഭരണകക്ഷി എം.പിമാരുടെയും ഏകാധിപത്യം ആരോപിച്ച് ജെ.പി.സി യോഗത്തിൽ നിന്ന് പ്രതിപക്ഷം നിരവധി തവണയാണ് ഇറങ്ങിപ്പോയത്. ടി.എം.സി എം.പി കല്യാൺ ബാനർജിയും ബി.ജെ.പി എം.പിമാരും തമ്മിൽ ജെ.പി.സിക്കിടെ കയ്യാങ്കളിയുടെ വക്കോളമെത്തിയ തർക്കവും ഉടലെടുത്തിരുന്നു.

## വാദം കേൾക്കൽ ഹിന്ദിയിൽ വേണമെന്ന ഹർജി തള്ളി സുപ്രീം കോടതി

ന്യൂഡൽഹി: വാദം കേൾക്കൽ ഹിന്ദിയിൽ വേണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി തള്ളി സുപ്രീം കോടതി. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള അപ്പീലുകളും പെറ്റീഷനുകളും സുപ്രീം കോടതി കൈകാര്യം ചെയ്യുന്നില്ലേയെന്നും അപ്പോഴെങ്ങനെ ഹിന്ദിയിൽ മാത്രം വാദം കേൾക്കുമെന്നും കോടതി നിരീക്ഷിച്ചു. ചീഫ് ജസ്റ്റിസ് ഡി. വൈ ചന്ദ്രചൂഢ്, ജസ്റ്റിസുമാരായ ജെ.ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് നിരീക്ഷണം. സുപ്രീം കോടിയിൽ എല്ലാ വാദങ്ങളും ഇംഗ്ലീഷിലാക്കണമെന്ന ഭരണഘടനയിലെ അനുച്ഛേദം 348(1)ന്റെ സാധുത ചോദ്യം ചെയ്തായിരുന്നു ഹർജി.


### കശ്മീരിൽ ആറു വർഷങ്ങൾക്കുശേഷം നിയമസഭാ സമ്മേളനം

## ആദ്യദിനം തന്നെ അലങ്കോലം

- 370–ാം വകുപ്പ് റദ്ദാക്കിയതിനെതിരെ പ്രമേയം
- ബഹളവുമായി ബി.ജെ.പി

ശ്രീനഗർ: ജമ്മു കശ്മീരിൽ നിയമസഭാ സമ്മേളനത്തിന്റെ ആദ്യദിനം തന്നെ ഭരണ പ്രതിപക്ഷ വാക്പോര്. ആറു വർഷങ്ങൾക്ക് ശേഷമാണ് ജമ്മു കശ്മീരിൽ നിയമസഭാ സമ്മേളനം ചേർന്നത്. കശ്മീരിന്റെ പ്രത്യേക പദവി എടുത്ത് കളഞ്ഞ ആർട്ടിക്കിൾ 370മായി ബന്ധപ്പെട്ടായിരുന്നു ബഹളം.

ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെതിരെ പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി (പിഡിപി) എം.എൽ. വഹീദ് പാറ പ്രമേയം കൊണ്ടുവന്നിരുന്നു. ഇതിന്മേലുള്ള ചർച്ചയാണ് ബഹളത്തിൽ കലാശിച്ചത്. പ്രമേയത്തെ ബി.ജെ.പി ശക്തമായി എതിർ



ജമ്മു കശ്മീരിൽ നിയമസഭാ സമ്മേളനത്തിന്റെ ആദ്യ ദിനം നടന്ന ഭരണ പ്രതിപക്ഷ വാക്പോര്

ത്തു. വഹീദ് പാറയുടെ പരാമർശം എടുത്ത് കളയണമെന്നും ഇത് നിയമസഭാ നിയമങ്ങൾക്കെതിരാണെന്നും ബി.ജെ.പി ആരോപിച്ചു. ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെതിരേ വഹീദ് പാറ പ്രമേയം കൊണ്ടുവന്നതിനെ പി.ഡി.പി അധ്യക്ഷ മെഹ്ബൂബ മുഫ്തി അഭിനന്ദിച്ചു കൊണ്ട് രംഗത്തെത്തി.

### നിയമസഭാ ഉപതിരഞ്ഞെടുപ്പ്


## 14 മണ്ഡലങ്ങളിലെ വോട്ടെടുപ്പ് മാറ്റി

ന്യൂഡൽഹി: ഉത്തർപ്രദേശ്, പഞ്ചാബ്, കേരളം എന്നീ സംസ്ഥാനങ്ങളിലെ 14 നിയമസഭാ മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പ് തീയതി 13ൽ നിന്നും 20ലേക്ക് മാറ്റി. യു.പിയിലെ ഒമ്പത് മണ്ഡലങ്ങളിലെയും പഞ്ചാബിലെ നാലു സീറ്റുകളിലെയും കേരളത്തിലെ പാലക്കാട് നിയമസഭാ മണ്ഡലത്തിലെയും വോട്ടെടുപ്പാണ് ഉത്സവങ്ങൾ പരിഗണിച്ച് 20ലേക്ക് മാറ്റിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചത്. കോൺഗ്രസ്, ബി.ജെ.പി, ബി. എസ്.പി, ആർ.എൽ.ഡി എന്നീ പാർട്ടികൾ വോട്ടെടുപ്പ് തീയതി മാറ്റണമെന്നാവശ്യപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചിരുന്നു. പാലക്കാട് കൽപാത്തി രഥോത്സവം നടക്കുന്നതിനാൽ ഉപതിരഞ്ഞെടുപ്പ് മാറ്റണമെന്ന് യു.ഡി.എഫ് കമ്മീഷന് കത്ത് നൽകിയിരുന്നു. പഞ്ചാബിൽ നവംബർ 13മുതൽ ഗുരുനാനാക്കിന്റെ 555-ാം പ്രകാശ പർവം ആഘോഷങ്ങൾ നടക്കുന്നതിനാലും യു.പിയിൽ കാർത്തിക പൂർണിമ ആഘോഷങ്ങൾ 15ന് നടക്കുന്നതിനാലും വോട്ടെടുപ്പ് മാറ്റണമെന്ന് വിവിധ പാർട്ടികൾ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. ചേലക്കര, വയനാട് ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നേരത്തെ നിശ്ചയിച്ചത് പ്രകാരം ഈ മാസം 13നു നടക്കും.

### കൊൽക്കത്ത ബലാത്സംഗ കൊലപാതകം

## മുഖ്യപ്രതിക്കെതിരെ കോടതി കുറ്റം ചുമത്തി

കൊൽക്കത്ത: കൊൽക്കത്തയിലെ ആർ.ജി കാർ മെഡിക്കൽ കോളജിൽ യുവ ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട കേസിൽ മുഖ്യപ്രതി സഞ്ജയ് റോയിക്കെതിരെ കോടതി കുറ്റപത്രം ചുമത്തി. യുവ ഡോക്ടർ കൊല്ലപ്പെട്ട് 87 ദിവസത്തിന് ശേഷമാണ് കോടതി കുറ്റം ചുമത്തിയത്. കേസിന്റെ വിചാരണ 11 മുതൽ നടക്കുമെന്നും കോടതി വ്യക്തമാക്കി. ഭാരതീയ ന്യായ സംഹിത (ബി.എൻ.എസ്)യിലെ 66, 103 വകുപ്പുകളാണ് റോയിക്കെതിരെ ചുമത്തിയിട്ടുള്ളത്. അതേസമയം താൻ ഒന്നും ചെയ്തിട്ടില്ലെന്നും തന്റെ മേൽ ബലാത്സംഗ കൊലപാതകം ആരോപിക്കുകയാണെന്നും ആരും താൻ പറയുന്നത് കേൾക്കുന്നില്ലെന്നുമായിരുന്നു കോടതിയിൽ ഹാജരാക്കാനായി എത്തിച്ചപ്പോൾ മുഖ്യപ്രതി റോയി വിളിച്ചു പറഞ്ഞത്. കഴിഞ്ഞ മാസം ആദ്യം സി.ബി.ഐ സമർപ്പിച്ച പ്രാഥമിക കുറ്റപത്രത്തിൽ റോയിയാണ് കേസിലെ ഏക പ്രതിയെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ കേസിന് പിന്നിൽ വലിയ ഗൂഢാലോചന യുണ്ടാവാനുള്ള സാധ്യതയും കുറ്റപത്രം പറയുന്നുണ്ട്. ഓഗസ്റ്റ് ഒമ്പതിനാണ് ആർ.ജി കാർ ആശുപത്രിയിൽ രാത്രി ഡ്യൂട്ടിയിലുണ്ടായിരുന്ന യുവ ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ടത്. സംഭവത്തിന് പിന്നാലെ ഇരയ്ക്ക് നീതി തേടി ബംഗാളിലെ യുവ ഡോക്ടർമാർ അനിശ്ചിത കാല സമരം ആരംഭിച്ചിരുന്നു.



## സ്പാനിഷ് രാജാവിനും രാജ്ഞിക്കും നേരെ ജനം ചെളിയെറിഞ്ഞു

മാഡ്രിഡ്: സ്പെയിനിലെ വലെൻസിയയിൽ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കാനെത്തിയ രാജാവിനും രാജ്ഞിക്കും നേരെ ചെളിയും മറ്റ് വസ്തുക്കളും എറിഞ്ഞ് പ്രതിഷേധക്കാർ. മേഖലയിൽ മിന്നൽ പ്രളയം ഏറ്റവും ദുരിതം വിതച്ച പൈപോർട്ട നഗരത്തിലൂടെ നടന്നുനീങ്ങുകയായിരുന്ന ഫിലിപ്പ് രാജാവിനെയും ലെറ്റിസിയ രാജ്ഞിയേയും പ്രധാനമന്ത്രി പെഡ്രോ സാഞ്ചസിനെയും പ്രതിഷേധക്കാർ വളയുകയായിരുന്നു. കൊലപാതകികളെന്ന് ആക്രോഷിച്ച ജനം രാജാവിന്റെയും രാജ്ഞിയുടെയും മുഖത്തും വസ്ത്രത്തിലും ചെളിയെറിഞ്ഞു. ജനം കണ്ണിൽ കണ്ടതെല്ലാം വലിച്ചെറിഞ്ഞു തുടങ്ങിയതോടെ ഇരുവരെയും രക്ഷിക്കാനുള്ള ശ്രമത്തിനിടെ ഒരു സുരക്ഷാ ഉദ്യോഗസ്ഥന് പരിക്കേറ്റു. രാജാവ് പ്രതിഷേധക്കാരെ ആശ്വസിപ്പിക്കാൻ നടത്തിയ ശ്രമങ്ങളും വിജയിച്ചില്ല. രാജ്ഞി കരഞ്ഞു. നിങ്ങൾ ഇത്രയും ദിവസം എവിടെയായിരുന്നുവെന്ന് ജനം ചോദിച്ചു.

അഞ്ച് പതിറ്റാണ്ടിനിടെയുണ്ടായ പ്രളയത്തിൽ സ്പെയിനിൽ 200ലേറെ പേരാണ് മരിച്ചത്. കാണാതായ നിരവധി പേരെ ഇനിയും കണ്ടുകിട്ടാനുണ്ട്. ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിൽ അധികൃതർക്ക് വീഴ്ച പറ്റിയതായും രാജാവിന്റെയും പ്രധാനമന്ത്രിയുടെയും സന്ദർശനം വൈകിയെന്നും പ്രതിഷേധക്കാർ ആരോപിച്ചു.

## ഭാര്യയെയും മാതാവിനെയും കൊലപ്പെടുത്തി; ഭർത്താവ് അറസ്റ്റിൽ

വൈക്കം: മറവൻന്തുരുത്തിൽ ഭാര്യയെയും ഭാര്യ മാതാവിനെയും യുവാവ് വെട്ടിക്കൊലപ്പെടുത്തി. ശിവപ്രസാദത്തിൽ ഗീത (60) മകൾ ശിവ പ്രിയ (35) എന്നിവരാണ് മരിച്ചത്.

ഇന്നലെ വൈകീട്ട് ആറരയോടെയാണ് കൊലപാതകം. സംഭവത്തിൽ ഭർത്താവ് വൈക്കം നേരെകടവ് സ്വദേശി നിതിനെ (38) പോലീസ് കസ്റ്റഡിയിലെടുത്തു. തലയോലപ്പറമ്പ് പൊലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. കുടുംബ പ്രശ്നങ്ങളാണ് കൊലയ്ക്ക് കാരണമെന്നാണ് പൊലീസ് പറയുന്നത്.

വിദേശ വാർത്തകൾ

# സംഗീത ഇതിഹാസം ക്വിൻസി ജോൺസ് അന്തരിച്ചു



വാഷിങ്ടൺ: അമേരിക്കൻ സംഗീത ഇതിഹാസം ക്വിൻസി ജോൺസ് അന്തരിച്ചു. 91 വയസായിരുന്നു. ലോസ് ആഞ്ചൽസിലെ വസതിയിൽ വെച്ചായിരുന്നു അന്ത്യം. ക്വിൻസിയുടെ പബ്ലിസിസ്റ്റ് മരണവാർത്ത സ്ഥിരീകരിച്ചു. സംഗീത സംവിധായകനായും പ്രൊഡ്യൂസറായും ഗാനരചയിതാവായും ലോകപ്രശസ്തനായ ക്വിൻസിയാണ് പോപ് ചക്രവർത്തി മൈക്കിൾ ജാക്സന്റെ എക്കാലത്തെയും വലിയ ഹിറ്റ് ആൽബമായ ത്രില്ലർ നിർമിച്ചത്. മൈക്കിൾ ജാക്സന്റെ കരിയറിൽ നിർണായക സ്വാധീനം ചെലുത്തി. ത്രില്ലറിനു പുറമെ, ജാക്സിന്റെ ബാഡ്, ഓഫ് ദ വാൾ എന്നീ ആൽബങ്ങളും നിർമിച്ചു. മറ്റു പല പ്രമുഖർക്കൊപ്പവും പ്രവർത്തിച്ച അദ്ദേഹത്തെ തേടി 28 ഗ്രാമികളെത്തിയിട്ടുണ്ട്.

78 വർഷത്തെ ദീർഘമായ കരിയറിൽ റെക്കോർഡ് പ്രൊഡ്യൂസറായും ഗാനരചയിതാവായും സംവിധായകനായും ചലച്ചിത്ര-ടെലിവിഷൻ പ്രൊഡ്യൂസറായും പ്രശസ്തിയിലേക്ക് ഉയർന്നു. 1933 മാർച്ച് 14ന് ഇല്ലിനോയിസിലെ ഷിക്കാഗോയിലായിരുന്നു ജനനം. മതപരമായ ഗാനങ്ങൾ പാടുന്ന അമ്മയും അയൽവാസിയായ ലൂസി ജാക്സണുമാണ് ക്വിൻസിയെ സംഗീത ലോകത്തേക്ക് കൊണ്ടുവന്നത്. അരക്ഷിതമായ കുട്ടിക്കാലത്ത് ഷിക്കാഗോയിലെ തെരുവു ഗുണ്ടകളോടൊപ്പം സമയം ചെലവഴിച്ച അദ്ദേഹം പ്രതിസന്ധികളുടെയും പ്രസായസങ്ങളുടെയും കനൽ വഴികൾ താണ്ടി വിജയ പഥത്തിൽ എത്തി. അമേരിക്കൻ സംഗീതത്തിന് അതിശയകരമായ ഒട്ടേറെ നിമിഷങ്ങൾ സമ്മാനിച്ച അദ്ദേഹം കുറഞ്ഞ കാലം കൊണ്ടു തന്നെ അസാധാരണമായ മികവ് തെളിയിച്ചു. ക്വിൻസിയുടെ ഒരു ആൽബമെങ്കിലും സ്വന്തമായില്ലാത്ത സംഗീത പ്രേമികളുണ്ടാവില്ല. വിനോദ വ്യവസായ രംഗത്ത് അദ്ദേഹവുമായി ഏതെങ്കിലും തരത്തിൽ ബന്ധമില്ലാത്ത പ്രമുഖരും കുറയും. രാഷ്ട്രത്തലവന്മാർ, വിദേശ നേതാക്കൾ, ചലച്ചിത്ര താരങ്ങൾ, സംഗീതജ്ഞർ, ജീവകാരുണ്യ പ്രവർത്തകർ, ബിസിനസുകാർ... അങ്ങനെ വിപുലവും വൈവിദ്ധ്യങ്ങൾ നിറഞ്ഞതുമായിരുന്നു ക്വിൻസിയുടെ വ്യക്തിബന്ധങ്ങൾ. ഹോളിവുഡിൽ ആദ്യമായി പുരോഗതിയുടെ ഉത്തുംഗതയിൽ എത്തിയ കറുത്തവർഗക്കാരായ ചുരുക്കം പേരിൽ ഒരാളായിരുന്നു അദ്ദേഹം. മൈക്കിൾ ജാക്സനിലെ സംഗീത പ്രതിഭയെ പുറത്തെടുത്ത് ലോകത്തിന് കാഴ്ചവെക്കുന്നതിൽ ക്വിൻസി പ്രധാന പങ്കുവഹിച്ചു.

പോപ് സംഗീത ചക്രവർത്തിയായി ജാക്സൻ വളർന്നത് ക്വിൻസിയെന്ന സംഗീത ഇതിഹാസത്തിന്റെ കൈപിടിച്ചു കൊണ്ടായിരുന്നു. ബാക്ക് ഓൺ ദി ബ്ലോക്ക് എന്ന ആൽബത്തിലൂടെ 1990ൽ ആറ് ഗ്രാമി അവാർഡുകൾ നേടി. ചലച്ചിത്ര ലോകത്തും അദ്ദേഹം സാന്നിദ്ധ്യമറിയിച്ചു. ദി ഇറ്റാലിയൻ ജോബിന്റെ സൗണ്ട് ട്രാക്ക് ഒരുക്കിയത് ക്വിൻസിയാണ്. ഓസ്കർ പുരസ്കാരം നേടിയ ഇൻ ദ ഹീറ്റ് ഓഫ് ദ നൈറ്റിലും സ്കോർ ഒരുക്കി. 2001ൽ ക്യു എന്ന പേരിൽ ഇറങ്ങിയ ആത്മകഥയിൽ തനിക്ക് നേടിയ അംഗീകാരങ്ങളുടെയും അവാർഡുകളുടെയും നീണ്ട പട്ടിക തന്നെ നൽകിയിട്ടുണ്ട്. 28 ഗ്രാമി അവാർഡുകൾ, രണ്ട് ഓണററി ഓസ്കർ പുരസ്കാരങ്ങൾ തുടങ്ങി അനവധി അംഗീകാരങ്ങൾ ആ ജീവിതത്തെ തിളക്കമുള്ളതാക്കി.

## ഗസ്സയിൽ 24 മണിക്കൂറിനിടെ 33 മരണം

# കണ്ണിൽ ചോരയില്ലാത്ത കൂട്ടക്കുരുതി

ഗസ്സ: യു.എൻ അഭയാർത്ഥി ഏജൻസിക്ക് വിലക്കേർപ്പെടുത്തി ഉപരോധം ശക്തമാക്കിയതോടൊപ്പം ഗസ്സയിൽ 24 മണിക്കൂറിനിടെ 33 ഫലസ്തീനികളെ കൊലപ്പെടുത്തി ഇസ്രാഈൽ ക്രൂരകൃത്യങ്ങൾ തുടരുകയാണ്. ഇന്നലെ മാത്രം 156 പേർക്ക് പരിക്കേറ്റതായും ഗസ്സ ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഇതോടെ ഗസ്സയിൽ മൊത്തം മരണനിരക്ക് 43,374 ആയി. ബെയ്ത് ലാഹിയയിൽ രണ്ട് വീടുകൾക്കുനേരെയുണ്ടായ വ്യോമാക്രമണത്തിൽ 10 പേർ കൊല്ലപ്പെട്ടു. നുസൈറത്തിൽ മൂന്നുപേരും കൊല്ലപ്പെട്ടു. അതേസമയം ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളുടെ കുടുംബങ്ങൾ ഇസ്രാഈൽ പാർലമെന്റിന് സമീപം റോഡുകൾ തടസ്സപ്പെടുത്തി പ്രതിഷേധിച്ചു. ഗസ്സയിൽ ആളുകളെ കൊല്ലുകയല്ലാതെ വെടിനിർത്തൽ പ്രഖ്യാപിച്ച് ബന്ദികളെ തിരികൊണ്ടുവരാൻ പ്രധാനന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ ഭരണകൂടം നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഒരു വർഷത്തിലേറെയായി ഇസ്രാഈലിൽ പ്രക്ഷോഭം തുടരുകയാണ്. സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പശ്ചിമേഷ്യയിലേക്കുള്ള വിമാന സർവീസുകൾ പല പ്രമുഖ വിമാന കമ്പനികളും റദ്ദാക്കിത്തുടങ്ങി. ബെയ്റൂത്തിലേക്കും ടെൽഅവീവിലേക്കുമുള്ള സർവീസുകൾ റദ്ദാക്കാൻ തീരുമാനിച്ചതായി ഈജിയൻ എയർലൈൻസ് അറിയിച്ചു. നവംബർ മുപ്പത് ബെയ്റൂത്തിലേക്കും ബഗ്ദാദിലേക്കുമുള്ള സർവീസുകൾ എമിറേറ്റ്സും നിർത്തിവെച്ചു. ലബനാനിലേക്കും ഇറാനിലേക്കും അവിടെനിന്ന് തിരിച്ചുമുള്ള സർവീസുകളെല്ലാം നിർത്തിവെക്കുകയാണെന്ന് ഖത്തർ എയർവേസും പ്രഖ്യാപിച്ചിട്ടുണ്ട്.



ഫലസ്തീനിലെ വെസ്റ്റ്ബാങ്കിൽ ഇസ്രാഈൽ സേന വെടിവെച്ചു കൊലപ്പെടുത്തിയ പതിനാറുകാരന്റെ മൃതദേഹത്തിനു സമീപം ദുഃഖാർത്തരായ ബന്ധുക്കൾ

# യു.എസ് തിരഞ്ഞെടുപ്പ്: ഉറ്റുനോക്കി ലോകം

വാഷിങ്ടൺ: ലോകത്ത് ഒരു രാജ്യത്തെ തിരഞ്ഞെടുപ്പിനും ലഭിക്കാത്ത ജനശ്രദ്ധയാണ് അമേരിക്കയിൽ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും വൈസ് പ്രസിഡന്റ് കമല ഹാരിസും തമ്മിലുള്ള പോരാട്ടത്തിനുള്ളത്. അമേരിക്കയുടെ മാത്രമല്ല, ലോകക്രമത്തിന്റെ തന്നെ ഗതി തീരുമാനിക്കുന്ന ജനവിധിയാണ് ഇന്ന് നടക്കാനിരിക്കുന്നത്. 78 ദശലക്ഷം പേർ ഇതിനകം സമ്മതിദാനാവകാശം നിർവഹിച്ചു കഴിഞ്ഞു. ബാക്കിയുള്ളവർ കൂടി ഇന്ന് പോളിങ് ബൂത്തിൽ എത്തുന്നതോടെ ട്രംപിന്റെയും കമല ഹാരിസിന്റെയും ഭാവി തീരുമാനിക്കും. വധശ്രമത്തിൽനിന്ന് തലനാരിഴക്ക് രക്ഷപ്പെട്ട് പോരാട്ട വീര്യം കെടാതെ ട്രംപും അഭിമാന പോരാട്ടത്തിനിറങ്ങിയ കമലയും തമ്മിലുള്ള മത്സരം എന്താകുമെന്ന് അറിയാൻ അന്താരാഷ്ട്ര സമൂഹത്തിന് ഒന്നടങ്കം താൽപര്യമുണ്ട്.




മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ കമല ഹാരിസിന്റെ തിരഞ്ഞെടുപ്പ് പ്രചാരണ റാലിക്കെത്തിയ ജനക്കൂട്ടം

ലോകത്തെ വൻ ശക്തിയെന്ന നിലയിൽ എല്ലാ പ്രശ്നത്തിലും തലയിടുന്ന യു.എസിന്റെ അടുത്ത അമരക്കാരൻ ആരാണെന്നത് അമേരിക്കയുടെ ശത്രുപക്ഷത്തുള്ള റഷ്യയും ചൈനയുമെല്ലാം ഏറെ താൽപര്യത്തോടെയാണ് നിരീക്ഷിക്കുന്നത്. റിപ്പബ്ലിക്കൻ പാർട്ടിയുടെ ട്രംപ് വൈറ്റ്ഹൗസിൽ തിരിച്ചെത്തുന്നതിനെ അമേരിക്കയുടെ സഖ്യകക്ഷികൾക്ക് വലിയ താൽപര്യമില്ല. യുക്രെയ്ൻ യുദ്ധം ഉൾപ്പെടെ പല വിഷയത്തിലും പാശ്ചാത്യ, നാറ്റോ ലൈനിൽനിന്ന് അദ്ദേഹം കുതറി മാറാൻ സാധ്യത ഏറെയാണ്. കഴിഞ്ഞ തവണ റഷ്യയോട് മൃദു സമീപനം സ്വീകരിക്കുകയും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനോട് ചങ്ങാത്തം കൂടുകയും ചെയ്ത അദ്ദേഹത്തിന്റെ തിരിച്ചുവരവിനെ യുക്രെയ്ൻ ആശങ്കയോടെയാണ് കാണുന്നത്. ട്രംപ് പ്രസിഡന്റായിരിക്കെ നാറ്റോ സഖ്യവും ഏറെ ദുർബലമായിരുന്നു. സഖ്യത്തിന്റെ ചിലവുകൾ മുഴുവൻ അമേരിക്ക വഹിക്കേണ്ടിവരുന്നതിന്റെ പേരിൽ അദ്ദേഹം സഖ്യ രാജ്യങ്ങളോട് കലഹിക്കുകയും പാശ്ചാത്യ രാഷ്ട്രത്തലവന്മാരെ പല വേദികളിലും അപമാനിച്ച് വിടുന്നതിൽ ഹരം കണ്ടെത്തുകയും ചെയ്ത വ്യക്തിയെന്ന നിലയിൽ ട്രംപിനോട് യൂറോപ്പിന് ഒട്ടും താൽപര്യമില്ല. അതോടൊപ്പം പശ്ചിമേഷ്യയിൽ ഇസ്രാഈലിന് പൂർണ പിന്തുണ പ്രഖ്യാപിക്കുകയും ഫലസ്തീനികളുടെ അസ്ഥിത്വത്തെ തന്നെ ചോദ്യം ചെയ്യുകയും ചെയ്ത അദ്ദേഹം ഗസ്സയിലെ കൂട്ടക്കുരുതി അവസാനിപ്പിക്കാൻ എന്തെങ്കിലും ചെയ്യുമോ എന്നും കണ്ടറിയേണ്ടതുണ്ട്.

ഡെമോക്രാറ്റിക് പാർട്ടിയുടെ കമല ഹാരിസ് എന്തെങ്കിലും വിസ്മയങ്ങൾ പ്രകടിപ്പിക്കുമെന്ന് യു.എസ് ജനതയും പ്രതീക്ഷിക്കുന്നില്ല. പ്രസിഡന്റ് ജോ ബൈഡനെതിരെയുള്ള ഭരണവിരുദ്ധ വികാരം കമലയെ പ്രതികൂലമായി ബാധിച്ചേക്കുമെന്ന് ഡെമോക്രാറ്റുകൾക്ക് ആശങ്കയുണ്ട്. അമേരിക്കയിൽ ആരു ജയിച്ചാലും ജൂത, ഇസ്രാഈൽ പ്രീണനം ഔദ്യോഗിക നയമായി സ്വീകരിച്ചവരാണ് എല്ലാ പാർട്ടിക്കാരും. ഇസ്രാഈലിനെ പിണക്കി മുന്നോട്ടുപോകാൻ ഇതുവരെ ആരും തയാറായിട്ടില്ല. തുടർന്നും അതു തന്നെയാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്.

## ലബനാനിൽ തകർന്ന് ചരിത്ര നഗരം

ബെയ്റൂത്ത്: ലബനാനിൽ പൗരാണിക നഗരമായ ബഅൽബെക്കിനേരെ ഇസ്രാഈൽ തുടരുന്ന വ്യോമാക്രമണങ്ങളിൽ ഒട്ടേറെ ചരിത്ര സ്മാരകങ്ങൾക്കും സർക്കാർ കെട്ടിടങ്ങൾക്കും സിവിലിയൻ കേന്ദ്രങ്ങൾക്കും വൻതോതിൽ കേടുപാട് സംഭവിച്ചു. അനവധി വീടുകൾ തകർന്നു. മുനിസിപ്പിൽ ആസ്ഥാനത്തിനും സെമിത്തേരിക്കും കേടുപാടുണ്ടായി. യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഇടംപിടിച്ച ബഅൽബെക്കിൽ അറുപതിലേറെ പേർ കൊല്ലപ്പെട്ടതായി ലബനീസ് ആരോഗ്യ മന്ത്രാലയം പറയുന്നു. തെക്കൻ ലബനാനിലെ ടൈർ ജില്ലയിൽ ഇന്നലെ വൻ വ്യോമാക്രമണങ്ങൾ നടന്നു. വ്യത്യസ്താക്രമണങ്ങളിൽ നിരവധി പേർ കൊല്ലപ്പെട്ടു.

## യു.എൻ അഭയാർത്ഥി ഏജൻസി നിരോധനം ഇസ്രാഈൽ ഐക്യരാഷ്ട്രസഭയെ അറിയിച്ചു

ടെൽഅവീവ്: ഫലസ്തീൻ അഭയാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുന്ന യു.എൻ ജീവകാര്യണ്യ ഏജൻസി(യു.എൻ.ആർ.ഡബ്ല്യു.എ)യെ നിരോധിക്കാനുള്ള തീരുമാനം ഐക്യരാഷ്ട്രസഭയെ ഔദ്യോഗികമായി അറിയിച്ച് ഇസ്രാഈൽ. വംശഹത്യ തുടരുന്ന ഗസ്സയിൽ പട്ടിണി മരണങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കെയാണ് യു.എൻ അഭയാർത്ഥി ഏജൻസിയുമായുള്ള ബന്ധം വിച്ഛേദിക്കാൻ ഇസ്രാഈൽ പാർലമെന്റ് തീരുമാനിച്ചത്. ഇതിനെതിരെ അന്താരാഷ്ട്രതലത്തിൽ പ്രതിഷേധമുയർന്നിരുന്നു.

ഇസ്രാഈൽ നിരോധനം പ്രാബല്യത്തിൽ വന്നതോടെ ഗസ്സയിലേക്കുള്ള യു.എൻ സഹായങ്ങളെല്ലാം നിലയ്ക്കുകയാണ്. ഒരു വർഷത്തിലേറെയായി ഗസ്സയിലേക്കുള്ള മാനുഷിക സഹായങ്ങളെല്ലാം ഇസ്രാഈൽ തടഞ്ഞുവെച്ചിരിക്കെ ഏജൻസിക്കെതിരെയുള്ള നിരോധനം പ്രതിസന്ധി രൂക്ഷമാക്കും.

കൊടും പട്ടിണിയിലേക്കാണ് ഗസ്സയിലെ മാനുഷിക സാഹചര്യങ്ങൾ പോകുന്നതെന്ന് വേൾഡ് ഫുഡ് പ്രോഗ്രാം(ഡബ്ല്യു.എഫ്.പി) മുന്നറിയിപ്പു നൽകി. യു.എൻ അഭയാർത്ഥി ഏജൻസിക്ക് പകരം വെക്കാൻ മറ്റൊരു സംവിധാനമില്ലെന്നും ഡബ്ല്യു.എഫ്.പി പറയുന്നു. ഹമാസിന്റെ ആളുകൾ നുഴഞ്ഞു കയറിയിട്ടുണ്ടെന്ന് ആരോപിച്ചാണ് യു.എൻ ഏജൻസിയുമായുള്ള ബന്ധം ഇസ്രാഈൽ വിച്ഛേദിച്ചത്. ഏജൻസിയുടെ നൂറിലേറെ ജീവനക്കാർ ഹമാസ് അംഗങ്ങളാണെന്നും ഇസ്രാഈൽ പറയുന്നു. എന്നാൽ ഇക്കാര്യം യു.എൻ നിഷേധിച്ചിട്ടുണ്ട്. 1948ൽ ഇസ്രാഈൽ രൂപീകരണത്തെ തുടർന്ന് ആട്ടിയോടിക്കപ്പെട്ട ഫലസ്തീൻ അഭയാർത്ഥികൾക്ക് ഭക്ഷണവും വിദ്യാഭ്യാസവും മറ്റ് അവശ്യ സേവനങ്ങളും നൽകുന്നത് യു.എൻ അഭയാർത്ഥി ഏജൻസിയാണ്. ഗസ്സയിലെ 23 ലക്ഷം പേരിൽ ഭൂരിഭാഗവും ഫലസ്തീൻ അഭയാർത്ഥികളാണ്.

## ഗസ്സ യുദ്ധം അവസാനിപ്പിക്കും: കമല ഹാരിസ്

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടാൽ ഗസ്സ യുദ്ധം അവസാനിപ്പിക്കുമെന്ന് പ്രഖ്യാപിച്ച് ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥി കമല ഹാരിസ്. ഗസ്സ വംശഹത്യയുമായി ബന്ധപ്പെട്ട് പ്രസിഡന്റ് ജോ ബൈഡന്റെ ഇസ്രാഈൽ അനുകൂല നിലപാടിൽ പ്രതിഷേധിച്ച് മിഷിഗണിൽ അറബ് വംശജർ ഡെമോറ്റിക് പാർട്ടിയെ കൈവിടുമെന്ന് റിപ്പോർട്ടുകൾ ശക്തമായതോടെയാണ് യുദ്ധം അവസാനിപ്പിക്കുമെന്ന വാഗ്ദാനവുമായി കമല രംഗത്തെത്തിയത്.

'ഗസ്സയിലെ മരണത്തിന്റെയും നാശത്തിന്റെയും തോത് കണക്കിലെടുക്കുമ്പോൾ ഈ വർഷം ഏറെ പ്രയാസകരമാണ്. ലബനാനിലെ സിവിലിയൻ മരണങ്ങളും പലായനവും കണക്കിലെടുക്കുമ്പോൾ വിനാശകരവുമാണ്. പ്രസിഡന്റെന്ന നിലയിൽ, ഗസ്സയിലെയിലെ യുദ്ധം അവസാനിപ്പിക്കാനും ബന്ദികളെ നാട്ടിലെത്തിക്കാനും ഗസ്സയുടെ ദുരിതങ്ങൾ ഇസ്രാഈൽ സുരക്ഷിതമാണെന്ന് ഉറപ്പാക്കാനും ഫലസ്തീൻ ജനതയ്ക്ക് അന്തസ്സും സ്വാതന്ത്ര്യവും സുരക്ഷിതത്വവും ഉള്ള അവകാശം സാക്ഷാത്കരിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാനും ഞാൻ എന്റെ കഴിവിന്റെ പരമാവധി പ്രവർത്തിക്കും'-മിഷിഗണിലെ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് കമല പറഞ്ഞു.

എന്നാൽ ഗസ്സ വംശഹത്യ അവസാനിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് തന്റെ കൈവശമുള്ളതെന്ന് അവർ വ്യക്തമാക്കിയില്ല. ഇസ്രാഈലിന് ഏറ്റവും കൂടുതൽ ആയുധങ്ങൾ നൽകുന്ന രാജ്യമെന്ന നിലയിൽ ഗസ്സയിലെ കൂട്ടക്കുരുതികളിൽ യു.എസും പങ്കാളികളാണെന്ന് അമേരിക്കയിലെ അറബ് വംശജർ ആരോപിക്കുന്നു. അമേരിക്കൻ തിരഞ്ഞെടുപ്പ് പ്രചാരണത്തിലെ മുഖ്യ ചർച്ച വിഷയങ്ങളിലൊന്നായിരുന്ന ഗസ്സ. ഫലസ്തീനികളെ കൊന്നുതള്ളുന്ന ഇസ്രാഈൽ നടപടിയെ പ്രസിഡന്റ് ബൈഡനും വൈസ് പ്രസിഡന്റ് കമലയും ഒരിക്കൽ പോലും വിമർശിച്ചിട്ടില്ല. ഗസ്സയിൽ കുട്ടികളും സ്ത്രീകളുമടക്കം പതിനായിരങ്ങൾ കൂട്ടക്കൊല ചെയ്യപ്പെടുമ്പോഴും ആത്മ പ്രതിരോധത്തിന്റെ ഭാഗമായി ശത്രുക്കളെ ആക്രമിക്കാൻ ഇസ്രാഈലിന് അവകാശമുണ്ടെന്നാണ് കലയും ബൈഡനും പറഞ്ഞുകൊണ്ടിരുന്നത്. മിഷിഗണിൽ രണ്ട് ലക്ഷത്തോളം അറബ് വംശജരുണ്ട്. ഇവരുടെ വോട്ടുകൾ നിർണായകമാണ്.

## ദമസ്കസിൽ ഇസ്രാഈൽ വ്യോമാക്രമണം

ബെയ്റൂത്ത്: ഗസക്കും ലബനാനും പിന്നാലെ സിറിയയിലേക്കും ഇസ്രാഈൽ ആക്രമണം വ്യാപിപ്പിക്കുന്നു. ഇന്നലെ വൈകീട്ട് സിറിയൻ തലസ്ഥാനമായ ബെയ്റൂത്തിൽ ഇസ്രാഈൽ വ്യോമാക്രമണം നടത്തി. നഗരത്തിൽനിന്ന് സ്ഫോടന ശബ്ദങ്ങൾ കേട്ടതായും പുക ഉയർന്നുവെന്നും ദൃക്സാക്ഷികൾ പറയുന്നു. സിറിയൻ അതിർത്തി കടന്ന് ഇസ്രാഈൽ സേന ഒരാളെ തട്ടിക്കൊണ്ടുപോയതായി റിപ്പോർട്ടുണ്ട്. അടുത്തിടെ സിറിയക്കുനേരെ ഇസ്രാഈൽ ആക്രമണം ശക്തമാക്കിയിരിക്കുകയാണ്. സംഭവത്തോട് സിറിയൻ ഭരണകൂടം പ്രതികരിട്ടിച്ചില്ല.

## കലാസ്വാദനത്തിന് പ്രകൃതിയെ സ്നേഹിക്കുക: വിസ്ഡം എഴുത്തുപുര

കോഴിക്കോട്: പ്രകൃതിയെ സ്നേഹിക്കുന്നതിലൂടെ മാത്രമെ ഉത്തമമായ കലാസൃഷ്ടി സാധ്യമാവുകയുള്ളൂ എന്ന് വിസ്ഡം എഴുത്തുപുര അഭിപ്രായപ്പെട്ടു.

പ്രകൃതിയെ ചൂഷണം ചെയ്ത് നശിപ്പിക്കുമ്പോൾ പ്രകൃതിയെ ആസ്വദിക്കാൻ ഉള്ള അവസരമാണ് നഷ്ടപ്പെടുന്നത്. വിദ്യാർത്ഥിയുവജങ്ങളെ നിഷേധാത്മക ചിന്തകളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും മോചിപ്പിച്ച് രചനാത്മകമായി ചിന്തിക്കുകയും ധർമബോധമുള്ളവരാക്കി വളർത്തിയെടുക്കുകയും ചെയ്യുന്നതിന് കലയെയും സാഹിത്യത്തെയും ഉപയോഗപ്പെടുത്തണം.




വിസ്ഡം എജ്യൂക്കേഷൻ ബോർഡ് സംഘടിപ്പിച്ച എഴുത്തുപുര ചന്ദ്രിക എഡിറ്റർ കമാൽ വരദൂർ ഉദ്ഘാടനം ചെയ്യുന്നു.

ഭാവി തലമുറയെ നശിപ്പിക്കുന്ന ലഹരിയടക്കമുള്ള അപകടങ്ങളിൽ നിന്ന് സമൂഹത്തെ രക്ഷപ്പെടുത്താനും സമൂഹത്തോട്ടുള്ള കടമകൾ ശരിയാംവിധം നിർവ്വഹിക്കുന്ന ഉത്തമ തലമുറയെ വാർത്തെടുക്കുന്നതിനും കലാ സാഹിത്യങ്ങൾക്ക് മികച്ച സംഭാവനകൾ സമർപിക്കാൻ സാധിക്കുമെന്നും എഴുത്തുപുര അഭിപ്രായപ്പെട്ടു. ചന്ദ്രിക എഡിറ്റർ കമാൽ വരദൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി അവാർഡ് ദാനം നിർവ്വഹിച്ചു. സംസ്ഥാന വിദ്യാഭാസ ബോർഡ് സെക്രട്ടറി നാസിർ ബാലുശേരി അധ്യക്ഷത വഹിച്ചു.

ആർട്ടിഫിഷൽ ഇന്റലിജസും ക്രിയാത്മകതയും എക്സ് ആന്റ് വൈ സി.ഇ.ഒ മുഹമ്മദ് അജ്മൽ സി, ലോക വായന,ഷംജാസ് ഒറ്റപ്പാലം,ഭാഷയിലെ കുത്തും കോമയും നേർപഥം എഡിറ്റർ ഉസ്മാൻ പാലക്കാഴി ,തുടങ്ങിയവർ സെഷനുകൾക്ക് നേതൃത്വം നൽകി. ആക്ടിവിറ്റി സെഷന് ത്വാഹ റഷാദ് നേതൃത്വം നൽകി. പി.കെ അംജദ്, റസാഖ് അത്തോളി, ഹനാൻ ബാസിത്, ഷബീബ് അസ്‌ലം, റുഫൈദ് കെ, ഫഹീം അത്തോളി സംസാരിച്ചു

## എസ്.എം.എഫ്, എസ്.കെ.എം.എം.എ

# പ്രക്ഷോഭ പ്രഖ്യാപന സമ്മേളനം ഇന്ന്

## വിജയിപ്പിക്കുക: സമസ്ത നേതാക്കൾ

കോഴിക്കോട്: 'വഖഫ് മദ്രസ വിരുദ്ധ നീക്കത്തിനെതിരെ, വർഗീയ ധ്രുവീകരണത്തിനെതിരെ' എന്ന പ്രമേയത്തിൽ സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷനും മദ്രസാ മാനേജ്മെന്റ് അസോസിയേഷനും സംയുക്തമായി നടത്തുന്ന പ്രക്ഷോഭ പ്രഖ്യാപന സമ്മേളനം ഇന്ന് വൈകിട്ട് 4.30 ന് കോഴിക്കോട് മുതലക്കുളത്ത് നടക്കും. മഹല്ല് മദ്രസ തലങ്ങളിൽ നിന്ന് പ്രത്യേകം വാഹനങ്ങൾ സജ്ജമാക്കി ആളുകളെ എത്തിച്ച് സമ്മേളനം വിജയിപ്പിക്കാൻ സമസ്ത ജന.സെക്രട്ടറിയും എസ്.എം.എഫ് സംസ്ഥാന പ്രസിഡൻറുമായ പ്രൊ.കെ.ആലിക്കുട്ടി മുസ്‌ലിയാരും എസ്.കെ.എം.എം.എ സംസ്ഥാന പ്രസിഡന്റ് കെ.ടി.ഹംസ മുസ്‌ലിയാരും അഭ്യർത്ഥിച്ചു. സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യും. സമസ്തകേരള ഇസ്ലാം മതവിദ്യാഭ്യാസ ബോർഡ് ജന. സെക്രട്ടറി എം.ടി.അബ്ദുല്ല മുസ്ലിയാർ അധ്യക്ഷത വഹിക്കും. എസ്.എം.എഫ് സംസ്ഥാന ട്രഷറർ സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ സമര പ്രഖ്യാപനം നടത്തും. സമസ്ത ട്രഷറർ കൊയ്യോട് ഉമ്മർ മുസ്‌ലിയാർ മുഖ്യ പ്രഭാഷണം നടത്തും. മദ്രസ മാനേജ്മെൻറ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.ടി.ഹംസ മുസ്‌ലിയാർ പ്രാർത്ഥനക്ക് നേതൃത്വം നൽകും.എം.കെ.രാഘവൻ എം.പി, അഡ്വ.ഹാരിസ് ബീരാൻ എം.പി, ഡോ.എം.കെ.മുനീർ എം.എൽ.എ, സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി, സയ്യിദ് നാസർ ഹയ്യ് ശിഹാബ് തങ്ങൾ, പുത്തനഴി മൊയ്തീൻ ഫൈസി, യു.ഷാഫി ഹാജി പ്രസംഗിക്കും. അബ്ദുസ്സമദ് പൂക്കോട്ടൂർ, നാസർ ഫൈസി കൂടത്തായി പ്രമേയ പ്രഭാഷണം നടത്തും. സമ്മേളനത്തിന് എത്തുന്നവർ അംഗശുദ്ധിയോടെ ഗ്രൗണ്ടിൽ പ്രവേശിക്കണമെന്നും മഗ്‌രിബ് നിസ്കാരത്തിന് ഗ്രൗണ്ടിൽ സൗകര്യം ചെയ്തിട്ടുണ്ടെന്നും സംഘാടക സമിതി അറിയിച്ചു.

## ഇന്തോനേഷ്യയിൽ അഗ്നിപർവ്വത സ്ഫോടനം; 10 മരണം

ജക്കാർത്ത: കിഴക്കൻ ഇന്തോനേഷ്യയിൽ അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് 10 മരണം. നുസ തെങ്കാര പ്രവിശ്യയിൽ ഫ്ളോറെസ് ദ്വീപിലെ മൗണ്ട് ലെവോടോബി ലാകി-ലാകി അഗ്നിപർവ്വതമാണ് പൊട്ടിത്തെറിച്ചത്. അർദ്ധരാത്രിയോടെ ഉണ്ടായ സ്ഫോടനത്തെ തുടർന്ന് ലാവ ഒഴുകിയെത്തി നാല് കിലോമീറ്റർ അകലെയുള്ള ഗ്രാമങ്ങളിൽ നിരവധി വീടുകൾ കത്തിനശിച്ചു. ലാവയും പാറകളും ജനവാസ കേന്ദ്രങ്ങളിൽ ചിതറി വീണു. ഏഴ് ഗ്രാമങ്ങളെ അഗ്നിപർവ്വത സ്ഫോടനം ബാധിച്ചതായി പ്രാദേശിക മാധ്യമങ്ങൾ പറയുന്നു. വൈദ്യുതി വിതരണം തടസ്സപ്പെട്ടു. സ്ഫോടന ഗർത്തത്തിൽനിന്ന് 20 കിലോമീറ്റർ ചുറ്റളവിലുള്ള ഗ്രാമങ്ങളിൽനിന്ന് രാവിലെതന്നെ ആളുകളെ ഒഴിപ്പിച്ചു തുടങ്ങി.

രാത്രി സ്ഫോടനത്തോടൊപ്പമുണ്ടായ ശക്തമായ ഇടിമിന്നലും ഗർജ്ജനവും തീയിൽ വെന്ത പാറകളും കല്ലുകളും വർഷിച്ചതും ആളുകളെ പരിഭ്രാന്തരാക്കി .ചാരത്തിൽ മുങ്ങിയ ആളുകളുടെയും കല്ലുകൾ വർഷിക്കുന്നതിന്റെയും വീടുകൾ കത്തുന്നതിന്റെയും ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. വരും ദിവസങ്ങളിൽ മിന്നൽ പ്രളയങ്ങൾക്കും ലാവ ഒഴുകിയെത്താനും സാധ്യതയുണ്ടെന്ന് ഇന്തോനേഷ്യൻ ദുരന്തനിവാരണ ഏജൻസി മുന്നറിയിപ്പ് നൽകി. ഇന്തോനേഷ്യയിൽ വിനോദ സഞ്ചാര കേന്ദ്രമായ ഫ്ളോറെസ് ദ്വീപിലെ ഇരട്ട അഗ്നിപർവ്വതമാണ് മൗണ്ട് ലെവോടോബി ലാകി-ലാകി. കഴിഞ്ഞ വർഷം ഡിസംബർ മുതൽ പല ഇടവേളകളിലായി തീ തുപ്പിക്കൊണ്ടിരിക്കുന്ന അഗ്നിപർവ്വതത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ താമസിക്കരുതെന്ന് അധികൃതർ നേരത്തെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കശുമാവ് നിറഞ്ഞ പ്രദേശത്തെ അഗ്നിപർവ്വത സ്ഫോടനം മേഖലയുടെ സമ്പദ്ഘടനയെ തകർത്തിട്ടുണ്ട്. ഒന്നിലധികം ടെക്ടോണിക് പ്ലേറ്റുകൾ കൂടിച്ചേർന്ന തീവ്രമായ ഭൂകമ്പങ്ങൾക്കും അഗ്നിപർവ്വത സ്ഫോടനങ്ങൾക്കും സാധ്യതയുള്ള പസഫിക് റിംഗ് ഓഫ് ഫയർ മേഖലയിലാണ് ഇന്തോനേഷ്യ സ്ഥിതി ചെയ്യുന്നത്.



# ക്യാപ്റ്റനാണ് ഹീറോ

## പാക്കിസ്താന് തോൽവി

മെൽബൺ: പാക്കിസ്താൻ ഏകദിന ടീം നായകനായി മുഹമ്മദ് റിസ്വാന് തോൽവിയോടെ അരങ്ങേറ്റം. ഓസ്ട്രേലിയക്കെതിരായ ഏകദിന മൽസരത്തിൽ പാറ്റ് കമിൻസ് സംഘത്തെ വിറപ്പിക്കാൻ ടീമിനായെങ്കിലും രണ്ട് വിക്കറ്റിന് ടീം തോറ്റു. ആദ്യം ബാറ്റ് ചെയ്ത പാക്കിസ്താൻ എം.സി.ജിയിൽ നേടിയത് 203 റൺസായിരുന്നു. റിസ്വാൻ തന്നെയായിരുന്നു ടോപ് സ്ക്കോറർ. 44 റൺസ് അദ്ദേഹം സ്വന്തമാക്കിയപ്പോൾ ഓസീസ് സീമർ മിച്ചൽ സ്റ്റാർക്ക് 33 റൺസിന് മൂന്ന് വിക്കറ്റ് സ്വന്തമാക്കി. ജയിക്കാൻ 204 റൺസ് ആവശ്യമായ ഓസ്ട്രേലിയക്കാർ ഒരു ഘട്ടത്തിൽ രണ്ട് വിക്കറ്റിന് 113 റൺസ് എന്ന നിലയിൽ ശക്തരായിരുന്നു. എന്നാൽ അഞ്ച് പന്തിനിടെ ജോഷ് ഇൻഗ്ലിസ്, മാർനസ് ലബുഷാനേ, ഗ്ലെവൻ മാക്സ്‌വെൽ എന്നിവരുടെ വിക്കറ്റ് നഷ്ടമായി ടീം ഏഴ് വിക്കറ്റിന് 155 റൺസ് എന്ന നിലയിലേക്ക് തളർന്നു. ഇവിടെ നിന്നും നായകൻ കമിൻസ് 30 വിലപ്പെട്ട റണ്ണുകളുമായി ടീമിനെ വിജയത്തിലേക്ക് നയിക്കുകയായിരുന്നു. സീൻ ആബോട്ട് 13 റൺസുമായി ക്യാപ്റ്റന് വലിയ പിന്തുണ നൽകി. ഓസീസ് ഇന്നിംഗ്സിൽ 16.3 ഓവർ ബാക്കി നിൽക്കെ 31 പന്തിൽ പുറത്താവാതെ 32 റൺസുമായാണ് കമിൻസ് ടീമിനെ മുന്നിൽ നിന്നും വിജയത്തിലേക്ക് നയിച്ചത്. കമിൻസിന്റെ ബാറ്റിൽ നിന്നും പലവട്ടം ഓസ്ട്രേലിയക്കാർ ജയിച്ചു കയറിയിട്ടുണ്ട്.

## മോശമായില്ല

ലണ്ടൻ: റുഡ്‌വാൻ നിസ്റ്റർ റുയിക്ക് കീഴിൽ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിലെ ആദ്യ മൽസരത്തിൽ മാഞ്ചസ്റ്റർ യുനൈറ്റഡ് മോശമാക്കിയില്ല. ശക്തരായ ചെൽസിക്കെതിരെ അവർ 1-1 സമനില നേടി. ഓൾഡ് ട്രാഫോഡ് മൈതാനത്ത് തകർപ്പനങ്കം കാണാനെത്തിയത് 73,813 പേരായിരുന്നു. ഇവരെ ഉൽസവത്തിലാറാടിച്ച് മൽസരത്തിന്റെ എഴുപതാം മിനുട്ടിൽ ബ്രുണോ ഫെർണാണ്ടസ് പെനാൽട്ടി കിക്കിൽ നിന്നും ടീമിന്റെ ഗോൾ നേടി. എന്നാൽ ലീഡിന് നാല് മിനുട്ട് മാത്രമായിരുന്നു ആയുസ്. പ്രീമിയർ ലീഗിലെ ആദ്യ ഗോളുമായി മോയിസസ് സായ്സിദോയായിരുന്നു ചെൽസിയുടെ രക്ഷകനായത്. എറിക് ടെൻ ഹാഗ് എന്ന പരിശീലകൻ പുറത്താക്കപ്പെട്ട ശേഷം പ്രീമിയർ ലീഗിൽ യുനൈറ്റഡ് കളിക്കുന്ന ആദ്യ അങ്കമായിരുന്നു. പുതിയ സ്ഥിരം കോച്ച് റൂബൻ ചുമതലയേൽക്കുന്നതിന് മുമ്പ് നിസ്റ്റർ റൂയിക്ക് കരുത്ത് തെളിയിക്കാൻ ലഭിച്ച അവസരവും.

# ഗൾഫ് ചന്ദ്രിക സ്പോർട്സ്



എന്റെ ക്രിക്കറ്റ് ജീവിതത്തിലെ മോശം കാലമായിരുന്നു ഇത്. ഇന്ത്യയിൽ ഒരു ടെസ്റ്റ് പരമ്പരയിൽ മൂന്ന് മൽസരത്തിലും തോൽക്കുമ്പോൾ അതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. ക്യാപ്റ്റൻ എന്ന നിലയിൽ മാത്രമല്ല ഒരു കളിക്കാരൻ എന്ന നിലയിലും ഞാൻ പരാജയമായിരുന്നു. പരമ്പരയുടെ തുടക്കം മുതൽ തന്നെ പാളി. ബെംഗളുരുവിൽ ടോസ് കിട്ടിയിട്ടും ആദ്യം ബാറ്റ് ചെയ്യാനുള്ള തീരുമാനം മുതൽ പിഴച്ചു. വാംഖഡെയിലെ മൂന്നാം നാളിൽ അത്തരത്തിലൊരു ഷോട്ട് പായിക്കരുതായിരുന്നു

**–രോഹിത് ശർമ**

www.chandrikadaily.com

**BREAKING** ഈ രഞ്ജി സീസണിനൊടുവിൽ മൽസര രംഗത്ത് നിന്ന് വിരമിക്കുമെന്ന് ഇന്ത്യൻ വിക്കറ്റ് കീപ്പർ വൃദ്ധിമാൻ സാഹ



## ഇന്ന്

**ചാമ്പ്യൻസ് ലീഗ്**
സ്ലോവാൻ-സാഗ്രബ്
പി.എസ്.വി-ജീറോന
(രണ്ട് കളികളും രാത്രി 11-15)
ഡോർട്ടുമണ്ട്- ഗ്രാസ്
സെൽറ്റിക്-ലൈപ്സിഗ്
റയൽ-ഏ.സി മിലാൻ
ലോസ്ക്-യുവന്തസ്
ലിവർ-ലെവർകൂസൻ
സ്പോർടിങ്-സിറ്റി
ബോളോഗ്ന-മോണോക്കോ
(കളികൾ രാത്രി 1-30)
സോണി സ്പോർട്സ് ലൈവ്

# പ്രതിസന്ധി ചെറുതല്ല

മുംബൈ:രോഹിത് ശർമ കുറ്റസമ്മതം നടത്തിയിരിക്കുന്നു - നായകനായും ബാറ്ററായും ഞാൻ വളരെ മോശമായിരുന്നു. വിരാത് കോഹ്ലി പറയുന്നു- പ്രതീക്ഷക്കൊപ്പം ഉയരാനായില്ല. സച്ചിൻ ടെണ്ടുൽക്കർ എന്ന ഇതിഹാസം മുന്നറിയിപ്പ് നൽകുന്നു- ആത്മപരിശോധന നിർബന്ധം. ന്യൂസിലൻഡിനെതിരായ ടെസ്റ്റ് പരമ്പരയുടെ സമാപനത്തിൽ ഇന്ത്യൻ ക്രിക്കറ്റ് അപ്രതീക്ഷിത പ്രതിസന്ധി മുഖത്തായിരിക്കുന്നു. ഓസ്ട്രേലിയൻ പര്യടനമാണ് ഇനി മുന്നിൽ. ബോർഡർ-ഗവാസ്ക്കർ ട്രോഫിയിൽ അഞ്ച് മൽസരങ്ങൾ. അതിൽ നാലിലും ജയിക്കണം, ഒരു സമനിലയും-ഈ സാഹചര്യത്തിൽ മാത്രമാണ് ജൂണിൽ ലോർഡ്സിൽ നടക്കാനിരിക്കുന്ന ഐ.സി.സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ സാധ്യതയുള്ളു. ഇത് വരെ ടെസ്റ്റ് ചാമ്പ്യൻഷിപ്പ് പട്ടികയിൽ ഒന്നാമതായിരുന്ന ഇന്ത്യ ഇപ്പോൾ രണ്ടാം സ്ഥാനത്തായി. ന്യൂസിലൻഡും ദക്ഷിണാഫ്രിക്കയും ശ്രീലങ്കയും ഇന്ത്യക്ക് അരികിൽ എത്തിയ സാഹചര്യത്തിൽ അൽഭുതങ്ങൾക്ക് മാത്രമാണ് ഇനി ടീമിനെ ഫൈനലിൽ എത്തിക്കാനാവുക. പോയ രണ്ട് തവണ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ കളിച്ച ഇന്ത്യ ഇത്തവണയും അനായാസം ഫൈനൽ കളിക്കുമെന്ന തോന്നലാണ് ഒറ്റയടിക്ക് കിവികൾ ഇല്ലാതാക്കിയത്. സച്ചിനാണ് ആദ്യമേ തുറന്നടിച്ചത്. സ്വന്തം നാട്ടിലെ തോൽവി വലിയ ദുരന്തമായി എന്ന് പറഞ്ഞ മാസ്റ്റർ ബ്ലാസ്റ്റർ ആത്മപരിശോധന നിർബന്ധമാണെന്നും വ്യക്തമാക്കി. ഒരുക്കങ്ങളുടെ കുറവാണോ..? മോശം ഷോട്ട് സെലക്ഷനാണോ...? മാച്ച് പ്രാക്ടീസിന്റെ കുറവാണോ...? -കാരണങ്ങൾ എന്തായാലും തോൽവിയുടെ ആഘാതം ചെറുതല്ലെന്ന് പറഞ്ഞ സച്ചിൻ ശുഭ്മാൻ ഗിൽ, റിഷാഭ് പന്ത് എന്നിവർക്ക് മാത്രമാണ് മാർക്കിട്ടത്. വിൻഡീസ് ക്രിക്കറ്റർ ഇയാൻ ബിഷപ്പ് പറഞ്ഞത് കിവികൾ രചിച്ചത് കേവല ചരിത്രമല്ലെന്നാണ്. കേവലം ആറ് ദശലക്ഷം മാത്രം ജനസംഖ്യയുള്ള ഒരു രാജ്യം, കെയിൻ വില്ല്യംസണിനെ കൂടാതെ കളിച്ച സംഘം-അവരാണ് ഇന്ത്യയെ ഇന്ത്യൻ വേദികളിൽ തകർത്തത്. അവരുടെ വനിതാ ടീം യു.എ.ഇയിൽ ലോകകപ്പ് സ്വന്തമാക്കിയതിന് പിറകെയാണ് പുരുഷ സംഘം അതിലും വലിയ നേട്ടം കൈവരിച്ചതെന്നും ബിഷപ്പ് പറഞ്ഞു. ന്യൂസിലൻഡിനെ അഭിനന്ദിച്ച മുൻ ഇന്ത്യൻ താരം ഇർഫാൻ പത്താൻ ഇന്ത്യൻ തോൽവിയുടെ കാര്യകാരണങ്ങളിൽ ക്രിക്കറ്റ് അധികാരികൾ അന്വേഷണ നടത്തണമെന്നും വ്യക്തമാക്കി. മുൻനിര ബാറ്റർമാരുടെ കാര്യത്തിലാണ് ആശങ്ക. രോഹിതും വിരാതും സമ്പൂർണ പരാജയമായിരിക്കുന്നു.സ്പിന്നിനെതിരെ നന്നായി കളിക്കുന്നവർ കിവി സ്പിന്നർമാർക്ക് മുന്നിലാണ് തകർന്നത്. രോഹിതിന് ആറ് ഇന്നിംഗ്സുകളിൽ ഒന്നിൽ പോലും അര മണിക്കൂറെങ്കിലും ക്രീസിൽ നിലയുറപ്പിക്കാനായില്ല.



CLICK വിരാത് കോഹ്ലിയും ശുഭ്മാൻ ഗില്ലും- തലമുറ മാറ്റത്തിലേക്കാണ് ഇന്ത്യൻ ക്രിക്കറ്റ്

# ഷമിയില്ല

മുംബൈ: പരുക്കിൽ നിന്ന് മുക്തനാവാത്ത മുഹമ്മദ് ഷമിയുടെ ഓസീസ് പര്യടനകാര്യത്തിലെ വിദൂര സാധ്യതയും അകന്നു. കഴിഞ്ഞ നവംബറിൽ കാൽമുട്ടിന് സർജറി നടത്തി ചികിൽസക്ക് വിധേയനായ ഷമി ഓസീസ് പര്യടനത്തിൽ പ്രതീക്ഷ പ്രകടിപ്പിച്ചിരുന്നു. നേരത്തെ തന്നെ പ്രഖ്യാപിക്കപ്പെട്ട ടീമിൽ അദ്ദേഹമില്ലെങ്കിലും ബംഗാളിനായി രഞ്ജി ട്രോഫിയിൽ കളിച്ച് ആരോഗ്യം തെളിയിച്ചാൽ നേരിയ സാധ്യത ബാക്കിയുണ്ടായിരുന്നു. എന്നാൽ പരുക്കിൽ നിന്ന് ഷമി മുക്തനാവാത്ത സാഹചര്യത്തിൽ ബംഗാളിന്റെ രഞ്ജി സംഘത്തിൽ അദ്ദേഹമില്ല. ഇതോടെയാണ് ഓസീസ് പര്യടന വാതിൽ പൂർണമായും അടഞ്ഞത്. ഷമിയുടെ അഭാവം ഓസ്ട്രേലിയൻ പര്യടനത്തിൽ ഇന്ത്യയെ കാര്യമായി തന്നെ ബാധിക്കാനാണ് സാധ്യത. അവസാന ഓസീസ് പര്യടനത്തിൽ ഇന്ത്യക്ക് കരുത്തായത് ജസ്പ്രീത് ബുംറ-മുഹമ്മദ് ഷമി സഖ്യമായിരുന്നു. പെർത്ത് ഉൾപ്പെടെയുള്ള വേദികലിൽ ഷമി എന്നും അപകടകാരിയാണ്. ഓസീസ് ട്രാക്ക് സ്വിംഗ് ബൗളർമാർക്ക് പിന്തുണ നൽകുമ്പോൾ അത് മാക്സിമം പ്രയോജനപ്പെടുത്താൻ അനുഭവക്കരുത്തുണ്ട് കൊൽക്കത്തക്കാരന്.



ഇന്ത്യ ആതിഥേയത്വം വഹിച്ച ഏകദിന ലോകകപ്പിൽ 24 വിക്കറ്റുമായി മികച്ച ബൗളറായി മാറിയ ഷമിക്ക് അതിന് ശേഷം കളിക്കാനായിട്ടില്ല. ന്യൂസിലൻഡിനെതിരായ പരമ്പരയിലും ഷമിയുടെ അഭാവം പ്രകടമായിരുന്നു. ബെംഗളുരു ചിന്നസ്വാമിയിലും പൂനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിലും ബുംറക്ക് കാര്യമായി പേസ് പിന്തുണ കിട്ടിയില്ല. മുഹമ്മദ് സിറാജ് നിരാശപ്പെടുത്തിയപ്പോൾ ആകാശ് ദീപിന് അനുഭവക്കരുത്തുണ്ടായിരുന്നില്ല. ഓസ്ട്രേലിയയിലേക്ക് വരുമ്പോൾ ഷമി ഇല്ലാത്തത് നായകൻ രോഹിത് ശർമയുടെ പ്രതീക്ഷയും പകുതിയായി കുറയും.

## ഇന്ന് കിടിലം

ലണ്ടൻ: യൂറോപ്പിൽ ഇന്ന് കിടിലനങ്കങ്ങൾ. യുവേഫ ചാമ്പ്യൻസ് ലീഗിൽ ഇന്ന് പുലർച്ചെ രണ്ട് പ്രബലർ മുഖാമുഖം വരുന്നുണ്ട്. എൽ ക്ലാസിക്കോയിൽ ബാർസിലോണക്കാർക്ക് മുന്നിൽ നാല് ഗോൾ വാങ്ങി മുഖം നഷ്ടമായ റയലിന്റെ മുന്നിൽ ഇന്ന് ഇറ്റാലിയൻ പ്രബലരായ ഏ.സി മിലാനാണ്. കിലിയൻ എംബാപ്പേയും വിനീഷ്യസ് ജൂനിയറും മുൻനിരയിൽ തിളങ്ങാത്തപക്ഷം ടീം വിയർക്കും. സ്പാനിഷ് ലാലീഗയിൽ പോയ വാരത്തിൽ വലൻസിയക്കെതിരായ മൽസരം പ്രതികൂല കാലാവസ്ഥയിൽ മുടങ്ങിയതിനാൽ വർധിത വീര്യത്തിൽ ഇന്ന് റയൽ കളിച്ചാൽ മാത്രമാവും വിജയം. പ്രീമിയർ ലീഗിൽ ഒന്നാമത് നിൽക്കുന്ന ലിവർപൂളിനെതിരെ ആൻഫീൽഡിൽ വരുന്നത് ജർമൻ ചാമ്പ്യന്മാരായ സാവി അലോൺസോയുടെ ബയർ ലെവർകൂസണാണ്. മുഹമ്മദ് സലാഹ് ഗോൾ വേട്ടയിൽ കുതിക്കുന്നതാണ് ലിവറിന് കരുത്ത്. ബയറാവട്ടെ തുടക്കത്തിലെ നിരാശക്ക് ശേഷം കരുത്തരായിട്ടുണ്ട്.

## സൂപ്പർ ചെന്നൈ

ജംഷഡ്പ്പൂർ: ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഗോൾ വേട്ടയുമായി ചെന്നൈയിൻ എഫ്.സി. അഞ്ച് ഗോളുകൾക്ക് ചെന്നൈക്കാർ ഇന്നലെ തകർത്തത് ജംഷഡ്പ്പൂർ എഫ്.സിയെ. ആറാം മിനുട്ടിൽ സെൽഫ് ഗോളിൽ പിറകിലായ ജംഷഡ്പ്പൂർ പിന്നെ നാല് ഗോൾ കൂടി സ്ക്കോർ ചെയ്തു. ഇർഫാൻ യാദ്‌വദ്, കോനാർ ഷീൽഡ്സ്, വിൽമർ ജോർദ്ദാൻ, ലുകാസ് പിവിറ്റ ബ്രാബില എന്നിവരാണ് സ്ക്കോർ ചെയ്തത്. അവസാനത്തിൽ ജംഷഡ്പ്പൂർ ഒരു ഗോൾ മടക്കിയത് മാത്രം ആശ്വാസം.

# കൗമാരം റെഡി

■ **അഷ്റഫ് തൈവളപ്പ്**
കൊച്ചി

മഹാരാജാസ് കോളജ് ഗ്രൗണ്ട് ഇന്നലെ ഒരു കുഞ്ഞുകേരളമായിരുന്നു, കാർമേഘങ്ങൾ മൂടിക്കെട്ടിയ ആകാശത്തിന് കീഴെ 14 ജില്ലകളെയും ഗൾഫ് റീജിയനെയും പ്രതിനിധീകരിച്ച് 15 ടീമുകൾ. മഴ പെയ്യാൻ മടിച്ച സന്ധ്യയിൽ, അയ്യായിരത്തോളം കുരുന്ന് പ്രതിഭകൾ മൈതാനിയിൽ തീർത്തത് കലാരൂപങ്ങൾ കൊണ്ടൊരു വർണപ്പെരുമഴ. ഒളിമ്പിക്സ് മാതൃകയിൽ ഇതാദ്യമായി സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളക്ക് ഒട്ടേറെ കായിക ചരിത്ര നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ച മഹാരാജാസ് മൈതാനിയിൽ ആവേശത്തുടക്കം. പ്രധാന വേദിയായ മഹാരാജാസ് ഗ്രൗണ്ടിൽ കൗമാരതാരങ്ങളെ സാക്ഷിയാക്കി മേളയുടെ ബ്രാൻഡ് അംബാസിഡർ ഒളിമ്പ്യൻ പി.ആർ ശ്രീജേഷും മന്ത്രി വി.ശിവൻകുട്ടിയും ഭിന്നശേഷി കായികതാരം എസ്.ശ്രീലക്ഷ്മിയും ചേർന്ന് ഭാഗ്യചിഹ്നമായ തക്കുടു കൈയ്യിലേന്തിയ ദീപശിഖക്ക് അഗ്നി പകർന്നു. ഇനി 7 രാപ്പകലുകൾ കൊച്ചി കായികകേരളത്തിന്റെ തലസ്ഥാനമാവും. 17 വേദികളിലും ഇന്ന് മത്സരങ്ങൾ തുടങ്ങും. മേളയുടെ ഗ്ലാമർ ഇനമായ ജനറൽ അത്‌ലറ്റിക്സിൽ വ്യാഴാഴ്ച മുതലാണ് മത്സരങ്ങൾ. മാർച്ച്പാസ്റ്റോടെയായിരുന്നു ചടങ്ങുകളുടെ തുടക്കം. ആലപ്പുഴയായിരുന്നു ആദ്യമെത്തിയത്. തൊട്ടുപിന്നാലെ ഇടുക്കിയും കണ്ണൂരും കാസർഗോഡും. 13മതായി വയനാട് ടീം പിങ്ക് ജഴ്സിയണിഞ്ഞ് എത്തിയപ്പോൾ ഗ്യാലറിയിൽ നിലയ്ക്കാത്ത കയ്യടി. ഗൾഫ് ടീമും മാർച്ച്പാസ്റ്റിൽ അണിനിരന്നു. എല്ലാവരും തുല്യരാണെന്ന സന്ദേശമുയർത്തി ഇൻക്ലൂസീവ് സ്പോർട്സ് കായികതാരങ്ങളെയും ചേർത്തുനിർത്തിയായിരുന്നു മാർച്ച് പാസ്റ്റ്. നടൻ മമ്മൂട്ടി സാംസ്കാരിക പരിപാടികൾ ഉദ്ഘാടനം ചെയ്തു. കിട്ടുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് പറഞ്ഞ മമ്മൂട്ടി, എതിരാളികളെ ശത്രുവായി കാണരുതെന്നും കുട്ടികളെ ഓർമിപ്പിച്ചു. തുടർന്ന് മഹാരാജാസ് കളിനിലം കലാനിലയമായി. സൂംബ ഡാൻസും, ബാൻഡ് മേളവും, നൃത്ത രൂപങ്ങളും കാണികളെ ത്രസിപ്പിച്ചു. മഴക്ക് മുമ്പേ കരിമരുന്ന് പ്രയോഗവും നടന്നു. കായികരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച താരങ്ങൾ കൈമാറിയ ദീപശിഖ ഭിന്നശേഷി കായികതാരങ്ങളായ എസ്.യശിതയും അനു ബിനുവും ചേർന്നാണ് ഒളിമ്പ്യൻ ശ്രീജേഷിന് കൈമാറിയത്. കൗമാരതാരങ്ങളുടെ കായികമികവിന് സാക്ഷിയായി നവംബർ 11 വരെ മഹാരാജാസ് ഗ്രൗണ്ടിൽ ഈ ദീപം അണയാതെ ജ്വലിച്ചുനിൽക്കും.



CLICK സംസ്ഥാന സ്കൂൾ കായികമേളയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി നടന്ന സാംസ്കാരിക പരിപാടികൾ മഹാരാജാസ് ഗ്രൗണ്ടിൽ പത്മശ്രീ മമ്മൂട്ടി ഉദ്ഘാടനം ചെയ്യുന്നു. വിനോദ്, പി.ആർ ശ്രീജേഷ്, മന്ത്രി ശിവൻകുട്ടി, ഹൈബി ഈഡൻ, ശ്രീജൻ സമീപം

## മനം തുറന്ന് മമ്മുക്ക

കൊച്ചി: സംസ്ഥാന സ്കൂൾ കായികമേളയുടെ ഉദ്ഘാടന ചടങ്ങിൽ കുട്ടിത്താരങ്ങളെ കയ്യിലെടുത്ത് നടൻ മമ്മൂട്ടി. അഞ്ച് മിനിറ്റ് നീണ്ട പ്രസംഗത്തിലുടനീളം ഗ്യാലറിയിൽ ആരവം മുഴങ്ങി. എന്റെ പ്രിയപ്പെട്ട തക്കുടുവാവകളെ എന്ന് അഭിസംബോധനം ചെയ്തായിരുന്നു മമ്മൂട്ടി തുടങ്ങിയത്. കുട്ടിക്കാലത്ത് കളിക്കാൻ മടിയനായിരുന്ന എനിക്ക് ഇപ്പോൾ നിങ്ങൾക്ക് മുന്നിൽ നിൽക്കുമ്പോൾ ഗ്രൗണ്ടിലിറങ്ങാൻ കൊതിയാവുകയാണെന്ന് മമ്മൂട്ടി പറഞ്ഞു. അന്ന് മോണോആക്ടും, നാടകവും കളിച്ചുനടക്കുകയായിരുന്നു ഞാൻ. ഇപ്പോഴത്തെ കുട്ടികളും ഈ കൂട്ടവും എന്നെ അത്ഭുതപ്പെടുത്തുന്നുണ്ട്. കിട്ടുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. പരമാവധി ആത്മാർഥതയോടെ ഗെയിമിനെ സമീപിക്കണം, വിജയം നമ്മുടേതായിരിക്കും-മമ്മൂട്ടി പറഞ്ഞു. കൂടെ ഓടുന്നവരും ചാടുന്നവരും മോശക്കാരല്ലെന്ന ഓർമവേണം, അവർക്കും ജയിക്കണമെന്ന വാശിയുണ്ടാവും, കൂടെ മത്സരിക്കാൻ ഒരാളെങ്കിലുമുള്ളത് കൊണ്ടാണ് നിങ്ങൾ ജയിക്കുന്നതെന്ന ഓർമ വേണം. മത്സരങ്ങളെ തികഞ്ഞ സ്പോർട്സ്മാൻ സ്പിരിറ്റോടെ കാണണം, എതിരാളികളെ ഒരിക്കലും ശത്രുവായി കാണരുത്, മനസിൽ പോലും അത്തരം ചിന്തകൾ പാടില്ലെന്നും താരം കുട്ടികളെ ഓർമിപ്പിച്ചു. എല്ലാവർക്കും വിജയാശംസകൾ നേർന്നാണ് മമ്മൂട്ടി സദസ് വിട്ടത്. സ്കൂൾ കായികമേളയുടെ ബ്രാൻഡ് അംബാസിഡറായി ഒളിമ്പ്യൻ പി.ആർ ശ്രീജേഷിനെ നിർദേശിച്ചത് മമ്മൂട്ടിയായിരുന്നു. ഒളിമ്പിക്സ് മാതൃകയിൽ നടത്തുന്ന മേളയുടെ ബ്രാൻഡ് അംബാസിഡറായി മമ്മൂട്ടിയെയാണ് വിദ്യാഭ്യാസ വകുപ്പ് ആദ്യം ആലോചിച്ചിരുന്നത്. ഇക്കാര്യം മമ്മൂട്ടിയെ നേരിട്ട് അറിയിച്ചപ്പോൾ മമ്മൂട്ടി ശ്രീജേഷിന്റെ പേര് നിർദേശിക്കുകയായിരുന്നു.

## മെഡൽ പ്രതീക്ഷകളുമായി അവർ കടൽ കടന്നെത്തി



CLICK സ്കൂൾ കായികമേളയിൽ പങ്കെടുക്കാനായി ഗൾഫിൽ നിന്നെത്തിയ ടീമിനെ ഭാഗ്യചിഹ്നമായ തക്കുടു വേഷധാരികൾ സ്വീകരിക്കുന്നു

കൊച്ചി: കുട്ടികളെല്ലാം വളരെ ആവേശത്തിലാണ്, ചില ഇനങ്ങളിലെങ്കിലും മെഡൽ പ്രതീക്ഷയുണ്ട്-സംസ്ഥാന സ്കൂൾ കായികമേളയിൽ ഇതാദ്യമായി പങ്കെടുക്കുന്ന ഗൾഫ് റീജ്യൺ ടീമിനെ നയിക്കുന്ന ദുബൈ ന്യൂ മോഡൽ ഇന്ത്യൻ സ്കൂൾ ഫിസിക്കൽ എജ്യുക്കേഷൻ വിഭാഗം മേധാവി എം.എ നിസ്താറിന്റെ വാക്കുകൾ. മേളയിൽ പങ്കെടുക്കുന്ന ഗൾഫ് സ്കൂളുകളിൽ നിന്നുള്ള ആദ്യസംഘം ഇന്നലെ രാവിലെയാണ് കൊച്ചിയിലെത്തിയത്. 50 പേരാണ് മേളയിൽ പങ്കെടുക്കുന്നത്. 26 കുട്ടികൾ അടങ്ങുന്ന സംഘം രാവിലെയും 19 കുട്ടികളടങ്ങുന്ന സംഘം ഇന്നലെ ഉച്ചയോടെയുമെത്തി. അഞ്ച് പേർ നാളെ എത്തും. സ്കൂൾ ഗെയിംസിൽ ഇതാദ്യമായാണ് കേരള സിലബസിലുള്ള ഗൾഫ് സ്കൂളുകളിലെ താരങ്ങളെ കൂടി പങ്കെടുപ്പിക്കുന്നത്. അണ്ടർ 19 വിഭാഗത്തിൽ അത്‌ലറ്റിക്സിന് പുറമേ ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, വോളിബോൾ എന്നീ ഇനങ്ങളിലാണ് ഗൾഫ് സ്കൂൾ ടീമിന്റെ പങ്കാളിത്തം. യു.എ.ഇയിലെ വിവിധ എമിറേറ്റുകളിൽ കേരള സിലബസ് പിന്തുടരുന്ന ന്യൂ ഇന്ത്യൻ മോഡൽ സ്കൂൾ (ഷാർജ, ദുബൈ), ഗൾഫ് മോഡൽ സ്കൂൾ (ദുബൈ), മോഡൽ പ്രൈവറ്റ് സ്കൂൾ (അബുദാബി), ന്യൂ ഇന്ത്യൻ സ്കൂൾ (റാസൽ ഖൈമ), ഇന്ത്യൻ സ്കൂൾ (ഫുജൈറ) എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ടീമിലെ താരങ്ങളെല്ലാം. ഇത്തവണ ആൺകുട്ടികൾ മാത്രമാണുള്ളത്, അടുത്തവർഷം പെൺകുട്ടികളുടെ ടീമും മത്സരത്തിനുണ്ടാവുമെന്ന് എം.എ നിസ്താർ പറഞ്ഞു.

# ബാർസക്കാർ കുതിക്കുകയാണ്..

മാഡ്രിഡ്:ബാർസിലോണ സ്പാനിഷ് ലാലീഗ ഫുട്ബോളിൽ ജൈത്രയാത്ര തുടരുന്നു. ഞായർ പോരാട്ടത്തിലവർ എസ്പാനിയോളിനെ 3-1ന് തകർത്ത് ടേബിളിലെ ലീഡ് ഒമ്പതാക്കി ഉയർത്തി. നിലവിലെ ചാമ്പ്യന്മാരായ റയൽ മാഡ്രിഡിന്റെ വലൻസിയക്കെതിരായ മൽസരം പ്രതികൂല കാലാവസ്ഥ കാരണം മാറ്റിയിരുന്നു. അത്‌ലറ്റിക്കോ മാഡ്രിഡും വിജയപാതയിൽ തിരികെയെത്തി. കോച്ച് ഡിയാഗോ സിമയോണിയെ സാക്ഷിനിർത്തി അദ്ദേഹത്തിന്റെ മകൻ ജി.സിമയോൺ സ്ക്കോർ ചെയ്ത മൽസരത്തിൽ 2-0 ത്തിന് ടീം ലാസ്പാമസിനെ തകർത്തു. എൽ ക്ലാസിക്കോയിൽ ബദ്ധവൈരികളായ റയൽ മാഡ്രിഡിനെതിരെ നാല് ഗോൾ വിജയത്തിന് ശേഷം ആദ്യമായി മൈതാനത്തിറങ്ങിയ ബാർസ പതിവ് ഗോൾ വേട്ട തുടർന്നു. പന്ത്രണ്ടാം മിനുട്ടിൽ തനനെ ലമിൻ യമാൽ നൽകിയ പന്തിൽ ഡാനി ഒൽമോയുടെ ഗോൾ. മാർകോ കസാഡോയുടെ പന്തിൽ റാഫിഞ്ഞയുടെ ഗോൾ വരുമ്പോൾ കളിക്ക് പ്രായം 23 മിനുട്ട്. അലക്സാണ്ടറോ ബാൽദേയുടെ ക്രോസിൽ ഒൽമോ തന്നെ തന്റെ രണ്ടാം ഗോൾ നേടുമ്പോൾ ആദ്യ പകുതി അവസാനിക്കാൻ പതിനാല് മിനുട്ട് ബാക്കിയുണ്ടായിരുന്നു. ഇടവേളക്ക് പിരിയുമ്പോൾ 3-0 ത്തിന് മുന്നിൽ കയറിയ ബാർസക്കെതിരെ അയൽക്കാരായ എസ്പാനിയോളുകാർ ജാവി പൗദോയിലൂടെ ഒരു ഗോൾ മടക്കി. 12 മൽസരങ്ങൾ പൂർത്തിയാക്കിയ ബാർസക്കാർക്കിപ്പോൾ 33 പോയിന്റായി. റയലിന് പതിനൊന്ന് കളികളിൽ നിന്ന് 24 പോയിന്റാണുള്ളത്. ഇന്നലെ വിജയത്തിലൂടെ അത്‌ലറ്റിക്കോ മാഡ്രിഡുകാർ 23 ൽ മൂന്നാം സ്ഥാനം നിലനിർത്തി. റയൽ ഇന്ന് ചാമ്പ്യൻസ് ലീഗിനിറങ്ങുന്നുണ്ട്.

# സൂപ്പർ ലീഗിൽ ഇന്ന് ഒന്നാം സെമി

കോഴിക്കോട്: മഹീന്ദ്ര സൂപ്പർ ലീഗ് കേരളയിൽ ഇന്ന് ആദ്യ സെമി. കാലിക്കറ്റ് എഫ്സിക്ക് മുന്നിൽ തിരുവനന്തപുരം കൊമ്പൻസ്. ഇഎംഎസ് സ്റ്റേഡിയത്തിൽ കിക്കോഫ് വൈകീട്ട് 7.30 ന്. 10 കളികളിൽ അഞ്ച് ജയവും നാല് സമനിലയുമായി ഒന്നാം സ്ഥാനക്കാർ എന്ന പകിട്ടോടെയാണ് കാലിക്കറ്റ് സെമി ബെർത്ത് നേടിയത്. മൂന്ന് ജയവും നാല് സമനിലയുമുള്ള കൊമ്പൻസിന് അവസാന നിമിഷമാണ് നാലാം സ്ഥാനക്കാരായി സെമി ടിക്കറ്റ് നേടിയത്.
ലീഗിൽ വ്യക്തിഗത മികവിൽ മുന്നിൽ നിൽക്കുന്നവരിലും കാലിക്കറ്റ് താരങ്ങൾ ഏറെയുണ്ട്. മൂന്ന് ഗോളും മൂന്ന് അസിസ്റ്റുമായി ഗനി അഹമ്മദ് നിഗം, നാല് ഗോളുമായി ടോപ് സ്കോറർ സ്ഥാനത്തേക്ക് മത്സരിക്കുന്ന ബെൽഫോർട്ട്, ഗോൾ തടയുകയും ഗോളടിക്കുകയും ചെയ്യുന്ന അബ്ദുൽ ഹക്കു തുടങ്ങിയവരെല്ലാം കാലിക്കറ്റിന്റെ കരുത്താണ്. ബ്രസീലിയൻ കോച്ചും കളിക്കാരുമാണ് കൊമ്പൻസിന്റെ കാമ്പ്. നീളക്കാരൻ ഗോളി മിഖായേൽ സാന്റോസ്, കളംമുഴുവൻ പറന്നു കളിക്കുകയും ഗോൾ സഹായത്തിൽ മുന്നിൽ (നാല്) നിൽക്കുകയും ചെയ്യുന്ന പാട്രിക് മോട്ട, ഓട്ടിമർ ബിസ്പൊ എന്നിവരെല്ലാം കരുത്തരാണ്.മത്സരം സ്റ്റാർ സ്പോർട്സിലും (ഫസ്റ്റ്) ഡിസ്നി പ്ലസ് ഹോട്ട് സ്റ്റാറിലും.



കെ റെയിൽ പദ്ധതി കേരളത്തെ പാരിസ്ഥിതികമായും സാമ്പത്തികമായും തകർക്കും. അന്ന് കണ്ടതിനേക്കാൾ രൂക്ഷമായ സമരം കേരളത്തിൽ ഉണ്ടാകും. കേരളത്തിനെ തകർക്കാൻ ഈ ഗവൺമെന്റിന് അധികാരമില്ല. അഞ്ച് പൈസ ഖജനാവിൽ ഇല്ല, എന്നിട്ടാണ് രണ്ട് ലക്ഷം കോടി രൂപയുടെ പദ്ധതിയുമായി കേരളത്തെ ശ്രീലങ്ക പോലെയാക്കാൻ ശ്രമിക്കുന്നത്.

–വി.ഡി സതീശൻ



ഇത്രയും നാൾ കെ റെയിലിന് അനുമതി നിഷേധിച്ച കേന്ദ്ര സർക്കാരിന്റെയും റെയിൽവെയുടെയും പെട്ടെന്നുള്ള മനം മാറ്റത്തിന് പിന്നിൽ സി.പി.എം- ബി.ജെ.പി അന്തർധാരയാണ്. കേരളത്തിൽ ബി.ജെ.പിക്ക് ഒരു എം.പിയെന്ന സ്വപ്നം യാഥാർത്ഥ്യമാക്കി നൽകിയപ്പോൾ അതിനു നൽകുന്ന മറ്റൊരു പ്രത്യുപകാരമാണ് കെ റെയിൽ. ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിക്കാതെ സി.പി.എമ്മിന് പൊതുസമ്പത്ത് കൊള്ളനടത്താൻ അവസരം ഒരുക്കുകയാണ് കേന്ദ്ര സർക്കാർ. ജനങ്ങളെ കൂട്ടത്തോടെ കുടിയൊഴിപ്പിച്ച് ഗുരുതര പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കുന്ന കെ.റെയിൽ തന്നെ വേണമെന്ന് എൽ.ഡി.എഫ് സർക്കാർ വാശിപിടിക്കുന്നതിന് പിന്നിൽ ഈ പദ്ധതിയിൽ നിന്ന് ലഭിക്കുന്ന കോടികളുടെ കമ്മീഷനും അഴിമതിക്കുള്ള സാധ്യതകളുമാണ്.

–കെ.സുധാകരൻ

## കേരള വാർത്തകൾ

# മുനമ്പം: സർവകക്ഷി യോഗം വിളിക്കണമെന്ന് പ്രതിപക്ഷം

### ഉന്നതതല യോഗം വിളിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: മുനമ്പം വഖഫ് ഭൂമി പ്രശ്ന പരിഹാരത്തിനായി സംസ്ഥാന സർക്കാർ ഉന്നതതല യോഗം വിളിച്ചു. 16നാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി യോഗം വിളിച്ചിരിക്കുന്നത്. അതേസമയം തർക്കം പരിഹരിക്കാൻ സർവകക്ഷി യോഗം വിളിക്കാൻ സർക്കാർ തയാറാകണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യമന്ത്രിക്ക് കത്ത് നൽകി. നിയമ, റവന്യൂ മന്ത്രിമാർ, വഖഫ് ബോർഡിന്റെ ചുമതലയുള്ള മന്ത്രി വി.അബ്ദുറഹ്മാൻ, വഖഫ് ബോർഡ് ചെയർമാൻ എന്നിവർ യോഗത്തിൽ പങ്കെടുക്കും. യോഗത്തിൽ പ്രശ്നപരിഹാരത്തിനായി നിയമപരമായ സാധ്യതകൾ തേടും. മുനമ്പത്തെ 614 കുടുംബങ്ങളുടെ റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിലാകും ചർച്ച നടത്തുക. കോടതിയിൽ നിലവിലിരിക്കുന്ന കേസുകളുടെ കാര്യവും ചർച്ചചെയ്യും. എന്നാൽ സർവകക്ഷി യോഗം വിളിക്കണമെന്നാണ് വി.ഡി സതീശൻ ആവശ്യപ്പെട്ടത്. ഒരു മുസ്‌ലിം മത സംഘടനയും മുനമ്പത്തേത് വഖഫ് ഭൂമിയാണെന്ന അവകാശവാദം ഉന്നയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നിലവിലെ താമസക്കാർക്ക് ഉപാധികളില്ലാതെ ഭൂമി നൽകണം. വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. അറുനൂറിൽ അധികം കുടുംബങ്ങളെ പ്രതിസന്ധിയിലാക്കിയ ഭൂമി പ്രശ്നം പരിഹരിക്കണം. മുനമ്പത്തെ 404 ഏക്കർ ഭൂമി തിരിച്ചു പിടിക്കാൻ വഖഫ് ബോർഡ് നിയമനടപടികളുമായി മുന്നോട്ടുവന്നതാണ് തീരദേശത്തെ ജനവിഭാഗങ്ങൾക്കിടയിൽ ആശങ്ക സൃഷ്ടിച്ചിരിക്കുന്നത്. മുനമ്പത്തെ ഭൂമിയുടെ കഴിഞ്ഞ കാലങ്ങളിലെ ക്രയവിക്രയങ്ങൾ പരിശോധിച്ചാൽ പ്രസ്തുത ഭൂമി വഖഫിന്റെ പരിധിയിൽ പെടുന്നതല്ലെന്നു മനസിലാക്കാവുന്നതാണ്. 2006- 11 കാലത്ത് വി.എസ് അച്യുതാനന്ദൻ സർക്കാർ നിയോഗിച്ച നിസാർ കമ്മിഷനാണ് ഭൂമി വഖഫ് ആണെന്ന അവകാശവാദം ആദ്യമായി ഉന്നയിച്ചത്. കമ്മിഷൻ ഈ വിഷയം ആഴത്തിൽ പഠിച്ചിട്ടില്ല എന്ന് അവർ തന്നെ സമ്മതിക്കുന്നുണ്ട്. തുടർന്ന് അധികാരത്തിൽ എത്തിയ യു.ഡി.എഫ് സർക്കാർ നിലപാട് തിരുത്തിയതോടെ പ്രശ്നം അവസാനിച്ചു. വഖഫ് ഭൂമിയാണെന്ന് സർക്കാർ നിലപാടെടുത്തതും കരം സ്വീകരിക്കേണ്ടെന്നു തീരുമാനിച്ചതുമാണ് ഇപ്പോഴത്തെ ആശങ്കക്ക് കാരണം. പത്ത് മിനുട്ട് കൊണ്ട് പരിഹരിക്കാൻ കഴിയുന്ന വിഷയമാണിത്. മുനമ്പം വിഷയം വർഗീയ ശക്തികൾ മുതലെടുപ്പിനുള്ള അവസരമാക്കുന്നത് കൂടി മനസിലാക്കണം. ഈ വിഷയത്തിന്റെ പേരിൽ കേരളത്തിൽ വർഗീയ ഭിന്നിപ്പും ചേരിതിരിവും ഉണ്ടാക്കാൻ ശ്രമിക്കുന്നത് തടയണം. ഒരു പ്രദേശത്തെ ജനവിഭാഗങ്ങളെ ഒന്നാകെ ബാധിക്കുന്ന വിഷയം അടിയന്തിരമായി പരിഹരിക്കുന്നതിന് സർവകക്ഷി യോഗം വിളിക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടു.

### പ്രശ്നമുണ്ടാക്കിയത് ഇടതു സർക്കാർ: വി.ഡി സതീശൻ

പാലക്കാട്: മുനമ്പത്ത് വിഷയം ഉണ്ടാക്കിയതുതന്നെ സർക്കാരാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. മാധ്യമപ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. 95ൽ വഖഫ് ആക്ട് വന്നതുകൊണ്ടാണ് ഈ ഭൂമി പ്രശ്നമുണ്ടായതെന്ന പ്രചരണമാണ് നടക്കുന്നത്. 2021 വരെ 26 വർഷം ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. നിലവിലെ വഖഫ് ബോർഡ് നികുതി സ്വീകരിക്കേണ്ടെന്ന് റവന്യുവകുപ്പിന് നിർദേശം നൽകിയതോടെയാണ് പ്രശ്നമുണ്ടായതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ജനങ്ങൾ താമസിക്കുന്ന ഭൂമി വഖഫ് ഭൂമിയാക്കാൻ സാധിക്കില്ല. വഖഫ് ഭൂമിയിൽ ഒരു കണ്ടീഷനും പാടില്ല. ഫാറൂഖ് കോളജ് മാനേജ്മെന്റിന് പണം നൽകിയാണ് ഭൂമി വാങ്ങിയിരിക്കുന്നത്. പണം വാങ്ങി നൽകിയ ഭൂമി വഖഫ് ആകില്ല. വി.എസ് അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് നിയോഗിച്ച നിസാർ കമ്മിഷനാണ് ഈ ഭൂമി വഖഫ് ആണെന്ന് ആദ്യമായി പറഞ്ഞത്. ആഴത്തിൽ പഠിച്ചിട്ടില്ലെന്ന് അവർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ആഴത്തിൽ പഠിക്കാതെ എന്ത് റിപ്പോർട്ടാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കണം. പിന്നീട് വന്ന യു.ഡി.എഫ് സർക്കാരിന്റെ കാലത്തെ വഖഫ് ബോർഡ് ഈ ഭൂമിയിൽ അവകാശം ഉന്നയിക്കില്ലെന്ന നിലപാടെടുത്തു. വീണ്ടും അധികാരത്തിൽ എത്തിയ എൽ.ഡി.എഫ് സർക്കാരാണ് 2021ൽ അനാവശ്യമായി പ്രശ്നമുണ്ടാക്കിയത്. വഖഫ് ബോർഡ് കോടതിയിൽ നൽകിയിരിക്കുന്ന കേസ് അടിയന്തിരമായി പിൻവലിക്കണം. ഇതിന് സർക്കാർ നിർദ്ദേശം നൽകണം.

ജനങ്ങളെ കുടിയിറക്കരുതെന്നാണ് കേരളത്തിലെ എല്ലാ മുസ്‌ലിം സംഘടനകളും ആവശ്യപ്പെട്ടിരിക്കുന്നത്. അപ്പോൾ എങ്ങനെയാണ് അത് വർഗീയ പ്രശ്നമാകുന്നത്. എന്നാൽ സംഘ്പരിവാർ വിഷയത്തെ ഉപയോഗിച്ച് വർഗീയമായ ഭിന്നിപ്പുണ്ടാക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ ഇരകളായി ആരും മാറരുത്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനം എടുക്കണം. പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും. വരാനിരിക്കുന്ന തലമുറകൾക്ക് പോലും പ്രശ്നങ്ങൾ ഉണ്ടാകാത്ത രീതിയിൽ നിയമപരമായ അവകാശം സ്ഥാപിച്ചു കൊടുക്കണമെന്നതാണ് പ്രതിപക്ഷത്തിന്റെ നിലപാട്. അല്ലാതെ നിയമമന്ത്രി പറഞ്ഞതു പോലെ ഈ വിഷയത്തിൽ ഒരു സങ്കീർണതയും ഇല്ല. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളും പി.കെ കുഞ്ഞാലിക്കുട്ടിയും മുൻകൈയെടുത്താണ് മുസ്‌ലിം സംഘടകളുടെ യോഗം വിളിച്ചുചേർത്ത് മുനമ്പത്തെ ജനങ്ങളെ കുടിയിറക്കാൻ പറ്റില്ലെന്ന ശക്തമായ നിലപാട് സ്വീകരിച്ചതെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു.

### ഐ.എ.എസ് ഹിന്ദുത്വ ഗ്രൂപ്പ്: ഫോൺ ഹാക്ക് ചെയ്തെന്ന്

## ആവർത്തിച്ച് കെ. ഗോപാലകൃഷ്ണൻ സൈബർ സെൽ പരിശോധന ആരംഭിച്ചു

തിരുവനന്തപുരം: ഹിന്ദുക്കളായ ഐ.എ.എസ് ഉദ്യോഗസ്ഥരെ ചേർത്തുകൊണ്ട് വാട്സ്ആപ്പ് ഗ്രൂപ്പുണ്ടാക്കിയ വിവാദത്തിൽ നിലപാടിലുറച്ച് വ്യവസായ വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ. തന്റെ ഫോൺ ഹാക്ക് ചെയ്യപ്പെട്ടതാണെന്നാണ് അദ്ദേഹം വീണ്ടും മാധ്യമങ്ങളോട് പറഞ്ഞത്. ഗോപാലകൃഷ്ണൻ ഐ.എ.എസ് അഡ്മിനായി രൂപീകരിക്കപ്പെട്ട വാട്സ്ആപ്പ് ഗ്രൂപ്പുമായി ബന്ധപ്പെട്ട വിവാദം കനക്കുന്നതിനിടെ കഴിഞ്ഞ ദിവസം തന്നെ അദ്ദേഹം ഹാക്കിംഗ് ആണ് സംഭവിച്ചതെന്ന് വിശദീകരണവും നടത്തിയിരുന്നു.

'മല്ലു ഹിന്ദു ഓഫീസേഴ്സ്' മാത്രമല്ല 'മല്ലു മുസ്‌ലിം ഓഫീസേഴ്സ്' എന്ന ഗ്രൂപ്പും തന്നെ അഡ്മിൻ ആക്കിക്കൊണ്ട് ഫോൺ ഹാക്ക് ചെയ്തവർ ഉണ്ടാക്കിയെന്നാണ് ഗോപാലകൃഷ്ണൻ പറയുന്നത്. ഫോൺ ഹാക്ക് ചെയ്തവർ കോൺടാക്ട് ലിസ്റ്റിൽ ഉള്ളവരെ ചേർത്തുകൊണ്ട് തന്നെ അഡ്മിനാക്കി ഒരേസമയം 11 ഗ്രൂപ്പുകൾ ഉണ്ടാക്കി. അതിൽ രണ്ട് ഗ്രൂപ്പുകളാണ് മല്ലു ഹിന്ദു ഓഫീസേഴ്സും മല്ലു മുസ്‌ലിം ഓഫീസേഴ്സും. ഇക്കാര്യങ്ങളടക്കം ചൂണ്ടികാട്ടി സിറ്റി പൊലീസ് കമ്മീഷണർക്ക് പരാതി നൽകിയിട്ടുണ്ടെന്നും അദ്ദേഹം പ്രതികരിച്ചു.

ഇതിനിടെ സംഭവത്തിൽ അന്വേഷണം ആരംഭിച്ചു. തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണർക്ക് കെ. ഗോപാലകൃഷ്ണൻ നൽകിയ പരാതിയെ തുടർന്നാണ് അന്വേഷണം തുടങ്ങിയത്. തിങ്കളാഴ്ച രാവിലെ നൽകിയ പരാതിയിൽ സിറ്റി സൈബർ സെൽ പരിശോധന ആരംഭിച്ചു.

ഐ.എ.എസ് ഉദ്യോഗസ്ഥരെ അതിശയിപ്പിച്ചുകൊണ്ടാണ് ദീപാവലിയുടെ തലേദിവസം മല്ലു ഹിന്ദു ഓഫീസേഴ്സ് എന്ന പേരിൽ ഗ്രൂപ്പ് പ്രത്യക്ഷപ്പെട്ടത്. ഗ്രൂപ്പിന്റെ അഡ്മിൻ ഗോപാലകൃഷ്ണനായിരുന്നു. സർവീസിലെ മുതിർന്ന ഉദ്യോഗസ്ഥരും ഗ്രൂപ്പിലുണ്ടായിരുന്നു. ഇതോടെ ഉദ്യോഗസ്ഥർ ഗ്രൂപ്പുമായി ബന്ധപ്പെട്ട ആശങ്കകൾ പങ്കുവെക്കുകയും ഗോപാലകൃഷ്ണനെ വിവരമറിയിക്കുകയുമായിരുന്നു. പിന്നാലെ അദ്ദേഹം ഗ്രൂപ്പ് ഡിലീറ്റാക്കി. ഇതോടെ തന്റെ ഫോൺ ഹാക്ക് ചെയ്തതാണെന്നും സൈബർ പൊലീസിൽ പരാതി നൽകിയെന്നും അദ്ദേഹം സഹപ്രവർത്തകരെ അറിയിക്കുകയായിരുന്നു.

## ഉലമാ-ഉമറാ തീരുമാനം രാഷ്ട്രീയപ്രേരിതമെന്ന് ആരോപിക്കുന്നത് അപമാനം: കെ.എം ഷാജി

കോഴിക്കോട്: പ്രാദേശിക ഉലമാ- ഉമറാ നേതൃത്വമാണ് മഹല്ലുകളിൽ ഖാസിയുൾപ്പെടെയുള്ള വിഷയങ്ങൾ തീരുമാനിക്കുന്നതെന്നും അവർ രാഷ്ട്രീയപ്രേരിതമായിട്ടാണ് തീരുമാനമെടുക്കുന്നത് എന്ന് ആരോപിക്കുന്നതിനേക്കാൾ വലിയ മറ്റൊരു അപമാനമില്ലെന്നും മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി കെ എം ഷാജി പറഞ്ഞു. മഹല്ലുകളുടെ ആന്തരിക ഘടനയെ അപകടപ്പെടുത്തുന്നതാണ് ഈ വിഷയത്തിലെ പല പ്രസ്താവനകളും.

ഒരു വ്യക്തിയുടെ ഏറ്റവും വലിയ പ്രാസ്ഥാനിക ബന്ധം മദ്രസയിൽ പഠിച്ചു എന്നതാണ്. അവിടെ ഏറ്റവും വലിയ കാര്യം അദബ് പഠിച്ചു എന്നതാണ്. നിസ്കാരവും ഇൽമും അറിവും പഠിച്ചത് അവിടെ നിന്നാണ്. അവിടെ പഠിച്ച അദബ് മറക്കുന്നതാണ് ഇത്തരത്തിലുള്ള പ്രസ്താവനകളുണ്ടാക്കുന്നത്. ഒരു മതസംഘടനയിലും പിളർപ്പ് വരാതിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാ പിളർപ്പിലും സങ്കടമുണ്ട്. പിളർപ്പ് ഒരിക്കലും ആസ്വദിക്കാനാവില്ല. ഷാജി പറഞ്ഞു.

## ഗ്രീഷ്മ കഷായത്തിൽ കലക്കിയത് 'പാരക്വിറ്റ്' കളനാശിനി

തിരുവനന്തപുരം: ഷാരോണിനെ കൊലപ്പെടുത്താൻ ഗ്രീഷ്മ കഷായത്തിൽ കലക്കിയത് കളനാശിനിയായി ഉപയോഗിക്കുന്ന പാരക്വിറ്റ്. ഡോക്ടർമാരുടെ സംഘമാണ് കോടതിയിൽ നിർണായക വെളിപ്പെടുത്തൽ നടത്തിയത്. ഏത് കളനാശിനി നൽകിയാണ് ഷാരോണിനെ കൊലപ്പെടുത്തിയത് എന്നതു സംബന്ധിച്ച് നേരത്തെ വ്യക്തതയില്ലായിരുന്നു. നെയ്യാറ്റിൻകര അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി എ.എം ബഷീറിന് മുന്നിലാണ് ഷാരോണിനെ ചികിത്സിച്ച മെഡിക്കൽ കോളജിലെ വിദഗ്ധരായ ഡോക്ടർമാർ മൊഴി നൽകിയത്. വിഷം ശരീരത്തിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും മെഡിക്കൽ കോളജിലെ മെഡിസിൻ വിഭാഗം മേധാവി ഡോ. അരുണ കോടതിയിൽ വിശദീകരിച്ചു.



2022 ഒക്ടോബർ 14നാണ് ഗ്രീഷ്മ ആൺ സുഹൃത്തായ ഷാരോൺരാജിന് കഷായത്തിൽ വിഷം കലർത്തി നൽകിയത്. വിഷം നൽകുന്നതിന് മണിക്കൂറുകൾക്ക് മുൻപ് ഗ്രീഷ്മ പാരക്വിറ്റ് എങ്ങനെയാണ് മനുഷ്യശരീരത്തിൽ പ്രവർത്തിക്കുന്നതെന്ന് ഇന്റർനെറ്റിൽ തിരഞ്ഞു. 15 മില്ലി വിഷം ശരീരത്തിലെത്തിയാൽ മരണം ഉറപ്പാണെന്ന് മനസിലാക്കി. ഗ്രീഷ്മ വിഷത്തേക്കുറിച്ച് ഇന്റർനെറ്റിൽ തിരഞ്ഞതിന്റെ തെളിവ് പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കി. ഷാരോണിന് വിഷം കലർത്തി നൽകുന്നതിന് ദിവസങ്ങൾക്ക് മുൻപ് ഗ്രീഷ്മ ജ്യൂസ് ചലഞ്ച് എന്ന പേരിൽ പാരസെറ്റമോൾ ഗുളികകൾ കലർത്തിയ പഴച്ചാർ നൽകിയിരുന്നു. കൊലപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയായിരുന്നു ഇത് ചെയ്തത്. ഇത് നൽകുന്നതിന് മുൻപും ഗ്രീഷ്മ പല പ്രാവശ്യം ഇന്റർനെറ്റിൽ തിരഞ്ഞിരുന്നു. ഗ്രീഷ്മക്ക് പാരക്വിറ്റ് കളനാശിനി വാങ്ങി നൽകിയത് മൂന്നാം പ്രതിയായ അമ്മാവൻ നിർമൽകുമാറാണ്. ഷാരോണിന് നൽകിയ വിഷത്തിന്റെ കുപ്പിയും മറ്റുതെളിവുകളും പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കിയിരുന്നു. പാറശ്ശാല സ്വദേശിയായ ഷാരോൺ രാജും തമിഴ്നാട്ടിലെ ദേവിയോട് സ്വദേശിനിയായ ഗ്രീഷ്മയും പ്രണയത്തിലായിരുന്നു. ഇതിനിടെ ഗ്രീഷ്മക്ക് ആർമി ഉദ്യോഗസ്ഥന്റെ വിവാഹാലോചന വന്നു. ഗ്രീഷ്മയുടെ ജാതകപ്രകാരം ആദ്യ ഭർത്താവ് മരിച്ചുപോകുമെന്ന് ജ്യോത്സ്യൻ പറഞ്ഞിരുന്നു. ഇതിനെ തുടർന്നാണ് ഷാരോണിനെ താലികെട്ടിയശേഷം കഷായത്തിൽ വിഷം കലർത്തി നൽകി കൊലപ്പെടുത്തിയത്. ഗ്രീഷ്മ ഒന്നാം പ്രതിയും അമ്മ സിന്ധു രണ്ടാം പ്രതിയും അമ്മാവൻ നിർമൽകുമാർ മൂന്നാം പ്രതിയുമാണ്.

## വിട്ടുവീഴ്ചക്കില്ലെന്ന് വ്യക്തമാക്കി ശോഭാ സുരേന്ദ്രൻ; ചിത്രങ്ങൾ പുറത്തുവിട്ട് തിരൂർ സതീശ്

തൃശൂർ: വിട്ടുവീഴ്ചക്കില്ലെന്ന് പ്രഖ്യാപിച്ചും തനിക്കെതിരെ ഉയർന്ന ആരോപണങ്ങൾക്കുള്ള തെളിവ് പുറത്തുവിടാൻ വെല്ലുവിളിച്ചും ബി.ജെ. പി നേതാവ് ശോഭാ സുരേന്ദ്രൻ. കഴിഞ്ഞ ദിവസം ചാനൽ മുതലാളി ആന്റോ അഗസ്റ്റിൻ പറഞ്ഞ കാര്യങ്ങൾ തെറ്റാണെന്നും ധൈര്യമുണ്ടെങ്കിൽ അവയുടെ തെളിവ് പുറത്തുവിടണമെന്നുമാണ് ശോഭാ സുരേന്ദ്രൻ ആവശ്യപ്പെട്ടത്. ആന്റോ അഗസ്റ്റിന്റെ വീട്ടിൽ താൻ എത്തിയതിന്റെ ഒരു ഫോട്ടോ തെളിവെങ്കിലും പൊതുജനങ്ങൾക്ക് മുന്നിൽ എത്തിക്കാനും ശോഭ വെല്ലുവിളിച്ചു. ഒരു 500 തവണയെങ്കിലും ഞാൻ ആന്റോ അഗസ്റ്റിന്റെ വീട്ടിലെത്തിയിരുന്നുവെന്ന് അയാൾ പറഞ്ഞു. അതിൽ നിന്ന് രണ്ട് പൂജ്യം താൻ കളഞ്ഞു. ഒരു അഞ്ച് തവണയെങ്കിലും താൻ ആന്റോയുടെ വീട്ടിൽ വന്നതിന്റെ തെളിവ് പുറത്തുവിടണം. താൻ ആന്റോ അഗസ്റ്റിനെ ഫോണിൽ വിളിച്ചുവെന്ന് അയാൾ പറഞ്ഞു. താൻ വിളിച്ച സമയം, നമ്പർ, തീയതി എന്നിവ കേരളത്തിലെ ജനങ്ങൾക്ക് മുന്നിൽ വെക്കാൻ അയാൾ തയ്യാറാവണം. തനിക്ക് വേണ്ടി മുറികൾ എടുത്തിട്ടുണ്ടന്നാണ് അയാൾ കഴിഞ്ഞ ദിവസം പറഞ്ഞത്.

ഇന്ത്യയിലെ ഏതെങ്കിലും ഒരു ഹോട്ടലിൽ തനിക്ക് വേണ്ടി നിങ്ങൾ മുറി ബുക്ക് ചെയ്തിട്ടുണ്ടെങ്കിൽ ഒറ്റ തന്തക്ക് പിറന്നവനാണെങ്കിൽ അതിന്റെ തെളിവ് കേരളത്തിലെ ജനങ്ങൾക്ക് മുന്നിൽ വെക്കണം. ശോഭക്ക് വിമാനത്തിൽ കയറാൻ ടിക്കറ്റ് എടുത്ത് കൊടുക്കുന്നത് അയാൾ ആണെന്ന് പറഞ്ഞു. ഇല്ലാത്ത ബലാത്സംഗ കുറ്റം ചുമത്താൻ ഒരു സ്ത്രീക്ക് പണം വാഗ്ദാനം ചെയ്ത ആളാണ് ആന്റോ. അതിന്റെ സാക്ഷിയാണ് താൻ. തിരൂർ സതീശന് പിന്നിൽ ആന്റോ അഗസ്റ്റിൻ ആണെന്നും ശോഭാ സുരേന്ദ്രൻ ആരോപിച്ചു.

അതേസമയം മുൻ ഓഫീസ് സെക്രട്ടറി തിരൂർ സതീഷിന്റെ വീട്ടിൽ എത്തിയില്ലെന്ന ശോഭാ സുരേന്ദ്രന്റെ വാദം പൊളിയുന്നു. തന്റെ വീട്ടിൽ വന്നിട്ടില്ലെന്ന വാദം തെറ്റാണെന്ന് തെളിയിക്കുന്ന ചിത്രങ്ങളാണ് തിരൂർ സതീഷ് പുറത്തുവിട്ടത്. അദ്ദേഹത്തിന്റെ വീട്ടിൽ ഭാര്യയോടും മകനോടും ഒപ്പം ശോഭാ നിൽക്കുന്ന ചിത്രമാണ് പുറത്തുവന്നത്. സതീഷന്റെ വീട്ടിൽ താൻ വന്നിട്ടേയില്ലെന്നായിരുന്നു ശോഭാ സുരേന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞത്. എന്നാൽ ശോഭാ സുരേന്ദ്രൻ വീട്ടിലെത്തിയതിനുള്ള തെളിവാണ് പുറത്തുവന്ന ചിത്രങ്ങൾ. ആറുമാസം മുൻപ് തന്റെ വീട്ടിലെത്തിയതിന്റെ ചിത്രമാണ് പുറത്തുവിട്ടതെന്ന് തിരൂർ സതീഷ് പ്രതികരിച്ചു. കൊടകര കുഴൽപ്പണകേസിൽ തിരൂർ സതീഷിന്റെ ആരോപണങ്ങൾക്ക് പിന്നിൽ സി.പി.എം ആണെന്നായിരുന്നു ശോഭാ സുരേന്ദ്രൻ ആദ്യം പറഞ്ഞത്. സതീശനെ സിപിഎം വിലക്കെടുത്തെന്നും ശോഭ ആരോപിച്ചിരുന്നു. സതീശ് തന്നെ കാണാൻ വന്നിട്ടില്ലെന്നും സതീഷിന്റെ വീട്ടിൽ ഒരിക്കലും പോയിട്ടില്ലെന്നും ശോഭ പറഞ്ഞിരുന്നു.

## പൊതുസ്ഥലത്ത് അനുമതിയില്ലാതെ സ്ത്രീയുടെ ചിത്രമെടുക്കുന്നത് കുറ്റകരമല്ലെന്ന് ഹൈക്കോടതി

കൊച്ചി: സാധാരണ സാന്നിധ്യമുണ്ടാകാറുള്ള പൊതുസ്ഥലത്ത് അനുമതിയില്ലാതെ സ്ത്രീയുടെ ചിത്രമെടുക്കുന്നത് കുറ്റകരമല്ലെന്ന് ഹൈക്കോടതി. വീടിന് മുന്നിൽ നിന്നിരുന്ന സ്ത്രീയുടെ ഫോട്ടോയെടുക്കുകയും അശ്ലീല അംഗവിക്ഷേപങ്ങൾ കാട്ടുകയും ചെയ്തെന്ന കേസിൽ നോർത്ത് പറവൂർ സ്വദേശിക്കെതിരെ രജിസ്റ്റർ ചെയ്ത കേസ് ഭാഗികമായി റദ്ദാക്കിയ ഉത്തരവിലാണ് കോടതി നിരീക്ഷണം. പ്രതിക്കെതിരെ പറവൂർ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ നടപടികൾ തുടരാമെന്നു കോടതി വ്യക്തമാക്കി. പരാതിക്കാരനെതിരെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നു പ്രോസിക്യൂഷൻ വാദത്തെ തുടർന്നാണ് ചില വകുപ്പുകൾ റദ്ദാക്കിയെങ്കിലും വിചാരണ നേരിടണമെന്നു കോടതി വ്യക്തമാക്കിയത്.

പൊതുസ്ഥലത്തോ മറ്റുള്ളവരുടെ സാന്നിധ്യമുള്ള സ്വകാര്യ സ്ഥലത്തോ വെച്ച് സ്വകാര്യതയെ ബാധിക്കാത്തവിധം ചിത്രമെടുക്കുന്നത് കുറ്റകരമായി കാണാനാവില്ല. എന്നാൽ, ഇതേ സ്ഥലത്ത് സ്ത്രീയുടെ സ്വകാര്യ ഭാഗങ്ങളുടെയോ സ്വകാര്യ പ്രവൃത്തിയുടെയോ ചിത്രമെടുക്കുന്നതാണ് കുറ്റകരമെന്നും ജസ്റ്റിസ് എ. ബദറുദ്ദീൻ വ്യക്തമാക്കി. 2022 മേയ് മൂന്നിന് കാറിലെത്തിയ പ്രതിയും മറ്റൊരാളും വീടിന് മുന്നിൽ നിന്നിരുന്ന സ്ത്രീയുടെ ഫോട്ടോയെടുത്തെന്നാണ് ആരോപണം. ചോദ്യം ചെയ്തപ്പോൾ ഇരുവരും അശ്ലീല ആംഗ്യങ്ങൾ കാട്ടിയെന്നാണ് കേസ്. പറവൂർ മജിസ്ട്രേറ്റ് കോടതിയിൽ പൊലീസ് കുറ്റപത്രം നൽകി. തുടർന്ന്, കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഒന്നാം പ്രതി ഹൈകോടതിയെ സമീപിക്കുകയായിരുന്നു. തന്റെ മൊബൈൽ ഫോണിൽനിന്ന് ഫോട്ടോ കണ്ടെടുത്തിട്ടില്ലെന്നും സാക്ഷികൾക്ക് കേട്ടുകേൾവി മാത്രമാണുള്ളതെന്നും ഹരജിയിൽ ആരോപിച്ചു. കേസിൽ പ്രതിയുടെ നിരപരാധിയാണോയെന്നതിന് വിചാരണ നേരിടണമെന്നു കോടതി നിരീക്ഷിച്ചു.

## കുഴൽപ്പണ കേസിൽ തുടരന്വേഷണത്തിന് നിയമോപദേശം

തിരുവനന്തപുരം: കൊടകര കുഴൽപ്പണക്കേസിൽ തുടരന്വേഷണത്തിന് നിയമോപദേശം നൽകി ഡി.ജി.പി. പ്രത്യേക അന്വേഷണ സംഘത്തിനാണ് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം. തിരൂർ സതീശിന്റെ മൊഴി രേഖപ്പെടുത്താനും നിർദ്ദേശമുണ്ട്. മൊഴിയെ അടിസ്ഥാനമാക്കി മുന്നോട്ടു പോകാമെന്നും പൊലീസിന് നിയമോപദേശം ലഭിച്ചു. ഇതിനിടെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കാലത്ത് സംസ്ഥാനത്ത് പലയിടങ്ങളിലായി ബി.ജെ.പിക്കായി ഹവാലപ്പണം എത്തിച്ചെന്ന ഇടനിലക്കാരന്റെ മൊഴിയുടെ കൂടുതൽ വിശദാംശങ്ങളും പുറത്തുവന്നു.

കവർച്ചാക്കേസിനെ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ കൊണ്ടുവന്ന ഹവാലപ്പണവുമായി ബന്ധപ്പെടുത്തി എങ്ങനെ അന്വേഷിക്കും എന്നതിലാണ് ഡി.ജി.പി ഓഫീസിനോട് അഭിപ്രായം തേടുന്നത്. അന്തിമ റിപ്പോർട്ട് സമർപ്പിച്ച കേസിൽ പുതിയ സാഹചര്യം കോടതിയെ ധരിപ്പിച്ച് മാത്രമേ പൊലീസിന് മുന്നോട്ടുപോകാനാകൂ. കവർച്ച ചെയ്യപ്പെട്ട പണം ഹവാല ഇടപാടിലൂടെ വന്നതാണെന്ന് നേരത്തെയുള്ള റിപ്പോർട്ടിലുണ്ട്. കൂടുതൽ കോടികൾ എത്തിയെന്ന തിരൂർ സതീശിന്റെ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ തുടരന്വേഷണം എതൊക്കെ തലങ്ങളിൽ എങ്ങനെ വേണം എന്നതാണ് പരിശോധിക്കുന്നത്. കവർച്ചാക്കേസുമായി ബന്ധപ്പെടുത്തി ഇതന്വേഷിച്ചാൽ ഭാവിയിൽ അതിന്റെ സാധുത കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടേക്കും. ഇതിനുകൂടി മറുപടി തേടിക്കൊണ്ടാണ് പൊലീസ് നിയമോപദേശം തേടിയത്.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കാലത്ത് ഹവാല ഇടപാടിലൂടെ എത്തിയ 41 കോടി 40 ലക്ഷം രൂപ കാസർകോട് മുതൽ തിരുവനന്തപുരം വരെ ബി.ജെ.പിക്കായി വിതരണം ചെയ്തെന്നാണ് ഇടനിലക്കാരനായ ധർമരാജന്റെ മൊഴിയിൽ ഉള്ളത്. ഒരു കോടി നാൽപത് ലക്ഷമാണ് കണ്ണൂരിൽ നൽകിയത്. കോഴിക്കോട് മേഖലാ സെക്രട്ടറിക്ക് കൈമാറിയത് ഒന്നരക്കോടിയാണ്. തൃശൂരിൽ പന്ത്രണ്ട് കോടി എത്തി. ആലപ്പുഴയിൽ ഒരു കോടി നൽകി. പത്ത് കോടിയിലേറെയാണ് തിരുവനന്തപുരത്ത് നൽകിയതെന്നും മൊഴിയിലുണ്ട്.

## നീലേശ്വരം വെടിക്കെട്ട് അപകടം: മരണം നാലായി

കാഞ്ഞങ്ങാട്: അഞ്ഞൂറ്റമ്പലം ക്ഷേത്രത്തിലെ കളിയാട്ടത്തോടനുബന്ധിച്ച വെടിക്കെട്ട് അപകടത്തിൽ മരിച്ചവരുടെ എണ്ണം നാലായി. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന കരിന്തളം കൊല്ലംപാറ മഞ്ഞളംകാട്ടെ കെ.ബിജു (38) ഞായർ രാത്രി പത്തു മണിയോടെ മരിച്ചു. ചെറുവത്തൂർ തുരുത്തി ഓർക്കളത്തെ എഞ്ചിനീയറിംഗ് വിദ്യാർഥിയായ ഷിബിൻ രാജ് (19) ഞായർ രാത്രി 12 മണിക്ക് മരിച്ചു. ഇതോടെ വെടിക്കെട്ട് അപകടത്തിൽ മരണം നാലായത്. നേരത്തെ സ്വകാര്യ ബസിൽ കണ്ടക്ടറായി ആയിരുന്ന ബിജു ഇപ്പോൾ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായി മിനി ഓട്ടോ ടെമ്പോ ഓടിച്ചു വരികയായിരുന്നു. കെ വി ചന്ദ്രൻ എം കെ .സുശീല ദമ്പതികളുടെ മകനാണ്. ഭാര്യ: മഞ്ജു. മക്കൾ :ആദി ശങ്കർ,അദ്വൈത് .സഹോദരി: കെ.വിദ്യ. ചെറുവത്തൂർ തുരുത്തി ഓർക്കുളത്തെ ഒ. പുഷ്പരാജൻ, കെ ഷീബ ദമ്പതികളുടെ മകനാണ് .ചെന്നൈയിലെ എൻജിനീയറിങ് വിദ്യാർത്ഥിയാണ് ഷിബിൻ രാജ്. സഹോദരി: കെ.ഷിബിന .ഇരുവരുടെയും മൃതദേഹം നാട്ടി ലെത്തി സംസ്കരിച്ചു. നേരത്തെ ചെയ്യം കോട്ടെ ഓ ട്ടോ ഡ്രൈവർ കിണവൂർ റോഡി ലെ സി സന്ദീപ് (38), കിണവൂർ സ്വദേശി രതീഷ്(32) എന്നിവർ മരിച്ചിരുന്നു.



രതീഷ്



ഷിബിൻ രാജ്

## അപേക്ഷ നൽകിയിട്ട് ആറ് മാസം; പെൻഷനു വേണ്ടി പ്രവാസികൾ കാത്തിരിക്കുന്നു

പി. അബ്ദുൽ ലത്തീഫ്
കോഴിക്കോട്

പ്രവാസി ക്ഷേമ പെൻഷനായി വർഷങ്ങൾ ക്ഷേമ നിധി വിഹിതം അടച്ചവർ കാത്തിരിപ്പു തുടരുന്നു. പെൻഷന് അപേക്ഷിച്ചു ആറ് മാസം കഴിഞ്ഞിട്ടും ലഭിക്കാത്ത സാഹചര്യമാണുള്ളത്. പത്തും ഇരുപതും വർഷം ക്ഷേമ നിധിയടച്ചവരോടാണ് സർക്കാറിന്റെ അവഗണന. എന്നാൽ എന്ത് കൊണ്ട് പെൻഷൻ വൈകുന്നുവെന്നതിന് പ്രവാസി വെൽഫെയർ ബോർഡിൽ നിന്ന് കൃത്യമായ മറുപടി ലഭിക്കുന്നില്ല.

കൃത്യമായ രേഖകൾ സഹിതം ഓൺലൈനായാണ് പ്രവാസി പെൻഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അതിനാൽ ആറ് മാസം വരെ വൈകേണ്ട ഒരു സാഹചര്യവുമില്ലെന്ന് അപേക്ഷ നൽകിയവർ പറയുന്നു. നേരത്തെ അപേക്ഷ നൽകിയാൽ നാൽപത്തിയഞ്ച് ദിവസം കൊണ്ട് വെരിഫിക്കേഷൻ പൂർത്തിയായി പെൻഷൻ അംഗീകരിക്കുമായിരുന്നു. എന്നാൽ അപേക്ഷ വെരിഫിക്കേഷൻ സ്റ്റേജിലാണ് എന്ന മറുപടിയാണ് ഇപ്പോൾ വിളിക്കുമ്പോൾ ലഭിക്കുന്നത്. നൂറു കണക്കിനാളുകളാണ് പെൻഷനായി അപേക്ഷ നൽകി കാത്തിരിക്കുന്നതെന്ന് പ്രവാസി സേവന പ്രവർത്തകനും ബഹ്റൈൻ കെ.എം.സി.സി സംസ്ഥാന വൈസ് പ്രസിഡണ്ടുമായ എ.പി ഫൈസൽ പറഞ്ഞു.

അതേസമയം അപേക്ഷകരുടെ എണ്ണക്കൂടുതലാണ് പെൻഷൻ വൈകുന്നതിന് തടസ്സമെന്നാണ് പ്രവാസി വെൽഫെയർ ബോർഡിൽ നിന്നും ലഭിക്കുന്ന മറുപടി. എന്നാൽ സംസ്ഥാന സർക്കാറിന്റെ സാമ്പത്തിക പ്രതിസന്ധിയാണ് പെൻഷൻ വൈകുന്നതിന് കാരണമെന്ന് ആക്ഷേപം ഉയരുന്നുണ്ട്. പ്രവാസി പെൻഷൻ വൈകുന്നത് ഈ രംഗത്തു പ്രവർത്തിക്കുന്നവർക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്.

നാട്ടിലുള്ളവർക്ക് 3000 രൂപയും വിദേശത്തുള്ളവർക്ക് 3500 രൂപയുമാണ് പ്രവാസി പെൻഷനായി നൽകുന്നത്. പ്രവാസി ക്ഷേമ വിഹിതമായി വിദേശത്തുളളവർ 350 രൂപയാണ് അംശാദായമായി അടക്കുന്നത്. നാട്ടിലേക്ക് മടങ്ങിയ പ്രവാസികൾ മാസത്തിൽ 200 രൂപയാണ് അടക്കുന്നത്. അതേസമയം പ്രവാസി വെൽഫെയർ ബോർഡിലെ മെല്ലേ പോക്ക് നോർക്കയിലുമുണ്ട്. നോർക്ക വിവിധ വിഭാഗം ആളുകൾക്ക് നൽകുന്ന കാർഡുകൾ വൈകുന്നുണ്ട്. നോർക്ക ഓഫീസർമാരെ നിരന്തരം മാറ്റുന്നതും പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. കോഴിക്കോട് നോർക്ക ഓഫീസിലെ ഉന്നത ഉദ്യോഗസ്ഥരെ നിരന്തരം മാറ്റുകയുണ്ടായി. ഉദ്യോഗസ്ഥർ നിരന്തരം മാറുന്നത് സേവനം കൃത്യമായി നൽകുന്നതിന് തടസ്സമാകുന്നതായി പ്രവാസി ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ പറയുന്നു.

## ഒടിയൻ സിനിമക്കെതിരായ കേസ് ഹൈക്കോടതി റദ്ദാക്കി

കൊച്ചി: ഒടിയൻ എന്ന ചിത്രത്തിന് ശേഷം മഞ്ജു വാര്യർ സംവിധായകൻ ശ്രീകുമാർ മേനോന് എതിരെ നൽകിയ പരാതിയിൽ രജിസ്റ്റർ ചെയ്ത കേസ് ഹൈക്കോടതി റദ്ദാക്കി. ശ്രീകുമാർ മേനോൻ പ്രതിയായ കേസാണ് ഹൈക്കോടതി റദ്ദാക്കിയിരിക്കുന്നത്. സോഷ്യൽ മീഡിയകളിൽ ഉൾപ്പെടെ അപവാദപ്രചാരണം നടത്തിയെന്നായിരുന്നു മഞ്ജുവിന്റെ പരാതി.

ശ്രീകുമാർ മേനോന്റെ ആദ്യ ചിത്രം ഒടിയൻ പുറത്തുവന്നതിന് പിന്നാലെയാണ് മഞ്ജു വാര്യർ പരാതിയുമായി രംഗത്തെത്തിയത്. മോഹൻലാൽ നായകനായ ചിത്രത്തിൽ മഞ്ജു വാര്യർ ആയിരുന്നു നായിക. ചിത്രം റിലീസ് ചെയ്ത ശേഷം സൈബർ ആക്രമണം നേരിട്ടതായാണ് മഞ്ജു പരാതി നൽകിയത്.

തൃശൂർ ടൗൺ ഈസ്റ്റ് പൊലീസ് ആയിരുന്നു കേസ് രജിസ്റ്റർ ചെയ്തത്. ഈ കേസിലെ തുടർ നടപടികളാണ് ഹൈക്കോടതി റദ്ദാക്കിയത്. ഹൈക്കോടതി ആവശ്യപ്പെട്ടിട്ടും മഞ്ജു വാര്യർ നാല് വർഷത്തോളം നിലപാട് അറിയിച്ചില്ല. തുടർന്നാണ് 2019 ഒക്ടോബർ 23ന് രജിസ്റ്റർ ചെയ്ത എഫ്ഐആർ റദ്ദാക്കിയത്.

## യോഗം നാളെ

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രവർത്തക സമിതിയംഗങ്ങൾ, വാർഡ് പ്രസിഡന്റ്/ സെക്രട്ടറിമാർ, പോഷക സംഘടനാ പ്രതിനിധികൾ, പഞ്ചായത്ത് ബോർഡ് അംഗങ്ങൾ, ബാങ്ക് ഡയറക്ടർമാർ എന്നിവരുടെ സംയുക്ത യോഗം നാളെ നാലു മണിക്ക് ബാഫഖി സൗധത്തിൽ ചേരുമെന്ന് പഞ്ചായത്ത് ലീഗ് ജനറൽ സെക്രട്ടറി വി.വി അബ്ദുല്ല ഹാജി അറിയിച്ചു.

## മുസ്‌ലിം ലീഗ് വൊർക്കാടി പഞ്ചായത്ത് ഏകദിന പഠനക്യാമ്പ് 12ന്

വൊർക്കാടി: മുസ്‌ലിം ലീഗ് വൊർക്കാടി പഞ്ചായത്ത് കമ്മിറ്റിയുടെ ഏകദിന ശിൽപ്പശാല 'സന്നാഹം-24' നവംബർ 12ന് രാവിലെ ഒമ്പതു മണി മുതൽ വൈകുന്നേരം അഞ്ചുമണി വരെ ഗാന്ധിനഗർ എഎച്ച് പാലസിൽ നടക്കും. പഞ്ചായത്ത്, വാർഡ്തല ഭാരവാഹികളും പോഷക സംഘടനാ ഭാരവാഹികളും പങ്കെടുക്കും. മണ്ഡലം, ജില്ലാ ഭാരവാഹികൾ അതിഥികളായി പങ്കെടുക്കും. കെ. മുഹമ്മദ് പാവൂർ അധ്യക്ഷത വഹിച്ചു. ബി.എ അബ്ദുൽ മജീദ് സ്വാഗതം പറഞ്ഞു. എ.കെ ഖാലിദ് ദുർഗിപള്ള, ടിഎം മൂസക്കുഞ്ഞി ഹാജി തോക്കെ, ഉമറബ്ബ ആനക്കൽ, ബാവ ഹാജി സൂഫിനഗർ, മൂസ കെടുമ്പാടി, അഹമ്മദ് കുഞ്ഞി കജെ, സിദ്ദീഖ് ധർമ നഗർ, ഇബ്രാഹിം കജെ, വി.എസ് മുഹമ്മദ് ധർമ നഗർ, ഇബ്രാഹിം ധർമനഗർ പങ്കെടുത്തു.

## അഭിമുഖം നാളെ

ചെർക്കള: ചെർക്കള ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ മാത്സ് അധ്യാപക ഒഴിവിലേക്ക് ദിവസവേതനത്തിൽ ഉദ്യോഗാർഥിയെ നിയമിക്കുന്നു. അസൽ സർട്ടിഫിക്കറ്റുകളുമായി നാളെ രാവിലെ 10.30നു ഇന്റർവ്യൂ ഓഫീസിൽ.



നീലേശ്വരം വെടിക്കെട്ട് ദുരന്തം

# കെട്ടടങ്ങാതെ നൊമ്പരക്കനൽ

### മരണ സംഖ്യ ഉയരുന്നു

നീലേശ്വരം: കഴിഞ്ഞ തിങ്കളാഴ്ച അർധ രാത്രിയോടെ ആളിയ തീയും പുകയും ഇനിയും കെട്ടടങ്ങിയിട്ടില്ല. പൊള്ളലേറ്റ് ചികിത്സയിൽ കഴിയുന്ന ആശുപത്രികളിൽ നിന്നുയരുന്ന നിലവിളികൾ നീലേശ്വരത്തുകാരുടെ മനസുകളിൽ നൊമ്പരക്കനൽ തീർക്കുകയാണ്. ഏറ്റവുമൊടുവിൽ ഷിബിൻ രാജ് എന്ന 19കാരനു കൂടി യാത്രയായതോടെ വെടിക്കെട്ട് ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം നാലായി.

അഞ്ചു ദിവസം പിന്നിടുമ്പോഴും മരണ സംഖ്യ ഉയരുന്നു എന്നതാണ് വെടിക്കെട്ട് ദുരന്തത്തിന്റെ വ്യാപ്തി കൂട്ടുന്നത്. ചികിത്സയിലുള്ളവരിൽ രണ്ടു പേർ ഇനിയും അത്യാഹിത വിഭാഗത്തിൽ കഴിയുകയാണ്. ചികിത്സയിലുള്ളവരുടെ പരിക്ക് സാരമുള്ളതാകുന്നതും ആശങ്ക കൂട്ടുകയാണ്. ഞായറാഴ്ച രാത്രിയാണ് പൊള്ളൽ ചികിത്സാ വിഭാഗത്തിൽ അത്യാസന്ന നിലയിലായിരുന്ന കൊല്ലംപാറ മഞ്ഞളംകാടിലെ കെ. ബിജു (37) മരണത്തിനു കീഴടങ്ങുന്നത്. പൊള്ളലേറ്റ് കോഴിക്കോട് ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു മരണം. ശരീരത്തിന്റെ 50 ശതമാനത്തോളം പൊള്ളലേറ്റ് തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു. ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന ചോയ്യംകോട് കിണാവൂർ റോഡ് സ്വദേശി രതീഷ് (32) ഞായറാഴ്ച രാവിലെയും ചോയ്യംകോട് കിണാവൂരിലെ സി. സന്ദീപ് (38) ശനിയാഴ്ച വൈകിട്ടും മരിച്ചിരുന്നു. ശരീരത്തിന്റെ 60 ശതമാനത്തോളം പൊള്ളലേറ്റ് കോഴിക്കോട് ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു മരണം. ആശുപത്രിയിൽ വെന്റിലേറ്ററിലായിരുന്നു ഇരുവരും. തിങ്കളാഴ്ച അർധരാത്രിയോടെയുണ്ടായ ദുരന്തത്തിൽ നൂറിലേറെ പേർക്കാണ് അപകടത്തിൽ പൊള്ളലേറ്റത്. നിരവധിപേർ ഇപ്പോഴും വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. 30ഓളം പേർ തീവ്രപരിചരണ വിഭാഗത്തിലും ചികിത്സയിൽ തുടരുകയാണ്. തെയ്യം ഉറഞ്ഞാടുന്ന സമയത്ത് തീകൊളുത്തിയ പടക്കം പൊട്ടുന്നതിനിടയിലാണ് അപകടമുണ്ടായത്.



നീലേശ്വരം തെരു അഞ്ഞൂറ്റമ്പലം വീരർകാവ് ക്ഷേത്രത്തിലെ കളിയാട്ട ചടങ്ങിനിടെയുണ്ടായ വെടിക്കെട്ട് അപകടത്തിൽ പൊള്ളലേറ്റു ചികിത്സയിലിരിക്കെ മരിച്ച രതീഷിന്റെ മൃതദേഹം ചോയങ്കോട് ടൗണിൽ പൊതുദർശനത്തിന് വച്ചപ്പോൾ

## രതീഷിനും ബിജുവിനും ഷിബിനും കണ്ണീരോടെ വിട...

കാഞ്ഞങ്ങാട്: നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ചെറുവത്തൂർ തുരുത്തി ഓർക്കുളത്തെ ഷിബിൻ രാജി (19)നും കരിന്തളം കൊല്ലംപാറ മഞ്ഞളംകാട്ടെ കെ. ബിജുവിനും കണ്ണീരോടെ വിട നൽകി നാട്. ഞായറാഴ്ച രാത്രി കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ മരണമടഞ്ഞ ഷിബിന്റെ മൃത ദേഹം ഇന്നലെ അഞ്ചു മണിയോടെയാണ് ജന്മനാടായ ചെറുവത്തൂർ തുരുത്തി ഓർക്കളത്ത് എത്തിച്ചത്. ശേഷം ഓർക്കുളം ഏ.കെ.ജി സ്മാരക ആർട്സ് ആന്റ് സ് പോർട്സ് ക്ലബ് വായനശാലയിൽ പൊതുദർശനത്തിനെത്തിച്ചു. ശേഷം വീട്ടിലേക്ക് കൊണ്ടുപോയി. തുടർന്ന് കാടങ്കോട്ടെ പൊതു ശ്മാശനത്തിൽ സംസ്കരിച്ചു.

കിനാനൂരിലെ കെ. രതീഷിന്റെ മൃതദേഹം ചോയ്യങ്കോട് പൊതുദർശനത്തിന് വച്ചപ്പോൾ നാടൊന്നാകെ ഒഴുകിയെത്തി. ഇന്നലെ രാവിലെ ഏഴരയോടെ മൃതദേഹം എത്തിച്ചപ്പോൾ നുറുകണക്കിനാളുകളാണ് നാനാഭാഗങ്ങളിൽ നിന്നും രതീഷിനെ അവസാനമായി ഒരുനോക്കു കാണാൻ എത്തിയിരുന്നു.

ജില്ലാ കലക്ടർ കെ. ഇമ്പശേഖർ, തഹസിൽദർ പി.വി മുരളി, മുൻ എം.പി പി. കരുണാകരൻ, നീലേശ്വരം നഗരസഭ ചെയർപേഴ്സൺ ടി.വി. ശാന്ത, പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ലക്ഷ്മി സിവി, ഡി.സി.സി അംഗം ഭാവനൻ, സി.വി ബാലകൃഷ്ണൻ തുടങ്ങി നിരവധി പേർ അന്തിമോപചാരമർപ്പിക്കാനെത്തിയിരുന്നു. ശേഷം മൃതദേഹം ചൂരിപ്പാറ പൊതുശ്മാശനത്തിൽ സംസ്കരിച്ചു. കാഞ്ഞങ്ങാട്: നീലേശ്വരം വെടിക്കെട്ടിൽ ഗുരുതരമായിപരിക്കേറ്റ് ചികിത്സയിലിരിക്കെ മരിച്ച കരിന്തളം കൊല്ലംപാറ മഞ്ഞളംകാട്ടെ കെ.ബിജുവിന് നാട് വിടനൽകി. ഇന്നലെ വൈകിട്ട് ഏഴു മണിയോടെ പോസ്റ്റ് മോർട്ടം കഴിഞ്ഞ് ബിജുവിന്റെ മൃതദേഹം കൊല്ലമ്പാറയിൽ പൊതുദർശനത്തിന് വച്ചു. ശേഷം വീട്ടിലെത്തിച്ച് ചൂരിപ്പാറ പൊതുശ്മാശനത്തിൽ സംസ്കരിച്ചു.

## ശ്രുതീഷിന്റെ കാതുകളിൽ നിലക്കുന്നില്ല നടുക്കവും നിലവിളിയും

നീലേശ്വരം: നാലുപേർ ഇതിനോടകം മരണപ്പെട്ട നീലേശ്വരം വെടിക്കെട്ടപകടത്തിന്റെ നടുക്കത്തിലാണ് നീലേശ്വരം പാലായിയിലെ എം. ശ്രുതീഷ്. തെയ്യങ്ങളും അമ്പലങ്ങളും മൊബൈലിൽ മികച്ച രീതിയിൽ പകർത്താൻ മിടുക്കനാണ് ശ്രുതീഷ്. ഒക്ടോബർ 28ന് രാത്രി സുഹൃത്തു ക്കളോടൊപ്പം അഞ്ഞൂറ്റമ്പലം വീരർകാവിലേക്ക് പോയതായിരുന്നു തെയ്യംകാണാൻ. അമ്പലത്തിന്റെ അരമതിലിനടുത്താണ് എല്ലാവരും ആദ്യം നിന്നത്. പിറ്റേന്ന് നടക്കാനുള്ള തെയ്യത്തിന്റെ തോറ്റം തുടങ്ങിയപ്പോൾ കൂടുതൽ ചിത്രം പകർത്താൻ മാറി നിന്നപ്പോഴാണ് വലിയ സ്ഫോടന ശബ്ദംകേട്ടത്.



തലയുടെ പിൻഭാഗത്തേക്ക് വലതുവശത്തായി തീ പടർന്നു. വലതുകൈപത്തിയിലേക്കും. എന്താ സംഭവിച്ചതെന്നറിയാതെ പലരും നിലവിളി ച്ചോടുന്നു. പിന്നെ ആംബുലൻസിൽ നേരെ നീലേശ്വരത്തെ സഹകരണ ആശുപത്രിയിലേക്ക്. അവിടെ നിന്ന് ജില്ലാ ആശുപത്രിയിലേക്ക്. ജില്ലാ ആശുപത്രിയിൽ പൊള്ളലേറ്റവരെ കൊണ്ട് നിറഞ്ഞിരുന്നു. പിന്നീട് നേരെ മംഗളൂരുവിലെ സ്വകാര്യ ആസ്പത്രിയിലേക്ക്പോയി. അഞ്ചു ദിവസത്തെ ചികിത്സയ്ക്ക് ശേഷം ശനിയാഴ്ച വൈകിട്ട് ആശുപത്രി വിട്ടു. എല്ലാ ദിവസവും നീലേശ്വരം താലൂക്ക് ആശുപത്രിയിലേക്ക് മരുന്നുവക്കാൻ പോകുന്നുണ്ട്. മറ്റുള്ളവരെ വച്ച് നോക്കുമ്പോൾ തനിക്ക്പരിക്ക് കുഴപ്പമില്ല. എല്ലാവരുടെയും പരിക്കുകൾ വേഗം ഭേദമായി തിരിച്ചുവരട്ടെ. ശ്രുതീഷ് പറയുന്നു. ശ്രുതീഷിന്റെ സുഹൃത്തുക്കളിൽ മറ്റു രണ്ടു പേർക്കും പൊള്ളലേറ്റിരുന്നു. ഇവർ പരിയാരം ഗവ. മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.

## മൂന്നു സുഹൃത്തുക്കളുടെ മരണം സങ്കടക്കടലായി കിണാവൂർ ഗ്രാമം

**ഫസലുറഹ്മാൻ**
കാഞ്ഞങ്ങാട്

നീലേശ്വരം വെടിക്കെട്ട് ദുരന്തത്തിൽ മൂന്നു പേരെയാണ് കിനാനൂർ കരിന്തളം പഞ്ചായത്തിലെ കിണാവൂർ ഗ്രാമത്തിന് നഷ്ടപ്പെട്ടത്. സി. സന്ദീപ് (38), രതീഷ് (32), ബിജു (37) എന്നിവരാണ് മരിച്ചത്. സുഹൃദ് വലയത്തിൽപ്പെട്ട ഇവരുടെ ആകസ്മിക മരണം നാടിനെ അക്ഷരാർഥത്തിൽ നടുക്കിയിരിക്കുകയാണ്.

ഇവരുടെ മറ്റൊരു സുഹൃത്തായ രജിത്ത് മംഗളൂരുവിലെ എ.ജെ ആശുപത്രിയിൽ ചികിത്സയിലാണ്. ഇവർ നാലു പേരുമാണ് ഒന്നിച്ച് ആണ് ജില്ലയി ലെ എല്ലായിടത്തും തെയ്യങ്ങൾ കാണാൻ പോകുക പതിവാണ്. പൂരക്കളിക്കാർ കൂടിയായ ഇവർക്ക് തെയ്യത്തെ കാണുന്നതിൽ പ്രത്യേകമായ താൽപ്പര്യവുമുണ്ട്. അപകടം സംഭവിച്ച സമയത്ത് അറുപത് ശതമാനത്തിലധികം വെന്ത സന്ദീപ് സുഹൃത്തുക്കളെ വിളിച്ച് പെട്ടന്ന് രക്ഷിച്ചില്ലെങ്കിൽ ജീവൻ പോകുമെന്ന് സങ്കടത്തോടെ പറഞ്ഞിരുന്നു. അപകടത്തിൽ പെട്ട നാലുപേരും കിണാവൂർ ഗ്രാമത്തെ സംബന്ധിച്ചടുത്തോളം ഏറ്റവും വലിയ നഷ്ടമാണെന്ന് ബ്രിഡ്കോ ആന്റ് ബ്രിഡ് കോ കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ ഉണ്ണി ചന്ദ്രികയോട് പറഞ്ഞു.

കണ്ണൻകുന്ന് ചെറളത്ത് പെരളത്ത് ഭഗവതി ക്ഷേത്ര ഭാരവാഹികളാണ് മരിച്ച സന്ദീപും രതീഷുമെല്ലാം. അതിനെക്കാൾ സങ്കടം സന്ദീപിന്റെയും ബിജുന്റെയും കുടുംബങ്ങളുടെ അത്താണി നഷ്ടപ്പെട്ടു വെന്നതിലാണ്. സന്ദീപിന് ഒരു മകളും ബിജുവിന് രണ്ടു മക്കളുമാണുള്ളത്. അവരുടെ അത്താണിയാണ് നഷ്ടപ്പെട്ട് പോയിരിക്കുന്നത്. ഇവരുടെ കുടുംബങ്ങൾക്ക് ധനസഹായം ലഭിക്കുന്ന രീതിയിൽ കാര്യങ്ങൾ പോകണമെന്നാവശ്യം ശക്തമാണ്.



ബിജുവിന്റെ മൃതദേഹം കൊല്ലമ്പാറയിൽ പൊതുദർശനത്തിന് വച്ചപ്പോൾ



നീലേശ്വരം വീരർകാവ് ക്ഷേത്രത്തിൽ വെടിക്കെട്ട് അപകടത്തിൽ പൊള്ളലേറ്റു ചികിത്സയിലിരിക്കെ മരിച്ച ഷിബിൻ രാജിന്റെ മൃതദേഹം ചെറുവത്തൂർ തുരുത്തി ഓർക്കുളം എ.കെ.ജി സ്മാരക ആർട്സ് ആന്റ്സ്പോർട്സ് ക്ലബ് വായനാശാലയിൽ പൊതുദർശനത്തിന് വച്ചപ്പോൾ



ശക്തമായ കാറ്റിലും മഴയിലും ഓടുമേഞ്ഞ വീടിന് മുകളിലേക്ക് തെങ്ങുവീണ് മേൽക്കൂര തകർന്നു. ഉദുമ ടൗൺ ജുമാമസ്ജിദിനു സമീപത്തെ തായത്ത് ഹൗസിലെ കെ. ബേബിയുടെ വീടിന്റെ അടുക്കള ഭാഗമാണ് തകർന്നത്. ഞായറാഴ്ച രാത്രിയാണ് അപകടമുണ്ടായത്. ആർക്കും പരിക്കില്ല. കാലൊടിഞ്ഞതിനെ തുടർന്ന് ഗൃഹനാഥ ഇതേ വീടിനുള്ളിൽ വിശ്രമത്തിലുണ്ടായിരുന്നു.

## യോഗം നാളെ

കാസർകോട്: കുട്ടികളുടെ ഹരിതസഭ അയൽക്കൂട്ട ഗ്രേഡിങ് മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിൻ നിർവഹണ സമിതി യോഗങ്ങൾ ഹരിത സ്ഥാപനങ്ങൾ ഈവേസ്റ്റ് കളക്ഷൻ, ഹരിത വിദ്യാലയങ്ങൾ ഹരിത ടൂറിസം എന്നിവയുടെ പുരോഗതിയും ഹരിതമിത്രം വിലയിരുത്തലിനും മാലിന്യമുക്ത നവകേരളം കാമ്പയിൻ സെക്രട്ടറിയേറ്റിന്റെയും നവകേരളം ജില്ലാതല ഏകോപന സമിതിയുടെയും യോഗം ആറിന് ബുധനാഴ്ച രാവിലെ 10.30ന് തദ്ദേശ സ്വയംഭരണം ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ചേരും.


## ഐക്യം തകർക്കുന്ന വിവാദങ്ങളിൽ നിന്ന് വിട്ടുനിൽക്കണം: കാസർകോട് സംയുക്ത മുസ്‌ലിം ജമാഅത്ത്

കാസർകോട്: സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെയും പോഷക സംഘടനകളുടെയും ഉത്തരവാദപ്പെട്ട പദവിയിലിരിക്കുന്നവരും പ്രവർ ത്തകരും വിവാദ പ്രസ്താവനകളിൽ നിന്നും ആരോപണ പ്രത്യാരോപണങ്ങളിൽ നിന്നും പൂർണമായും വിട്ടുനിൽക്കണമെന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് ജിഫ്രി മുത്തുക്കോയ തങ്ങൾ, ജനറൽ സെക്രട്ടറി പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ തുടങ്ങിയ നേതാക്കളുടെ ആഹ്വാനം ഉൾകൊള്ളാൻ എല്ലാവരും തയാറാകണമെന്ന് കാസർകോട് സംയുക്ത മുസ്‌ലിം ജമാഅത്ത് സ്റ്റിയറിങ് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

പരസ്പര ഐക്യത്തിനും സൗഹാർദ്ദത്തിനും ഭംഗം വരുത്തുന്നവിധം പൊതുവേദികളിലും സാമൂഹിക മാധ്യമങ്ങളിലും വിവാദ പരാമർശങ്ങൾ നടത്തുന്നത് തീർത്തും ഒഴിവാക്കേണ്ടതാണ്. ദീനിനെ കുറിച്ച് പറയേണ്ട ഉത്തരവാദിത്വം മതപണ്ഡിതന്മാരുടെതാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അതേസമയം, സമുദായത്തിന്റെ മാന്യമായ അസ്തിത്വം നിലനിർത്തുന്നതിനും അവഗണിക്കപ്പെട്ടിരുന്ന പല മേഖലകളിലും സമുദായത്തിന് കരുത്തുപകരാൻ നേതൃത്വം നൽകിയ വ്യക്തികളെയും പാണക്കാട് സയ്യിദ് കുടുംബത്തെയും അവരുടെ മഹിതമായ പാരമ്പര്യത്തെയും അപമാനിക്കുന്നത് ആർക്കും ഭൂഷണമല്ല.

പൂർവസൂരികളായ പണ്ഡിതരും നേതാക്കളും വഴിതെളിയിച്ച പാതയിൽ നിന്നുള്ള വ്യതിയാനം സമുദായ ഐക്യത്തെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല. അപകർഷതാബോധവും, വ്യകതിവിരോധവും ഭിന്നസ്വരവും വെടിഞ്ഞ് ഐക്യത്തിന്റെ പാതയിൽ ഏക സ്വരത്തിൽ മുന്നേറാൻ എല്ലാവരും തയാറാകണമെന്ന് യോഗം ആവശ്യപ്പെട്ടു.

പ്രസിഡന്റ് എൻ.എ നെല്ലിക്കുന്ന് എം.എൽ.എ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹ്മാൻ സ്വാഗതം പറഞ്ഞു. എൻ.എ അബൂബക്കർ, അബ്ദുൽ കരീം സിറ്റി ഗോൾഡ്, സി.എച്ച് മുഹമ്മദ് കുഞ്ഞി ചായിന്റടി, എം. മഖ്സൂദ് ഫോർട്ട് റോഡ്, കെ.ബി മുഹമ്മദ് കുഞ്ഞി, എം.എ മജീദ് പട്ടള, മാഹിൻ കേളോട്ട്, എം.എ.എച്ച് മഹ്മൂദ്, സിദ്ദീഖ് നദ്‌വി ചേരൂർ പി.എം മുനീർ ഹാജി, കെ.എ മുഹമ്മദ് ബഷീർ, ഹമീദ് മിഹ്റാജ്, ടി.കെ മഹമൂദ് ഹാജി, അഷ്റഫ് പള്ളിക്കണ്ടം, യു. സഹദ് ഹാജി, സി.എ അബ്ദുല്ലക്കുഞ്ഞി ഹാജി പ്രസംഗിച്ചു.



ഒളവറയിൽ നിയന്ത്രണംവിട്ട് അപകടത്തിൽപ്പെട്ട കാർ

## നിയന്ത്രണംവിട്ട കാർ വൈദ്യുത തൂണിലിടിച്ച് നാലു പേർക്ക് പരിക്ക്

തൃക്കരിപ്പൂർ: ഒളവറയിലുണ്ടായ കാറപകടത്തിൽ നാലുപേർക്ക് പരിക്കേറ്റു. ഞായറാഴ്ച രാത്രി 12 മണിയോടെയാണ് സംഭവം. പയ്യന്നൂരിൽ നിന്നും തൃക്കരിപ്പൂർ ഭാഗത്തേക്ക് വരികയായിരുന്ന സ്വിഫ്റ്റ് കാറാണ് അപകടത്തിൽപ്പെട്ടത്. നിയന്ത്രണംവിട്ട കാർ സമീപത്തെ ഇലക്ട്രിക് പോസ്റ്റിലും തുടർന്നു മതിലിലും ഇടിക്കുകയായിരുന്നു. കാർ യാത്രികരായ അഞ്ചു യുവാക്കളിൽ നാലു പേർക്കും പരിക്കേറ്റു. ഇടിയുടെ ആഘാതത്തിൽ കാറിന്റെ മുൻ ഭാഗം പൂർണമായും തകർന്നു. ഗുരുതരമായി പരിക്കേറ്റ രണ്ടുപേരെ മംഗളൂരുവിലെയും കണ്ണൂരിലെയും സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മറ്റു രണ്ടുപേരുടെ പരിക്ക് സാരമുള്ളതല്ല.

മൊഗ്രാൽ ജി.വി.എച്ച്.എസ്.എസിൽ

## ഉച്ചഭക്ഷണ മെനു ഡിജിറ്റൽ ബോർഡിൽ തെളിയും

### സ്വിച്ച് ഓൺ കർമം എം.എൽ.എ നടത്തി

മൊഗ്രാൽ: ഹൈടെക് സ്കൂളിൽ ഉച്ചഭക്ഷണ മെനുവിനും ഹൈടെക് സംവിധാനം. മൊഗ്രാൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഓഫീസിന് സമീപത്തായി ഉച്ചഭക്ഷണത്തിന്റെ ഓരോ ദിവസത്തിന്റെയും മെനു ഇനി ഡിജിറ്റൽ ബോർഡിൽ തെളിയും. സ്വിച്ച് ഓൺ കർമം മഞ്ചേശ്വരം എം.എൽ.എ എ.കെ.എം അഷ്റഫ് നിർവഹിച്ചു. ചടങ്ങിൽ പിടിഎ പ്രസിഡന്റ് അഷ് റഫ് പെർവാഡ് അധ്യക്ഷത വഹിച്ചു. ഹെഡ് മാസ്റ്റർ സുകുമാരൻ സ്വാഗതം പറഞ്ഞു.



ഉച്ചഭക്ഷണ മെനുവിനായി മൊഗ്രാൽ സ്കൂളിൽ സ്ഥാപിച്ച ഡിജിറ്റൽ ബോർഡിന്റെ സ്വിച്ച് ഓൺ കർമം എ.കെ.എം അഷ്റഫ് എം.എൽ.എ നിർവഹിക്കുന്നു

ഹയർസെക്കന്ററി പ്രിൻസിപ്പൽ കെ. അനിൽ, വി.എച്ച്.എസ്.ഇ സെക്ഷൻ പ്രിൻസിപ്പൽ പ്രതീഷ്, എസ്.എം.സി ചെയർമാൻ ആരിഫ് എഞ്ചിനീയർ, അധ്യാപകരായ ലത്തീഫ്, ബിജു, മദർ പി.ടി.എ പ്രസിഡന്റ് ഇർഫാന, സ്കൂൾ ഓഫീസ് സ്റ്റാഫ് അംഗങ്ങളായ ഹാരിസ്, മിഥുൻ, നിഖിൽ രാജ്, പി.ടി.എ വൈസ് പ്രസിഡന്റ് ലത്തീഫ് കൊപ്പളം, എസ്.എം.സി വൈസ് ചെയർപേഴ്സൺ നജ്മുന്നിസ എം.ജി, പി.ടി.എ, എസ്.എം.സി അംഗങ്ങളായ മുംതാസ്, സുഹറ, ഹസീന, പി.എം മുഹമ്മദ് കുഞ്ഞി ടൈൽസ്, എച്ച്.എം കരീം,

അബ്ദുള്ളക്കുഞ്ഞി നട്പ്പളം, പൂർവ വിദ്യാർഥി അംഗങ്ങളായ സെഡ്.എ മൊഗ്രാൽ, ടി.എം ഷുഹൈബ്, ടി.കെ അൻവർ, അബൂബക്കർ ലാൻഡ് മാർക്ക്, കെ.പി മുഹമ്മദ് സ്മാർട്ട്, റിയാസ് കരീം, എം.എ മൂസ, താജുദ്ദീൻ മൊഗ്രാൽ, മുഹമ്മദ് അഷ്റഫ് സാഹിബ്, എം.എസ് അഷ്റഫ്, സ്റ്റാഫ് സെക്രട്ടറി തസ്നി പ്രസംഗിച്ചു.




എടനീർ മഠാധിപതി സച്ചിദാനന്ദ സ്വാമിജിയുടെ കാർ തടഞ്ഞുനിർത്തി അതിക്രമം നടത്തിയതിനെതിരെ സർവകക്ഷി പ്രതിഷേധം എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

ഗൾഫ് ചന്ദ്രിക
news@gulf-chandrika.com
2024 നവംബർ 05 ചൊവ്വ
ഗൾഫ് ചന്ദ്രിക

## പ്ലാസ്റ്റിക് ക്യാരി ബാഗുകൾ പിടിച്ചെടുത്തു

കണ്ണൂർ: ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ചെമ്പിലോട് പഞ്ചായത്ത് പരിധിയിൽ നടത്തിയ പരിശോധനയിൽ 10 കിലോയിലധികം നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ പിടിച്ചെടുത്തു. നിരോധിത ക്യാരി ബാഗുകൾ സൂക്ഷിച്ചതിനും ഉപയോഗിച്ചതിനും മൗവ്വഞ്ചേരി ബേക്കറി ഉടമയ്ക്ക് പതിനായിരം രൂപ പിഴ ചുമത്തി. തുടർനടപടികൾ സ്വീകരിക്കാൻ സ്ക്വാഡ് ചെമ്പിലോട് പഞ്ചായത്തിന് നിർദേശം നൽകി. പരിശോധനയിൽ ജില്ലാ എൻഫോഴ്സ്മെന്റ് ടീം ലീഡർ ഇ.പി സുധീഷ്, എൻഫോഴ്സ്മെന്റ് ഓഫീസർ കെ.ആർ അജയകുമാർ, ഷരീകുൽ അൻസാർ, ഹെൽത്ത് ഇൻസ്പെക്ടർ പി.വി പ്രസീത, എൽ ലാലു പങ്കെടുത്തു.

## സുനാമി പ്രതിരോധ തയാറെടുപ്പ് മോക് ഡ്രിൽ ഇന്ന്

കണ്ണൂർ: സുനാമി റെഡി പദ്ധതിയുടെ ഭാഗമായി ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈകാര്യശേഷി വർധിപ്പിക്കുക, സമൂഹാധിഷ്ഠിത ദുരന്തനിവാരണം സാധ്യമാക്കുക എന്നീ ലക്ഷ്യത്തോടെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി, കില എന്നിവ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഇന്ന് തദ്ദേശസ്വയംഭരണങ്ങളിൽ സ്ഥാപനതല സുനാമി പ്രതിരോധ മോക്ഡ്രിൽ നടത്തുന്നു. കണ്ണൂർ താലൂക്കിൽ അഴീക്കോട് പഞ്ചായത്ത് ഒന്നാം വാർഡിലെ അഴീക്കൽ ലൈറ്റ് ഹൗസ് ഗ്രൗണ്ടിൽ രാവിലെ 9.30നാണ് മോക് ഡ്രിൽ. യുനസ്കോ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ നിർദേശങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണ് മോക് ഡ്രിൽ നടത്തുക.

## തിരഞ്ഞെടുപ്പ് നടപടികൾ റദ്ദാക്കി

കണ്ണൂർ: പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ-ഹിന്ദി തസ്തികമാറ്റം വഴി (കാറ്റഗറി നമ്പർ 249/2024) തസ്തികയിലേക്ക് 2024 ജൂലൈ 30ന് ഗസറ്റ് വിജ്ഞാപന പ്രകാരം ഉദ്യോഗാർഥികൾ ആരും അപേക്ഷ സമർപ്പിക്കാത്തതിനാൽ വിജ്ഞാപന പ്രകാരം തിരഞ്ഞെടുപ്പ് നടപടികൾ റദ്ദാക്കിയതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു

# കണ്ണൂർ വാർത്തകൾ

## പഴയങ്ങാടിയിൽ ടിപ്പറും ബസും കൂട്ടിയിടിച്ചു നഗരം ഗതാഗത കുരുക്കിലായി


പഴയങ്ങാടിയിൽ അപകടത്തിൽപ്പെട്ട ബസും ടിപ്പർ ലോറിയും

പഴയങ്ങാടി: ബസ്സ്റ്റാന്റിൽ നിന്നിറങ്ങുന്ന ബസും ടിപ്പർ ലോറിയും കൂട്ടിയിടിച്ചു. നഗരം മണിക്കൂറോളം ഗതാഗത കുരുക്കിലായി. ഇന്നലെ വൈകീട്ട് 4.30ഓടെയാണ് സംഭവം. പഴയങ്ങാടി ബസ്സ്റ്റാന്റിൽ നിന്നിറങ്ങവെ സ്വകാര്യ ബസും ടിപ്പർ ലോറിയും കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ ടിപ്പർ ലോറിയുടെ ഒരു ഭാഗം പൂർണമായും തകർന്നു. അപകടത്തെ തുടർന്ന് മണിക്കൂറുകളോളമാണ് നഗരത്തിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടത്. പഴയങ്ങാടി ബസ്സ്റ്റാന്റിൽ നിന്ന് പ്രധാന റോഡിലേക്ക് വരുന്നതിനിടെ ബസ് ടിപ്പർ ലോറിയിൽ ഇടിക്കുകയായിരുന്നു.

അപകടത്തിൽ ആർക്കും പരിക്കില്ല. പഴയങ്ങാടി പൊലീസ് എത്തി വാഹനം നീക്കിയ ശേഷമാണ് ഗതാഗതം പുനസ്ഥാപിച്ചത്.അടുത്തില ഇറക്കത്തിൽ നടന്ന മറ്റൊരു അപകടത്തിൽ രണ്ട് പേർക്ക് പരിക്കേറ്റു. പ്രധാന റോഡിൽ നിന്ന് ഇടവഴി റോഡിലേക്ക് കടക്കുന്നതിനിടയിൽ ബൈക്കിന് പിന്നിൽ മിനിലോറി വന്ന് ഇടിക്കുകയായിരുന്നു. അടുത്തില സ്വദേശികളായ പ്രകാശൻ, ഭാര്യ നിഷ എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ കണ്ണൂർ ഗവ.മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു.


എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടറെ നുണ പരിശോധനയ്ക്ക് വിധേയനാക്കണമെന്നാവശ്യപ്പെട്ട് മുസ്ലിംലീഗ് ജില്ലാ കമ്മിറ്റി കലക്ടറേറ്റിലേക്ക് നടത്തിയ മാർച്ച് പൊലീസ് ബാരിക്കേഡ് വെച്ച് തടഞ്ഞപ്പോൾ

## തളിപ്പറമ്പ് പുഷ്പഗിരിയിൽ വാഫി-വഫിയ്യ ജില്ലാ സംഗമം



ജില്ലാ വാഫി-വഫിയ്യ സംഗമം അബ്ദുൽ ഹകീം ഫൈസി ആദ്യശേരി ഉദ്ഘാടനം ചെയ്യുന്നു

തളിപ്പറമ്പ്: ജില്ലയിലെ വാഫി, വഫിയ്യകളുടെ സംഗമം തളിപ്പറമ്പ് പുഷ്പഗിരിയിൽ സി.ഐ.സി ജനറൽ സെക്രട്ടറി അബ്ദുൽ ഹകീം ഫൈസി ആദൃശ്ശേരി ഉദ്ഘാടനം ചെയ്തു. വാഫി അലുംനി അസോസിയേഷൻ ജില്ലാ പ്രസിഡന്റ് താജുദ്ദീൻ വാഫി ഞെക്ലി അധ്യക്ഷനായി.

ട്രെയ്നർ പി.സി സിദ്ദീഖുൽ അക്ബർ വാഫി വിഷയാവതരണം നടത്തി. ഡോ.അബ്ദുൽ ബർറ് വാഫി അസ്ഹരി, ഡോ.താജുദ്ദീൻ വാഫി അസ്ഹരി, അബ്ദുൽ ലത്തീഫ് ഫൈസി പറമ്പായി, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, ഹസൻ വാഫി മണ്ണാർക്കാട്, അബ്ദുറസാഖ് വാഫി ഫൈസി, ബുജൈർ വാഫി, സുബൈർ അസ്ഹരി, സി.പി അബ്ദുറഹ്മാൻ വാഫി, അബ്ദുൽ ലത്തീഫ് വാഫി, അബൂബക്കർ വാഫി, അബ്ദു റഊഫ് വാഫി, ജാബിർ വാഫി കല്ലായി, ഷാനിദ് വാഫി ചൊക്ലി സംസാരിച്ചു.

## മാടായി ഉപജില്ലാ കേരളാ സ്കൂൾ കലോത്സവത്തിന് അരങ്ങുണർന്നു


മാടായി ഉപജില്ലാസ്കൂൾ കലോത്സവം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു

പഴയങ്ങാടി: മാടായി ഉപജില്ലാ സ്കൂൾ കലോത്സവത്തിന് പഴയങ്ങാടിയിൽ അരങ്ങുണർന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. സംഘാടക സമിതി ചെയർമാൻ മാടായി പഞ്ചായത്ത് പ്രസിഡന്റ് സഹീദ് കായിക്കാരൻ അധ്യക്ഷനായി.

ഗാനരചയിതാവും സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവുമായ ഹരീഷ് മോഹൻ, യുവപ്രതിഭ പല്ലവി രതീഷ് എന്നിവർ വിശിഷ്ടാതിഥികളായി. കലോത്സവ ലോഗോ തയ്യാറാക്കിയ കെ രാജഗോപാൽ, സംസ്ഥാന അധ്യാപക പുരസ്കാര ജേതാവ് പ്രഭാകരൻ എന്നിവരെ അനുമോദിച്ചു. കല്യാശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി ഷാജിർ, ഏഴോം, ചെറുകുന്ന്, മാട്ടൂൽ പഞ്ചായത്ത് പ്രസിഡന്റുമാരായ പി ഗോവിന്ദൻ, ടി രതി, കെ ഫാരിഷ, രാഷ്ട്രീയ-സാമൂഹ്യ മേഖലയിലെ പ്രഫ.മുഹമ്മദ് അഹമ്മദ്, കെ പത്മനാഭൻ, എം.പി ഉണ്ണികൃഷ്ണൻ, വി വിനോദ്, കെ.പി മനോജ്, എം.വി ശ്രീശൻ, കെ ജയശങ്കർ, എം ഹൈമ, എ.പി ബദറുദ്ദീൻ, മോഹനൻ കക്കോപ്രവൻ, ജനറൽ കൺവിനർ ഡോ.പി ഷീജ, സംഘാടക സമിതി ചെയർമാൻ യു സജിത്ത് കുമാർ പ്രസംഗിച്ചു.

# നവീൻ ബാബുവിന്റെ മരണം

## ജില്ലാ കലക്ടറെ നുണ പരിശോധനയ്ക്ക് വിധേയനാക്കാൻ മുസ്ലിം ലീഗിന്റെ ഉജ്വല മാർച്ച്


മുസ്ലിംലീഗ് കലക്ടറേറ്റ് മാർച്ചിനിടെ കസ്റ്റഡിയിലെടുത്ത പ്രവർത്തകനെ വിട്ടയക്കണമെന്നാവശ്യപ്പെട്ട് അബ്ദുൽ കരീം ചേലേരിയുടെ നേതൃത്വത്തിൽ ടൗൺ സ്റ്റേഷന് മുന്നിലെ റോഡ് ഉപരോധിച്ചപ്പോൾ

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് പ്രതിക്ക് അനുകൂല മൊഴിനൽകിയ ജില്ലാ കലക്ടറെ നുണ പരിശോധനയ്ക്ക് വിധേയനാക്കണമെന്നാവശ്യപ്പെട്ട് കലക്ടറേറ്റിലേക്ക് മുസ്ലിം ലീഗിന്റെ ഉജ്വല മാർച്ച്. പൊലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. അകാരണമായി കസ്റ്റഡിയിലെടുത്ത പ്രവർത്തകനെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ട് പ്രവർത്തകർ റോഡിലും ഉപരോധം തീർത്തു.

പ്രതിഷേധവുമായി എത്തിയ പ്രവർത്തകരെ കവാടത്തിനു മുന്നിൽ പൊലീസ് ബാരിക്കേഡ് ഉയർത്തിയാണ് തടഞ്ഞത്. വനിതാ പൊലീസിനെ ഉപയോഗിച്ച് മാർച്ച് തടയാൻ ശ്രമിച്ചത് പ്രവർത്തകർ ചോദ്യം ചെയ്തതോടെ ഉന്തും തള്ളുമുണ്ടായി. നേതാക്കൾ ഇടപെട്ടാണ് പ്രവർത്തകരെ ശാന്തരാക്കിയത്.

മാർച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുറഹിമാൻ കല്ലായി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് അഡ്വ.അബ്ദുൽ കരീം ചേലേരി അധ്യക്ഷനായി. ജനറൽ സെക്രട്ടറി കെ.ടി സഹദുല്ല, ഭാരവാഹികളായ അഡ്വ.കെ.എ ലത്തീഫ്, അഡ്വ.എസ് മുഹമ്മദ്, കെ.പി താഹിർ, ഇബ്രാഹിംമുണ്ടേരി, കെ.വി മുഹമ്മദലി ഹാജി, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, ടി.എ തങ്ങൾ, അൻസാരി തില്ലങ്കേരി, സി.കെ മുഹമ്മദ്, അഡ്വ.എം.പി മുഹമ്മദലി, മഹമൂദ് അള്ളാംകുളം, പി.കെ സുബൈർ, ബി.കെ അഹമ്മദ് പ്രസംഗിച്ചു. യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് നസീർ നെല്ലൂർ, ജനറൽ സെക്രട്ടറി പി.സി നസീർ, എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് നസീർ പുറത്തിൽ, എസ്.ടി.യു ജില്ലാപ്രസിഡന്റ് ആലിക്കുഞ്ഞി പന്നിയൂർ, സ്വതന്ത്ര കർഷകസംഘം സംസ്ഥാന സെക്രട്ടറി എം.പി.എ റഹീം, ജില്ലാ പ്രസിഡന്റ് അഹമ്മദ് മാണിയൂർ, പ്രവാസി ലീഗ് ജില്ലാ ജനറൽ സെക്രട്ടറി യു.പി അബ്ദുറഹിമാൻ, ഖത്തർ കെ.എം.സി.സി ജില്ലാ പ്രസിഡന്റ് ഹനീഫ ഏഴാംമൈൽ, മുസ്ലിംലീഗ് മണ്ഡലം നേതാക്കളായ കെ.കെ അഷ്റഫ്, ഒ.പി ഇബ്രാഹിംകുട്ടി, എസ്.കെ.പി സക്കരിയ, പി.വി അബ്ദുല്ല മാസ്റ്റർ, പി.ടി.എ കോയ, ഫാറൂഖ് വട്ടപ്പൊയിൽ, എ.കെ അബൂട്ടി ഹാജി, കെ.പി മുഹമ്മദലി, പി.പി.എ സലാം, സി സമീർ, ഇഖ്ബാൽ കോയിപ്ര, പി.വി ഇബ്രാഹിം, സി.പി റഷീദ്, പി.കെ കുട്ട്യാലി, ടി.എ.ൻഎ ഖാദർ, ഒമ്പാൻ ഹംസ, പി.കെ ഷാഹുൽ ഹമീദ്, സക്കീർ മൗവ്വഞ്ചേരി പങ്കെടുത്തു.

### വനിതാ പൊലീസിനെ മുന്നിൽ നിർത്തി പൊലീസിന്റെ പ്രതിരോധം

കണ്ണൂർ: മുസ്ലിം ലീഗ് കലക്ടറേറ്റ് മാർച്ച് തടയാൻ വനിതാ പൊലീസിനെ നിയോഗിച്ചതിനെ ചൊല്ലി പ്രവർത്തകരും പൊലീസും തമ്മിൽ ഉന്തും തള്ളും. മാർച്ച് കലക്ടറേറ്റ് കവാടത്തിൽ എത്തിയപ്പോഴാണ് പുരുഷ പൊലീസ് ഏറെയുണ്ടായിട്ടും വനിത പൊലീസിനെ മാർച്ച് തടയാൻ നിയോഗിച്ചത്. വനിതാ പൊലീസിനെ അപമാനിച്ചുവെന്ന് പറഞ്ഞു വിഷയം വഴിതിരിച്ചുവിടാനുള്ള നീക്കമാണ് ഇതിനുപിന്നിലെന്ന് പറഞ്ഞായിരുന്നു തർക്കം. ഇതിനിടെ ഒരു പ്രവർത്തകനെ പൊലീസ് കസ്റ്റഡിയിലെടുത്തു. പ്രതിഷേധവുമായി നേതാക്കളും പ്രവർത്തകരും ടൗൺ സ്റ്റേഷന് മുന്നിൽ റോഡ് ഉപരോധിച്ചു. ഇതോടെ കസ്റ്റഡിയിലെടുത്ത പ്രവർത്തകനെ വിട്ടയച്ചു.

### ജില്ലാ സ്കൂൾ കലോത്സവം സ്വീകരണ കമ്മിറ്റി യോഗം ഇന്ന്

പയ്യന്നൂർ: ഈമാസം 19 മുതൽ 23 വരെ പയ്യന്നൂരിൽ നടക്കുന്ന കണ്ണൂർ റവന്യൂ ജില്ലാ കലോത്സവ സ്വീകരണ കമ്മിറ്റി വിപുലീകരണ യോഗം ഇന്ന് വൈകുന്നേരം മൂന്നിന് എ കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ.വൊക്കേഷനൽ ഹയർസെക്കന്ററി സ്കൂളിൽ ചേരും. ഫോൺ: 9447690235.


സ്വതന്ത്ര കർഷക സംഘം സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുത്ത എം.പി.എ റഹീം. എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ്, മുസ്ലിംലീഗ് ജില്ലാ സെക്രട്ടറി, യൂത്ത് ലീഗ് ജില്ലാ ജനറൽ സെക്രട്ടറി, സ്വതന്ത്ര കർഷക സംഘം ജില്ലാ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. നിലവിൽ കണ്ണൂർ സർവകലാശാല സെനറ്റംഗമാണ്.

## കാറ്റിൽ പറക്കും ഫ്ളോട്ടിംഗ് ഡൈനിംഗ്


**വാഗ്ദാനങ്ങളും വെറുംവാക്കായി**

# ജലരേഖയായി മാറുമോ പുല്ലൂപ്പിക്കടവ് ടൂറിസം പദ്ധതി

കണ്ണൂർ: ഫ്ളോട്ടിംഗ് ഡൈനിംഗ് ഉൾപ്പെടെ ജലസാഹസിക വിനോദം വാഗ്ദാനം ചെയ്ത പുല്ലൂപ്പിക്കടവ് ടൂറിസം പദ്ധതി ജലരേഖയെന്ന പോൽ നിശ്ചലാവസ്ഥയിൽ. കോടികളുടെ പദ്ധതി സഞ്ചാരികൾക്ക് ഉപകാരപ്രദമാക്കാൻ സർക്കാറിനും താൽപര്യമില്ല. നശിച്ച് തീർന്നേക്കാം കോടികൾ. വളപട്ടണം പുഴയുടെ കൈവഴിയായ കാട്ടാമ്പള്ളി വഴി പുല്ലൂപ്പിയിലൂടെ കടന്ന് പോകുന്ന പുഴയുടെയും പുഴയോരത്തിന്റെയും സൗന്ദര്യം ആസ്വദിക്കാനാകുന്ന പദ്ധതിയായാണ് ഉദ്ഘാടനം ചെയ്ത് ഒരു വർഷം പിന്നിട്ടിട്ടും പാതിവഴിയിൽ തുടരുന്നത്. ഫ്ളോട്ടിംഗ് ഡൈനിംഗ് പ്രധാന ആകർഷണമാക്കി 4.01 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കിയതാണ് ഈ പദ്ധതി. പുല്ലൂപ്പിക്കടവ് ടൂറിസം നിക്ഷേപത്തിന്റെ സാധ്യതകൾ തേടുമെന്നായിരുന്നു ഉദ്ഘാടന വേളയിൽ വകുപ്പ് മന്ത്രി പി.എ റിയാസിന്റെ വാഗ്ദാനം.

പ്രാദേശിക ഭക്ഷണ വിഭവങ്ങൾ ഉൾപ്പെടെ മലബാറിന്റെ തനത് രുചികൾ പരിചയപ്പെടുത്തുന്ന ഭക്ഷ്യ വിപണന കേന്ദ്രങ്ങളായി നാല് കിയോസ്കുകളും ആധുനിക റസ്റ്റോറന്റുകളും തുടങ്ങുമെന്നും ടൂറിസം വകുപ്പ് അറിയിച്ചിരുന്നു. പുഴയിലൂടെ യാത്ര ചെയ്യുന്ന സഞ്ചാരികൾക്ക് ബോട്ടിംഗ്, നാടൻ വള്ളം, കയാക്കിംഗ് എന്നിവയിലൂടെ പുഴയുടെ സൗന്ദര്യം ആസ്വദിച്ച് ഫ്ളോട്ടിംഗ് ഡൈനിംഗ് നടത്താമെന്നുമായിരുന്നു വാഗ്ദാനം. ഇതിനായി നാല് വിൽപന സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ വാഗ്ദാനങ്ങളൊക്കെ കാറ്റിൽപറത്തി ഫ്ളോട്ടിംഗ് ഡൈനിംഗ് എന്ന സ്വപ്നം വിദൂരത്താകുന്ന കാഴ്ചയാണിപ്പോൾ.

നിലവിൽ ഒഴിവ് ദിവസങ്ങളിൽ മാത്രമാണ് സഞ്ചാരികൾ എത്തുന്നത്. ഇവരിൽ ഭൂരിഭാഗവും വിവാഹാഘോഷത്തിന്റെ ഭാഗമായ ചിത്രീകരണം മാത്രമാണ്. ടൂറിസം കേന്ദ്രത്തിനകത്ത് പ്രവേശിക്കാതെ പുറത്ത് നിന്ന് സന്ദർശിച്ച് പോകുന്നവരുമുണ്ട്. ഇവിടെ കാര്യമായ പദ്ധതികൾ ഇല്ലാത്തതാണ് കാരണം. നിലവിൽ 20 രൂപയാണ് പ്രവേശന ഫീസ്. കഫ്റ്റീരിയകളും ചായക്കടകളുമില്ലാത്തതും സന്ദർശകരെ പിന്നോട്ടടുപ്പിക്കുകയാണ്. വാക്ക് വേ, ഇരിപ്പിട സൗകര്യം, ടോയ്‌ലറ്റ് എന്നിവയാണ് നിലവിൽ സഞ്ചാരികൾക്ക് തുറന്ന് കൊടുത്തത്. ടൂറിസം പദ്ധതി ഇഴഞ്ഞു നീങ്ങുന്നതിനെതിരെ പ്രതിപക്ഷ സംഘടനകൾ സമരവുമായി രംഗത്തുണ്ട്. കഴിഞ്ഞ രണ്ട് മാസം മുമ്പ് പുല്ലൂപ്പിക്കടവ് പൂർണ തോതിൽ സജ്ജമാക്കുമെന്ന് ഡിടിപിസി വാർത്താകുറിപ്പ് ഇറക്കിയിരുന്നു. എന്നാൽ ഇത് വെറും പ്രഹസനമായി മാറിയെന്നാണ് പ്രതിപക്ഷ പാർട്ടികളുടെ ആക്ഷേപം.


പുല്ലൂപ്പിക്കടവിൽ നിർമ്മാണം പൂർത്തിയായ ടൂറിസം പാർക്ക്

ഗൾഫ് ചന്ദ്രിക
news@gulf-chandrika.com
2024 നവംബർ 05 ചൊവ്വ
ഗൾഫ് ചന്ദ്രിക










പ്രിയങ്കക്കായി, ഇന്ത്യക്കായി... മേപ്പാടിയിൽ നടന്ന വയനാട് ലോക്സഭാ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ റോഡ് ഷോ

# ബി.ജെ.പി സർക്കാർ പൗരാവകാശം അടിച്ചമർത്തുന്നു: പ്രിയങ്ക ഗാന്ധി

മുട്ടിൽ: പൗരന്റെ അവകാശങ്ങളെ അടിച്ചമർത്തി, അധികാരത്തിനും രാഷ്ട്രീയനേട്ടങ്ങൾക്കും വേണ്ടി ജനങ്ങൾക്കിടയിൽ ഛിദ്രതയുണ്ടാക്കുകയാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ 10 വർഷമായി തുടരുന്നതെന്ന് പ്രിയങ്ക ഗാന്ധി. മുട്ടിലിൽ നടന്ന യു.ഡി.എഫ് കോർണർ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. ജനങ്ങളെ ഭിന്നിപ്പിച്ച് അധികാരത്തിൽ തുടരാമെന്നാണ് മോദി വിശ്വസിക്കുന്നത്. സ്വന്തം നേട്ടങ്ങൾക്ക് വേണ്ടി നാടിന്റെ മൂല്യങ്ങളെയും സംസ്കാരങ്ങളെയും തകർക്കുകയാണ് മോദി ഭരണകൂടം. കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം കുറച്ചിരിക്കുകയാണ്. ഇത്തരം വിഷയങ്ങളിലെല്ലാം വയനാടിന്റെ ശബ്ദം ലോക്സഭയിലും മറ്റിടങ്ങളിലുമെത്തിക്കുമെന്നും പ്രിയങ്ക പറഞ്ഞു.

പരസ്പര സ്നേഹത്തിന്റെയും മതമൈത്രിയുടെയും നാടാണ് വയനാട്. രാധാ ഗോപിമേനോൻ മുസ്‌ലിം പള്ളിയുടെ നേതൃത്വത്തിലിരുന്നത് ഈ നാട്ടിലാണ്.

മുട്ടിൽ യതീംഖാനയിലെ മുഹമ്മദ് ജമാൽ സാഹിബ്, ഒരു പുരുഷായുസ്സ് മുഴുവൻ സഹജീവി സ്നേഹത്തിനും അവരുടെ ഉന്നമനത്തിനുമായാണ് ജീവിച്ചത്. ഈ നന്മയും സൗഹാർദ്ദത്തിന്റെ പാരമ്പര്യവുമാണ് രാജ്യത്തിന് വേണ്ടതെന്നും അതിനായാണ് തന്റെ സ്ഥാനാർത്ഥിത്വമെന്നും പ്രിയങ്ക ഗാന്ധി പറഞ്ഞു.

ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തത മൂലം വയനാട്ടിലെ ജനങ്ങൾ കഷ്ടപ്പെടുകയാണെന്ന്. മെഡിക്കൽ കോളേജ് എന്നത് വയനാട്ടുകാർക്ക് ഇപ്പോഴും പൂർത്തിയാവാത്ത സ്വപ്നമാണ്. രാഹുൽ ഗാന്ധി മെഡിക്കൽ കോളേജ് യാഥാർഥ്യമാക്കാൻ ഒരുപാട് ശ്രമിച്ചു. അതിൽ കുറച്ച് പുരോഗതിയുണ്ടായി.

എന്നാൽ ഇത്ര കഠിനമായി പരിശ്രമിച്ചിട്ടും അവിടെ മെഡിക്കൽ കോളേജ് എന്ന ഒരു ബോർഡ് അല്ലാതെ യാതൊരു സൗകര്യങ്ങളും സംസ്ഥാന സർക്കാർ ഒരുക്കിയിട്ടില്ല. ഒരു മെഡിക്കൽ കോളേജ് ഇല്ലാത്തതിന്റെ പ്രയാസങ്ങൾ വയനാട്ടിലെ ജനങ്ങൾ എത്ര ആഴത്തിലാണ് അനുഭവിക്കുന്നതെന്ന് എനിക്കറിയാം. അതിനാൽ വയനാട്ടിലെ മെഡിക്കൽ കോളേജെന്ന സ്വപ്നം യാഥാർഥ്യമാക്കാൻ പരാമാവധി ശ്രമിക്കും. പ്രിയങ്ക പറഞ്ഞു. കുടിവെള്ളപ്രശ്നങ്ങൾ, വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം, ആരോഗ്യ, വിദ്യാഭ്യാസമേഖലയിലെ വിവിധ വിഷയങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങൾ, രാത്രി യാത്രാ നിരോധനം, ചുരം ബദൽറോഡുകൾ മനുഷ്യവന്യജീവി സംഘർഷം, വിനോദസഞ്ചാരമേഖലയിലെ പരിമിതികൾ എന്നിങ്ങനെയുള്ള വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിനായി നമുക്ക് ഒരുമിച്ച് നിന്ന് പോരാടും. ജില്ലയിൽ ഭക്ഷ്യസംസ്ക്കരണത്തിനുള്ള സംവിധാനങ്ങളുണ്ടെങ്കിൽ, വയനാടൻ ജനതയുടെ കൃഷിവിളകൾ കൃത്യമായി വിപണിയിലെത്തിക്കാൻ സാധിക്കും. ഇനിയും ഒരുമിച്ച് പോരാടാമെന്നും ലോകം മുഴുവൻ വയനാട് തിളങ്ങുന്നതിന് വേണ്ടി ഒരുമിച്ച് നിൽക്കണമെന്നും പ്രിയങ്ക ഗാന്ധി പറഞ്ഞു. പഞ്ചായത്ത് യു.ഡി.എഫ് ചെയർമാൻ സലാം നീലിക്കണ്ടി അധ്യക്ഷത വഹിച്ചു. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, കെ. സുധാകരൻ എം.പി, രാജ്മോഹൻ ഉണ്ണിത്താൻ എം.പി, പി.കെ കുഞ്ഞാലിക്കുട്ടി, എം.പി അബ്ദുസമദ് സമദാനി എം.പി, ടി. സിദ്ദീഖ് എം.എൽ.എ, കെ.കെ അഹമ്മദ് ഹാജി, ടി. മുഹമ്മദ്, എൻ.ഡി അപ്പച്ചൻ, എൻ.കെ റഷീദ്, പി.പി ആലി, എം.പി നവാസ്, വടകര മുഹമ്മദ്, ഒ.കെ സക്കീർ, നജീബ് മാണ്ടാട്, നൗഷാദ് മടക്കിമല, സഫിയ ടീച്ചർ, ആയിശ ബി, മജീദ് തെനേരി, ഷക്കീർ കല്ലടക്കൽ ഹഫീസ് ജാവേദ്, ആദം ആഷിഖ് തുടങ്ങിയവർ സംബന്ധിച്ചു.

## പോരാട്ടം ഫാസിസത്തിനും വർഗീയതക്കുമെതിരെ: സാദിഖലി തങ്ങൾ

മാനന്തവാടി: വയനാട് പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ എല്ലാവരും വോട്ട് ചെയ്തു എന്ന് ഉറപ്പ് വരുത്തേണ്ട ബാധ്യത മുഴുവൻ ജനാധിപത്യവിശ്വാസികൾക്കുമുണ്ടെന്നും ആ ബോധ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നും മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രസ്താവിച്ചു. ആറുവാളിൽ സംഘടിപ്പിച്ച യു.ഡി.എഫ്. കുടുംബയോഗം ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു തങ്ങൾ. രാജ്യത്തെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരെയുള്ള പോരാട്ടമാണ് ആസന്നമായ ഉപതെരഞ്ഞെടുപ്പ്. രാജ്യത്തെ രക്ഷപ്പെടുത്താനുള്ള ഉദ്യമത്തിൽ എല്ലാ വോട്ടർമാരും പങ്കാളികളാകണമെന്നും പുതുയുഗപ്പിറവിയുടെ തുടക്കമാകണം പ്രിയങ്ക ഗാന്ധിയുടെ വിജയത്തിലൂടെ ഉണ്ടാവേണ്ടത്. മതേതരത്വവും ജനാധിപത്യവും തകർക്കുന്ന വിധത്തിൽ ഭരണം നടത്തുന്ന കേന്ദ്ര സംസ്ഥാന സർക്കാറുടെ കളുടെ കണ്ണ് തുറപ്പിക്കുന്ന വിധത്തിലായിരിക്കണം യു ഡി.എഫ് സ്ഥാനാ ത്ഥിയുടെ വിജയമെന്നും തങ്ങൾ പറഞ്ഞു. മോയി ആറങ്ങാടൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ലീഗ് സെക്രട്ടറി സി.മമ്മൂട്ടി, എ.കെ.എം.അഷ്റഫ് എം.എൽ.എ, വനിതാ ലീഗ് അഖിലേന്ത്യ പ്രസിഡണ്ട് ഫാത്തിമ മുസാഫിർ, മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കെ.കെ.അഹമ്മദ് ഹാജി, ജനറൽ സെക്രട്ടറി ടി.മുഹമ്മദ്, റസാഖ് കൽപ്പറ്റ, കെ.ഹാരിസ്, സി.പി.മൊയ്ദുഹാജി, കെ.സി.അസീസ് കോറോം, ഉസ്മാൻ പള്ളിയാൽ, സുധീഷ്, നൗഷാദ്, അന്ദ്രു ഹാജി, കേളോത്ത് അബ്ദുള്ള, കൊടുവേരി അമ്മദ്, കെ.കെ.സി.മൈമൂന, വി.അമ്മദ്, ആസ്യ മൊയ്ദു, റംല മുഹമ്മദ്, മാഡംബള്ളി ശറഫു, അഹമ്മദ് മാസ്റ്റർ, തേവ് ശറഫു സംബന്ധിച്ചു.




ആറുവാളിൽ സംഘടിപ്പിച്ച യു.ഡി.എഫ്. കുടുംബയോഗം മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉൽഘാടനം ചെയ്യുന്നു

## പ്രിയങ്കയുടെ വിജയം നെഹ്റുവിയൻ ഇന്ത്യയിലേക്കുള്ള കാൽവെപ്പ്: സമദാനി

വൈത്തിരി: വയനാട്ടിൽ പ്രിയങ്ക ഗാന്ധിയിലൂടെ മതേതര ഇന്ത്യ നേടാനിരിക്കുന്ന വൻ വിജയം നെഹ്റുവിയൻ ഇന്ത്യയുടെ സാക്ഷാത്കാരത്തിലേക്കുള്ള മറ്റൊരു വലിയ കാൽവെപ്പാകുമെന്ന് മുസ്‌ലിം ലീഗ് ദേശീയ സീനിയർ വൈസ് പ്രസിഡന്റ് ഡോ. എം.പി അബ്ദുസ്സമദ് സമദാനി .എം.പി പറഞ്ഞു. ഗാന്ധിജിയുടെയും നെഹ്റു വിന്റെയും ആശയങ്ങളെ തകർക്കാനായി നടത്തുന്ന കുൽസിത നീക്കങ്ങൾക്കെതിരായ ജനങ്ങളുടെ ശക്തമായ പ്രതികരണത്തിന് അത് കരുത്ത് പകരുമെന്ന് വൈത്തിരിയിൽ നടന്ന തെരഞ്ഞെടുപ്പ് സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് സമദാനി പറഞ്ഞു.



വൈത്തിരിയിൽ നടന്ന യു.ഡി.എഫ് കോർണർ യോഗത്തിൽ മുസ്‌ലിം ലീഗ് ദേശീയ സീനിയർ വൈസ് പ്രസിഡന്റ് ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി സംസാരിക്കുന്നു

ഓരോരോ കാര്യങ്ങൾ കൃത്രിമമായി ഉണ്ടാക്കി അതിലൂടെ അന്യനെ സൃഷ്ടിക്കാൻ ഉന്നംവെച്ചുകൊണ്ടുള്ള രാഷ്ട്രീയം മനുഷ്യത്വവിരുദ്ധമാണ്. ഇന്ത്യയുടെ ചരിത്രത്തിനോ സംസ്കാരത്തിനോ അത് ഇണങ്ങുന്നതല്ല. ഇന്ത്യയെന്ന സിദ്ധാന്തത്തിനും പ്രയോഗത്തിനും കടകവിരുദ്ധമാണത്. ഈ അപരത്വനിർമ്മിതിയുടെ രാഷ്ട്രീയത്തിനെരായി രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ നടക്കുന്ന പോരാട്ടത്തിലാണ് ഇന്ത്യൻ ജനതയുടെ പ്രത്യാശ.

നെഹ്റുവിലൂടെയും പിൽക്കാല പ്രധാനമന്ത്രിമാരിലൂടെയും രാജ്യം ആർജ്ജിച്ച നേട്ടങ്ങളെ കുറച്ച് കാണിക്കാനും അതിനെ അപഹസിക്കാനും നടക്കുന്ന ശ്രമങ്ങൾ വ്യാജ പ്രചാരണങ്ങളുടെ മറ്റൊരു ഉദാഹരണമാണ്. ഇന്ത്യ ഇന്ന് നേടിക്കൊണ്ടിരിക്കുന്ന ശാസ്ത്രീയ നേട്ടങ്ങൾക്ക് പിറകിലും നെഹ്റുവാണ്.

ശാസ്ത്രബോധം സ്വതന്ത്ര ഇന്ത്യയിൽ അങ്കുരിപ്പിച്ചതും നെഹ്റു വിന്റെ നയങ്ങളാണ്. പാർലിമെന്റിൽ പ്രതിപക്ഷ ചേരിയെ പ്രിയങ്ക ഗാന്ധിയിലൂടെ അസാധാരണമായ കരുത്ത് പകരാനുമുള്ള അവസരമാണ് വയനാട്ടുകാർക്ക് കൈവന്നിട്ടുള്ളത്. അദ്ദേഹം പറഞ്ഞു.

## തൊഴിലുറപ്പ് തൊഴിലാളികളെ കണ്ട് പ്രിയങ്ക ഗാന്ധി

കേണിച്ചിറ: തൊഴിലുറപ്പ് തൊഴിലാളികളുമായി സംവദിച്ചും തൊഴിലിടം സന്ദർശിച്ചും വയനാട് ലോക്സഭ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി. കേണിച്ചിറയിലെ കോർണർ യോഗം കഴിഞ്ഞ് മടങ്ങവെയാണ് വഴിയിൽ കാത്ത് നിൽക്കുകയായിരുന്ന തൊഴിലുറപ്പ് തൊഴിലാളികളെ പ്രിയങ്ക ഗാന്ധി കണ്ടത്. ഉടൻ വാഹനം നിർത്തി ഇറങ്ങിയ പ്രിയങ്ക അവർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് ചോദിച്ചറിഞ്ഞു. തുടർന്ന് തങ്ങൾ ജോലിയെടുക്കുന്ന തൊഴിലിടത്തിലേക്ക് പ്രിയങ്ക ഗാന്ധിയെ അവർ ക്ഷണിക്കുകയായിരുന്നു. തൊഴിൽ ദിനങ്ങൾ കുറവായതിനാൽ വളരെ ബുദ്ധിമുട്ടിലാണെന്നും വരുമാനം കുറവാണെന്നും തൊഴിലാളികൾ പ്രിയങ്ക ഗാന്ധിയോട് പറഞ്ഞു. കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ പദ്ധതി വിഹിതം വൻതോതിൽ വെട്ടിക്കുറച്ചത് മൂലവും സാങ്കേതികത്വത്തിൽ കുരുക്കുന്നതുമാണ് ണ് തൊഴിൽ ദിനങ്ങൾ കുറഞ്ഞതെന്നും നിങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളുമെന്നും പ്രിയങ്കഗാന്ധി അവർക്ക് വാക്കു നൽകി.



കേണിച്ചിറയിലെ തൊഴിലുറപ്പ് തൊഴിലാളികൾക്കൊപ്പം പ്രിയങ്ക ഗാന്ധി

## കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട പോളിന്റെ കുടുംബത്തെ സന്ദർശിച്ച് പ്രിയങ്ക ഗാന്ധി

പുൽപ്പള്ളി: കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട കുറുവാ ദ്വീപ് ഇക്കോ ടൂറിസം ജീവനക്കാരൻ പാക്കം തിരുമുഖത്ത് തേക്കിൻകൂപ്പിൽ വെള്ളച്ചാലിൽ പോളിന്റെ കുടുംബത്തെ പ്രിയങ്ക ഗാന്ധി കണ്ടു. പുൽപ്പള്ളിയിൽ വച്ചാണ് പോളിന്റെ ഭാര്യ സാലി പോൾ, മകൾ സോന പോൾ എന്നിവരെ പ്രിയങ്ക ഗാന്ധി സന്ദർശിച്ചത്. മരണത്തിൽ അനുശോചനം രേഖപ്പെടുത്തിയ പ്രിയങ്ക ഗാന്ധി വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുമെന്ന് ഉറപ്പുനൽകി. പോളിന് ആവശ്യമായ വിദഗ്ധ ചികിത്സ വൈകിയ വയനാട്ടിലെ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തയാണ് തന്റെ അച്ഛന്റെ ജീവൻ നഷ്ടപ്പെടുത്തിയതെന്ന് പോളിന്റെ മകൾ സോന പോൾ പ്രിയങ്കയെ ധരിപ്പിച്ചു. കുറുവാ ദ്വീപിലേക്കുള്ള വനപാതയിൽ ചെറിയാമല ജങ്ഷനിൽവെച്ചാണ് ജോലിക്കിടെ പോളിനെ കാട്ടാന ആക്രമിച്ചത്. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിലെ രക്ഷാപ്രവർത്തനത്തിൽ സജീവമായിരുന്ന പുൽപ്പള്ളി ഓഫ്റോഡേഴ്സ് ക്ലബ് അംഗങ്ങളോട് സംസാരിച്ച പ്രിയങ്ക ഗാന്ധി അവരെ അഭിനന്ദിക്കുകയും ചെയ്തു.



## ബഫർസോൺ നിയന്ത്രണങ്ങൾ പുനഃപരിശോധിക്കണം: പ്രിയങ്ക ഗാന്ധി

കേണിച്ചിറ: യാതൊരു ചർച്ചകളും നടത്താതെ ഒരു ദിവസം ജനവാസ മേഖലകളെ ബഫർസോണായി പ്രഖ്യാപിക്കുകയാണ് സർക്കാർ ചെയ്യുന്നതെന്നും അശാസ്ത്രീയവും അപ്രായോഗികവുമായ ബഫർസോൺ നിയന്ത്രണങ്ങൾ പുനഃപരിശോധിക്കണമെന്നും വയനാട് ലോക്സഭാ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ആവശ്യപ്പെട്ടു. സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ കേണിച്ചിറയിൽ നടന്ന കോർണർ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

വയനാട്ടിൽ മെച്ചപ്പെട്ട റോഡുകൾ ഉണ്ടാകേണ്ടതുണ്ട്. മെച്ചപ്പെട്ട ഭക്ഷ്യ സംസ്കരണ സംവിധാനങ്ങളും സംഭരണ കേന്ദ്രങ്ങളും ഉണ്ടെങ്കിൽ ജനങ്ങൾക്ക് അതുവഴി നല്ല വരുമാനം ലഭിക്കും. വന്യജീവി ആക്രമണങ്ങൾ മൂലം ക്ഷീരകർഷകർക്ക് അവരുടെ കാലികളെ നഷ്ടപ്പെടുകയാണ്.

കർഷകരുടെ വിളകൾ നശിപ്പിക്കപ്പെടുന്നു. സംസ്ഥാനത്ത് ക്ഷേമ പെൻഷൻ മുടക്കിയിട്ട് ആറ് മാസമായി. വയനാടിന്റെ ആത്മാവ് ആദിവാസി സമൂഹമാണ്.

എന്നാൽ അവരുടെ അവകാശങ്ങൾ ഓരോ ദിവസം കഴിയും തോറും കേന്ദ്രസർക്കാർ എടുത്തുമാറ്റുകയാണ്. ആദിവാസികളുടെ ഭൂമികൾ കോർപ്പറേറ്റുകൾക്ക് പതിച്ചു നൽകി. മെഡിക്കൽ കോളജ് എന്ന ബോർഡ് മാത്രമാണ് വയനാട്ടിലുള്ളത്.പ്രിയങ്ക പറഞ്ഞു. യു.ഡി.എഫ് പഞ്ചായത്ത് ചെയർമാൻ ഇരുളം ബഷീർ അധ്യക്ഷത വഹിച്ചു.

എം. പി. മാരായ ഡീൻ കുര്യാക്കോസ്, ഫ്രാൻസിസ് ജോർജ്, എം.എൽ.എമാരായ ഐ.സി. ബാലകൃഷ്ണൻ, ടി. സിദ്ദീഖ് എം.എൽ.എ, സജീവ് ജോസഫ്, ചാണ്ടി ഉമ്മൻ, ജയന്തി രാജൻ, എൻ.ഡി. അപ്പച്ചൻ, മാടക്കര അബ്ദുള്ള, അബൂബക്കർ വാകേരി, മുനീർ വാകേരി, കെ.കെ വിശ്വനാഥൻ മാസ്റ്റർ, ജോഷി കണ്ടത്തിൽ, വർഗീസ് മുരിയങ്കാവിൽ, ഡി.പി രാജശേഖരൻ, നാരായണൻ നായർ പങ്കെടുത്തു.



കേണിച്ചിറയിൽ പ്രിയങ്ക ഗാന്ധി സംസാരിക്കുന്നു

## സൂപ്പർ ലീഗിൽ ഇന്ന്

രാത്രി 7.30 ന് കാലിക്കറ്റ് എഫ്.സിയും തിരുവനന്തപുരം കൊമ്പൻസും

# തീ പാറും സെമി



കാലിക്കറ്റ് എഫ്.സി താരങ്ങളുടെ പരിശീലനം

കോഴിക്കോട്: മഹീന്ദ്ര സൂപ്പർ ലീഗ് കേരളയുടെ ഫൈനലിലേക്ക് യോഗ്യത നേടുന്ന ആദ്യ ടീമിനെ ഇന്നറിയാം. ഇന്ന് രാത്രി 7.30 ന് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ നടക്കുന്നു ഒന്നാം സെമിയിൽ കാലിക്കറ്റ് എഫ്സിയും തിരുവനന്തപുരം കൊമ്പൻസും ഏറ്റുമുട്ടും. 10 കളികളിൽ അഞ്ച് ജയവും നാല് സമനിലയുമായി ഒന്നാം സ്ഥാനക്കാർ എന്ന പകിട്ടോടെയാണ് കാലിക്കറ്റ് സെമി ബെർത്ത് നേടിയത്. മൂന്ന് ജയവും നാല് സമനിലയുമുള്ള കൊമ്പൻസിന് അവസാന നിമിഷമാണ് നാലാം സ്ഥാനക്കാരായി സെമി ടിക്കറ്റ് ഉറപ്പായത്.

ടീം എന്ന നിലയിലും കളിക്കാരുടെ വ്യക്തിഗത മികവിലും ഏറെ മുന്നിലാണ് കാലിക്കറ്റ്. കോച്ച് ഇയാൻ ആൻഡ്രൂ ഗിലാൻ കളിക്കാരെ മാറ്റിപ്പരീക്ഷപ്പോഴൊന്നും ടീമിന്റെ കെട്ടുറപ്പ് നഷ്ടമായിരുന്നില്ല. മൂന്ന് ഗോളും മൂന്ന് അസിസ്റ്റുമായി ഗനി അഹമ്മദ് നിഗം, നാല് ഗോളുമായി ടോപ് സ്കോറർ സ്ഥാനത്തേക്ക് മത്സരിക്കുന്ന ബെൽഫോർട്ട്, ഗോൾ തടയുകയും ഗോളടിക്കുകയും ചെയ്യുന്ന അബ്ദുൽ ഹക്കു തുടങ്ങിയവരെല്ലാം കാലിക്കറ്റ് എഫ്.സിക്ക് കരുത്ത് പകരുന്നു.

ബ്രസീലിയൻ കോച്ചും കളിക്കാരുമാണ് കൊമ്പൻസിന്റെ കാമ്പ്. ഗോളി മിഖായേൽ സാന്റോസ്, കളംമുഴുവൻ പറന്നു കളിക്കുന്ന പാട്രിക് മോട്ട, മൂന്ന് ഗോൾ സ്കോർ ചെയ്ത ഓട്ടിമർ ബിസ്പൊ എന്നിവരെല്ലാം സെർജിയോ അലക്സാണ്ടർ പരിശീലിപ്പിക്കുന്ന കൊമ്പൻസിനെ പ്രവചനങ്ങൾക്ക് വഴങ്ങാത്ത ടീമാക്കുന്നു.

## ഫൈനലിലേക്ക് മുന്നേറുമെന്ന് കാലിക്കറ്റ് എഫ്.സിയും കൊമ്പൻസും

കോഴിക്കോട്: ഇന്ന് നടക്കുന്ന സെമിക്ക് മുമ്പായി വിളിച്ച് ചേർത്താ വാർത്താ സമ്മേളനത്തിൽ മികച്ച ആത്മവിശ്വാസവുമായി കാലിക്കറ്റ് എഫ്.സിയുടെയും കൊമ്പൻസിന്റെയും കോച്ചുമാർ. സൂപ്പർ ലീഗ് കേരളയുടെ പ്രഥമ സീസണിൽ മികച്ച പ്രകടനമാണ് ഇതുവരെ പുറത്തെടുത്തതെന്നും ഫൈനലിലേക്ക് മുന്നേറുമെന്നും കാലിക്കറ്റ് എഫ്സി കോച്ച് ഇയാൻ ആൻഡ്രൂ ഗിലാൻ പറഞ്ഞു. സെമി ഫൈനലാണ് ഇനി മുൻപിൽ. അവിടെ പഴയ മത്സരങ്ങൾക്ക് പ്രസക്തിയില്ല. ജയിച്ചാൽ മാത്രം മുന്നോട്ട് പോകാം. ടീമിന്റെ തന്ത്രങ്ങൾ ഗ്രൗണ്ടിൽ പ്രാവർത്തികമാക്കുകയാണ് ഇനി ലക്ഷ്യംമെന്നും ഇയാൻ ആൻഡ്രൂ ഗിലാൻ പറഞ്ഞു.

കാലിക്കറ്റ് എഫ്സി മികച്ച ടീമാണെന്നും എന്നാൽ ഫൈനൽ ലക്ഷ്യമിട്ടാണ് സെമിയിൽ ഇറങ്ങുന്നതെന്നും കൊമ്പൻസ് കോച്ച് സെർജിയോ അലക്സാണ്ടർ പറഞ്ഞു. അവരുടെ ഇതുവരെയുള്ള പ്രകടനത്തെ ഏറെ ബഹുമാനത്തോടെ കാണുന്നു. ഞങ്ങളുടെ കളിക്കാരുടെ കഴിവിലും സമർപ്പണത്തിലും ഏറെ പ്രതീക്ഷയുണ്ട്. നിർണായക ഘട്ടങ്ങളിൽ എത്രത്തോളം മികവിലേക്ക് ഉയരാൻ പറ്റും എന്നതാണ് ഇനി പ്രധാനമെന്നും സെർജിയോ പറഞ്ഞു.

### ഡി.എൽ.എഡ് സ്പോട്ട് അഡ്മിഷൻ

കോഴിക്കോട്: ജില്ലയിൽ 202426 വർഷത്തെ ഡിഎൽഎഡ് കോഴ്സ് പ്രവേശനത്തിനായി നിലവിലുള്ള ഒഴിവുകളിലേക്ക് നവംബർ ഏഴിന് സ്പോട്ട് അഡ്മിഷൻ നടക്കും. അന്ന് രാവിലെ 10 മണിക്ക് മുമ്പായി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം നേരിട്ട് ഹാജരാകണം. ഫോൺ: 04952722297.

### 487 വാഹനങ്ങളുടെ പൊലീസ് ഇ ലേലം

കോഴിക്കോട്: ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ അവകാശികളില്ലാതെ സൂക്ഷിച്ചിരിക്കുന്ന 487 വാഹനങ്ങൾ ഇ ലേലം ചെയ്യും. ഏതാനും കാറുകളും ഓട്ടോറിക്ഷയും ഒഴികെ എല്ലാം ഇരുചക്ര വാഹനങ്ങളാണ്. ഫോൺ: 04952722673.

## കോഴിക്കോട് വാർത്തകൾ

## സി.സി ടി.വി ദൃശ്യത്തിൽ കുടുങ്ങി മോഷ്ടാവ്

വടകര: നഗരത്തിന്റെ ഹൃദയഭാഗത്ത് 14 കടകളിൽ മോഷണം. ന്യൂഇന്ത്യ ഹോട്ടലിനു മുന്നിൽ നിന്ന് മാർക്കറ്റ് റോഡിലേക്കുള്ള ഇടവഴിയിലെ കടകളിലാണ് മോഷണ പരമ്പര അരങ്ങേറിയത്. അനാദികടകളും ലോട്ടറി സ്റ്റാളുകളും ചെരുപ്പുകടയും ഉൾപ്പെടെ14 കടകളിലാണ് മോഷണം നടന്നത്.മോഷ്ടാവിന്റെ ചിത്രം സിസിടിവി ക്യാമറകളിൽ പതിഞ്ഞിട്ടുണ്ട്. ഞായറാഴ്ച്ച പുലർച്ചെ രണ്ട് മണിയോടെ മോഷ്ടാവ് ആയുധവുമായി എത്തുന്നത് .കടകളുടെ ഷട്ടർ തകർത്തും, പൂട്ട് കുത്തിത്തുറന്നുമാണ് കവർച്ച നടന്നത്. എൻഎഫ് ഫൂട്ട് വെയറിൽ നിന്നും 6000 രൂപയും, പിവിടി സ്റ്റോറിലെ മേശയിൽ സൂക്ഷിച്ച ഒരു വാച്ചും മോഷ്ടിച്ചു. മറ്റു കടകളിൽ വലിയ തുകകളൊന്നും സൂക്ഷിക്കാത്തതിനാൽ നഷ്ടങ്ങളൊന്നും ഉണ്ടായില്ല.

ഞായറാഴ്ച രാത്രിയാണ് മോഷണം നടന്നതെന്ന് കരുതുന്നു.



വടകരയിൽ മോഷ്ടാവ് ഉപേക്ഷിച്ചതെന്ന് കരുതുന്ന ബൈക്ക് പൊലീസ് പരിശോധിക്കുന്നു

വടകര പൊലീസും, ഡോഗ് സ്ക്വാഡും വിരളടയാള വിദഗ്ദരും സ്ഥലത്തെത്തി പരിശോധന നടത്തി. പൂട്ടുപൊളിച്ചാണ് എല്ലാ കടകളിലും മോഷണം നടത്തിയത്. കല്ലിങ്കൽ സ്റ്റോറിലെ സിസിടിവി ക്യാമറ മോഷ്!ടാവ് അടിച്ചു തകർത്തു. അടിച്ചു തകർക്കുന്ന ദൃശ്യങ്ങളും ക്യാമറയിൽ പതിഞ്ഞിട്ടുണ്ട്. ഷട്ടറുകൾ തകർക്കാൻ ഉപയോഗിച്ച കമ്പിപ്പാരയും, ജാക്കി ലിവറും, മോഷ്ടാവ് എത്തിയ കെഎൽ 47 ജി 7636 ഹോണ്ട ബൈക്കും മോഷണം നടന്ന ഒരു കടയുടെ സമീപത്തു നിന്നും കണ്ടെത്തിയിട്ടുണ്ട് സംഭവത്തിൽ വടകര പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. അടുത്തടുത്തായി ഇരുപത്തഞ്ചോളം കടകളുള്ള ഇവിടെ ഭൂരിഭാഗവും അനാദികടകളാണ്. ഈ ഭാഗത്ത് തെരുവുവിളക്ക് കത്തുന്നില്ല. ഇവ ശരിയാക്കണമെന്ന് വ്യാപാരികൾ ആവശ്യപ്പെട്ടു വരുന്നതിനിടയിലാണ് മോഷണം. രണ്ടു വർഷം മുമ്പാണ് ഈ വഴിയിലെ വ്യാപാരി കടയിൽ കൊല്ലപ്പെട്ട സംഭവം നടന്നത്. ആവശ്യത്തിന് വെളിച്ചവും പോലീസ് പട്രോളിംഗും വേണ്ടതുണ്ടെന്ന് വ്യാപാരികൾ ആവശ്യപ്പെട്ടു.മർച്ചന്റ്സ് അസോസിയേഷൻ ഭാരവാഹികളായ എം. അബ്ദുൽസലാം, മുഹമ്മദലി, സുധീർ കുമാർ, അമൽ അശോക്, നിഷാര രാജൻ, ഷംസുദീൻ കല്ലിങ്ങൽ സ്ഥലം സന്ദർശിച്ചു.

## കക്കൂസ് മാലിന്യം തള്ളുന്നതിനിടെ പിടിയിൽ

കുന്ദമംഗലം: മനത്താനത്ത് ക്ഷേത്രത്തിന് സമീപ പ്രദേശത്ത് കക്കൂസ് മാലിന്യം തള്ളുന്നതിനിടെ ടാങ്കർ ലോറിയും പ്രതികളെയും പൊലീസ് കസ്റ്റഡിയിലെടുത്തു.

കോഴിക്കോട് കോർപ്പറേഷൻ ഭാഗത്തുള്ള ഹോട്ടലുകൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നൊക്കെയുള്ള കക്കൂസ് മാലിന്യങ്ങളാണ് തള്ളിയത്. കുന്ദമംഗലത്തെ തോടുകളിലും ജലാശയങ്ങളിലേക്കും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിലും മറ്റും രാത്രിയുടെ മറവിൽ തള്ളുന്നതായിരുന്നു പതിവ്.



കക്കൂസ് മാലിന്യം തള്ളുന്നതിനിടെ കസ്റ്റഡിയിലെടുത്ത പ്രതികളും ടാങ്കർ ലോറിയും

മാലിന്യം തള്ളുന്ന ആളുകളെ കണ്ടെത്തുന്നതിനായി പോലീസും പഞ്ചായത്ത് റസിഡൻസ് അസോസിയേഷൻ എന്നിവരുടെ നേതൃത്വത്തിൽ രാത്രികാല പെട്രോളിങ്നടത്തിവന്നിരുന്നതിനിടയിലാണ് ഇവർ പോലീസ് വലയിലായത്. സംഭവവുമായി ബന്ധപ്പെട്ട് ഫറോക്ക് മേലെ ഇടക്കാട്ടിൽ അബ്ദുൽ മനാഫ് കെ (38), വാഴയൂർ പുതുക്കുടി മുഹമ്മദ് അജ്മൽ കെപി (26) എന്നിവരാണ് അറസ്റ്റിലായത്. ഇക്കയിഞ്ഞ ദിവസം തുടർച്ചയായി പൊയ്യയിലെ മാലിന്യ നിക്ഷേപ വിഷയവുമായി ബന്ധപ്പെട്ട് കുന്നമംഗലം പോലീസ് കേസെടുത്തെങ്കിലും പ്രതികളെ പിടിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

ലോറിക്ക് മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടോ എന്ന് സൈബർ സെല്ലിന്റെ സഹായത്തോടു കൂടിയ അന്വേഷണം നടത്തി ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് ജില്ലാ പഞ്ചായത്ത് മെമ്പർ എം ധനീഷ് ലാലാണ് സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകി.

### പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന ക്ലാസ് മാറ്റി

കോഴിക്കോട്: വയനാട് ലോക്സഭ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്, തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പോളിംഗ് ഉദ്യോഗസ്ഥർക്ക്, നാളെ നടത്താൻ നിശ്ചയിച്ചിരുന്ന പരിശീലനം ഒൻപതിലേക്ക് മാറ്റിയതായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

സ്ഥലം, സമയം എന്നിവയിൽ മാറ്റമില്ല. ആബ്സന്റീ വോട്ടേഴ്സ്ഹോം വോട്ടിംഗ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ച സ്പെഷ്യൽ പോളിംഗ് ഉദ്യോഗസ്ഥർ, പോളിംഗ് അസി., മൈക്രോ ഒബ്സർവർമാർ എന്നിവർക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അന്നേ ദിവസം ഷെഡ്യൂൾ ചെയ്ത പരിശീലനത്തിന് മാറ്റമില്ല.

## സി.പി.എം ലോക്കൽ സമ്മേളനത്തിൽ തെരഞ്ഞെടുപ്പ് അട്ടിമറി ആരോപണം

നാദാപുരം: സിപിഐഎം വെള്ളൂർ ലോക്കൽ സമ്മേളനത്തിൽ തെരഞ്ഞെടുപ്പ് അട്ടിമറിച്ച തായി ആക്ഷേപം. സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടക്കുകയും തെരഞ്ഞെടുപ്പിൽ വിജയിച്ച പ്രവർത്തകനെ അട്ടിമറി യിലൂടെ മാറ്റിനിർത്തി മറ്റൊരാളെ ലോക്കൽ സെക്രട്ടറിയായി പ്രഖ്യാപിക്കുകയും ചെയ്തു എന്നാണ് ഒരു വിഭാഗം പറയുന്നത്. 75 അംഗ പ്രതിനിധി സമ്മേളനത്തിൽ 71 പേർ വോട്ട് ചെയ്തു. മൂന്ന് വോട്ട് അസാധുവായി. നിലവിലെ സെക്രട്ടറിയായ സി കെ അരവിന്ദാക്ഷന് എതിരെ പ്രാദേശിക നേതാവായ എടക്കാട്ട് രവി യാണ് മത്സരരംഗത്ത് ഉണ്ടായിരുന്നത്. വോട്ടെണ്ണൽ പൂർത്തിയായപ്പോൾ 41 വോട്ട് രവിക്ക് ലഭിച്ചതായി തെരഞ്ഞെടുപ്പ് ചുമതല യുണ്ടായിരുന്ന ജില്ലാ പഞ്ചായത്ത് അംഗവും സിപിഎം നേതാവുമായ കുടത്താൻ കണ്ടി സുരേഷ് നേരിട്ട് രവിയെ അറിയിച്ചു. എന്നാൽ, പിന്നീട് റിട്ടേണിംഗ് ഓഫീസർ കെ ദിനേശൻ, കെ മോഹൻദാസ് ഏരിയ സെക്രട്ടറി പിപി ചാത്തു എന്നിവരുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് അട്ടിമറി ക്കുകയും സെക്രട്ടറിയായി സികെ അരവിന്ദാക്ഷനെ പ്രഖ്യാപിക്കുകയും ചെയ്തു എന്നാണ് ആരോപണം. ഇതിനെതിരെ മേൽ കമ്മിറ്റിക്ക് പരാതി നൽകാൻ തയ്യാറെടുക്കുകയാണ് രവി ഉൾപ്പെടെയുള്ള വെള്ളൂരിലെ ഒരു വിഭാഗം.

### അഞ്ച് ദിവസം ജലവിതരണം നിലക്കും

കോഴിക്കോട്: ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ജപ്പാൻ പദ്ധതി പൈപ്പ് വേങ്ങേരി മുതൽ മലാപ്പറമ്പ് വരെ 1.200 മീറ്റർ മാറ്റിസ്ഥാപിക്കുന്നതിന് ഒരുക്കം തുടങ്ങി. ഇന്ന് മുതൽ ജില്ലയിലെ വടക്കൻ മേഖല ഒഴികെയുള്ള പ്രദേശങ്ങളിൽ 5 ദിവസത്തേക്ക് ശുദ്ധജല വിതരണം നിലക്കും. നഗരത്തിലേക്കും 13 പഞ്ചായത്തുകളിലേക്കും പെരുവണ്ണാമുഴിയിൽ നിന്നും ശുദ്ധജലം എത്തിക്കുന്ന പൈപ്പ് ലൈനിൽ പമ്പിങ് നിർത്തി. കാക്കൂർ, കക്കോടി, പൂനൂർ പുഴ, തടമ്പാട്ടുതാഴം അടിപ്പാത എന്നിവിടങ്ങളിൽ പൈപ്പ് ലൈനിലെ വാൽവ് തുറന്നു വെള്ളം പുറത്തേക്ക് ഒഴുക്കും.

പമ്പിങ് അവസാനിച്ചാലും പൈപ്പിൽ നിലവിലുള്ള വെള്ളം പൂർണമായും ഒഴുക്കി കളയാൻ ഇന്ന് രാവിലെ വരെ സമയമെടുത്തു. വേങ്ങേരി ബൈപാസ് ജംഗ്ഷൻ, തടമ്പാട്ടുതാഴം അടിപ്പാതക്കു സമീപം, ഫ്ളോറിക്കൻ റോഡ്, വേദവ്യാസ ജംഗ്ഷനു സമീപം എന്നിവിടങ്ങളിലാണ് ഒന്നരമീറ്ററോളം വ്യാസമുള്ള പഴയ പൈപ്പിൽ പുതിയതു കൂട്ടിയോജിപ്പിക്കേണ്ടത്. ഇതിനു 4 ദിവസം വേണം. അറ്റകുറ്റപ്പണിക്കു 4 സംഘങ്ങളായി ഉത്തരേന്ത്യയിൽ നി ന്നുള്ള വിദഗ്ധ ജോലിക്കാരാണ് എത്തിയത്. ഒരേ സമയം 4 ഭാഗത്തും ജോലി നടക്കുമെന്ന് ദേശീയപാത അതോറിറ്റി (എൻഎച്ച്എഐ) ഉദ്യോഗസ്ഥർ പറഞ്ഞു. ജനുവരി 30ന് ആണ് ദേശീയപാത വികസനത്തിനു തടസ്സമായി വേങ്ങേരി ഓവർ പാസിനു സമീപം ജപ്പാൻ കുടിവെള്ള പൈപ്പ് കണ്ടെത്തിയത്. മാറ്റിയ പൈപ്പ് കൂട്ടിച്ചേർക്കണമെങ്കിൽ നിലവിലുള്ള പൈപ്പ് വഴിയുള്ള പമ്പിങ് നിർത്തണം.

## ഭരണപക്ഷ യൂണിയനെ മാത്രം വിളിച്ച് ചർച്ച; പ്രതിഷേധവുമായി ഓട്ടോ തൊഴിലാളികളുടെ കോ-ഓർഡിനേഷൻ

കോഴിക്കോട്: കോർപറേഷൻ മേയർ മുൻകൈയ്യെടുത്ത് വിളിച്ചു ചേർത്ത യോഗത്തിൽ ഭരണപക്ഷ ട്രേഡ് യൂണിയനെ മാത്രം വിളിച്ചതിൽ പ്രതിഷേധവുമായി സിറ്റി ഓട്ടോ ഡ്രൈവേഴ്സ് കോർഡിനേഷൻ കമ്മിറ്റി. സി.ഐ.ടി.യു ഒഴികെയുള്ള മറ്റെല്ലാ സംഘടനകളുമാണ് പ്രതിഷേധവുമായി രംഗത്ത് വന്നിരിക്കുന്നത്. കോഴിക്കോട് സിറ്റിയിൽ ഓട്ടോകൾ നിയമം ലംഘിച്ച് പാർക്ക് ചെയ്യുന്നുവെന്ന് പറഞ്ഞ് പൊലീസ് വൻ തുകയാണ് ഫൈൻ ഈടാക്കുന്നത്. ഈ സാഹചര്യത്തിൽ ഒരു ഭരണപക്ഷ ട്രേഡ് യൂണിയൻ ഉച്ച വരെ ഓട്ടോ പണിമുടക്ക് നടത്തുകയുണ്ടായി. ഇതറിഞ്ഞ ഉടൻ മേയർ അവരെ വിളിച്ച് ചർച്ച നടത്തുകയായിരുന്നു. എല്ലാ വിഭാഗം ഓട്ടോ തൊഴിലാളികളും അനുഭവിക്കുന്ന പ്രശ്നമായിരുന്നിട്ടും ഒരു വിഭാഗം ഓട്ടോ തൊഴിലാളികളെ മാത്രം വിളിച്ചു ചർച്ച നടത്തിയതിൽ തങ്ങൾക്ക് അതൃപ്തിയുണ്ടെന്ന് കോർഡിനേഷൻ കമ്മിറ്റി യോഗം ചൂണ്ടിക്കാട്ടി. കോഴിക്കോട് നഗരത്തിൽ ഓടുന്ന 4437 ഓട്ടോകൾക്ക് പാർക്കിംഗ് സൗകര്യങ്ങളോ തൊഴിലാളികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങളോ ഇല്ലെന്നും കോ-ഓർഡിനേഷൻ കമ്മിറ്റി ഭാരവാഹികൾ പറഞ്ഞു. പ്രസ്തുത സൗകര്യങ്ങൾ ഒരുക്കി മാത്രമെ ഇനി കൂടുതൽ പെർമിറ്റുകൾ നൽകാവൂ എന്നും ഇവർ ആവശ്യപ്പെട്ടു. പുതുതായി 3000 പെർമിറ്റുകൾ കൂടി നൽകാനുള്ള നീക്കത്തിലാണ് അധികൃതർ. കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ എ.സി ശശികുമാർ അധ്യക്ഷനായി. യു. സതീശൻ, മുസമ്മിൽ കൊമ്മേരി, സുധാകരൻ, റിയാസ്, ഷംസീർ, ഉമേഷ് സംസാരിച്ചു.





കുന്ദമംഗലം മണ്ഡലം തല ചന്ദ്രിക കാമ്പയിൻ ഉണൈസ് പെരുവയലിനെ അഞ്ച് കോപ്പി വരി ചേർത്ത് മുസ്‌ലിം ലീഗ് നിയോജക മണ്ഡലം പ്രസിഡന്റ് കെ.മൂസ്സ മൗലവി ഉദ്ഘാടനം നിർവ്വഹിക്കുന്നു. എൻ.പി. ഹംസ മാസ്റ്റർ, അഹമ്മദ് കുട്ടി അരയങ്കോട്, കെ.കെ. കോയ ജാഫർ മാസ്റ്റർ, എൻ.വി. കോയ ഉമ്മർ ചെറൂപ്പ, എൻ.പി. ഹമീദ് മാസ്റ്റർ, അഷ്റഫ്.പി, ആസിഫ് കമ്പളി പറമ്പ്, ജുനൈദ് സമീപം





പേരാമ്പ്ര മണ്ഡലം തല ചന്ദ്രിക കാമ്പയിൻ ഉദ്ഘാടനം സി.എച്ച് ഇബ്രാഹീം കുട്ടിയെ വരിക്കാരനായി ചേർത്ത് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി കെ.എം ഷാജി നിർവഹിക്കുന്നു



കൊടുവള്ളി മണ്ഡലം തല ചന്ദ്രിക പ്രചരണ കാമ്പയിൻ ഉദ്ഘാടനം മാനിപുരം മക്കാട്ട് ഇല്ലത്ത് മാധവൻ നമ്പൂതിരിയെ വരിക്കാരനായി ചേർത്ത് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടേറിയറ്റംഗം വി.എം ഉമ്മർ മാസ്റ്റർ നിർവ്വഹിക്കുന്നു

## കൊടുവള്ളിയിലും പേരാമ്പ്രയിലും കുന്ദമംഗലത്തും ചന്ദ്രിക കാമ്പയിന് തുടക്കം

കൊടുവള്ളി: ചന്ദ്രിക പ്രചരണ കാമ്പയിന് കൊടുവളളി, പേരാമ്പ്ര, കുന്ദമംഗലം മണ്ഡലങ്ങളിൽ തുടക്കമായി. കൊടുവള്ളി മണ്ഡലം തല ഉദ്ഘാടനം മാനിപുരം മക്കാട്ട് ഇല്ലത്ത് മാധവൻ നമ്പൂതിരിയെ വരി ചേർത്ത് മുസ്‌ലിം ലീഗ് സെക്രട്ടേറിയറ്റംഗം വി.എം ഉമ്മർ മാസ്റ്റർ നിർവ്വഹിച്ചു. മണ്ഡലം മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി കെ.കെ.എ കാദർ, ടി.കെ മുഹമ്മദ് മാസ്റ്റർ, അഷ്റഫ് തങ്ങൾ, എൻ.സി ഉസ്സയിൻ മാസ്റ്റർ, യു.കെ ഉസ്സയിൻ, സുലൈമാൻ പോർങ്ങോട്ടൂർ, അലി മാനിപുരം, ടി.പി നാസർ, വി.കെ കുഞ്ഞായിൻ കുട്ടി മാസ്റ്റർ, കെ.കെ ജബ്ബാർ മാസ്റ്റർ, എം.നസീഫ്, എം.ടി സലീം, മുഹമ്മദ് അൽ ഹസ്സ സംബന്ധിച്ചു.

പേരാമ്പ്ര മണ്ഡലം തല കാമ്പയിൻ ഉദ്ഘാടനം സി.എച്ച് ഇബ്രാഹീം കുട്ടിയെ വരി ചേർത്ത് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി കെ.എം ഷാജി നിർവഹിച്ചു. സി.പി.എ അസീസ്, ആർ.കെ മുനീർ, ടി.കെ.എ ലത്തീഫ് ,എം.കെ.സി കുട്ട്യാലി, കോഡിനേറ്റർ പുതുക്കുടി അബ്ദുറഹിമാൻ, കല്ലൂർ മുഹമ്മദലി, ഒ.മമ്മു, മുനീർ കുളങ്ങര, മൂസ കോത്തമ്പ്ര, വി.പി റിയാസു സലാം, പി.ടി അഷ്റഫ്, ടി.പി മുഹമ്മദ്, ചന്ദ്രിക റിപ്പോർട്ടർ എൻ.കെ കുഞ്ഞിമുഹമ്മദ് സംബന്ധിച്ചു.





കുന്ദമംഗലം മണ്ഡലം പ്രവാസി ലീഗ് ചന്ദ്രിക പ്രചാരണ കാമ്പയിന്റെ ഭാഗമായി 100 പുതിയ വരിക്കാരെ ചേർക്കുന്നതിന്റെ ഉദ്ഘാടനം ജില്ലാ പ്രവാസി ലീഗ് പ്രസിഡണ്ട് അഹമ്മദ് കുറ്റിക്കാട്ടൂർ, വി.പി കുഞ്ഞഹമ്മദാജി പെരുമണ്ണയെ വരിക്കാരനായി ചേർത്ത് നിർവഹിക്കുന്നു. എ.എം.എസ് അലവി, ടി.കെ അബ്ദുള്ളകോയ ചെറൂപ്പ, എൻ.സി മുഹമ്മദ്, ഐ മുഹമ്മദ് കോയ, ആർ.എം.എ കുട്ടി, എ.എം മുഹമ്മദ് കുട്ടി, ജി.കെ മുഹമ്മദ് സമീപം

## ഇന്റർ കൊളീജിയേറ്റ് ക്വിസ് മത്സരം: ഗവ. കോളജ് ഓഫ് ടീച്ചർ എജുക്കേഷൻ ജേതാക്കൾ

### ഫാറൂഖ് കോളജ് രണ്ടാമത്; മീഞ്ചന്ത ഗവ.കോളജ് മൂന്നാമത്

കോഴിക്കോട്: മലയാള ദിനാഘോഷത്തിന്റെയും മലയാളഭാഷ വാരാഘോഷത്തിന്റെയും ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസും ഫാറൂഖ് കോളജ് മലയാള വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച ഇന്റർ കൊളീജിയേറ്റ് ക്വിസ് മത്സരത്തിൽ കോഴിക്കോട് മാനാഞ്ചിറയിലെ ഗവ. കോളേജ് ഓഫ് ടീച്ചർ എജുക്കേഷൻ (ജിസിടിഇ) ജേതാക്കളായി. ഫാറൂഖ് കോളജ് രണ്ടാംസ്ഥാനവും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജ് മീഞ്ചന്ത മൂന്നാം സ്ഥാനവും നേടി. ഫാറൂഖ് കോളജിൽ നടന്ന ക്വിസ്സിൽ 19 കോളേജുകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്തു. അഞ്ചു ടീം ഉൾപ്പെട്ട അന്തിമ റൗണ്ടിൽ എത്തിയ മറ്റ് ടീമുകൾ കോഴിക്കോട് പ്രോവിഡൻസ് വിമൻസ് കോളജും സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജുമാണ്. അൻഷിഫ പി നാസറും അമൽ റോഷനും ജിസിടിഇയെ പ്രതിനിധീകരിച്ചപ്പോൾ ഫാറൂഖ് കോളജ് ടീമിൽ സഫ മിൻഷയും ഹെന്ന മുഹമ്മദുമായിരുന്നു. പാർവതി എസ് എസ്, നിറ്റ നെൽസൺ എന്നിവർ മീഞ്ചന്ത ആർട്സ് കോളജിനെ പ്രതിനിധീകരിച്ചു. അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ അമിയ എം ക്വിസ് നയിച്ചു. സമാപന പരിപാടിയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ സിപി അബ്ദുൽ കരീം അധ്യക്ഷത വഹിച്ചു. പി.ആർ.ഡി റീജ്യനൽ ഡെപ്യൂട്ടി ഡയറക്ടർ കെടി ശേഖർ വിജയികൾക്ക് ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.



ഇന്റർ കൊളീജിയേറ്റ് ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ മാനാഞ്ചിറ ഗവ. കോളജ് ഓഫ് ടീച്ചർ എജുക്കേഷനിലെ വിദ്യാർത്ഥികളായ അൻഷിഫ പി നാസറും അമൽ റോഷനും പിആർഡി ഡെപ്യൂട്ടി ഡയരക്ടർ കെ.ടി ശേഖറിൽ നിന്ന് ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും സ്വീകരിക്കുന്നു



കോഴിക്കോട് നാലാം ഗേറ്റ് പി ടി ഉഷ റോഡിൽ അനുഭവപ്പെട്ട കുഴി

## വാരിക്കുഴി തീർത്ത് നാലാം ഗേറ്റ്

കോഴിക്കോട്: മാസങ്ങളായി ഒരു മാറ്റവുമില്ലാതെ നാലാം ഗേറ്റ് പി ടി ഉഷ റോഡ്. റോഡ് നിറയെ കുഴിയാണ് ആദ്യമാദ്യം ചെറിയ കുഴികളായിരുന്നു ഇപ്പോൾ അത് വലുതായി അപകട സാധ്യത കൂടുതലുള്ള കുഴികളായി മാറി. മേയർ ഭവനിലേക്കു പോകുന്ന പ്രധാന വഴി കൂടിയാണിത്. ഇരുചക്രവാഹനങ്ങളും ഓട്ടോറിക്ഷ അടക്കമുള്ള ചെറുവാഹനങ്ങൾ കുഴിയിലിറങ്ങി അപകടത്തിൽപ്പെടുന്നത് പതിവാകുന്നു. ഇരുചക്രവാഹനവും ഓട്ടോറിക്ഷയും കുഴിവെട്ടിക്കാൻ ശ്രമിക്കുമ്പോയാണ് കുഴിയിൽ വീഴുന്നതും അപകടമുണ്ടാകുന്നതും ഇതുകാരണം പ്രദേശത്ത് വലിയ ഒരു ഗതാഗത കുരുക്കാണ് ഉണ്ടാകുന്നത്. കണ്ണൂർ റോഡിനെയും ബീച്ച് റോഡിനെയും ബന്ധിപ്പിക്കുന്ന നാലാം ഗേറ്റ് പി.ടി. ഉഷ റോഡാണിത്. റോഡിന്റെ അവസ്ഥ വളരെ പരിതാപകരമാണെന്ന് സമീപവാസികൾ പറയുന്നു. പല തവണ ഈ റോഡിന്റെ അവസ്ഥ വാർത്തയായിട്ടും പരിഹാരമൊന്നും ഉണ്ടായിടില്ല. അഞ്ചാം ഗേറ്റിലേക്കു പോകുന്ന എ ജി റോഡിന്റെയും അവസ്ഥ ഇതു തന്നെയാണെന്ന് വാർഡ് കൗൺസിലർ കെ റംലത്ത് പറഞ്ഞു. ഗേറ്റ് തുറന്നു കഴിഞ്ഞാൽ ഈ ഭാഗത്തുനിന്ന് വാഹനങ്ങൾക്ക് റെയിൽവേ പാളം മുറിച്ചുകടക്കാൻ ഏറെ പ്രയാസമാണ്. കുഴിയുടെ ആഴം രാത്രി സമയങ്ങളിൽ പെട്ടെന്ന് മനസ്സിലാക്കാൻ കഴിയില്ല. അതുകൊണ്ട് കുഴിയുടെ അടുത്തെത്തുമ്പോൾ പെട്ടെന്ന് ബ്രേക്ക് പിടിക്കേണ്ടിവരും. അത് വണ്ടിക്കും കേട്പാട് സംഭവിക്കും. ഈ തകർന്ന റോഡ് കാരണമാണ് പെട്ടെന്ന് ഗതാഗതക്കുരുക്കും ഉണ്ടാകുന്നത്. ഹമ്പ് ചാടിയെത്തുന്നത് തകർന്ന റോഡിലേക്കാണ്. അപ്പോൾ കുഴികൾ വെട്ടിക്കുകയെന്നത് ഏറെ അപകടകരമാണ്. ഗേറ്റിന്റെ രണ്ട് ഭാഗത്തേയും റോഡിലും നിറയെ കുഴികളാണ്. ഇങ്ങനെയുള്ള റോഡിന്റെ അവസ്ഥക്ക് ശാശ്വത പരിഹാരം കാണണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## ആർ.ശങ്കർ അനുസ്മരണം

തൃശൂർ: ശ്രീനാരായണ സാംസ്കാരിക സമിതി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആർ ശങ്കർ അനുസ്മരണവും കുടുംബ സംഗമവും എലൈറ്റ് ഇൻറർനാഷണൽ ഹോട്ടലിൽ നടത്തി. മുൻ മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഗുരുദേവദർശനങ്ങളുടെ ശക്തിയെ പ്രവർത്തിപഥത്തിൽ എത്തിച്ച മഹാനായിരുന്നു ആർ ശങ്കർ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രസിഡൻറ് വി.എസ് ബൈജു അധ്യക്ഷത വഹിച്ചു. സൗമ്യ അനുരുദ്ധൻ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി മനീഷ് പങ്കജ്, ശ്രീവല്ലിക്കുഞ്ഞമ്മ ,ജയശങ്കർ, ഉത്തമൻ പാറയിൽ, പുഷ്പാംഗദൻ കെ എൻ , രാജഗോപാലൻ പി ആർ ,ആർ സദൻ സംസാരിച്ചു.

## ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണം ഇന്ന്

തൃശൂർ: കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റും സാഹിത്യനിരൂപകനും എഴുത്തുകാരനുമായിരുന്ന ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണം ഇന്ന് വൈകീട്ട് അഞ്ചിന് അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടക്കും. അക്കാദമി പ്രസിഡന്റ് കെ. സച്ചിദാനന്ദന്റെ അധ്യക്ഷതയിൽ ചേരുന്ന അനുസ്മരണയോഗത്തിൽ എഴുത്തുകാരും സാമൂഹ്യ- സാംസ്കാരിക- രാഷ്ട്രീയ രംഗത്തെ പ്രശസ്തരും പങ്കെടുക്കും. ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണസമിതിയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

## അനുസ്മരണ യോഗം

തൃശൂർ: ഇടതുപക്ഷ രാഷ്ട്രീയത്തിന് നേരിന്റെ പാത വെട്ടിത്തെളിച്ച നേതാവായിരുന്നു ആർ.എസ് പി ദേശീയ സെക്രട്ടറിയായിരുന്ന പ്രൊഫ.ടി.ജെ.ചന്ദ്രചൂഡനെന്ന് ആർ.എസ്.പി ദേശീയ കമ്മിറ്റിയംഗം കെ.ജയകുമാർ പറഞ്ഞു. ടി.ജെ.ചന്ദ്ര ചൂഡന്റ രണ്ടാം ചരമവാർഷിക ദിനത്തിന്റെഅനുസ്മരണ യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.ബി. ശശിധരൻ അദ്ധ്യക്ഷത വഹിച്ചു.ആർ.എസ്.പി.ജില്ലാ സെക്രട്ടറി എം.പി.ജോബി, കെ.എച്ച്.ദാനചന്ദ്രൻ, കെ.ഇ സാബിറ, രാജൻ പൈക്കാട്, പി.കെ.അലി, കെ.എം.അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

# തൃശൂർ വാർത്തകൾ

# പുതുക്കാട് വൻ കഞ്ചാവ് വേട്ട; മൂന്നംഗ സംഘം പിടിയിൽ



കഞ്ചാവ് കടത്തിയ കേസിൽ പിടിയിലായ രാജേഷ്, സുവിൻ, മുനീർ

ചാലക്കുടി: ആന്ധ്രയിൽ നിന്നും വൻതോതിൽ കഞ്ചാവ് കടത്തിക്കൊണ്ടു വന്ന് മധ്യകേരളത്തിലെ വിവിധ ഭാഗങ്ങളിൽ സൂക്ഷിച്ച് ചില്ലറവിൽപന നടത്തിവന്നിരുന്ന കുപ്രസിദ്ധ ലഹരി സംഘത്തെ തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ഡോ. നവനീത് ശർമ്മ ഐപിഎസിനു ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് ചാലക്കുടി ഡിവൈഎസ്പി കെ. സുമേഷ് റൂറൽ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ഉല്ലാസ് കുമാർ എം. എന്നിവരുടെ നേതൃത്വത്തിൽ പിടികൂടി.

ആലപ്പുഴ ജില്ലയിൽ കാർത്തികപിള്ളി താലൂക്കിൽ വലയകത്തു വടക്കേതിൽ വീട്ടിൽ എന്ന വിലാസമുള്ളതും തൃശൂർ ജില്ലയിലെ നെടുപുഴയിലും എറണാകുളം ജില്ലയിലെ ചമ്പന്നൂരിലും മഞ്ഞപ്രയിലും കാമുകിമാരുടെ വീടുകളിൽ താമസിച്ചു വരുന്നയാളുമായ കുപ്രസിദ്ധ ഗുണ്ട മൻസൂർ എന്ന രാജേഷ് (38), പുതുക്കാട് കണ്ണമ്പത്തൂർ സ്വദേശി സുവിൻ സുരേന്ദ്രൻ (29), വരന്തരപ്പിള്ളി കുട്ടൻചിറ സ്വദേശി മുനീർ മുജീബ് റഹ്മാൻ (28) എന്നിവരാണ് പത്ത് കിലോയോളം കഞ്ചാവുമായി പിടിയിലായത്. പിടികൂടാൻ ശ്രമിക്കവേ പോലീസിനെ ആക്രമിക്കാൻ ശ്രമിച്ച സംഘത്തെ ബലപ്രയോഗത്തിലൂടെയാണ് കസ്റ്റഡിയിലെടുത്തത്.

ജില്ലാപോലീസ് മേധാവിക്ക് ലഭിച്ച രഹസ്യവിവരത്തിൽ ഇപ്പോൾ പ്രതികളായവരുടെ ഫോട്ടോകളും പേരുവിവരങ്ങളും മാത്രമാണ് ഉണ്ടായിരുന്നത്. ഇതിനാൽ തൃശൂർ റൂറൽ ജില്ലയിലേക്ക് പ്രവേശനമുള്ള ദേശീയ പാതയിലും സംസ്ഥാന പാതകളിലും ഏതാനും ദിവസങ്ങളായി ഡാൻസാഫ് ടീമംഗങ്ങൾ രാപകലില്ലാതെ നിലയുറപ്പിച്ച് രഹസ്യ നിരീക്ഷണം നടത്തിവരികയായിരുന്നു. ഇതിനെ തുടർന്നാണ് ഇന്ന് രാവിലെ പാലിയേക്കര ടോൾപ്ലാസക്ക് സമീപം പരിശോധന നടത്തുകയായിരുന്ന പോലീസ് സംഘം സിമന്റ് ലോറിയിൽ വരികയായിരുന്ന മൂവരേയും പിടികൂടി ചോദ്യം ചെയ്തു കഞ്ചാവ് കണ്ടെടുത്തത്.

ആന്ധ്രയിലെ ഈസ്റ്റ് ഗോദാവരി ജില്ലയിലെ രാജേമുന്ദ്രിയിൽ നിന്നും കഞ്ചാവ് വാങ്ങി വരവേ ഇവരുടെ വാഹനത്തിന് തകരാർ സംഭവിച്ചതിനാൽ കഞ്ചാവിന്റെ ഭൂരിഭാഗവും തമിഴ്നാട്ടിൽ വിറ്റഴിച്ച ശേഷം സുഹൃത്തിന്റെസിമന്റ് ലോറിയിൽ കയറി നാട്ടിലേക്ക് വരികയായിരുന്നു സംഘം.

പുതുക്കാട് സർക്കിൾ ഇൻസ്പെക്ടർ വി. സജേഷ്കുമാർ, സബ് ഇൻസ്പെക്ടർ എൻ. പ്രദീപ്, റൂറൽ ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡംഗങ്ങളായ വി.ജി സ്റ്റീഫൻ, ജയകൃഷ്ണൻ കെ. , സി. ആർ പ്രദീപ്കുമാർ, സതീശൻ മടപ്പാട്ടിൽ, റോയ് പൗലോസ്, പി.എം മൂസ, വി.യു സിൽജോ, സൂരജ് വി ദേവ്, ലിജു ഇയ്യാനി, റെജി എ.യു , ബിനു എം.ജെ, സി.കെ ബിജു, ഷിജോ തോമസ്, സോണി പി.എക്സ്, കെ.ജെ ഷിന്റോ, എ.ബി നിഷാന്ത് പുതുക്കാട് സ്റ്റേഷനിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ജോബി മഞ്ഞളി, ആന്റോ ജോസഫ്, സീനിയർ സിവിൽ പോലീസ് ഓഫീസർ ബിജു ചന്ദ്രൻ, സ്പെഷ്യൽ ബ്രാഞ്ച് എസ്ഐ വിശ്വനാഥൻ എന്നിവരടങ്ങിയ സംഘമാണ് ടോൾപ്ലാസയിലും അനുബന്ധ റോഡുകളിലും നിലയുറപ്പിച്ച് പിഴവില്ലാത്ത വാഹന പരിശോധന നടത്തി ലഹരിക്കടത്തു സംഘത്തെ പിടികൂടിയത്.

2020 ൽ കാലടി മണപ്പുറത്ത് മിന്നൽ മുരളി എന്ന സിനിമയുടെ ഷൂട്ടിങ്ങിന്റെ ഭാഗമായി നിർമ്മിച്ച സെറ്റ് കുപ്രസിദ്ധ ഗുണ്ട മലയാറ്റൂർ രതീഷിന്റെ നേതൃത്വത്തിൽ അടിച്ചു തകർത്ത കേസിലും തൃശൂരിൽ യുവാവിനെ തട്ടിക്കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയ കേസിലും ആലപ്പുഴ കാർത്തികപ്പിള്ളി മേഖലയിലെ ഒട്ടനവധി വധശ്രമം അടിപിടി കേസുകളിലും വിവിധ ജില്ലകളിലായി ഇരുപത്തിയെട്ടോളം ക്രിമിനൽ കേസുകളിലും പ്രതിയാണ് മൻസൂർ എന്ന രാജേഷ്, സുവിൻ സുരേന്ദ്രനും മുനീറും ലഹരി വസ്തുക്കളുടെ വിപണനത്തിനും ഉപയോഗത്തിനുമായി നാലോളം കേസുകളിൽ പ്രതികളാണ്. തൃശൂർ ജില്ലയിലെ പീച്ചി, മണ്ണുത്തി, ഒല്ലൂർ, പുതുക്കാട് മേഖലകളിലും എറണാകുളം ജില്ലയിലെ മലയാറ്റൂർ - നീലീശ്വരം, അയ്യമ്പുഴ, തുറവൂർ, അങ്കമാലി, നെടുമ്പാശേരി എയർപോർട്ട് മേഖലകളിലും വ്യാപകമായി കഞ്ചാവും രാസലഹരിയും വിപണനം ചെയ്തു വന്നിരുന്ന സംഘമാണ് പിടിയിലായത്. പിടിയിലായവരെ നടപടി ക്രമങ്ങൾ പൂർത്തിയാക്കി കോടതിയിൽ ഹാജരാക്കും. ഇവരുടെ സംഘത്തിൽ പെട്ടവരേയും ഇടപാടുകാരേയും ഉപഭോക്താക്കളേയും കുറിച്ച് വിശദമായ അന്വേഷണം നടത്തുമെന്ന് പോലീസ് അറിയിച്ചു.



മുല്ലശ്ശേരി ഉപജില്ലാ കലോത്സവത്താൽ യു.പി വിഭാഗം അറബി ഗാനത്തിലും, പദ്യം ചൊല്ലലിലും ഒന്നാം സ്ഥാനം നേടിയ അബ്ദുല്ലാഹ് ആമിർ (എം എ എസ് എം വെന്മേനാട്)



മുല്ലശ്ശേരി ഉപജില്ലാ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ജനറൽ അറബി പദ്യം ചൊല്ലൽ ഒന്നാം സ്ഥാനം നേടിയ ജുനൈദ് കെ വി (സെന്റ്: ജോസഫ് പാവറട്ടി)



പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ എം.കെ മാലിക്കിനെ സന്ദർശിച്ചപ്പോൾ

## പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ എം.കെ മാലിക്കിനെ സന്ദർശിച്ചു

കൊടുങ്ങല്ലൂർ: മുസ്‌ലിം ലീഗ് നേതാവ് എം കെ മാലിക്കിനെ പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ സന്ദർശിച്ചു. പുല്ലൂറ്റുള്ള വീട്ടിൽ എത്തിയ തങ്ങളെ കുടുംബാംഗങ്ങൾ ചേർന്ന് സ്വീകരിച്ചു. തങ്ങൾ സുഖ വിവരങ്ങൾ അന്വേഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. പ്രവാസി ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് ജലീൽ വലിയകത്ത് തങ്ങളോടൊപ്പം ഉണ്ടായിരുന്നു. മുസ്‌ലിം ലീഗ് നിയോജക മണ്ഡലം വൈസ് പ്രസിഡന്റ് ടി എ നൗഷാദ്, യൂത്ത് ലീഗ് മണ്ഡലം പ്രസിഡന്റ് ഇ എസ് സിറാജ്, പ്രവാസി ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് യൂസഫ് പടിയത്ത്, എം എം സത്താർ, നിസാർ മാലിക് എന്നിവർ സന്നിഹിതരായി.



പ്രവാസി എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ ഷെരീഫ് ഇബ്രാഹിമിനെ പൗരാവകാശ വേദിയുടെ നേത്രത്വത്തിൽ ഉപഹാരം നൽകി ആദരിച്ചപ്പോൾ

## ഷെരീഫ് ഇബ്രാഹിമിനെ ആദരിച്ചു

ചാവക്കാട്: പ്രവാസ ജീവിതത്തെ ആസ്പദമാക്കി പത്തേമാരി എന്ന പുസ്തകം രചിച്ച പ്രശസ്ത പ്രവാസി എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ ഷെരീഫ് ഇബ്രാഹിമിനെ പൗരാവകാശ വേദിയുടെ നേത്രത്വത്തിൽ ഉപഹാരം നൽകി ആദരിച്ചു.

ചാവക്കാട് എം. എസ്. എസ് ഹാളിൽ നടന്ന ചടങ്ങിൽ ഏ.കെ. അബ്ദുൽ ഖാദർ ഉപഹാര സമർപ്പണം നടത്തി. ടി.എസ്.നിസാമുദ്ദീൻ ഉദ്ഘാടനം ചെയ്തു. പൗരാവകാശ വേദി പ്രസിഡണ്ട് നൗഷാദ് തെക്കുംപുറം അധ്യക്ഷത വഹിച്ചു. അഡ്വ: കെ.എസ്.എ ബഷീർ, ഏ. വി .മുഹമ്മദ് അഷ്റഫ്, എം.പി.ബഷീർ, ഹക്കീം ഇംബാറക്ക്, ടി.വി. അഷ്റഫ്, പി.കെ. സൈതാലിക്കുട്ടി, അബ്ദുൽ ജലീൽ, ആർ.എം. കബീർ,മൊയ്തുണ്ണി എന്നിവർ സംസാരിച്ചു





തിരുവത്ര മേഖല എം.എസ്.എഫ് ഓൺലൈൻ മെമ്പർഷിപ്പ് വിതരണം മുസ്‌ലിം യൂത്ത് ലീഗ് ചാവക്കാട് മുൻസിപ്പൽ പ്രസിഡന്റ് പി എ.ഹാഷിം മാലിക്ക് സന ഫാത്തിമ്മക്ക് നൽകി ഉദ്ഘാടനം നിർവ്വഹിക്കുന്നു

## തിരുവത്ര മേഖല എം.എസ്.എഫ് മെമ്പർഷിപ്പ് ക്യാമ്പയിൻ തുടക്കമായി

ചാവക്കാട്: ഐക്യം,അതിജീവനം,അഭിമാനം എന്ന പ്രമേയത്തിൽ എം.എസ്.എഫ് സംസ്ഥാന കമ്മിറ്റിയുടെ മെമ്പർഷിപ്പ് ക്യാമ്പയിന് പുതിയറ യൂണിറ്റിൽ തുടക്കം കുറിച്ചുകൊണ്ട് സ്പെഷ്യൽ ഹൗസ് ക്യാമ്പയിൻ സംഘടിപ്പിച്ചു. ഓൺലൈൻ മെമ്പർഷിപ്പ് വിതരണം മുസ്‌ലിം യൂത്ത് ലീഗ് ചാവക്കാട് മുൻസിപ്പൽ പ്രസിഡന്റ് പി എ.ഹാഷിം മാലിക്ക് സന ഫാത്തിമ്മക്ക് നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. എംഎസ് എഫ് മണ്ഡലം ട്രഷറർ സബാഹ് താഴത്ത്,എം എസ് എഫ് മുൻ മണ്ഡലം പ്രസിഡണ്ട് എം എസ് സ്വാലിഹ്,ടി യു ഇജാസ്.ടി ആർ, ഫാരിസ്,മുസമ്മിൽ,സഹൽ.പിഎസ്, മുബീൻ, ആദിൽ,സിനാൻ തുടങ്ങിയവർ നേതൃത്വം നൽകി




ഏനാമാക്കൽ സെന്റ് ജോസഫ് ഹൈസ്കൂളിലെ നവീകരിച്ച കമ്പ്യൂട്ടർ ലാബ് വിദ്യാർത്ഥികൾക്ക് സമർപ്പിക്കുന്നു

## നവീകരിച്ച കമ്പ്യൂട്ടർ ലാബ് സമർപ്പിച്ചു

വെങ്കിടങ്ങ്: ഏനാമാക്കൽ സെന്റ് ജോസഫ് ഹൈസ്കൂൾ 1975 എസ് എസ് എൽ സി ബാച്ച് പൂർവ്വ വിദ്യാർത്ഥികൾ രൂപീകരണത്തിന്റെ ഗോൾഡൻ ജൂബിലി സ്മാരകമായി നവീകരിച്ച കമ്പ്യൂട്ടർ ലാബ് സ്കൂളിന് സമർപ്പിച്ചു. ഒരേ സമയം 50 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ഇരുന്ന് ഉപയോഗിക്കാനുള്ള സൗകര്യമാണ് ലാബിൽ ഒരുക്കിയിരിക്കുന്നത്. നവീകരിച്ച ലാബിന്റെ ആശീർവ്വാദകർമ്മം വികാരിയും സ്കൂൾ മാനേജരുമായ ഫാ.ജെയ്സൻ തെക്കുംപുറം നിർവ്വഹിച്ചു.വെങ്കിടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചപ്പൻ വടക്കൻ ലാബ് ഉദ്ഘാടനം ചെയ്തു.ബാച്ച് കൂട്ടായ്മ പ്രസിഡന്റ് പി പി സ്റ്റീഫൻ അധ്യക്ഷനായിരുന്നു. ഫാ.വിൽസൻ കിടങ്ങൻ, പ്രധാന അധ്യാപകൻ ജോഷി പോൾ, പി ടി എ പ്രസിഡന്റ് ജോസ് വാവേലി, ബാച്ച് സെക്രട്ടറി എ ടി ചാക്കോ, എം സി ലാസർ എന്നിവർ സംസാരിച്ചു.

## തീരമേഖലയിൽ പുത്തൻ ഉണർവ് ചവിട്ടു വലക്കാർക്ക് വല നിറയെ ചെമ്മീൻ



മന്ദലാംകുന്ന് ബീച്ചിൽ ചവിട്ടു വലയിൽ പിടികൂടിയ ചെമ്മീൻ കരയിലേക്ക് കയറ്റുന്ന മത്സ്യത്തൊഴിലാളികൾ

അണ്ടത്തോട്:: ഒരിടവേളക്ക് ശേഷം ചവിട്ടു വലക്കാർക്ക് വല നിറയെ ചെമ്മീൻ. തീരമേഖലക്ക് പുത്തൻ ഉണർ വായി മന്ദലാംകുന്ന് കടപ്പുറത്തെ ചെമ്മീൻ പെയ്ത്ത്.

ഞായറാഴ്ച്ച രാവിലെ കടപ്പുറത്ത് ചെമ്മീൻെറ സാന്നിധ്യം മനസിലാക്കി ചവിട്ടു വലയുമായി കടലിലേക്കിറങ്ങിയ മൂന്ന് കൂട്ടരാണ് കരയിലേക്ക് ചെമ്മീൻവലിച്ചു കയറ്റിയത്. കടലിൽ തിര കുറഞ്ഞ് ചെറിയ ഓളങ്ങളായുള്ള ഈ സീസണിൽ നാടിന്റെ കിഴക്കു ഭാഗങ്ങളിൽ നിന്നുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉൾപ്പടെ 75 ഓളം വിശു വലക്കാരാണ് പുലർകാലങ്ങളിൽ മീൻ പിടിക്കാനെത്തുന്നത്. അതിനിടയിലാണ് മത്സ്യത്തിന്റെ സാന്നിധ്യം മനസിലാക്കി ചവിട്ടു വലക്കാർ രംഗം കീഴടക്കുന്നത്. ഒരു ലക്ഷത്തോളം ചെലവാക്കി നിർമ്മിക്കുന്ന വിട്ടു വലക്ക് 75 മീറ്റർ നീളമുണ്ടാകും.

തീരക്കടലിൽ മത്സ്യത്തിന്റെ സാന്നിധ്യം മനസിലാക്കിയാൽ വലയുടെ ഒരറ്റത്തെ കയറ് കരയിൽ പിടിച്ച് ബാക്കി വല കയറ്റിയ വഞ്ചി മത്സ്യത്തെ വളഞ്ഞ് വലവിരിച്ച് മറ്റേയറ്റത്തെ കയറുമായി കരയിലേക്ക് കയറി പത്തോളം പേർ ചേർന്നാണ് വലിച്ചു കയറ്റുന്നത്. ഇത്തരത്തിൽ ഞായറാഴ്ച്ച ഓരോ സംഘത്തിനും 350 കിലോ വരെയാണ് ചെമ്മീൻ ലഭിച്ചത്. വീശു വലക്കാർക്കും മോശമല്ലാത്ത വിധം ചെമ്മീൻ ലഭിച്ചിട്ടുണ്ട്. കിലോക്ക് 100-ൽ കൂടുതലാണ് ചെമ്മീന് ലഭിച്ചതെന്ന് തൊഴിലാളികൾ പറഞ്ഞു. കിട്ടിയ ചെമ്മീൻ പെട്ടികളിലാക്കി ചിലർ പൊന്നാനിയിലും മറ്റു ചിലർ ബ്ലാങ്ങാട് ബീച്ചിലേക്കുമാണ് വിൽക്കാൻ കൊണ്ടുപോയത്. മന്ദലാംകുന്ന് കടപ്പുറത്ത് ചെമ്മീൻ ലഭിച്ചത് മത്സ്യമേഖലയിൽ പൊതുവെ ആശാവഹമായ ഉണർവുണ്ടാക്കിയുണ്ടെന്ന് തൊഴിലാളികൾ പറഞ്ഞു. മൂന്ന് സംഘങ്ങളിലായി അഷ്റഫ് കിഴക്കൂട്ട്, കബീർ, നിസാർ, ഹംസ കുട്ടി അലുങ്ങൽ, ഷിഹാബ് പുളിക്കൽ, ഷെർഹബീൽ കറുത്താക്ക, പ്രാശാന്ത്, നബീൽ, സഹദ്, അഹദ്, അലവി, പുതുപാറക്കൽ മുഹമ്മദ് ജബ്ബാർ, കരീം, ഹനീഫ കരുത്താക്ക, സുലൈമാൻ തുടങ്ങിയവരാണ് ചെമ്മീൻ പെയ്ത്തിൽ സജീവമായത്.തീരമേഖലയിൽ പെരിയമ്പലം, തങ്ങൾ പടി, അണ്ടത്തോട് ഭാഗത്തും വീശു വല കാർക്കും ഇഷ്ടാനുസരണം ചെമ്മീൻ ലഭിച്ചു

## വ്യാപാരി വ്യവസായി കോൺഗ്രസ് വാഹനപ്രചരണ ജാഥ നടത്തി

എളനാട്: വ്യാപാരി വ്യവസായി കോൺഗ്രസ് യു.ഡി.എഫ്.സ്ഥാനാർത്ഥി രമ്യഹരിദാസിന്റെ വിജയത്തിനായി വാഹനപ്രചരണ ജാഥ നടത്തി.

മുൻ ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ചു. വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ ഒട്ടനവധിയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വ്യാപാരികളെ ചൂഷണം ചെയ്യുകയാണ്. തെറ്റായ ജിഎസ്ടി ക്രമീകരണങ്ങളുടെ പേരിൽ വ്യാപാരികളെ വേട്ടയാടുകയാണ്. ഇതിനെതിരെയുള്ള ജനങ്ങളുടെയും വ്യാപാരികളുടെയും പ്രതിഷേധമാകണം ഈ ഉപതിരഞ്ഞെടുപ്പെന്ന് അറിയിച്ചാണ് വാഹനപ്രചരണ ജാഥ വിവിധ കേന്ദ്രങ്ങളിലെത്തുന്നത്. ജില്ലാപ്രസിഡന്റ് ഫറൂഖ് സാഹിബ് അധ്യക്ഷതവഹിച്ചു. നൗഷാദ് കടങ്ങോട് മുഖ്യപ്രഭാഷണം നടത്തി. ടി.ഗോപാലകൃഷ്ണൻ, ടി.എം.കൃഷ്ണൻ,ഒ.എം.മുഹമ്മദ്,കരോള ഷാജി തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു,

## ബസ്സിന് പിറകിൽ സ്കൂട്ടറിടിച്ച് അപകടം

അണ്ടത്തോട്: ചാവക്കാട് പൊന്നാനി ദേശീയപാതയിലെ മന്ദലാംകുന്ന് കിണറിന് സമീപം സ്റ്റോപ്പിൽ ആളെ ഇറക്കാനായി നിർത്തിയ സ്വകാര്യ ബസിന് പിറകിൽ സ്കൂട്ടറിടിച്ച് അപകടം. അപകടത്തിൽ തലക്ക് സാരമായി പരിക്കേറ്റ സ്കൂട്ടർ യാത്രികൻ പാലപ്പെട്ടി പുതിയിരുത്തി സ്കൂൾപടി പടിഞ്ഞാറുഭാഗം സ്വദേശി അസ്‌ലം (26) എന്നവരെ വിന്നേഴ്സ് ആംബുലൻസ് പ്രവർത്തകർ ചാവക്കാട് ഹയാത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് വിദഗ്ധ ചികിത്സക്കായി തൃശൂർ അമല ആശുപത്രിയിലേക്ക് കൊണ്ടുപോയി.



പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലേക്ക് യൂത്ത് ലീഗ് നടത്തിയ മാർച്ച് ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് വി.കെ.മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

## യൂത്ത് ലീഗ് പുന്നയൂർക്കുളം പഞ്ചായത്ത് ഓഫീസിലേക്ക് മാർച്ച് നടത്തി

അണ്ടത്തോട്:പാവപ്പെട്ടവരുടെ അവകാശങ്ങളുടെ മേൽ തിട്ടൂരം കൽപിച്ച് അവകാശങ്ങൾ ഹനിക്കുന്നത് തികച്ചും പ്രതിഷേധാർഹവും അംഗീകരിക്കാനാവാത്തതുമാണെന്ന് മുസ്ലിംലീഗ് ജില്ല വൈസ് പ്രസിഡന്റ് വി കെ മുഹമ്മദ് അഭിപ്രായപ്പെട്ടു. ലൈഫ് പദ്ധതിയിലൂടെ കാത്തിരിക്കുന്ന അനേകരെ കൂടുതൽ പ്രയാസത്തിലേക്ക് തള്ളിവിടുകയാണ് സർക്കാർ.അടിസ്ഥാന സൗകര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ സ്വന്തം പോക്കറ്റുകൾ വീർപ്പിക്കാനുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ പാതിവഴിയിലായി ലക്ഷങ്ങളുടെ നഷ്ടം വരുത്തിയ പഞ്ചായത്ത് ഭരണസമിതിക്ക് തുടരാൻ യാതൊരർഹതയുമില്ല.കാമറ സ്ഥാപിച്ച് ഒരു ദിവസം പോലും പ്രവർത്തിക്കാതെ നോക്കുകുത്തിയായി നിൽക്കുന്നു.റോഡുകളെല്ലാം തകർന്ന് തരിപ്പണമായി സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്നു.വഴിവിളക്കുകൾ കത്താതെ ഇരുട്ടിലായിട്ടും തിരിഞ്ഞുനോക്കാത്തവർ നാടിൻറെ ശാപമാണെന്നും.കേന്ദ്ര കേരള സർക്കാരുകളുടെ ജനദ്രോഹ നടപടികളാൽ ജനം പൊറുതിമുട്ടിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുന്നയൂർക്കുളം പഞ്ചായത്ത് യൂത്ത് ലീഗ് കമ്മറ്റി പഞ്ചായത്ത് ഓഫീസിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മത്സ്യ തൊഴിലാളികളടക്കം അനേകരുടെ പ്രയാസങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന ഭരണകൂടം നാടിനാപത്താണെന്നും വർഗ്ഗീയ കോമരങ്ങൾക്ക് പരവതാനി വിരിച്ച് രാജ്യത്തിൻറെ പൈതൃകം അടിയറവ് വെക്കുന്ന സി പി എം നാട്ടിൽ സമാധാനം തകർക്കുകയാണ്.വികസനം അജണ്ടയിലില്ലാതെ അഴിമതികളിൽ ബിരുദാന്തര ബിരുധമെടുത്ത് കുടുംബ സ്വത്തായി ഖജനാവ് കൊള്ളയടിക്കുന്ന പിണറായി സർക്കാർ പാവങ്ങളുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യുകയാണെന്ന് മാർച്ചിൽ മുഖ്യ പ്രഭാഷണം നിർവ്വഹിച്ച മുസ്ലിം ലീഗ് ജില്ല വൈസ് പ്രസിഡൻറ് കെ എ ഹാറൂൺ റഷീദ് അഭിപ്രായപ്പെട്ടു. യൂത്ത് ലീഗ് ഗുരുവായൂർ നിയോജക മണ്ഡലം ജനറൽ സെക്രട്ടറി ആർ വി കബീർ ഫൈസി,മണ്ഡലം മുസ്ലിം ലീഗ് വൈസ് പ്രസിഡൻറ് വി മായിൻകുട്ടി, പഞ്ചായത്ത് മുസ്ലിം ലീഗ് പ്രസിഡന്റ് എ കെ മൊയ്തുണ്ണി,സെക്രട്ടറി ഹുസൈൻ വലിയകത്ത്,മന്ദലാംകുന്ന് മുഹമ്മദുണ്ണി,മണ്ഡലം യൂത്ത് ലീഗ് ട്രഷറർ പി കെ സക്കരിയ,പഞ്ചായത്ത് മുസ്ലിം ലീഗ് ഭാരവാഹികളായ ഖാദർ ഹാജി, ആബിദ് കെഎച്ച്,സി എം ഗഫൂർ, ടി എം ഇല്യാസ്,ഷക്കീർ പൂളക്കൽ,എന്നിവർ സംസാരിച്ചു.പഞ്ചായത്ത് യൂത്ത് ലീഗ് പ്രസിഡൻറ് അഷ്റഫ് ചോലയിൽ അദ്ധ്യക്ഷത വഹിച്ചു പഞ്ചായത്തംഗം സജിതജയൻ .എ.കെ മുക്താർ, ഫാറൂക്ക് ചോലയിൽ ബാദുഷ, കെ സി എം, നിഷാദ് കാര്യടത്ത്.ഫാറൂക്ക് അസൈനാരകത്ത് ഫസലു ഐനിക്കൽ, ആഷിക്ക് ഉപ്പുങ്ങൽ എന്നിവർ നേതൃത്വം നൽകി സി യു ഷക്കീർ സ്വാഗതവും ടി എം ഇർഷാദ് നന്ദിയും പറഞ്ഞു.



കേരളസംസ്ഥാന തൈക്വണ്ടചാമ്പ്യൻഷിപ്പ് സിൽവർമെഡൽ ജേതാവ് അസ ഫാത്തിമ പാലക്കലിനെ ഗുരുവായൂർ മണ്ഡലം പ്രവാസിലീഗ് ആദരിക്കുന്നു

## അസ ഫാത്തിമയെ പ്രവാസി ലീഗ് ആദരിച്ചു

ചാവക്കാട്: കേരളസംസ്ഥാന തൈക്വണ്ടചാമ്പ്യൻഷിപ്പ് സിൽവർമെഡൽ ജേതാവ് അസ ഫാത്തിമ പാലക്കലിനെ ഗുരുവായൂർ മണ്ഡലം പ്രവാസിലീഗ് ആദരിച്ചു. പ്രവാസി ലീഗ് ജില്ലാ ജനഃ സെക്രട്ടറി സി.മുഹമ്മദാലി, ഗുരുവായൂർ മണ്ഡലം മുസ്ലിം ലീഗ് പ്രസിഡന്റ് ആർ പി ബഷീർ, ജനറൽ സെക്രട്ടറി എ എച്ച് ആബിദ്, ചാവക്കാട് മുനിസിപ്പൽ പ്രസിഡന്റ് ഫൈസൽ കാനാംപുള്ളി, ഗുരുവായൂർ മണ്ഡലം പ്രവാസി ലീഗ് പ്രസിഡന്റ് പി അബ്ദുൽ സത്താർ ജനറൽസെക്രട്ടറി ആർ കെ ഷാഹു, ട്രഷറർ എ വി ഹംസക്കുട്ടി ഹാജി, കരിം അവിയൂർ, മുഹമ്മദ് അഷറഫ്, അബ്ദുള്ള തൈക്കാട്, സി എച്ച് ഹനീഫ, പുന്നയൂർ പഞ്ചായത്ത് ജനറൽ സെക്രട്ടറി ഉസ്മാൻ എടയൂർ, ടി എം നൂറുദ്ധീൻ, അബ്ദുറഹിമാൻ സംബന്ധിച്ചു

## മണ്ഡലകാല മുന്നൊരുക്കങ്ങളാരംഭിച്ചു

കാലടി: ശബരിമല തീർഥാടകരുടെ ഇടത്താവളമായ കാലടിയിൽ പഞ്ചായത്തിൻെറ നേതൃത്വത്തിൽ മണ്ഡലകാല മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി യോഗംചേർന്നു.
ഇവിടെയെത്തുന്ന അയ്യപ്പഭക്തർക്ക് എല്ലാ സൗകര്യങ്ങളും ഉറപ്പാക്കാനും വിരിവച്ച് വിശ്രമിക്കുന്നതിനായി നിലവിലുള്ള വിശ്രമ കേന്ദ്രം ഉപയോഗിക്കാമെന്നും ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റുമായി പ്രത്യേക പന്തലുമിവിടെ തയ്യാറാക്കുവാനും തീരുമാനിച്ചു.സായി കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് പന്തലൊരുക്കുന്നതെന്നും വെള്ളം,വെളിച്ചം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താനും ഇതിനായി വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുകയും,
അനധികൃത പാർക്കിങ്ങ് നിയന്ത്രിക്കുകയും ചെയ്യും.ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുന്നതിനും പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുവാനും തീരുമാനിച്ച യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ഷൈജൻ തോട്ടപ്പിള്ളി അധ്യ ക്ഷത വഹിച്ചു.
വൈസ് പ്രസിഡന്റ് അംബിക ബാലകൃഷ്ണൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ സിജു കല്ലിങ്കൽ, ശാന്ത ചാക്കോ, ഷിജി വർഗ്ഗീസ്,ശ്രിംഗേരി ക്ഷേത്രം അസി. മാനേജർ സൂര്യ നാരായണ ഭട്ട്, പഞ്ചായത്തം ഗങ്ങളായ അമ്പിളി ശ്രീകുമാർ,ശാന്ത ബിനു,പി.കെ കുഞ്ഞപ്പൻ,സി.വി സജേഷ്, കെ.ടി എൽദോസ്,സരിത ബൈജു,സെക്രട്ടറി പി.എസ് വിജയലക്ഷ്മി എന്നിവർ സംസാരിച്ചു.
വിവിധ സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, വ്യാപാരികൾ, പോലീസ് ഓഫീസർമാർ എന്നിവർ സംബന്ധിച്ചു.

## കൊച്ചി വാർത്തകൾ

# കൗമാര കായിക മേളക്ക് കൊച്ചിയിൽ വർണാഭമായ തുടക്കം

ഷാജഹാൻ കാരുവള്ളി

കൊച്ചി: കൗമാര കായിക കേരളത്തിന്റെ പ്രതീക്ഷക്ക് പുത്തൻ ഊടും പാവും നൽകി സംസ്ഥാന സ്കൂൾ കായിക മേളക്ക് കൊച്ചിയിൽ വർണാഭമായ തുടക്കം.

വിവിധ സ്കൂളുകളിലെ കുട്ടികളും അധ്യാപകരും അണിനിരന്ന് എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിൽ നിന്നും താളമേളങ്ങളുടെ അകമ്പടിയോടെ ആരംഭിച്ച ഘോഷയാത്രയിൽ വിവിധ വർണങ്ങളിലുള്ള മുത്തുക്കുടകളും മേളയുടെ ഭാഗ്യചിഹ്നമായ തക്കുടുവും കൂടിയതോടെ നഗരം ഉൽസവ പ്രതീതിയിലായി.

മഹാരാജാസ് കോളജ് ഗ്രൗണ്ടിലേക്കെത്തിയ ഘോഷയാത്രയെ വർണ വെടിക്കെട്ടുകളുടെ അകമ്പടിയോടെയാണ് സ്വീകരിച്ചത്.

മഹാരാജാസ് ഗ്രൗണ്ടിൽ ഒരുക്കിയിരുന്ന ഭാഗ്യചിഹ്നത്തിന്റെ കയ്യിൽ കായിക മന്ത്രി വി. ശിവൻകുട്ടിയും ഒളിമ്പ്യൻ ശ്രീജേഷും ചേർന്ന് ദീപശിഖ തെളിയിച്ചതോടെ കായിക മാമാങ്കത്തിന് ഔദ്യോഗിക തുടക്കമായി.

പതിനാല് ജില്ലകളിൽ നിന്നും യുഎഇയിൽ നിന്നുമുള്ള കായികതാരങ്ങൾ അണിനിരന്ന മാർച്ച് പാസ്റ്റോടെയാണ് മേളക്ക് തുടക്കം കുറിച്ചത്.

സ്റ്റേഡിയത്തിൽ നടന്ന ദീപശിഖാപ്രയാണത്തിൽ പാലക്കാട് ജിഎംജി ഹയർസെക്കന്ററി സ്കൂളിലെ എസ്. സായന്ത്, മുരിക്കുംവയൽ വി.എച്ച്.എസ്.സി.യിലെ ജ്യുവൽ തോമസ്, കണ്ണൂർ സ്പോർട്ട്സ് സ്കൂളിലെ അഖില രാജൻ, കണ്ണൂൻ സ്പോർട്ട്സ് ഡിവിഷനിലെ ശ്രീജി ഷാജി, സവിശേഷ പരിഗണന അർഹിക്കുന്ന എസ്. യശിത, അനു ബിനു എന്നിവർ പങ്കെടുത്തു. തുടർന്ന് ഇവരിൽ നിന്നും മേളയുടെ ബ്രാൻഡ് അംബാസിഡറായ ഒളിമ്പ്യൻ പി. ആർ. ശ്രീജേഷ് ദീപശിഖ ഏറ്റുവാങ്ങി.

വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയും പി. ആർ. ശ്രീജേഷും വെളി ഇ.എം.എച്ച്.എസ്സിലെ സവിശേഷ പരിഗണന അർഹിക്കുന്ന കായികതാരമായ ശ്രീലക്ഷ്മിയും ചേർന്ന് ദീപശിഖ തെളിയിച്ചു. ശ്രീജി ഷാജി കായികതാരങ്ങൾക്കുള്ള പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

മേളയോടനുബന്ധിച്ചു നടന്ന സാംസ്കാരിക പരിപാടിയുടെ ഉദ്ഘാടനം ചലചിത്രതാരം മമ്മൂട്ടി നിർവ്വഹിച്ചു.

ടി.ജെ. വിനോദ് എംഎൽഎ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി, എം.എൽ.എമാരായ പി. വി. ശ്രീനിജിൻ, എൽദോസ് കുന്നപ്പിള്ളി, കെ. എൻ. ഉണ്ണികൃഷ്ണൻ, ഉമ തോമസ്, കെ.ജെ. മാക്സി, കൊച്ചി മേയർ എം. അനിൽ കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചുമതല വഹിക്കുന്ന ജീവൻ ബാബു, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, എസ് സി ഇ ആർ ടി ഡയറക്ടർ ആർ. കെ. ജയപ്രകാശ്, സമഗ്ര ശിക്ഷ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എ. ആർ. സുപ്രിയ, കൈറ്റ് സി ഇ ഒ അൻവർ സാദത്ത്, മഹാരാജാസ് കോളജ് പ്രിൻസിപ്പൽ എസ്. ഷാജില ബീവി, പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ സി. എ. സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ ഹണി ജി. അലക്സാണ്ടർ, സ്പോർട്സ് ഓർഗനൈസർ സി. എസ്. പ്രദീപ് തുടങ്ങിയവർ പങ്കെടുത്തു.

ഔദ്യോഗിക ഉദ്ഘാടനത്തിന് ശേഷം നാലായിരത്തിലധികം കുട്ടികൾ അണിനിരന്ന സാംസ്കാരിക പരിപാടികൾ നടന്നു.

പിടി ഡിസ്പ്ലേ, കലസ്തെനിക്സ്, എയ്റോബിക്സ്, സൂംബ, അത്തച്ചമയം, ക്വീൻ ഓഫ് അറേബ്യൻ സീ, ഒപ്പന, തിരുവാതിര, പുലികളി, ചെണ്ടമേളം തുടങ്ങിയവ അണിനിരന്നു.

ചരിത്രത്തിൽ ആദ്യമായി രണ്ടായിരത്തോളം ഭിന്നശേഷി കുട്ടികൾ കായികമേളയിൽ പങ്കുചേരുന്നുണ്ട്. ഏഴുനാൾ നീണ്ടു നിൽക്കുന്ന മേളയിൽ 17 വേദികളിലായി 24000 ഓളം കുട്ടികൾ മാറ്റുരക്കും.


സംസ്ഥാന സ്കൂൾ കായികമേളയുടെ ഉദ്ഘാടന പരിപാടിക്കായി തിങ്കളാഴ്ച എറണാകുളം മഹാരാജാസ് ഗ്രൗണ്ടിൽ എത്തിയവരുടെ തിരക്ക്


സംസ്ഥാന സ്കൂൾ കായികമേള ദീപശിഖയുമായി മഹാരാജാസ് ഗ്രൗണ്ടിലെ ട്രാക്കിലൂടെ വരുന്ന ഭിന്നശേഷി വിദ്യാർത്ഥികൾ

കേരള സ്കൂൾ കായിക മേള
കൊച്ചി '24


സംസ്ഥാന സ്കൂൾ കായികമേളയുടെ ഉദ്ഘാടനവേദിയിൽ വിദ്യാർഥികൾ അവതരിപ്പിച്ച മാസ് ഡിസ്പ്ലേ.

### സംസ്ഥാന സ്കൂൾ കായികമേള നടക്കുന്ന മെട്രോ സ്റ്റേഷനുകൾക്ക് സമീപമുള്ള വേദികൾ

- മഹാരാജാസ് കോളജ് ഗ്രൗണ്ട് : മഹാരാജാസ് കോളജ്
- കൊച്ചി റീജിയണൽ സ്പോർട്സ് സെന്റർ: കടവന്ത്ര
- ജി.എച്ച്.എസ്. പനമ്പിള്ളിനഗർ: കടവന്ത്ര
- എറണാകുളം ടൗൺഹാൾ: ടൗൺഹാൾ
- സെന്റ് പോൾസ് കോളജ്: കളമശേരി
- കളമശേരിമുനിസിപ്പൽടൗൺഹാൾകൊച്ചിൻയൂണിവേഴ്സിറ്റി
- പാലസ് ഓവൽ തൃപ്പൂണിത്തുറ: വടക്കേക്കോട്ട

### മഹാരാജാസ് കോളജിൽ നിന്നും മറ്റ് വേദികളിലേക്കുള്ള മെട്രോ ടിക്കറ്റ് നിരക്ക്

കളമശേരി : 40 രൂപ; കൊച്ചിൻ യൂണിവേഴ്സിറ്റി : 40 രൂപ
വടക്കേക്കോട്ട : 30 രൂപ;
ടൗൺഹാൾ (എറണാകുളം) : 20 രൂപ; കടവന്ത്ര : 20 രൂപ

### മഹാരാജാസ് കോളജ് ഗ്രൗണ്ടിലേക്ക് പ്രധാന ഇടങ്ങളിൽ നിന്നുള്ള മെട്രോ നിരക്ക്

ആലുവ: 50 രൂപ; കളമശേരി : 40 രൂപ
ഇടപ്പള്ളി : 30 രൂപ; കലൂർ സ്റ്റേഡിയം : 20 രൂപ
കലൂർ ജങ്ഷൻ: 20 രൂപ;
എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ : 10 രുപ
എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷൻ (ടൗൺഹാൾ സ്റ്റോപ്പ്) : 20 രൂപ
വൈറ്റില: 20 രൂപ; എസ്.എൻ. ജങ്ഷൻ : 40 രൂപ

### മാർച്ച് പാസ്റ്റിൽ കോട്ടയം ഒന്നാമത്

കൊച്ചി: കേരള സ്കൂൾ കായിക മേളയുടെ ഉദ്ഘാടനത്തിനു മുന്നോടിയായി മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടന്ന മാർച്ച് പാസ്റ്റിൽ കോട്ടയം ജില്ലയ്ക്ക് ഒന്നാംസ്ഥാനം. കൊല്ലം ജില്ലയാണ് രണ്ടാമത്. ആതിഥേയരായ എറണാകുളം ജില്ല മൂന്നാമതെത്തി.

### ആറിടങ്ങളിൽ പാലുകാച്ചി

കൊച്ചി: സ്കൂൾ കായികമേളയ്ക്ക് പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ 12 വിതരണ കേന്ദ്രങ്ങളിലായി ഒരുക്കുന്ന ഭക്ഷണത്തിന് 6 സ്ഥലങ്ങളിലാണ് അടുക്കള ഒരുക്കിയിരിക്കുന്നത്. ഈ ആറ് അടുക്കളയിലും ഇന്നലെ രാവിലെ 10 മണിയോടെ പാലു കാച്ചൽ നടന്നു. പ്രധാന ഭക്ഷണശാലയായ മഹാരാജാസ് ഗ്രൗണ്ടിനു സമീപത്തുള്ള രുചിയിടത്തിനു പുറമെ കളമശേരി , കടയിരുപ്പ്, പനമ്പിള്ളി നഗർ, കോതമംഗലം, കൊച്ചി വെളി എന്നിവിടങ്ങളിലാണ് പാലുകാച്ചൽ നടന്നത്. മഹാരാജാസിൽ പഴയിടത്തിന്റെ സാന്നിധ്യത്തിൽ വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പനമ്പിള്ളി നഗറിൽ സിനിമാ താരം അഭിറാം രാധാകൃഷ്ണൻ, കൊച്ചി വെളിയിൽ എംഎൽഎ കെ.ജെ മാക്സി , കോതമംഗലത്ത് എംഎൽഎ ആന്റണി ജോൺ , കടയിരുപ്പിൽ എംഎൽഎ പി.വി. ശ്രീനിജൻ , കളമശേരിയിൽ മുനിസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ എന്നിവർ ഉദ്ഘാടനം ചെയ്തു.


സ്കൂൾ കായികമേളയിൽ അടിയന്തിര സേവനത്തിനായി മെഡിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരുക്കിയിരിക്കുന്ന ആംബുലൻസ് സർവീസിന്റെ ഔദ്യോഗിക ഫ്ളാഗ് ഓഫ് കടവന്ത്രയിൽ ഹാരിസ് ബീരാൻ എം.പി. നിർവഹിക്കുന്നു. എൽദോസ് കുന്നപ്പിള്ളി എംഎൽഎ സമീപം.


### സംരംഭകത്വ ശിൽപ്പശാല നടത്തി

നെടുമ്പാശേരി: പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്ന സാമൂഹ്യഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വനിതകൾക്കായി സംരംഭകത്വ ശിൽപ്പശാല സംഘടിപ്പിച്ചു.
ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി വി പ്രദീഷ് ഉദ്ഘാടനം ചെയ്തു.
വൈസ് പ്രസിഡന്റ് താരാസജീവ് അധ്യക്ഷത വഹിച്ചു.


നെടുമ്പാശ്ശേരി മേഖല മർച്ചന്റ്സ് വെൽഫയർ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പാലിയേറ്റിവ് ഭവൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്യുന്നു

### പാലിയേറ്റിവ് ഭവൻ ഉദ്ഘാടനം

നെടുമ്പാശ്ശേരി: നെടുമ്പാശ്ശേരി മേഖല മർച്ചന്റ്സ് വെൽഫയർ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പാലിയേറ്റിവ് ഭവൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു.
നിരവധിയായ രോഗികൾക്ക് ആശ്വാസമാകുന്ന പാലിയേറ്റീവ് രംഗത്ത് വ്യാപാരികളുടെ കൂടി സഹകരണം ഉണ്ടാകുന്നത് മാതൃകപരമാണ്. ഒരു വർഷം നാൽപത് ലക്ഷം രൂപയാണ് ജില്ലാ പഞ്ചായത്ത് പാലിയേറ്റീവ് രംഗത്തേക്ക് ചെലവാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.
വി കെയർ പെയിൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റി പ്രസിഡന്റ് സി. പി.തരിയൻ അധ്യക്ഷത വഹിച്ചു.
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി. പ്രതീഷ് മുഖ്യപ്രഭാഷണം നടത്തി.അഗാപ്പെ ഡയഗ്നോറ്റിക്സ് സീനിയർ വൈസ് പ്രസിഡന്റ് എൽദോസ്.എം.ജോർജ്, കെ.ബി.സജി,ഷാജു സെബാസ്റ്റ്യൻ, എ.വി. രാജഗോപാൽ,ടി.എസ്.മുരളി, പി.കെ.എസ്തോസ്, ജോയ് ജോസഫ്, വിഡി.പ്രഭാകരൻ, കെ.ജെ.ഫ്രാൻസിസ്, പി.കെ. അശോക് കുമാർ, പി.പി. ബാബുരാജ്, ബിന്നി തരിയൻ, ഷൈജൻ.പി. പോൾ, കെ.ജെ. പോൾസൺ, ഷൈബി ബെന്നി,ജിന്നി പ്രിൻസ്,മായ പ്രകാശൻ, ആനി റപ്പായി, ഹേമ അനിൽ എന്നിവർ പ്രസംഗിച്ചു.
പാലിയേറ്റീവ് ഓഫീസിൽ നിന്നും അംഗങ്ങൾക്ക് വീൽചെയർ, ഓക്സിജൻ കോൺസൻട്രേറ്റർ ,ഓക്സിജൻ സിലിണ്ടർ, സർജിക്കൽ കോട്ട്, വാക്കർ, എയർ ബെഡ്, വാട്ടർബെഡ് തുടങ്ങി പാലിയേറ്റീവ് രംഗത്ത് ആവശ്യമായ മുഴുവൻ ഉപകരണങ്ങളും ലഭിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.


ഓട്ടോമൊബൈൽ സ്പെയർ റീട്ടെയിലേർസ് അസോസിയേഷൻ സംഘടിപ്പിച്ച രണ്ടാമത് അഖിലേന്ത്യ സ്പെയർപാർട്സ് എക്സിബിഷൻ പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യുന്നു

## ചെറുകിട വ്യാപാര മേഖലയെ സംരക്ഷിക്കണം: വി.ഡി. സതീശൻ

അങ്കമാലി: ചെറുകിട വ്യാപാര മേഖല വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയെ സംരക്ഷിയ്ക്കുന്നതിനു വേണ്ടി സർക്കാർ നയം രൂപീകരിക്കണമെന്ന് വി.ഡി. സതീശൻ ആവശ്യപ്പെട്ടു. സർക്കാരിലേക്ക് നികുതി പിരിച്ചു കൊടുക്കുന്ന യഥാർത്ഥ നികുതി ദായകരായ വ്യാപാരികളെ ശത്രുക്കളായി കാണുന്ന സമീപനത്തിൽ നിന്നും ഉദ്യോഗസ്ഥരും സർക്കാരും മാറി ചിന്തിക്കേണ്ട സമയം അതിക്രമിച്ചതായി അദ്ദേഹം പറഞ്ഞു.
ഓട്ടോമൊബൈൽ സ്പെയർ റീട്ടെയിലേർസ് അസോസിയേഷൻ സംഘടിപ്പിച്ച രണ്ടാമത് അഖിലേന്ത്യ സ്പെയർപാർട്സ് എക്സിബിഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം .
അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് ബിജു പൂപ്പത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ അങ്കമാലി മുനിസിപ്പൽ ചെയർമാൻ മാത്യു തോമസ്,ഹീറോ മോട്ടോഴ്സ് സോണൽ മാനേജർ സുധാകർ വിശ്വനാഥ് ജാദവ്, പി .ബിജു, ലത്തീഫ് ഹാഷിം,രാജേഷ് പാല, ഫിറോസ്, മധുസൂദനൻ, നാസർ,അബൂബക്കർ സിദ്ദിഖ് എന്നിവർ പ്രസംഗിച്ചു.

## വല്ലാർപാടം പദ്ധതിക്ക് കിടപ്പാടം വിട്ടുകൊടുത്തവർക്ക് വീട്ടുകരം അടക്കണമെന്ന് കാട്ടി നഗരസഭ വേട്ടയാടുന്നു

കൊച്ചി: വല്ലാർപാടം പദ്ധതിക്ക് കിടപ്പാടങ്ങൾ വിട്ടുകൊടുത്ത കുടുംബങ്ങളെ കൊച്ചി നഗരസഭ വീണ്ടും വേട്ടയാടുന്നതായി പരാതി. വല്ലാർപാടം കണ്ടെയ്നർ പദ്ധതിക്കു വേണ്ടി റെയിൽ നിർമ്മിക്കുവാൻ 2008ൽ പുതുക്കലവട്ടം അരവിന്ദാക്ഷൻ കെ.കെ യുടെ 22 സെന്റ് പുരയിടത്തിൽ നിന്നും ഏഴര സെന്റ് സ്ഥലവും വീടും സർക്കാരിന് വിട്ടുകൊടുത്തു. സ്ഥലം ഏറ്റെടുക്കുമ്പോൾ നിയമപ്രകാരം പൊന്നും വില സ്പെഷ്യൽ തഹസിൽദാർക്ക് സമർപ്പിക്കേണ്ട ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, കുടിക്കിട സർട്ടിഫിക്കറ്റ്, കരം തീർത്ത രസീത്, ആധാരം എന്നിവ നൽകിയതിനു ശേഷം ആർവിഎൻഎല്ലിന് (റെയിൽവേ വികാസ് നിഗം ലിമിറ്റഡ്) തീറാധാരം ചെയ്തു കൊടുത്തു കൊണ്ടാണ് നഷ്ടപരിഹാര തുക കൈപ്പറ്റിയത്.
എന്നാൽ ഒന്നര പതിറ്റാണ്ടിനു ശേഷം 2009ൽ സർക്കാർ ഏറ്റെടുത്ത വീടിന്റെ നികുതി ഒടുക്കാൻ ആവശ്യപ്പെട്ട് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി നോട്ടീസ് നൽകിയിരിക്കുകയാണ്. ഒരു വർഷം മുമ്പ് മരിച്ചു പോയ അരവിന്ദാക്ഷന്റെ ഭാര്യ ജമുന കോർപ്പറേഷൻ സൂപ്രണ്ടിനെ നേരിൽ കണ്ട് കാര്യങ്ങൾ ബോധിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ എഴുതിക്കൊടുത്ത പരാതി പോലും സ്വീകരിക്കാതെ വീട്ടുകരം കൊടുക്കണം എന്ന പിടിവാശിയിലാണ് ഉദ്യോഗസ്ഥർ. ജില്ലാ കളക്ടർ അധ്യക്ഷനായിട്ടുള്ള പാക്കേജ് നിർവാഹ നിരീക്ഷണ സമിതിയുടെ പ്രതിമാസം യോഗങ്ങൾ മുടങ്ങിക്കിടക്കുകയാണ് . സ്ഥലം ഏറ്റെടുപ്പിന്റെയും പുനരധിവാസത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ചുമതലപ്പെട്ട ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ മരവിച്ചു കിടക്കുന്നതിനാൽ കിടപ്പാടങ്ങൾ വിട്ടു കൊടുത്ത കുടുംബങ്ങൾ സർക്കാർ ഓഫീസുകളിൽ കയറി വലയുകയാണ് എന്ന് മൂലമ്പിള്ളി കോഓർഡിനേഷൻ കമ്മിറ്റി കുറ്റപ്പെടുത്തി. ഇത് പരിഹരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറായില്ലെങ്കിൽ കോർപ്പറേഷൻ ഓഫീസിനു മുമ്പിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുമെന്ന് ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം മുന്നറിയിപ്പ് നൽകി.
വി.പി. വിൽസൻ, പി.എം മൈക്കിൾ, ജോൺസൻ മൂലംമ്പിള്ളി, വി.ഡി. മാർട്ടിൻ വടുതല, സാബു കെ.എൻ, ജോർജ്ജ് അമ്പാട്ട്, പി. എസ്. സുരേഷ്, ജമാൽ മേലാത്ത്, പി. ഉണ്ണികൃഷ്ണൻ സംസാരിച്ചു.

### കൊച്ചിൻ പോർട്ട് പെൻഷൻകാർക്ക് വാർഷിക ഹാജർ രേഖപ്പെടുത്താൻ സൗകര്യം

മട്ടാഞ്ചേരി: കൊച്ചിൻ പോർട്ട് പെൻഷൻകാരും, ഫാമിലി 2024ലെ വാർഷിക ഹാജർ, നവംബർ 1 മുതൽ 30 നുള്ളിൽ രേഖപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശം. ജീവൻ പ്രമാണിൽ സാംഗ്ഷനിങ്ങ് അതോറിറ്റിയായി കൊച്ചിൻ പോർട്ട് ട്രസ്റ്റ്' എന്നാണ് രേഖപ്പെടുത്തേണ്ടത്. പെൻഷൻ ബുക്ക്, ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, മൊബൈൽ ഫോൺ എന്നിവ സഹിതം അക്ഷയ കേന്ദ്രം, പോസ്റ്റ് ഓഫീസ്, പെൻഷൻ അക്കൗണ്ടുള്ള ബാങ്ക് എന്നിവിടങ്ങളിൽ നടത്താവുന്നതാണ്.
സഹായങ്ങൾ ആവശ്യമുള്ളവർ കൊച്ചിൻ പോർട്ട് അതോറിറ്റിയുമായി ബന്ധപ്പെടണം ഫോൺ: 0484 2666255, 2582809, 2582611.

## വൈ എം സി എ നൽകിയ സംഭാവനകൾ നിസ്തുലം: ഗവർണ്ണർ

ആലുവ : ഭാരതത്തിലെ സാമൂഹിക സേവന മേഖലയിലും കായിക രംഗത്തും 180 വർഷം പിന്നിട്ട വൈ എം സി എ പ്രസ്ഥാനം നൽകിയ സംഭാവനകൾ നിസ്തുലമാണെന്ന് ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപെട്ടു. കേരള വൈ എം സി എ സപ്തതി ആഘോഷങ്ങളുടെയും സമാധാന യാത്രയുടെ സമാപന സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
റീജിയൻ ചെയർമാൻ ജോസ് നെറ്റിക്കാടൻ അധ്യക്ഷത വഹിച്ചു. മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി.വൈ എം സി എ മുൻ ദേശീയ പ്രസിഡന്റ് ജസ്റ്റിസ് ജെ ബി കോശി സന്ദേശം നൽകി. നാഷണൽ ട്രഷറർ റെജി ജോർജ്, ജനറൽ സെക്രട്ടറി എൻ. വി എൽദോ,റീജിയൻ വൈസ് ചെയർമാൻ മാനുവൽ കുറിച്ചിത്താനം, റീജിയൻ സെക്രട്ടറി ഡേവിഡ് സാമുവൽ എന്നിവർ പ്രസംഗിച്ചു.
റീജിയൻ വൈസ് ചെയർമാൻ വർഗീസ് പള്ളിക്കര, റീജിയൻ ട്രഷറർ പി എം തോമസുകുട്ടി, റീജിയൻ അസിസ്റ്റന്റ് സെക്രട്ടറി സാംസൺ മാത്യു,ചീഫ് കോഓർഡിനേറ്റർ കുര്യൻ തൂമ്പുങ്കൽ എന്നിവർ നേതൃത്വം നൽകി

## മാല പൊട്ടിച്ച കേസിൽ ഒരാൾ കൂടി പിടിയിൽ


മഹിൻ ലാൽ

പെരുമ്പാവൂർ: വെങ്ങോലയിൽ ഇരുചക്രവാഹനത്തിലെത്തി മാല പൊട്ടിച്ച കേസിൽ ഒരാൾ കൂടി പിടിയിൽ. എരമല്ലൂർ നെല്ലിക്കുഴി മറ്റത്തിൽ വീട്ടിൽ മഹിൻ ലാൽ (25) നെയാണ് പെരുമ്പാവൂർ പൊലീസ് പിടികൂടിയത്. തോപ്പുംപടി പള്ളിപ്പറമ്പിൽ അഭിലാഷിനെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു.
മാല പൊട്ടിച്ച കേസിൽ മുഖ്യ പ്രതിയായ അഭിലാഷിനെ സഹായിച്ചതിനാണ് അറസ്റ്റ്. മാല പൊട്ടിച്ചു വന്നതിനുശേഷം പിടിക്കപ്പെടാതിരിക്കാൻ മഹിൻ ലാൽ ഇയാളുടെ മോട്ടോർസൈക്കിളിൽ കയറ്റി സുഹൃത്തിന്റെ വീട്ടിലെത്തിച്ചു. തുടർന്ന് സുഹൃത്തിന്റെ ഷർട്ട് വാങ്ങി ധരിപ്പിച്ച് ആലുവയിലുള്ള ജ്വല്ലറികളിൽ സ്വർണ്ണം വിൽപ്പന നടത്താൻ ശ്രമിച്ചു. ഇയാൾക്ക് ആലുവ മൂവാറ്റുപുഴ കോതമംഗലം കൂത്താട്ടുകുളം പൊൻകുന്നം സ്റ്റേഷനുകളിലായി നിരവധി മോഷണക്കേസുകളുണ്ട്. 2023 ൽ കാപ്പ പ്രകാരം നാടുകടത്തിയിട്ടുള്ള ആളുമാണ്. പെരുമ്പാവൂർ എ എസ് പി ശക്തി സിംഗ് ആര്യ, ഇൻസ്പെക്ടർ ടി.എം സൂഫി, സബ് ഇൻസ്പെക്ടർ പി.എം റാസിഖ്, എ' എസ്. ഐ പി.എ അബ്ദുൽ മനാഫ്, സീനിയർ സി പി ഒ മാരായ ടി എ അഫ്സൽ, വർഗീസ് ടി വേണാട്ട്, ബെന്നി ഐസക് , ധനേഷ് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

## ക്ലീനിംഗ് സ്റ്റാഫ് നിയമനം

പത്തനംതിട്ട: ശബരിമല മകരവിളക്ക് മഹോത്സവത്തിനോടനുബന്ധിച്ച് സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന താൽകാലിക ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളിൽ ആരോഗ്യക്ഷമതയുള്ള പുരുഷന്മാരായ ക്ലീനിംഗ് സ്റ്റാഫുകളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു.
മേലെവെട്ടിപ്പുറം നാഷണൽ ആയുഷ്മാൻ ഡിപിഎംഎസ്‌യു ഓഫീസിൽ ഇന്ന് രാവിലെ 10.30 ന് കൂടികാഴ്ച നടത്തും. പത്തനംതിട്ട ജില്ലക്കാർക്ക് മുൻഗണന.
പ്രായപരിധി 50 വയസിൽ കവിയരുത്. ഫോൺ: 0468 2995008.

## കുടുംബശ്രീ മൈക്രോ എന്റർ പ്രൈസസ് റിസോർഴ്സ് സെന്റർ

കാഞ്ഞിരപ്പള്ളി: കുടുംബശ്രീയിലെ ഉപജീവന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി പാറത്തോട് ചോറ്റിയിൽ ആരംഭിച്ച മൈക്രോ എന്റർപ്രൈസസ് റിസോഴ്സ് സെന്ററിന്റെ ഉദ്ഘാടനം ഗവർമെന്റ് ചീഫ് വിപ്പ് ഡോ. എൻ ജയരാജ് നിർവഹിച്ചു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അജിതാ രതീഷ് അധ്യക്ഷയായി. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ അഭിലാഷ് കെ ദിവാകർ പദ്ധതി വിശദീകരണം നടത്തി . ബ്ലോക്കിൽ നിലവിലുള്ള സംരംഭങ്ങൾക്കും പുതിയതായി തുടങ്ങുന്ന കുടുംബശ്രീ സംരംഭങ്ങൾക്കും ആവശ്യമായ പിന്തുണ സഹായങ്ങൾ നൽകുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, വിവിധ വരുമാന വർദ്ധന പ്രവർത്തനങ്ങൾ നൽകുക, ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെൻറർ ആയി പ്രവർത്തിപ്പിക്കുക, ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ.
യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് മാരായ കെ കെ ശശികുമാർ, ബിനോയ് വർഗീസ്, അസിസ്റ്റന്റ് കോ ഓർഡിനേറ്റർ പ്രകാശ് ബി നായർ, കെ എ സിയാദ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ജോളി മടുക്കകുഴി, സാജൻ കുന്നത്ത്, രത്നമ്മ രവീന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു

# കോട്ടയം വാർത്തകൾ

## ആർട്ട്സ് ഫീയസ്റ്റ സമാപിച്ചു

ഈരാറ്റുപേട്ട: നടയ്ക്കൽ മദറസത്തുൽ കൗസർ വിദ്യാർത്ഥികളുടെ കലാപരിപാടി മദ്രസ ആർട്ട്സ് ഫീയസ്റ്റ സമാപിച്ചു. അമ്പതോളം മത്സരങ്ങളിൽ വിദ്യാർത്ഥികൾ മാറ്റുരച്ചു. 368 പൊയിന്റു നേടി ടീം ഹുദ് ഹുദ് ഓവറോൾ കരസ്ഥമാക്കി. 337 പൊയിന്റോടെ ടീം ബുൽബുൽ റണ്ണർ അപ്പ് ആയി. ഹെഡ്മാസ്റ്റർ അനസ് വാഫി, അബ്ദുൽ ഖാദർ ഫൈസി, ഹാഷിർ അസ്ഹരി, കമ്മറ്റി ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി. വിജയികൾക്ക് സമ്മാനവും സർട്ടിഫിക്കറ്റും മദ്രസ ഹാളിൽ നടന്ന സമാപന സമ്മേളനത്തിൽ വിതരണം ചെയ്തു.

## കുടുബ സംഗമം നടത്തി

ഈരാറ്റുപേട്ട: റിയാദിലെയും പരിസര പ്രദേശങ്ങളിലെയും പ്രവാസികളുടെ കൂട്ടായ്മയായ ഈരാറ്റുപേട്ട റിയാദ് അസോസിയേഷൻ നവംബർ ഒന്ന് കേരള പിറവി ദിനത്തിൽ റിയാദ് അൽമാസ് റെസ്റ്റോറന്റിൽ പ്രവർത്തകരുടെ സംഗമവും പൊതുയോഗവും സംഘടിപ്പിച്ചു.പ്രസിഡണ്ട് സലിം തലനാട് അധ്യക്ഷത വഹിച്ചു.
'ഈരാറ്റുപേട്ട റിയാദ് അസോസിയേഷൻ നാളിതു വരെ' എന്ന വിഷയം സക്കിർ കൊല്ലംപറമ്പിൽ അവതരിപ്പിച്ചു.
മുഖ്യ പ്രഭാഷണം ഷറഫുദ്ധീൻ നദ്‌വി നടത്തി.സംഘടനയുടെ ലക്ഷ്യങ്ങളും ഭാവി പ്രവർത്തന രേഖയും അജ്മൽ ഖാൻ അവതരിപ്പിച്ചു
റിയാദ് ഇന്ത്യൻ മിഡിയ ഫോറം സാംസ്കാരിക വിഭാഗം കൺവീനർ ഷിബു ഉസ്മാൻ,നസിബ് വട്ടക്കയം എന്നിവർ പ്രസംഗിച്ചു .അസിം ഖാദർ സ്വാഗതവും റെസ്സൽ നന്ദിയും പറഞ്ഞു. നിർവഹിച്ചു.

## അനധികൃത ബോർഡുകളും ബാനറുകളും നീക്കണം

കോട്ടയം: പാതയോരത്തെ ഗതാഗതത്തിനും സുരക്ഷയ്ക്കും ഭീഷണിയായി സ്ഥാപിച്ചിട്ടുള്ള അനധികൃത ബോർഡുകളും ബാനറുകളും കൊടിതോരണങ്ങളും ഹോർഡിങുകളും സ്ഥാപിച്ചവർ അടിയന്തരമായി അവ നീക്കണമെന്ന് കുമരകം പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. അല്ലാത്തപക്ഷം സ്ഥാപിച്ച വ്യക്തികളുടെ/ സ്ഥാപന ഉടമകളുടെ പേരിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്നും സെക്രട്ടറി അറിയിച്ചു.

## ലാബ് ടെക്നീഷ്യൻ ഒഴിവ്

കോട്ടയം: തലനാട് കുടുംബാരോഗ്യകേന്ദ്രത്തിൽ ആരംഭിക്കുന്ന ലാബിൽ ദിവസവേതന നിരക്കിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്നു. ഒരൊഴിവാണുള്ളത്. 2025 മാർച്ച് 31 വരെയാണ് നിയമനം. യോഗ്യത: വി.എച്ച്.എസ്.സി.(എം.എൽ.ടി) അല്ലെങ്കിൽ പ്ലസ്ടു സയൻസ്/തത്തുല്യയോഗ്യത, ഡിപ്ലോമ ഇൻ പാരാമെഡിക്കൽ ലബോറട്ടറി ടെക്നോളജി, കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ. യോഗ്യരായവർ നവംബർ 12ന് വൈകിട്ട് നാലിനകം അപേക്ഷ നേരിട്ടോ മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം, തലനാട്, പിൻ: 686580 എന്ന വിലാസത്തിലോ നൽകണം. വിശദവിവരത്തിന് ഫോൺ: 9446809362.

## താൽക്കാലിക ഒഴിവ്

കോട്ടയം: സംസ്ഥാന ഭവനനിർമാണ ബോർഡിന്റെ എരുമേലി സൈറ്റിൽ ശബരിമല തീർഥാടകരുടെ വാഹന പാർക്കിങ് സൗകര്യം ലഭ്യമാക്കാൻ സെക്യൂരിറ്റി, കളക്ഷൻ ഏജന്റ് എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. ഇതിനായുള്ള അഭിമുഖം നവംബർ 11ന് ഉച്ച കഴിഞ്ഞ് 2.30ന് ബോർഡിന്റെ കോട്ടയം ഡിവിഷണൽ ഓഫീസിൽ നടക്കും. യോഗ്യത: പത്താംക്ലാസ് ബിരുദം. വിശദവിവരത്തിന് ഫോൺ: 04812570410.

## കോട്ടയത്ത് തീവ്രമഴ

കോട്ടയം :നഗരത്തിലും സമീപപ്രദേശങ്ങളിലും വൈകുന്നേരം അതി തീവ്ര മഴപെയ്തു. വൈകുന്നേരം നാല് മണിയോടെ ആരംഭിച്ച മഴ ഒന്നര മണിക്കൂറോളം ശക്തമായി പെയ്തു. ഓടകൾ നിറഞ്ഞു കവിഞ്ഞതോടെ മഴ വെള്ളം റോഡിൽ കെട്ടിക്കിടന്നു. ഇതേത്തുടർന്ന് വാഹനഗതാഗതം അടക്കം തടസപ്പെട്ടു. കാൽനട യാത്രക്കാരും വെള്ളം റോഡിൽ കെട്ടിക്കിടന്നതോടെ ഏറെ ബുദ്ധിമുട്ടി.
ശാസ്ത്രീ റോഡ്, ബേക്കർ ജംഗ്ഷൻ പ്രധാന റോഡുകളിൽ ഗതാഗതക്കുരുക്കും രൂക്ഷമായിരുന്നു.എം സി റോഡിൽ സ്റ്റാർ ജംഗ്ഷനിലും കനത്ത മഴയിൽ റോഡിൽ വലിയ വെള്ളക്കെട്ട് രൂപപ്പെട്ടു, ഗതാഗതക്കുരുക്കും ഇതുമൂലം ഉണ്ടായി.

## ചേനപ്പാടി സ്കൂളിൽ വർണക്കൂടാരം തുറന്നു

എരുമേലി : ചേനപ്പാടി ഗവ. എൽപി സ്കൂളിലെ മാതൃക പ്രീ പൈമറി സ്കൂളിൽ പഠനം ഉല്ലാസത്തോടൊപ്പമാക്കി അഴകായി വർണക്കൂടാരം. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സമഗ്ര ശിക്ഷ കേരള സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പത്ത് ലക്ഷം ചെലവിട്ട് അന്താരാഷ്ട്ര നിലവാരത്തിൽ നിർമിച്ച വർണക്കൂടാരത്തിന്റെ ഉദ്ഘാടനം ഇന്നലെ വൈകുന്നേരം നടന്ന സമ്മേളനത്തിൽ പൂഞ്ഞാർ എംഎൽഎ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ നിർവഹിച്ചു. വാർഡ് മെമ്പർ ടി.വിഹർഷകുമാർ, എ.ആർ രാജപ്പൻ നായർ ,
ഡി.പി.ഒ .ഡോ.. അനിത, എഇഒ സുൽഫിക്കർ, ബിപിസി അജാസ്, ഹെഡ്മിസ്ട്രസ് റോസ്‌ലിൻ ജേക്കബ്, റീബി വർഗീസ്, അനു വർഗീസ്, ഉബൈദ് റഹ്മാൻ, നിസാർ അമ്മദ് കോയ, മുഹമ്മദ് നിയാസ്, ഗിരിജ, മിനി മാത്യു, അബ്ദുൽ സലാം, പി.കെ. സുധ, വിജയൻ, സുഹ്റ ബീവി, ജനാർദ്ദനൻ നായർ, അനിഷ, അഖില അരുൺ തുടങ്ങിയവർ പ്രസംഗിച്ചു

## ന്യൂനപക്ഷങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തണം: ഡോ.ഹുസൈൻ മടവൂർ

ഈരാറ്റുപേട്ട : മുസ്‌ലീങ്ങൾ ഉൾപ്പെടെയുള്ള പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്തണമെന്ന് കെ.എൻ.എം സംസ്ഥാന വൈസ് പ്രസിഡണ്ടും അഖിലേന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് അംഗവുമായ ഡോ. ഹുസൈൻ മടവൂർ.
ഈരാറ്റുപേട്ടയിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.
ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്‌ലീങ്ങൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങളും മറ്റ് പിന്നോക്ക വിഭാഗങ്ങളും നിരന്തരം പീഡിപ്പിക്കപ്പെടുന്ന അവസ്ഥയാണുള്ളത് .ഇന്ത്യയിലും പലതരത്തിലുള്ള പീഡനങ്ങൾക്ക് ന്യൂനപക്ഷങ്ങൾ വിധേയരാകുന്നുണ്ട്. ന്യൂനപക്ഷങ്ങൾക്ക് എല്ലാവിധ സൗകര്യങ്ങളും ഉറപ്പുവരുത്തുക എന്നത് ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും ബാധ്യതയാണ്. ഇന്ത്യയുടെ ഭരണഘടന എല്ലാ മതവിഭാഗങ്ങൾക്കും അവരുടെ മതം വിശ്വസിക്കുവാനും അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുവാനും ആരാധനാലയങ്ങൾ സ്ഥാപിക്കുവാനും ഒക്കെയുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ രാജ്യത്തിന്റെ പലഭാഗങ്ങളിലും ന്യൂനപക്ഷങ്ങൾ ചോദ്യം ചെയ്യപ്പെടുകയും പ്രയാസകരമായ അവസ്ഥയിലേക്ക് നീങ്ങുകയും ചെയ്യുന്നുണ്ട്. പൗരത്വ ഭേദഗതി നിയമവും വഖഫ് ബോർഡുകൾക്കുള്ള അധികാരങ്ങൾ എടുത്തു കളയുന്ന വഖഫ് ഭേദഗതി ബില്ലും മദ്രസകൾ അടച്ചുപൂട്ടണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശവും എല്ലാം ഇതിന്റെ ഫലമായി വന്നു കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ജനാധിപത്യ മതേതര വിശ്വാസികൾ ഒന്നിച്ചു നിൽക്കുകയും എല്ലാ ആൾക്കാർക്കും സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. ഇസ്‌ലാം ലോക സുരക്ഷയും സമാധാനവുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഒരേ പിതാവിന്റെയും മാതാവിന്റെയും മക്കളാണ് ഭൂമിയിലുള്ള മുഴുവൻ മനുഷ്യരുമെന്ന ഖുർആനിന്റെ കൽപ്പന ഇതിനെ ശരിവെക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.കെ എൻ എം കോട്ടയം ജില്ലാ പ്രസിഡണ്ട് പി എച്ച് ജാഫർ അധ്യക്ഷത വഹിച്ചു. ഐ എസ് എം സംസ്ഥാന ജനറൽ സെക്രട്ടറിഅബ്ദുൽ ഷുക്കൂർ സ്വലാഹി, സംസ്ഥാന വൈസ് പ്രസിഡണ്ട് നാസർ മുണ്ടക്കയം, ഖുർആൻ ഹദീസ് ലേണിംഗ് സ്കൂൾ സംസ്ഥാന അവാർഡ് ജേതാവ് റംലാ സുലൈമാൻ, വി. എം .സത്താർ എന്നിവർ പ്രസംഗിച്ചു.



കെ എൻ എം നേതൃത്വത്തിൽ ഈരാറ്റുപേട്ട ഫൗസിയ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പൊതു പരിപാടിയിൽ കെ.എൻ.എം സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ: ഹുസൈൻ മടവൂർ പ്രഭാഷണം നടത്തുന്നു

## എരുമേലിയിൽ അവിശ്വാസം 14 ന് : അയോഗ്യത ഹർജി ഫയലിൽ

എരുമേലി : കോൺഗ്രസ് അംഗത്തെ പ്രസിഡന്റ് ആക്കി ഭരണം ഇടതുപക്ഷം പിടിച്ച എരുമേലി പഞ്ചായത്തിൽ കോൺഗ്രസ് പിന്തുണയുള്ള വൈസ് പ്രസിഡന്റിനെ മാറ്റാൻ 14 ന് അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ അനുമതി.
രാവിലെ 11 ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ആണ് ഇതിനായി യോഗം ചേരാൻ കാഞ്ഞിരപ്പള്ളി ബിഡിഒ നോട്ടീസ് നൽകിയിരിക്കുന്നത്. കോൺഗ്രസ് അംഗമായിരിക്കെ ഇടതുപക്ഷ പിന്തുണയിൽ പ്രസിഡന്റായ സുബി സണ്ണിയ്ക്കെതിരെ കോൺഗ്രസ് നേതൃത്വം അയോഗ്യത പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഹർജി സ്വീകരിച്ച കമ്മീഷൻ പ്രാഥമിക നടപടി ആരംഭിച്ചിട്ടില്ല. 23 അംഗങ്ങൾ ഉള്ള പഞ്ചായത്ത് ഭരണസമിതിയിൽ കോൺഗ്രസ് 10, സ്വതന്ത്രൻ ഒന്ന് എന്നിങ്ങനെ 11 പേരും ഇടതുപക്ഷത്ത് സിപിഎം 10, സിപിഐ ഒന്ന്, കോൺഗ്രസ് വിമത ഒന്ന് എന്നിങ്ങനെ 12 പേരുമാണ് ഉള്ളത്. പ്രസിഡന്റായ കോൺഗ്രസ് വിമതയുടെ പിന്തുണയിൽ ഭൂരിപക്ഷം ഉറപ്പിച്ച ഇടതുപക്ഷത്തിന് വൈസ് പ്രസിഡന്റ് സ്ഥാനം അവിശ്വാസ പ്രമേയം പാസാക്കി നേടാൻ കഴിയുമെന്നാണ് കണക്കുകൂട്ടൽ. അവിശ്വാസ പ്രമേയം പാസായാൽ വൈസ് പ്രസിഡന്റ് സ്ഥാനം സിപിഎമ്മിന് വേണമെന്നാണ് ഇടതുമുന്നണിയിൽ സിപിഎം ആവശ്യം അറിയിച്ചിരിക്കുന്നത്.

## ടൂറിസം സംരംഭകരുടെ യോഗം

കോട്ടയം: കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ നവംബർ 21ന് കവണാറ്റിൻകരയിലെ ജില്ലാ ടൂറിസം ഓഫീസിൽ വൈക്കം ഡെസ്റ്റിനേഷനിലെയും ഉദയനാപുരം, ചെമ്പ്, മറവൻതുരുത്ത്, വെള്ളൂർ, തലയോലപ്പറമ്പ് പഞ്ചായത്ത് പരിധിയിലുള്ള ടൂറിസം സംരംഭകരുടെ യോഗം ചേരുന്നു. റിസോർട്ട്, ഹോട്ടൽ, ഹോംസ്റ്റേ, സർവീസ് വില്ല, ഗൃഹസ്ഥലി, ശിക്കാരാ വള്ളങ്ങൾ, മറ്റു ടൂറിസം സംരംഭങ്ങൾ, പുതിയതായി ടൂറിസം സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർ എന്നിവർക്ക് യോഗത്തിൽ പങ്കെടുക്കാം. വിശദവിവരത്തിന് ഫോൺ: 9633992977.

## വിവരാവകാശനിയമപ്രകാരം രേഖ നൽകിയില്ലെങ്കിൽനഷ്ടപരിഹാരത്തിന് വ്യവസ്ഥ : സംസ്ഥാന വിവരാവകാശ കമ്മീഷൻ

കോട്ടയം: വിവരാവകാശനിയമപ്രകാരം രേഖകൾ നൽകിയില്ലെങ്കിൽ അപേക്ഷകന് നഷ്ടപരിഹാരം നൽകാൻ നിയമത്തിൽ വ്യവസ്ഥയുണ്ടെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. കെ.എം. ദിലീപ് പറഞ്ഞു. കോട്ടയം കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വിവരാവകാശ കമ്മീഷൻ സിറ്റിങിനുശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.
വിവരാവകാശനിയമപ്രകാരം അപേക്ഷകനു ലഭിക്കേണ്ട രേഖകൾ/വിവരങ്ങൾ ലഭ്യമല്ലെന്നു കാട്ടി മറുപടി നൽകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ രേഖകൾ ലഭിക്കാത്തതുമൂലം അപേക്ഷകനുണ്ടാകുന്ന നഷ്ടം കണക്കാക്കി നഷ്ടപരിഹാരം വകുപ്പിന്റെ പൊതുഅധികാരിയിൽനിന്ന് ഈടാക്കാൻ വിവരാവകാശ നിയമത്തിൽ വ്യവസ്ഥയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പ്രകാരം ഓഫീസ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടത് ഓഫീസ് മേധാവിയുടെ ബാധ്യതയാണ്. നിയമാനുസൃതമായ രേഖകൾ പൂർണമായോ ഭാഗകമായോ നൽകിയില്ലെങ്കിൽ നഷ്ടപരിഹാരം വകുപ്പ്/സ്ഥാപനത്തിന്റെ പൊതുഅധികാരിയിൽനിന്ന് ഈടാക്കാനാണ് വ്യവസ്ഥയുള്ളത്.
തീരദേശപരിപാലന നിയമമനുസരിച്ച് കെട്ടിടനിർമാണത്തിന് അനുമതി നൽകിയ രേഖയുടെ പകർപ്പ് ലഭ്യമാക്കാനായി കൊച്ചി മുനിസിപ്പൽ കോർപറേഷൻ വൈറ്റില സോൺ ഓഫീസിൽ ചെല്ലാനം സ്വദേശി വിവരാവകാശ അപേക്ഷ നൽകി. എന്നാൽ രേഖ ലഭ്യമല്ലെന്ന മറുപടിയാണ് കോർപറേഷൻ നൽകിയത്. തുടർന്ന് അപേക്ഷകൻ വിവരാവകാശകമ്മീഷനെ സമീപിക്കുകയായിരുന്നു. ഈ കേസിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ പൊതുഅധികാരിയിൽനിന്ന് നഷ്ടപരിഹാരം ഈടാക്കാനാണ് സിറ്റിങിൽ തീരുമാനിച്ചത്. ചെമ്പ് ഗ്രാമപഞ്ചായത്തിൽ 2000ൽ കെട്ടിടം വാടകയ്ക്ക് എടുത്തതിന് നിരതദ്രവ്യമായി അടച്ച 25000 രൂപയുടെ ഓഫീസ് രസീതിന്റെ പകർപ്പ് വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കാട്ടിക്കുന്ന് സ്വദേശി നൽകിയ അപേക്ഷയിൽ രസീതിന്റെ പകർപ്പ് നൽകാൻ കമ്മീഷൻ നിർദ്ദേശം നൽകി. രസീത് ലഭ്യമല്ലെന്ന പഞ്ചായത്തിന്റെ മറുപടി കമ്മീഷൻ അംഗീകരിച്ചില്ല.34 കേസുകളാണ് സിറ്റിങിൽ പരിഗണിച്ചത്. ഇതിൽ 33 കേസ് തീർപ്പാക്കി. ഒരെണ്ണം പിന്നീട് പരിഗണിക്കാനായി മാറ്റി. തദ്ദേശ സ്വയംഭരണ വകുപ്പ്, പൊലീസ്, വിജിലൻസ്, കെ.എസ്.ഇ.ബി., ആരോഗ്യവകുപ്പ്, സഹകരണവകുപ്പ്, വിജിലൻസ്, മഹാത്മാഗാന്ധി സർവകലാശാല എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് കമ്മീഷൻ പരിഗണിച്ചത്.


കോട്ടയം കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വിവരാവകാശ കമ്മീഷൻ സിറ്റിങിൽ സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. കെ.എം. ദിലീപ് പരാതികൾ പരിഗണിക്കുന്നു.

## തലമുറകൾക്ക് അക്ഷരവെളിച്ചം പകർന്ന കുഞ്ഞൂഞ്ഞ് ഇനി ഓർമ്മ

തീക്കോയി: തീക്കോയിലും സമീപപ്രദേശങ്ങളിലുമുള്ള ഒരു തലമുറയ്ക്ക് അക്ഷരവെളിച്ചം പകർന്നു നൽകിയ കോനുക്കുന്നേൽ സേവ്യർ ചേട്ടൻ (101-കുഞ്ഞൂഞ്ഞു സാർ) യാത്രയായി.
പ്രദേശത്ത് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് കുട്ടികളുടെ വിദ്യാഭ്യാസത്തിനായി തീക്കോയി സെന്റ് മേരീസ് പള്ളി മുൻകൈയെടുത്ത് 80 വർഷം മുമ്പ് ആരംഭിച്ച കേംബ്രിഡ്ജ് സ്കൂളിലെ 3 അധ്യാപകരിൽ അവസാന കണ്ണിയാണ് വിട പറഞ്ഞത് . കേംബ്രിഡ്ജ് സ്കൂൾ ആരംഭിച്ച വർഷങ്ങൾക്ക് ശേഷമാണ് തീക്കോയിൽ സെൻമേരിസ് ഹൈസ്കൂൾ ആരംഭിക്കുന്നത് . കേംബ്രിഡ്ജ് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ എറണാകുളം വരെ പോകേണ്ടി വന്നിരുന്നത് അക്കാലത്ത് സ്കൂളിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് തടസ്സമായി. തിക്കോയി സെന്റ് മേരീസ് ഫൊറോന പള്ളിയുടെ അക്കൗണ്ടന്റ് ആയി 40 വർഷത്തിലേറെ കുഞ്ഞൂഞ്ഞേട്ടൻ സേവനമനുഷ്ഠിച്ചു.
ഇക്കാലയളവിൽ പള്ളിയിൽ സേവനമനുഷ്ഠിച്ചവരും പാലാ രൂപതയിലുമുള്ള വൈദികരുമായി വളരെ അടുത്ത ആത്മബന്ധമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത് . പാലാ അസംപ്ഷൻ സിസ്റ്റേഴ്സിന് തിക്കോയിൽ ഉണ്ടായിരുന്ന റബർ എസ്റ്റേറ്റിന്റെ മേൽനോട്ടവും കുഞ്ഞൂഞ്ഞേട്ടനായിരുന്നു . മക്കളും കൊച്ചുമക്കളും പേരക്കുട്ടികളുമായി നാല് തലമുറയുടെ സ്നേഹാദരവുകൾ ഏറ്റുവാങ്ങിയാണ് നൂറ്റിയൊന്നാം വയസ്സിൽ അപ്രതീക്ഷിതമായ വേർപാട്. അടുത്ത പിറന്നാൾ ആഘോഷിക്കാൻ ഒരാഴ്ച മാത്രം ബാക്കി നിൽക്കയാണ് ഉറ്റവരിൽ നിന്നും അദ്ദേഹം വിട പറഞ്ഞത് . ഒരു ദിവസം പോലും മുടങ്ങാതെ തീക്കോയി പള്ളിയിൽ എത്തി കുർബാനയിൽ പങ്കുകൊള്ളുന്നത് വർഷങ്ങളായുള്ള മുടങ്ങാത്ത ദിനചര്യയായിരുന്നു. കോവിഡ് മഹാമാരി വരെ ഈ പതിവിന് അദ്ദേഹം മുടക്കം വരുത്തിയില്ല. ഒരാഴ്ച മുമ്പാണ് വീണു പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നത് . തലേദിവസം വരെ കൃഷിയിടത്തിൽ എത്തിയിരുന്നു. കാർഷിക വിളകളുടെ പരിപാലനവും മുടങ്ങാത്ത ദിനചര്യകളിൽ ഒന്നായിരുന്നു . എല്ലാ ദിവസവും രാവിലെ പതിവായുള്ള പത്രവായന ആശുപത്രി കിടക്കയിലും മുടക്കിയില്ല . തിക്കോയി ഇടവകയിലെ ഏറ്റവും തലമുതിർന്ന കാരണവരായിരുന്നു കുഞ്ഞൂഞ്ഞേട്ടൻ.
തോട്ടപ്പള്ളിൽ കുടുംബാംഗം ഏലിക്കുട്ടിയാണ് ഭാര്യ. വിവാഹത്തിന്റെ 78 ാം വാർഷികം അടുത്ത നാളിലാണ് ആഘോഷിച്ചത്.
ഒരുകാലത്ത് തീക്കോയിയുടെ സ്വപ്നമായിരുന്ന പള്ളി ,സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകിയ തലമുറയിലെ അവസാന കണ്ണി കൂടിയാണ് വിസ്മൃതിയിൽ മറയുന്നത്.സംസ്കാരം ഇന്ന് രാവിലെ 11ന് തീക്കോയി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ നടക്കും.


സേവ്യർ ( കുഞ്ഞൂഞ്ഞ് )


ആനിക്കാട് സർവീസ് സഹകരണബാങ്ക് യു ഡി എഫ് തെരഞ്ഞെടുപ്പ് കൺവൻഷൻ ഡി സി സി പ്രസിഡന്റ് പ്രൊഫ സതീഷ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു

## കരസേനയുടെ അഗ്നിവീർ റിക്രൂട്ട്മെന്റ് റാലി അടൂരിൽ നാളെ മുതൽ

കോട്ടയം: ബാംഗ്ലൂർ റിക്രൂട്ടിംഗ് മേഖലാ ആസ്ഥനത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെ ആർമി റിക്രൂട്ടിംഗ് ഓഫീസ് സംഘടിപ്പിക്കുന്ന അഗ്നിവീർ റിക്രൂട്ട്മെന്റ് റാലി (ആർമി) നാളെ രാവിലെ ആറ് മണിക്ക് പത്തനംതിട്ടയിലെ അടൂർ സബ് ഡിവിഷനിലെ കൊടുമൺ ഇ.എം.എസ് സ്റ്റേഡിയത്തിൽ ആരംഭിക്കും. നവംബർ 13ന് റാലി അവസാനിക്കും.
2024 ഏപ്രിൽ 22 മുതൽ മെയ് 07 വരെ നടത്തിയ ഓൺലൈൻ പൊതു പ്രവേശന പരീക്ഷയിൽ കേരള സംസ്ഥാനത്തു നിന്നുള്ള അഗ്നിവീർ വിഭാഗവും, കേരള, കർണാടക, കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നിന്നുള്ള റെഗുലർ വിഭാഗത്തിൽപെട്ട യോഗ്യത നേടിയ പുരുഷ അപേക്ഷകരുമാണ് ഈ റാലിയിൽ പങ്കെടുക്കുന്നത്.
അഗ്നിവീർ ജനറൽ ഡ്യൂട്ടി, അഗ്നിവീർ ടെക്നിക്കൽ, അഗ്നിവീർ ക്ലർക്ക്/സ്റ്റോർ കീപ്പർ ടെക്നിക്കൽ, അഗ്നിവീർ ട്രേഡ്സ്മെൻ എന്നീ വിഭാഗങ്ങളിലേക്കുള്ള റാലിയിൽ തെക്കൻ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളും,കേരള, കർണാടക, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിലെ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ട സോൾജിയർ നഴ്സിംഗ് അസിസ്റ്റന്റ്/നേഴ്സിംഗ് അസിസ്റ്റന്റ് വെറ്ററിനറി, ശിപായി ഫാർമ, ആർ.ടി ജെ.സി.ഒ (റിലീജിയസ് ടീച്ചേഴ്സ് ജൂനിയർ കമ്മീഷൻഡ് ഓഫീസർ), ഹവിൽദാർ സർവേയർ ഓട്ടോ കാർട്ടോ എന്നീ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുമാണ് ഈ റാലിയിൽ പങ്കെടുക്കുന്നത്.
ഷോർട്ട്ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ ഇതിനകം രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡികളിലേക്ക് അയച്ചിട്ടുണ്ട്. കൂടാതെ വ്യക്തിഗത ലോഗിൻ വഴി www.joinindianarmy.nic.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.


ചേനപ്പാടി ഗവ. എൽപി സ്കൂളിലെ മാതൃക പ്രീ പ്രൈമറി സ്കൂളിൽ നിർമിച്ച വർണക്കൂടാരത്തിന്റെ ഉദ്ഘാടനം അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ നിർവഹിക്കുന്നു.

## കുക്ക് ഒഴിവ്

കോട്ടയം: സംസ്ഥാന ഭവനനിർമാണ ബോർഡിന്റെ ഹോസ്റ്റലിൽ കുക്കിന്റെ താൽക്കാലിക ഒഴിവുണ്ട്.
ഹോസ്റ്റലിൽ താമസിച്ച് ജോലി ചെയ്യാൻ താൽപര്യമുള്ള വനിതകൾക്ക് നവംബർ 11ന് രാവിലെ 10.30ന് ബോർഡിന്റെ കോട്ടയം ഡിവിഷണൽ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം. വിശദവിവരത്തിന് ഫോൺ: 04812961775.

## സി.പി.എം സഹകരണ മേഖലയെ തകർക്കാൻ ശ്രമിക്കുന്നു

മല്ലപ്പള്ളി:പത്തനംതിട്ട ജില്ലയിലെ സിപിഎം നേതൃത്വം ജില്ലയിലെ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കാൻ ശ്രമിക്കുകയാണെന്ന് ഡി സി സി പ്രസിഡന്റ് പ്രൊഫ സതീഷ് കൊച്ചുപറമ്പിൽ.
ഇടത്പക്ഷ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജില്ലയിലെ യു ഡി എഫ് ഭരിക്കുന്ന 22 സഹകരണബാങ്കുകൾ അട്ടിമറി നടത്തി അധികാരം പിടിച്ചെടുത്തു.
പിന്നീട് ബാങ്കുകൾ തകർച്ചയിലേക്ക് പോകുന്ന സ്ഥിതിയാണ്. എല്ലാ പ്രതികൂലങ്ങളെയും അതിജീവിച്ചു മികച്ച പ്രവർത്തനം കാഴ്ചവെക്കുവാൻ യു ഡി എഫ് നേതൃത്വം നൽകുന്ന ആനിക്കാട് സർവീസ് സഹകരണ ബാങ്കിന് കഴിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു.
ആനിക്കാട് സർവീസ് സഹകരണബാങ്ക് യു ഡി എഫ് തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.
യുഡിഎഫ് മണ്ഡലം ചെയർമാൻ തോമസ് മാത്യു അധ്യക്ഷത വഹിച്ചു.
മുസ് ലിം ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റംഗം കെ ഇ അബ്ദുൽ റഹ്മാൻ, കുഞ്ഞുകോശി പോൾ, റെജി തോമസ്, കോശി പി സക്കറിയ,എബി മേക്കരിങ്ങാട്ട്,ലിൻസൺ പാറോലിക്കൽ,കെ പി ഫിലിപ്പ്,അബ്ദുൽ ഷുക്കൂർ,എം എം ബഷീർകുട്ടി,പി കെ ശിവൻകുട്ടി,പി ജി ദിലീപ് കുമാർ,പി കെ തങ്കപ്പൻ, സൂസൻ ഡാനിയേൽ, ലിയാക്കത്ത് അലികുഞ്ഞ്,ദേവദാസ് മണ്ണൂരാൻ,കെ പി ശെൽവകുമാർ,സാജൻ എബ്രഹാം,ജോജു മാത്യു ഫിലിപ്പ്,സലീൽ സാലി,ലിബിൻ വടക്കേടത്ത്,മോളിക്കുട്ടി സിബി,ശശിധരകൈമൾ,ജോർജ് വി എം,കെ എസ് പ്രസാദ്,കുഞ്ഞുമോൻ റ്റിറ്റി,ജോൺസൻ പി എ,മാത്യു റ്റിജി,അസിത കെ നായർ,ബഷീർ കെ എസ്,റെയ്ച്ചൽ റീന മാത്യു,ഷിന്റാ ഷാജി എന്നിവർ പ്രസംഗിച്ചു.

## പുരുഷ നഴ്സിംഗ് ഓഫീസർമാരെ ആവശ്യമുണ്ട്

പത്തനംതിട്ട: ശബരിമല മണ്ഡലപൂജമകരവിളക്ക് തീർഥാടനകാലയളവിൽ പമ്പ മുതൽ സന്നിധാനം വരെയും കരിമലയിലുമായി പ്രവർത്തിക്കുന്ന അടിയന്തിര വൈദ്യസഹായ കേന്ദ്രങ്ങളിൽ (ഇഎംസി) നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് ദിവസ വേതനത്തിൽ 40 പുരുഷ നഴ്സിംഗ് ഓഫീസർമാരെ ആവശ്യമുണ്ട്. ഫോൺ 9446685049

## തയ്യൽ പരിശീലന ക്ലാസ്

ആലപ്പുഴ: ജില്ലാ വനിതാ ശിശു വികസന ഓഫീസും സങ്കൽപ്പ് ഹബ്ബ് ഫോർ എംപവർമെന്റ് ഓഫ് വിമണും റോട്ടറി ക്ലബ്ബ് ഓഫ് ആലപ്പി ഈസ്റ്റും സംയുക്തമായി നടപ്പിലാക്കുന്ന മൂന്ന് മാസം ദൈർഘ്യമുള്ള തയ്യൽ പരിശീലന ക്ലാസിലേക്ക് അപേക്ഷ ക്ഷണിച്ചു. 18നും 45നും മദ്ധ്യേ പ്രായമുള്ള ചെറുകിട സംരംഭരാകാൻ താൽപര്യമുള്ള ജില്ലയിലെ വനിതകൾക്ക് അപേക്ഷിക്കാം. വിധവകളും, ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കും മുൻഗണന. ആകെ പത്ത് പേർക്ക് പരിശീലന ക്ലാസിൽ പങ്കെടുക്കാം. താത്പര്യമുള്ളവർ മതിയായ രേഖകൾ സഹിതം നവംബർ 10ന് മുൻപായി dwcdoalpy@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കാം. ഫോൺ: 9605153620, 9074526300.



## പി.എസ്.സി അഭിമുഖം

ആലപ്പുഴ: ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ ആയുർവ്വേദ തെറാപ്പിസ്റ്റ് ( കാറ്റഗറി നമ്പർ 194/2023) തസ്തികയുടെ തെരഞ്ഞെടുപ്പിനായി 2024 മെയ് എട്ടിന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട യോഗ്യരായ 67 ഉദ്യോഗാർത്ഥികൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ആലപ്പുഴ ജില്ലാ ഓഫീസിൽ നവംബർ ഏഴ്, എട്ട് തീയതികളിൽ അഭിമുഖം നടത്തും. ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത അറിയിപ്പ് പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. എസ്.എം.എസ്, പ്രൊഫൈൽ മെസേജ് എന്നിവ മുഖാന്തിരവും അറിയിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ വ്യക്തിവിവരക്കുറിപ്പ് പൂരിപ്പിച്ച് ആയതും ബന്ധപ്പെട്ട പ്രമാണങ്ങളുടെ അസ്സൽ, വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം പി.എസ്.സി ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരാകണമെന്ന് ജില്ലാ ഓഫീസർ അറിയിച്ചു. ഫോൺ:0477 2264134.

# ആലപ്പുഴ വാർത്തകൾ

### കലോത്സവത്തിലും സി.പി.എം ഗ്രൂപ്പ് പോര്

# ഉദ്ഘാടന ചടങ്ങ് ബഹിഷ്കരിച്ച് നഗരസഭ ചെയർപേഴ്സൺ

### പി. ശശിലകലക്കെതിരെ ഒളിയമ്പുമായി യു. പ്രതിഭ എം.എൽ.എ

കായംകുളം : കായംകുളം ഉപജില്ലാ കലോത്സവത്തിന്റെ ഉദ്ഘാടന സമ്മേളനം ബഹിഷ്ക്കരിച്ച് നഗരസഭ ചെയർപേഴ്സൺ പി. ശശിലകല. സ്വാഗതസംഘം ചെയർപേഴ്സൺ കൂടിയായ നഗരസഭ ചെയർപേഴ്സൺ പി ശശികലയെ മേളയുടെ ഭാഗമായ സമ്മേളനങ്ങളിൽ ഒതുക്കിയ സംഭവം വിവാദമായതിനിടെയാണ് ഉദ്ഘാടന സമ്മേളനം ഇവർ ബഹിഷ്കരിച്ചത്. ഉദ്ഘാടന സമ്മേളനത്തിൽ ചെയർപേഴ്സണിനെതിരെ ഒളിയമ്പുമായി എം.എൽ.എയും കളംനിറഞ്ഞു. ഇതോടെ കായംകുളം എം.എൽ.എയും നഗരസഭ ചെയർപേഴ്സണും തമ്മിലുള്ള പോര് മറനീക്കി പുറത്തായി.

കായംകുളം ഉപജില്ലാ കലോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷയായി നിശ്ചയിച്ചിരുന്നത് ചെയർപേഴ്സൺ പി ശശികലയെയായിരുന്നു. എന്നാൽ ഇതേ കലോത്സവത്തിന്റെ സമാപന സമ്മേളന ഉദ്ഘാടനം നൽകിയ ഇവരെക്കാൾ പ്രോട്ടോക്കോളിൽ താഴെവരുന്ന നഗരസഭ വൈസ് ചെയർമാൻ ജെ ആദർശിനും. ഇതാണ് ചെയർപേഴ്സണിനെ പ്രകോപിപ്പിച്ചത്.

സ്വാഗതസംഘം ചെയർപേഴ്സൺ കൂടിയായ നഗരസഭ ചെയർപേഴ്സനെ കലോത്സവ ചടങ്ങിൽ നിന്നും ഒതുക്കുന്നതായി കഴിഞ്ഞ ദിവസം ചന്ദ്രിക റിപ്പോർട്ട് ചെയ്തിരുന്നു. ചടങ്ങിൽ നിന്നും വിട്ടുന്ന ശശികലയോട് ഫോണിൽ വിവരം ആരാഞ്ഞപ്പോൾ മാധ്യമപ്രവർത്തകരോട് പ്രോട്ടോകോൾ ലംഘനം നടന്നതിനാലാണ് താൻ പങ്കെടുക്കാഞ്ഞതെന്ന് അവർ വ്യക്തമാക്കി. എന്നാൽ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടകനായി ആദ്യം നിശ്ചയിച്ച മാവേലിക്കര എംഎൽഎ അരുൺകുമാർ അസൗകര്യം അറിയിച്ചപ്പോൾ പരിപാടി നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷ എന്ന നിലയിൽ താനായിരുന്നു ഉദ്ഘാടക ആകേണ്ടിയിരുന്നതെന്നും എന്നാൽ വൈസ് ചെയർമാൻ ജെ ആദർശിനെ ഉദ്ഘാടകനായി നിശ്ചയിച്ചത് പ്രോട്ടോക്കോൾ ലംഘനം ആണെന്നും ചെയർപേഴ്സൺ ശശികല അറിയിച്ചു.

സ്വാഗതസംഘം ചെയർമാനായ തന്നെ അറിയിക്കാതെയാണ് കലോത്സവ സംബന്ധമായ പത്രസമ്മേളനങ്ങൾ നടത്തിയതെന്നും പ്രോഗ്രാം നോട്ടീസ് തയ്യാറാക്കിയതെന്നും ചെയർപേഴ്സൻ പ്രതികരിച്ചു. കായംകുളം എം.എൽ.എ യു. പ്രതിഭയും ചെയർപേഴ്സണും തമ്മിലുള്ള തർക്കം പാർട്ടിക്ക് തലവേദനയായിട്ടുണ്ട്.

കലോത്സവ വേദിയിൽ ചെയർപേഴ്സന് പകരം അധ്യക്ഷത വഹിച്ച വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷാമില അനിമോൻ ഇത് കൂടിച്ചേരലിന്റെ വേദിയാണ്. മാറിനിൽക്കലിന്റെ വേദി അല്ല എന്ന് പറഞ്ഞ് ചെയർപേഴ്സനെതിരെ ഒളിയമ്പ് എയ്തു. തുടർന്ന് സംസാരിച്ച എം.എൽ.എ യു. പ്രതിഭ ഈ പരിപാടിയിൽ അധ്യക്ഷയാകാൻ ഏറ്റവും അർഹതയുള്ള ആളാണ് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എന്നും, നോട്ടീസിൽ പേരുള്ളവരും ഇല്ലാത്തവരും വന്നവരും വരാത്തവരുമായ എല്ലാവർക്കും സ്നേഹം എന്നും പറഞ്ഞു പ്രതിഭയും തന്റെ നിലപാട് വ്യക്തമാക്കി.

സമൂഹത്തിലെ നിരവധി പേർ കലോത്സവത്തിന് പിന്തുണ അറിയിച്ചുവെന്നും, മാറി നിൽക്കാതെ ചേർന്നു നിൽക്കുന്നതാണ് ഭംഗി എന്നും എം.എൽ.എ കൂട്ടിച്ചേർത്തു. നിങ്ങൾ നല്ല വാർത്ത കൊടുക്കണം. ഞങ്ങൾ തമ്മിലല്ല മത്സരമെന്നും കുട്ടികളുടെ മത്സരമാണ് എന്ന് മാധ്യമങ്ങളെ ഉപദേശിക്കാനും എം.എൽ.എ മറന്നില്ല. അതിനിടെ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനും സി.പി.എം ചേരാവള്ളി ലോക്കൽ സെക്രട്ടറിയുമായ എസ് കേശുനാഥടക്കമുള്ള സിപിഎം കൗൺസിലർമാർ കലോത്സവ ഉദ്ഘാടന ചടങ്ങിൽ നിന്ന് വിട്ടുനിന്നത് ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരമാണെന്ന് അറിയുന്നു.

നേരത്തെ പരസ്യമായി ചെയർപേഴ്സനുമായി ഏറ്റുമുട്ടിയ സി.പി.എം കൗൺസിലറും ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സനുമായ അഡ്വ. ഫർസാന ഹബീബും ഇടതുപക്ഷ സ്വതന്ത്ര കൗൺസിലറും വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സനുമായ ഷാമില അനിമോനും ചടങ്ങിൽ പങ്കെടുത്തത് ചെയർപേഴ്സനോടുള്ള അസ്വാരസ്യത്തിന്റെ തുടർച്ചയാണെന്ന് പറയപ്പെടുന്നു. ഏതായാലും സി.പി.എമ്മിലും ഇടതുമുന്നണിക്കുള്ളിലും വരും ദിവസങ്ങളിൽ കൂടുതൽ പൊട്ടിത്തെറികൾക്ക് ഇത് കാരണമാകും.

## സീറ്റൊഴിവ്

ആലപ്പുഴ: അടൂർ ഭാരത് ഹിന്ദി പ്രചാരകേന്ദ്രത്തിൽ നടത്തുന്ന രണ്ട് വർഷ റഗുലർ ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ കോഴ്സ് 202426 ബാച്ചിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയിലുള്ള പ്ലസ് ടു, ഹിന്ദി പ്രചാരസഭകളുടെ അംഗീകൃത ഹിന്ദി കോഴ്സുകളോ ഡിഗ്രിയോ എം.എയോ വിജയിച്ചവർക്ക് അപേക്ഷിക്കാം. പ്രായപരിധി 17 നും 35 നും ഇടയ്ക്ക്. അപേക്ഷകൾ പ്രിൻസിപ്പൽ, ഭാരത് ഹിന്ദി പ്രചാരകേന്ദ്രം, അടൂർ, പത്തനംതിട്ട എന്ന വിലാസത്തിൽ നവംബർ 15ന് അഞ്ച് മണിക്ക് മുമ്പായി സമർപ്പിക്കണം. ഫോൺ: 8547126028, 04734296496.

## പി.ടി.എസ് ഒഴിവ്

ആലപ്പുഴ: ആലപ്പുഴ ജില്ലാ സൈനികക്ഷേമ ഓഫീസിന്റെ അധീനതയിലുള്ള ആലപ്പുഴ സൈനിക വിശ്രമകേന്ദ്രത്തിലേക്ക് ഭാഗീക സമയ തൂപ്പുകാരനെ ആവശ്യമുണ്ട്. താൽപര്യമുള്ള പ്രദേശവാസികളായ വിമുക്തഭടന്മാർ നവംബർ ആറിന് മുമ്പായി ആലപ്പുഴ ജില്ലാ സൈനികക്ഷേമ ഓഫീസിൽ അപേക്ഷ നൽകുകയോ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യുക. ഫോൺ: 04772245673.



ചേർത്തല ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ മികച്ച വിജയം നേടിയ മതിലകം എൽ.എഫ്. യു.പി സ്കൂളിനുള്ള ഉപഹാരം ജില്ലാ കലക്ടർ അലക്സ് വർഗീസ് നൽകുന്നു

## വിജയോത്സവം; പ്രതിഭകളെ ആദരിച്ചു

ചേർത്തല : ഉപജില്ല സ്കൂൾ കലോത്സവത്തിലും ശാസ്ത്രോത്സവത്തിലും തിളക്കമാർന്ന നേട്ടം കൈവരിച്ച പ്രതിഭകളെ ആദരിക്കുന്നതിനായി മതിലകം ലിറ്റിൽ ഫ്ലവർ യു.പി.സ്കൂളിൽ വിജയോത്സവം സംഘടിപ്പിച്ചു. നഗരസഭ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കലക്ടർ അലക്സ് വർഗീസ് മുഖ്യാതിഥിയായി. ഉപജില്ലാ കലോത്സവത്തിൽ എൽ. പി, യു. പി വിഭാഗങ്ങളിൽ തിളക്കമാർന്ന പ്രകടനം കാഴ്ചവച്ച സ്കൂളിനുള്ള പുരസ്കാരവും മികച്ച പ്രഥമ അധ്യാപികക്കുള്ള അവാർഡും ഹെഡ്മിസസ് പി.പി മേഴ്സിക്ക് കലക്ടർ സമ്മാനിച്ചു. സ്കൂൾ മാനേജർ സിസ്റ്റർ ഇസബെൽ ഫ്രാൻസിസ്, നഗരസഭ കൗൺസിലർ എസ് ശ്രീജ, പി. ടി. എ പ്രസിഡന്റ് അനീഷ്, വൈസ് പ്രസിഡന്റ് ജോസി ജോൺ, കെ. ബാബുമോൻ തുടങ്ങിയവർ പ്രസംഗിച്ചു.

### മുനിസിപ്പൽ വിശ്രമകേന്ദ്രത്തിലെ അക്രമണം;

## മൂന്നാം പ്രതിയും പിടിയിൽ

ആലപ്പുഴ : ആലപ്പുഴ മുനിസിപ്പൽ വിശ്രമകേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാരെ അക്രമിച്ച് പരിക്കേൽപ്പിച്ച കേസിൽ മൂന്നാം പ്രതിയും പിടിയിൽ. പുന്നപ്ര വടക്ക് പഞ്ചായത്ത് 11-ാം വാർഡിൽ നൈപ്പള്ളി വീട്ടിൽ നന്ദു എന്ന് വിളിക്കുന്ന നന്ദകുമാർ (21) ആണ് പൊലീസ് പിടിയിലായത്.

കഴിഞ്ഞ 24ന് ഉച്ചകഴിഞ്ഞ് 3.30ന് ആലപ്പുഴ വലിയ ചുടുകാടിന് തെക്കുവശമുള്ള മുനിസിപ്പാലിറ്റി വിശ്രമ കേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാരെയാണ് ഒന്നാം പ്രതി അമലും, രണ്ടാം പ്രതി ശ്രീരാജും മൂന്നാം പ്രതി നന്ദുവും കൂട്ടാളികളും ചേർന്ന് അക്രമിച്ച് പരിക്കേൽപ്പിച്ചത്. മുനിസിപ്പാലിറ്റിയുടെ വലിയ ചുടുകാടിനടുത്തുള്ള വഴിയോര വിശ്രമ കേന്ദ്രത്തിന്റെ അകത്തുള്ള മരത്തിനു ചുറ്റും കെട്ടിയിരിക്കുന്ന കലിങ്കിൽ ഒന്നും രണ്ടും പ്രതികൾ സുഹൃത്തുക്കളോടൊപ്പം ഇരുന്ന് മറ്റുള്ളവർക്ക് ശല്യം ഉണ്ടാക്കുന്ന രീതിയിൽ പെരുമാറിയപ്പോൾ മുനിസിപ്പൽ ജീവനക്കാർ അവരോട് തൊട്ടടുത്ത് ശ്മശാനമാണ് അതുകൊണ്ട് ബഹളം ഉണ്ടാക്കാതിരിക്കുവാൻ പറഞ്ഞതിനാണ് പ്രതികൾ അക്രമണം നടത്തിയത്. മുനിസിപ്പൽ വിശ്രമ കേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാരയ നവാസ്, അനീഷ് എന്നിവരെയാണ് സംഘം അക്രമിച്ചത്. ഒന്നാം പ്രതി അമലിനെയും രണ്ടാം പ്രതി ശ്രീരാജിനേയും പൊലീസ് നേരത്തെ പിടികൂടിയിരുന്നു.

# കായംകുളം ഉപജില്ലാ കലോത്സവത്തിന് തുടക്കം



ഉജ്വലബാല്യം പുരസ്കാര ജേതാവ് മാസ്റ്റർ യാസീനും സഹോദരൻ അൽ അമീനും ചേർന്ന് ഭദ്രദീപം കൊളുത്തി കലോത്സവം ഉദ്ഘാടനം ചെയ്യുന്നു

കായംകുളം: കായംകുളം ഉപജില്ലാ കലോത്സവത്തിന് തുടക്കമായി. കായംകുളം എം.എസ്.എം എച്ച്.എസ്.എസിലെ പ്രധാന വേദിയിൽ ഉജ്വലബാല്യം പുരസ്കാര ജേതാവ് മാസ്റ്റർ യാസീനും സഹോദരൻ അൽ അമീനും ചേർന്ന് ഭദ്ര ദീപം കൊളുത്തി കലോത്സവം ഉദ്ഘാടനം ചെയ്തു.

കായംകുളം നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷാമില അനിമോന്റെ അധ്യക്ഷതയിൽ യു പ്രതിഭ എം.എൽ.എ ഉദ്ഘാടന പ്രഭാഷണം നിർവഹിച്ചു.

കായംകുളം എ.ഇ.ഒ എ.സിന്ധു സ്വാഗതം പറഞ്ഞു. എം.എസ്.എം എച്ച്.എസ്.എസ് മാനേജർ പി.എ ഹിലാൽ ബാബുവിനെ ചടങ്ങിൽ ആദരിച്ചു.

കായംകുളം ഉപജില്ലാ ശാസ്ത്രമേളയിൽ ഓവറോൾ കിരീടം നേടിയ സ്കൂളുകൾക്കുള്ള എവർറോളിംഗ് ട്രോഫിയും വിതരണം ചെയ്തു. നഗരസഭ കൗൺസിലർമാരായ, ഏജെ, ഷാജഹാൻ ഷീജ റഷീദ്, രാജേഷ്, അഡ്വ: ഫർസാന ഹബീബ്, സ്വാഗതസംഘം ജനറൽ കൺവീനർ ടി സിദ്ദീഖ്, അധ്യാപക സംഘടന പ്രതിനിധികളായ കെ രഘുകുമാർ, ബിനീഷ് കുമാർ, വിഷ്ണു മാലുമേൽ, രാജേഷ് കമ്മത്ത്, സംഘടനാ പ്രതിനിധി മുജീബ്, നിയാസ്, വി.എസ് അനിൽകുമാർ, ഹെഡ്മിസ്ട്രസ് സുൽഫത്ത് , എം എസ് എം എൽ പി എസ് ഹെഡ്മിസ്ട്രസ് ശാരിദാസ്, പി.ടിഎ പ്രസിഡൻറ് സുധീർ ഫർസാന, എച്ച് നവാസ്, സജീന ഹുസൈയിൻ, ഡോ. ഹാഷ്മി സംബന്ധിച്ചു. ജി ഗോകുൽ നന്ദി പറഞ്ഞു.



കായംകുളം സബ് ജില്ലാതല ശാസ്ത്രമേളയിൽ യു.പി തലം ഓവർ റോൾ കിരീടം നേടിയ കായംകുളം ടൗൺ ഗവൺമെന്റ് യു.പി സ്കൂൾ വിദ്യാർഥികൾ കലോത്സവ വേദിയിൽ



തഴക്കര ഗ്രാമപഞ്ചായത്ത് മാങ്കാംകുഴി മത്സ്യ മാർക്കറ്റ് നിർമ്മാണോദ്ഘാടനം മന്ത്രി സജി ചെറിയാൻ നിർവഹിക്കുന്നു

## മാങ്കാംകുഴി മത്സ്യ മാർക്കറ്റ് നിർമ്മാണോദ്ഘാടനം

മാങ്കാംകുഴി: തഴക്കര ഗ്രാമ പഞ്ചായത്തിലെ മാങ്കാംകുഴി മത്സ്യ മാർക്കറ്റിന്റെ നിർമ്മാണം ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. മാങ്കാംകുഴി മത്സ്യ മാർക്കറ്റിന്റെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. എം.എസ് അരുൺകുമാർ എം.എൽ.എ അധ്യക്ഷത വഹിച്ചു. മുൻ എംഎൽഎ ആർ രാജേഷ്, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാദാസ്, തഴക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷീബ സതീഷ്, വൈസ് പ്രസിഡന്റ് അംബിക സത്യനേശൻ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാരായ ഷീല രവീന്ദ്രനുണ്ണിത്താൻ, ഷീല ടീച്ചർ, തഴക്കര ഗ്രാമ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാരായ എസ് അനിരുദ്ധൻ, സുനിൽ വെട്ടിയാർ, ബീന വിശ്വകുമാർ, വാർഡ് അംഗങ്ങളായ അഡ്വ. കോശി എം കോശി, എൽ ഉഷ, ഗോകുൽ രംഗൻ, രമ്യ സുനിൽ, കൃഷ്ണമ്മ ഉത്തമൻ, സുജാത, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ പി. ഐ ഷെയ്ക് പരീത്, ഡയറക്ടർ ബോർഡ് മെമ്പർ പി.ഐ ഹാരിസ്, ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ബെന്നി വില്യം, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എസ് നവാസ്, സുബിൻ ജോർജ്, പ്രസന്ന ഷാജി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ സംസാരിച്ചു.

## മിനി ഹൈമാസ്റ്റ് ലൈറ്റിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു

മാന്നാർ: പഞ്ചായത്തിലെ പ്രധാന ജംഗ്ഷനായ സ്റ്റോർ ജംഗ്ഷനിൽ മിനി ഹൈമാസ്റ്റ് ലൈറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതായി വാർഡ് മെമ്പർ ശാന്തിനി ബാലകൃഷ്ണൻ അറിയിച്ചു. കഴിഞ്ഞവർഷം മന്ത്രി സജി ചെറിയാന് നൽകിയ നിവേദനത്തെ തുടർന്നാണ് മിനി ഹൈമാസ്റ്റ് ലൈറ്റ് അനുവദിച്ചത്.

നിലവിൽ പഞ്ചായത്തിൽ വിവിധ പദ്ധതികളിൽ കൂടി എട്ട് പ്രദേശങ്ങളിൽ ലൈറ്റുകൾ സ്ഥാപിച്ചെങ്കിലും സ്റ്റോർ ജംഗ്ഷനെ അവഗണിച്ചത് പ്രദേശ വാസികൾക്കും വ്യാപാരികൾക്കും പ്രതിഷേധം ഉണ്ടായിരുന്നു. ഈ മാസം അവസാനത്തോടുകൂടി ലൈറ്റിന്റെ പ്രവർത്തന ഉദ്ഘാടനം ഉണ്ടാകുമെന്നും ശാന്തിനി ബാലകൃഷ്ണൻ അറിയിച്ചു.

## പ്രദക്ഷിണം

മുഹമ്മ: തീർഥാടന കേന്ദ്രമായ കഞ്ഞിക്കുഴി വനസ്വർഗം പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷിണം നടന്നു. വികാരി ഫാ.ടോമി കുരിശിങ്കലിന്റെയും ഫാ.സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കലിന്റെയും നേതൃത്വത്തിൽ നടന്ന പ്രദക്ഷിണത്തിൽ ജനസഹസ്രങ്ങൾ പ്രാർഥനാഗീതങ്ങളുമായി അണിചേർന്നു.

## മുഹമ്മ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സബ്ബ് സെന്റർ ശിലാസ്ഥാപനം

മുഹമ്മ : മുഹമ്മ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കല്ലാപ്പുറത്ത് പുതിയതായി ആരംഭിക്കുന്ന സബ്ബ് സെന്റർ ശിലാസ്ഥാപനം നടത്തി.
മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വപ്നാ ഷാബു ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ ടി റെജി അധ്യക്ഷനായി. ആര്യാട് ബ്ലോക്ക് പഞ്ചായത്തംഗം സിന്ധു രാജീവ് മുഹമ്മ ഗ്രാമ പഞ്ചായത്തംഗങ്ങളായ സിഡി വിശ്വനാഥൻ കുഞ്ഞുമോൾ ഷാനവാസ് വിനോമ്മ രാജു അഡ്വ ലതീഷ് ബി ചന്ദ്രൻ ജില്ലാ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് അഡ്വ: കെ ആർ ഭഗീരഥൻ കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 1300 പ്രസിഡന്റ് കെ.ഡി അനിൽകുമാർ മുഹമ്മ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോക്ടർ ജയന്തി എന്നിവർ പ്രസംഗിച്ചു. ഗ്രാമപഞ്ചായത്തംഗം പി എൻ നസീമ സ്വാഗതവും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ബി വിഷ്ണു നന്ദിയും പറഞ്ഞു.



മുഹമ്മ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സബ്ബ് സെന്റർ ശിലാസ്ഥാപനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ഷാബു നിർവഹിക്കുന്നു

## വ്യാപാര സ്ഥാപനങ്ങളിലെ വെള്ളക്കെട്ട്: ഓട നിർമ്മാണം അനിവാര്യം

മാന്നാർ: ചെറിയ മഴയിൽ പോലും മാന്നാർ ടൗണിലെ വ്യാപാരസ്ഥാപനങ്ങളിൽ മഴവെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ഓട നവീകരണം ഇല്ലാത്തത് മൂലമാണെന്ന് വ്യാപാരി വ്യവസായി കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി അജിത്ത് പഴവൂർ ആരോപിച്ചു. നവീകരണ ചുമതയിൽ കെ.എസ്.ടി.പി പിന്മാറി പി.ഡബ്ല്യു.ഡി ഏറ്റെടുത്തെങ്കിലും നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇതുവരെയും ഫണ്ട് അനുവദിച്ചിട്ടില്ല. നിലവിലുള്ള ഓടകൾ മുഴുവൻ തകർന്നു കിടക്കുകയാണെന്നും പുതിയ ഓട പണിഞ്ഞെങ്കിൽ മാത്രമേ വ്യാപാരികളുടെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുകയുള്ളൂയെന്നും പറഞ്ഞു.

## മഞ്ഞപ്പിത്തം: ശുചിത്വ കാര്യങ്ങളിൽ അതീവ ശ്രദ്ധ വേണം

ആലപ്പുഴ: ജില്ലയിൽ മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ് എ) കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൊതുജനങ്ങളും ആഹാരം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും ശുചിത്വ കാര്യങ്ങളിൽ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു.

മഞ്ഞപിത്തം വ്യാപകമായ പ്രദേശങ്ങളിൽ ജില്ലാ ആരോഗ്യ വിഭാഗവും പ്രാദേശിക ആരോഗ്യ പ്രവർത്തകരും ശക്തമായ നടപടികൾ എടുത്തുവരികയാണ്.രോഗബാധിതരിൽ നിന്നും രോഗം മറ്റുള്ളവരിലേക്ക് അതിവേഗം പകരുമെന്നതിനാൽ രോഗബാധിതരും അവരുമായി സമ്പർക്കത്തിൽ വരുന്നവരും ശുചിത്വ കാര്യങ്ങളിൽ ശ്രദ്ധിക്കണം.2024 സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലായി ചെങ്ങന്നൂർ ഐ എച്ച് ആർ ഡി എഞ്ചിനീയറിങ് കോളേജിലെ 16 വിദ്യാർഥികളിൽ മഞ്ഞപ്പിത്ത രോഗലക്ഷണങ്ങൾ കണ്ടെത്തിയിരുന്നു. പാണ്ടനാട്, കുറത്തികാട്, ചുനക്കര ബ്ലോക്ക്കളിലെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ ഏകോപനത്തോടെ രോഗനിരീക്ഷണ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ പ്രദേശത്ത് തുടർന്നു വരുന്നു. മഞ്ഞപിത്തം പോലെയുള്ള പകർച്ചവ്യാധികൾ തടയാൻ പ്രതിരോധശീലങ്ങൾ പാലിക്കുന്നതിൽ പൊതുജനങ്ങൾ അതീവജാഗ്രത പുലർത്തേണ്ടതുണ്ട്.

നൂറനാട് ഗ്രാമപഞ്ചായത്തിൽ 11 പേരിലാണ് കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ മഞ്ഞപ്പിത്ത രോഗലക്ഷണങ്ങൾ കണ്ടെത്തിയത്. ഈ രണ്ട് പ്രദേശങ്ങളിലും രോഗബാധിതരായ വ്യക്തികളിൽ നിന്നുമാണ് മറ്റുള്ളവരിലേക്ക് രോഗബാധയുണ്ടായതായി രോഗനിരീക്ഷണത്തിൽ കണ്ടെത്തിയത്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സൂപ്പർ ക്ലോറിനേഷനും ബോധവൽക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

രോഗാണു ശരീരത്തിൽ പ്രവേശിച്ച് രോഗലക്ഷണങ്ങൾ പ്രകടമാകാൻ 15 മുതൽ 50 ദിവസം വരെ എടുക്കാം. ആയതിനാൽ രോഗ ബാധയുണ്ടായ പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ 50 ദിവസത്തേക്ക് തുടരുന്നതാണ്.രോഗമുള്ളപ്പോൾ ആഹാര പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതും ആഹാരം പങ്കിടുന്നതിലൂടെയും രോഗബാധിതർ ഉപയോഗിക്കുന്ന ടോയ്ലറ്റ്, ബക്കറ്റ്,മഗ്,ആഹാരം കഴിക്കുന്ന പാത്രം പോലെയുള്ളവ പങ്കിട്ട് ഉപയോഗിക്കുന്നതിലൂടെയും രോഗം മറ്റുള്ളവരിലേക്ക് പകരുന്നു.രോഗചികിത്സയിലിരിക്കുന്നവർ ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്നുകൾ കൃത്യമായി കഴിക്കുക.

രോഗബാധിതർ ആഹാരം പാചകം ചെയ്യുക, വിളമ്പുക പോലെയുള്ള കാര്യങ്ങളിൽ ഏർപ്പെടാതിരിക്കുകയും വിരുന്ന് സൽക്കാരങ്ങൾ പോലെയുള്ള പൊതുചടങ്ങുകളിൽ പങ്കെടുക്കുന്നത് ഒഴിവാക്കുന്നതും രോഗവ്യാപനം തടയുന്നതിന് സഹായകമാകും.തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.ആർഒ പ്ലാന്റിലെയോ ഫിൽറ്ററിലെയോ വെള്ളമാണെങ്കിൽ കൂടിയും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.തിളപ്പിച്ച വെള്ളം തണുപ്പിക്കാനായി പച്ചവെള്ളം യാതൊരു കാരണവശാലും ചേർക്കരുത്.കുട്ടികളും മറ്റും പൈപ്പുകളിലെ വെള്ളം തിളപ്പിക്കാതെ കുടിക്കുന്നില്ല എന്ന് രക്ഷകർത്താക്കൾ നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്.

ടോയ്ലറ്റ് ഉപയോഗിച്ചതിനു ശേഷം കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുക.ഭക്ഷണം കഴിക്കുന്നതിന് മുൻപ് നിർബന്ധമായും സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കുക.പനി, ശരീര വേദന, ഓക്കാനം, ഛർദി, വിശപ്പില്ലായ്മ എന്നീ ലക്ഷണങ്ങൾ ഉണ്ടായാൽ ചികിത്സ തേടുക. സ്വയം ചികിത്സ പൂർണ്ണമായും ഒഴിവാക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.



കേരളത്തിൽ മുമ്പൊന്നും ഇല്ലാത്ത തരത്തിൽ കാലുമാറ്റ രാഷ്ട്രീയം പ്രോത്സാഹിപ്പിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. ഇത് ആപത്കരമാണ്. കാലുമാറ്റത്തിന് നേതൃത്വം കൊടുക്കുന്നത് സി.പി.എമ്മാണ് എന്നത് അപലപനീയമാണ്. ആശയങ്ങളുടെയും നിലപാടുകളുടെയും പേരിൽ അല്ല കാലുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് എന്നത് ഉത്തരേന്ത്യൻ രാഷ്ട്രീയം കേരളത്തിൽ കൊണ്ടുവരുന്നതിന് തുല്യമാണ്. തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ കാലുമാറ്റുന്നത് ശരിയായ നിലപാടല്ല. വ്യക്തമായ നിലപാട് സ്വീകരിച്ചു കൊണ്ടുള്ള മാറ്റം അംഗീകരിക്കാതിരിക്കാനും കഴിയില്ല.

–രമേശ് ചെന്നിത്തല

സ്കൂൾ കായികമേളയിലെ കുട്ടികളുടെ മാർച്ച് പാസ്റ്റും ഉദ്ഘാടന മാമാങ്കവും കണ്ടപ്പോൾ എന്റെ കുട്ടിക്കാലം ഓർത്തുപോയി. അന്ന് ഞാൻ മടിയനായിരുന്നു. കുട്ടിക്കാലത്ത് ഇതുപോലെ ആകാമായിരുന്നു എന്ന് ഇപ്പോൾ തോന്നുന്നു. പക്ഷേ കായിക മത്സരങ്ങളിൽ പങ്കെടുക്കാതെ നാടകത്തിൽ അഭിനയിക്കാൻ പോയി. കിട്ടുന്ന അവസരങ്ങൾ പരമാവധി ഉപയോഗിക്കുക. കൂടെ ഒരാൾ മത്സരിക്കാൻ ഉള്ളതുകൊണ്ടാണ് ജയിക്കുന്നത്. പ്രതിയോഗിയെ ശത്രുവായി കാണരുത്.

–മമ്മൂട്ടി





## പ്രചാരണത്തിന് സാദിഖലി തങ്ങളും കുഞ്ഞാലിക്കുട്ടിയും സമദാനിയും

# വയനാട്ടിൽ പ്രിയങ്ക മാത്രം

**കെ.എസ് മുസ്തഫ**
മുട്ടിൽ



വയനാട് ലോക്സഭാ മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർത്ഥി പ്രിയങ്കാഗാന്ധി മുട്ടിലിലെ കോർണർ യോഗത്തിൽ സംസാരിക്കുന്നു. കെ.കെ അഹമ്മദ്ഹാജി, കെ.സുധാകരൻ, പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ കുഞ്ഞാലിക്കുട്ടി, അബ്ദുൾ സമദ് സമദാനി, രാജ്മോഹൻ ഉണ്ണിത്താൻ തുടങ്ങിയവർ സമീപം

കേരള രാഷ്ട്രീയം ഇളക്കി മറിച്ച് സി.പി.എംബി.ജെ.പി രഹസ്യധാരണകൾ പുറത്തുവരുന്നതിനിടെ വയനാട്ടിൽ ഇരുമുന്നണികളെയും അപ്രസക്തമാക്കി യു.ഡി.എഫ് സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധിയുടെ പടയോട്ടം. പതിനായിരങ്ങൾ അണിനിരന്ന റോഡ് ഷോയിൽ തുടങ്ങി, വയനാടിന്റെ നഗരഗ്രാമങ്ങളിൽ കാത്തുനിന്ന ആയിരങ്ങളിലേക്കിറങ്ങിച്ചെന്ന് നാടിന്റെ നോവുകൾക്കും പ്രതീക്ഷകൾക്കും കൂടെയുണ്ടാവുമെന്ന ഉറപ്പ് നൽകി പ്രചാരണത്തിൽ പ്രിയങ്ക വയനാട്ടിലാകെ തരംഗമായിക്കഴിഞ്ഞു. പ്രചാരണത്തിന് വർധിത ആവേശം പകർന്ന് മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, ദേശീയ ജനറൽ സെക്രട്ടറിയും നിയമസഭ പ്രതിപക്ഷ ഉപനേതാവുമായ പി.കെ കുഞ്ഞാലിക്കുട്ടി, ദേശീയ സീനിയർ വൈസ് പ്രസിഡന്റ് എം.പി അബ്ദുസമദ് സമദാനി എം.പി, കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ തുടങ്ങിയവരും ഇന്നലെ ജില്ലയിലെത്തി. പ്രിയങ്കയുടെ ചരിത്ര വിജയത്തിനായി വയനാട് ഒരുങ്ങിയെന്നും റെക്കോർഡ് ഭൂരിപക്ഷത്തോടെ യു.ഡി.എഫിന്റെ വിജയചരിത്രം ആവർത്തിക്കണമെന്നും തങ്ങൾ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ ആവശ്യപ്പെട്ടു.

മാനന്തവാടി, കൽപ്പറ്റ നിയോജകമണ്ഡലങ്ങളെ ഇളക്കിമറിച്ച് ഞായറാഴ്ച നടത്തിയ പ്രചാരണ പര്യടനത്തിന്റെ തുടർച്ചയായി ഇന്നലെ രാവിലെ സുൽത്താൻ ബത്തേരി മണ്ഡലത്തിന്റെ ഭാഗമായ കേണിച്ചിറയിലെ കോർണർ മീറ്റിംഗോടെയായിരുന്നു പ്രിയങ്കയുടെ രണ്ടാംഘട്ട പര്യടനത്തിലെ രണ്ടാം ദിനത്തിന്റെ തുടക്കം.

തുടർന്ന് മുള്ളൻകൊല്ലി, പുൽപ്പള്ളി, മുട്ടിൽ, വൈത്തിരി എന്നിവിടങ്ങളിലെ കോർണർ യോഗങ്ങളിലും പ്രിയങ്ക സംസാരിച്ചു. കേന്ദ്ര സർക്കാർ തുടരുന്ന വെറുപ്പിന്റെ രാഷ്ട്രീയത്തിനും ഇടതുസർക്കാരിന്റെ വികസന വിരുദ്ധതക്കുമെതിരെ രൂക്ഷവിമർശനങ്ങളാണ് പ്രിയങ്ക ഉന്നയിച്ചത്. സ്വന്തം നേട്ടങ്ങൾക്കും രാഷ്ട്രീയ ലാഭത്തിനും വേണ്ടി രാജ്യത്തെ മനുഷ്യരെ തമ്മിലടിപ്പിക്കുകയാണ് മോദിയെന്ന് പ്രിയങ്ക തുറന്നടിച്ചു. വെറുപ്പിന്പകരം സ്നേഹത്തിന്റെ രാഷ്ട്രീയം രാജ്യത്ത് തിരികെ കൊണ്ടുവരാൻ ഇന്ത്യ മുന്നണി അധികാരത്തിലെത്തണമെന്നും അവർ പറഞ്ഞു. ആരോഗ്യരംഗത്ത് പതിറ്റാണ്ടുകളായി പിന്നാക്കം നിൽക്കുന്ന ജില്ലക്കായി ഒന്നും ചെയ്യാതെ, മെഡിക്കൽ കോളജന്ന് ബോർഡ് വെച്ച് വിലകുറഞ്ഞ രാഷ്ട്രീയം കളിക്കുകയാണ് ഇടതുസർക്കാരെന്നും വയനാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരുകളോട് യാചിക്കേണ്ട ദയനീവസ്ഥയിലാണ് വയനാട്ടുകാരെന്നും പ്രിയങ്ക പറഞ്ഞു.

പ്രചാരണ യാത്രക്കിടെ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട കുറുവാ ദ്വീപ് ഇക്കോ ടൂറിസം ജീവനക്കാരൻ പാക്കം തിരുമുഖത്ത് തേക്കിൻകൂപ്പിൽ വെള്ളച്ചാലിൽ പോളിന്റെ കുടുംബത്തെയും തൊഴിലുറപ്പ് തൊഴിലാളികളെയും പ്രിയങ്ക കാണാനെത്തി. പുൽപ്പള്ളിയിൽ നിന്നും മുട്ടിലിലേക്കുള്ള യാത്രക്കിടെ പി.കെ കുഞ്ഞാലിക്കുട്ടിയുടെ ഭാര്യ പിതാവ് കൂടിയായ ബത്തേരി കക്കോടൻ മൂസ ഹാജിയുടെ വീട് സന്ദർശിച്ച പ്രിയങ്ക, കുടുംബാംഗങ്ങൾക്കൊപ്പം സമയം ചിലവിട്ടാണ് മടങ്ങിയത്.

രാത്രി വൈകി വൈത്തിരിയിൽ രണ്ടാം ദിന പര്യടനം അവസാനിപ്പിച്ച പ്രിയങ്ക മണ്ഡലത്തിലുൾപ്പെടുന്ന കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പ്രചാരണത്തിനായി ഇന്ന് രാവിലെ ചുരമിറങ്ങും.

# നീട്ടിക്കിട്ടിയ ആവേശം, പാലക്കാട് തിളച്ചുമറിയും




തിരുവനന്തപുരം: കൽപ്പാത്തി രഥോത്സവത്തെ തുടർന്ന് പാലക്കാട് ഉപതിരഞ്ഞെടുപ്പ് തീയതി നവംബർ 13ൽ നിന്ന് 20ലേക്ക് മാറ്റിയതോടെ വയനാടിന്റെയും ചേലക്കരയുടെയും ആവേശത്തിനു ശേഷവും പാലക്കാട് കൂടുതൽ രാഷ്ട്രീയ ശ്രദ്ധാകേന്ദ്രമായി മാറുമെന്നുറപ്പ്. പ്രചാരണത്തിന് സമയം കൂടുതൽ ലഭിക്കുമെന്നു മാത്രമല്ല, അവസാന ലാപ്പിലേക്ക് അടുക്കുമ്പോൾ കേരളമാകെ പാലക്കാടിനെ ചൂഴ്ന്നുനിൽക്കുകയും ചെയ്യും. 13ന് വയനാട്ടിലെയും ചേലക്കരയിലെയും ഉപതിരഞ്ഞെടുപ്പുകൾ കഴിയുന്നതോടെ ദേശീയ, സംസ്ഥാന നേതാക്കളെല്ലാം പാലക്കാട് മാത്രമായി ക്യാമ്പ് ചെയ്തേക്കും. ഇത് നീട്ടിക്കിട്ടിയ ആവേശം തിളച്ചുമറിയാൻ ഇടയാക്കും.

വയനാട്ടിലെ വിധിയെ കുറിച്ച് ഇടതിനോ ബി.ജെ.പിക്കോ തലപുകയ്ക്കാനില്ല. ചേലക്കരയിൽ ചരിത്രം തിരുത്താൻ യു.ഡി.എഫിന്റെ പടയോട്ടം നടക്കുകയും ചെയ്യുന്നു. എന്നാൽ എന്തുകൊണ്ടും ശ്രദ്ധാകേന്ദ്രം പാലക്കാട് തന്നെയാണ്. യു.ഡി.എഫിന്റെ പരമ്പരാഗത വോട്ട് ബാങ്ക് ഇവിടെയുണ്ട്. രാഹുൽ മാങ്കൂട്ടത്തിൽ എന്ന യുവനിരയിലെ പ്രബലനായ സ്ഥാനാർത്ഥിക്ക് നിലവിലെ സാഹചര്യത്തിൽ ആശങ്കപ്പെടാനില്ല. കേരള ബി.ജെ.പിയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും മോശം കാലാവസ്ഥയാണ് ഇവിടെയുള്ളത്. ബി.ജെ.പി പാലക്കാട് അവർക്കുള്ള ശക്തി പൂർണമായി പ്രതിഫലിപ്പിക്കാൻ കഴിയാത്ത നിലയിലാണ്. തമ്മിലടിയും കുഴൽപ്പണവും സന്ദീപ് വാര്യരുടെ വെല്ലുവിളിയും സി. കൃഷ്ണകുമാറിനെതിരായ പ്രചാരണവുമെല്ലാം ബി.ജെ.പിക്ക് വലിയ തിരിച്ചടിയാകും സമ്മാനിക്കുക. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇ. ശ്രീധരന്റെ വ്യക്തിപ്രഭാവത്തിൽ നേടാനായ വോട്ടുകൾ ഇത്തവണ ലഭിക്കില്ലെന്ന് ഉറപ്പ്. നിലവിലെ വോട്ടുകൾ ചോർന്നുപോകുന്നതിനൊപ്പമാണ് പാർട്ടിക്കുള്ളിലെ പൊട്ടിത്തെറി ബി.ജെ.പിയെ അസാധാരണ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നത്.

ഒരു കാലത്ത് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വലിയതോതിൽ വേരോട്ടമുണ്ടായിരുന്ന പാലക്കാട് കോൺഗ്രസ് പുറത്താക്കിയ പി. സരിനെ മത്സരിപ്പിക്കുന്നതോടെ സി.പി.എം മൂന്നാം സ്ഥാനത്തുതന്നെ തുടരേണ്ടിവരുമെന്നുറപ്പ്. പാലക്കാട് സി.പി.എമ്മിൽ വിഭാഗീയത രൂക്ഷമാണ്. സി.പി.എമ്മിനെ നിരന്തം വിമർശിച്ചിരുന്ന ഒരാളെ സ്ഥാനാർത്ഥിയാക്കിയതിലുള്ള അമർഷം പുകയുന്നുണ്ട്. സരിന്റെ നാവിൽ കോൺഗ്രസ് എന്നുതന്നെയാണ് ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നത്. മാത്രമല്ല, സി.പി.എമ്മിനെ ചൂഴ്ന്നുനിൽക്കുന്ന വിവാദങ്ങളും ഭരണ വിരുദ്ധ വികാരവുമെല്ലാം പാലക്കാട് പ്രതിഫലിച്ചേക്കും. മാസപ്പടി കേസ് മുതൽ തൃശൂർ പൂരം കലക്കലും കണ്ണൂർ എ.ഡി.എമ്മിന്റെ മരണവും പി.പി ദിവ്യ ജയിലിലായതും വരെയുള്ള വിഷയങ്ങളിൽ സി.പി. എം സ്വീകരിച്ച നിലപാടുകൾ പാർട്ടി ബന്ധുക്കളെ പോലും അകറ്റിയതായാണ് വിലയിരുത്തപ്പെടുന്നത്. ഇത്തരമൊരു രാഷ്ട്രീയ സാഹചര്യത്തിൽ ഇനി 15 ദിവസം ...



യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പാലക്കാട് വെസ്റ്റ് മണ്ഡലം പര്യടനം മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം കെ.പി.എ മജീദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## പാലക്കാട്ട് സി.പി.എം പാർട്ടി സ്ഥാനാർത്ഥിയെ നിർത്താതിരുന്നത് ബി.ജെ.പിയെ സഹായിക്കാൻ: കെ.പി.എ മജീദ്

പാലക്കാട്: പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ സി.പി.എം പാർട്ടി ചിഹ്നത്തിൽ സ്ഥാനാർത്ഥിയെ നിർത്താതിരുന്നത് ബി.ജെ.പിയെ സഹായിക്കാനാണെന്ന് മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം കെ.പി.എ മജീദ് എം.എൽ.എ. യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ വെസ്റ്റ് മണ്ഡലം പര്യടനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാർട്ടി സ്ഥാനാർത്ഥിയെ നിർത്താതെ സ്വതന്ത്ര സ്ഥാനാർത്ഥിയെ നിർത്തി തോറ്റു കൊടുക്കുകയാണ് സി.പി. എം ഇതിലൂടെ ലക്ഷ്യമിടുന്നത്. ബി.ജെ.പിയാണ് മുഖ്യശത്രുവെന്ന് പറയാതെ കോൺഗ്രസിനെ മുഖ്യശത്രുവാക്കുന്നതും അവർ തമ്മിലുള്ള ഡീലിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. സർവമേഖലയിലും ജനജീവിതം ദുസ്സഹമാക്കിയ സർക്കാറുകളാണ് കേന്ദ്രത്തിലും സംസ്ഥാനത്തും ഭരിച്ചുകൊണ്ടിരിക്കുന്നത്. വിലക്കയറ്റം കൊണ്ട് സാധാരണക്കാരന് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ്. ക്ഷേമപെൻഷനുകളും കർഷകന് ലഭിക്കേണ്ട നെല്ലുവിലയും വലിയ കുടിശികയാണ് വരുത്തിയിരിക്കുന്നത്. ഉപതിരഞ്ഞെടുപ്പ്ഫലം ഈ വഞ്ചനക്കുള്ള പ്രഹരമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കെ.പി.സി.സി ജനറൽ സെക്രട്ടറി ബിന്ദുകൃഷ്ണ, സെക്രട്ടറി പി.ഹരിഗോവിന്ദൻ, സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ, മുസ്‌ലിംലീഗ് സെക്രട്ടറിയേറ്റ് അംഗം കളത്തിൽ അബ്ദുല്ല, മുസ്‌ലിംലീഗ് ജില്ലാ ജനറൽസെക്രട്ടറി അഡ്വ.ടി.എ സിദ്ദീഖ്, എം.എം ഹമീദ്, ശരത് ചേർത്തല, ഷിബു മീരാൻ, കെ.കെ.എ അസീസ്, പൊൻപാറ കോയക്കുട്ടി, കെ.ടി.എ ജബ്ബാർ, പി.ടി മുഹമ്മദ് മാസ്റ്റർ, എം.എച്ച് മുജീബ്റഹ്മാൻ, സൈതലവി പൂളക്കാട്, ഇ.മുസ്തഫ മാസ്റ്റർ, സലാം തറയിൽ, നസീർ തൊട്ടിയാൻ, പി.പി മുഹമ്മദ്കാസിം, എ.എം സലീം, അനിൽ ബാലൻ, എസ്.എം നാസർ, പി.എച്ച് മുസ്തഫ, മുഹമ്മദ് ഷാഫി, എം.ശാക്കിർ മുഹമ്മദ്, മുഹമ്മദ് അസ്‌ലം, കെ.യു ഹംസ, പി.കെ.എം ഷഫീഖ് തുടങ്ങിയവർ സംസാരിച്ചു.

### പ്രിയങ്ക ഗാന്ധി ഇന്ന് തിരുവമ്പാടിയിൽ

മുക്കം: യു.ഡി.എഫ്.സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധി ഇന്ന് തിരുവമ്പാടി, ഏറനാട് നിയോജക മണ്ഡലങ്ങളിൽ പര്യടനം നടത്തും. രാവിലെ 11 ന് കോടഞ്ചേരിയിലും 12.15 ന് കൂടരഞ്ഞിയിലും ഒന്നരയ്ക്ക് പന്നിക്കോടും കോർണർ യോഗങ്ങളിൽ പ്രിയങ്ക പ്രസംഗിക്കും. രണ്ടര മണിക്ക് ഏറനാട് നിയോജകമണ്ഡലത്തിൽ കിഴിശേരിയിലാണ് ഇന്നത്തെ അവസാനത്തെ പരിപാടി.

### നാളെ മലപ്പുറത്ത്

നിലമ്പൂർ: വയനാട് ലോക്സഭ മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർഥി പ്രിയങ്കാ ഗാന്ധി. മലപ്പുറം ജില്ലയിലെ വണ്ടൂർ, നിലമ്പൂർ നിയമസഭാ മണ്ഡലങ്ങളിലെ കുടുംബ യോഗങ്ങളിലും പൊതുയോഗങ്ങളിലും പങ്കെടുക്കുന്നു. ബുധൻ, വ്യാഴം ദിവസങ്ങളിലാണ് ഇരു മണ്ഡലങ്ങളിലും വിവിധ പ്രദേശങ്ങളിലെ പ്രചാരണ പരിപാടിയിൽ പങ്കെടുക്കുന്നത്. പ്രിയങ്കക്കായി കോർണർ യോഗങ്ങൾക്കും കുടുംബയോഗങ്ങൾക്കുമുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. ബുധനാഴ്ച രാവിലെ 10.15ന് വണ്ടൂർ നിയോജകമണ്ഡലത്തിലെ ചെറുകോട്, 11.45ന് തുവ്വൂർ, ഉച്ചയ്ക്ക് 1.05ന് കാളികാവ് ടൗൺ, വൈകുന്നേരം 2.30ന് നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുപാടം എന്നിവിടങ്ങളിൽ നടക്കുന്ന കോർണർ യോഗങ്ങളിലും കുടുംബയോഗങ്ങളിലും പ്രിയങ്ക ഗാന്ധി സംസാരിക്കും. വ്യാഴം രാവിലെ 10ന് ചാലിയാർ പഞ്ചായത്തിലെ അകമ്പാടത്തും 12.30ന് വഴിക്കടവിലും വൈകീട്ട് 3ന് നിലമ്പൂരിലും പ്രിയങ്ക പ്രചാരണത്തിനെത്തും.

## അപവാദങ്ങൾക്കും കുപ്രചരണങ്ങൾക്കും ഇടംകൊടുക്കാതെ പാലക്കാടിന്റെ തെളിഞ്ഞ മനസ്സ് യു.ഡി.എഫിനൊപ്പം

**മുഹമ്മദലി പാക്കുളം**
പാലക്കാട്



പാലക്കാട് നിയോജകമണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ കെട്ടിട നിർമാണ തൊഴിലാളികളുമായി സൗഹൃദം പങ്കിടുന്നു

രാഷ്ട്രീയ കേരളം ഉറ്റുനോക്കുന്ന പാലക്കാട്ടെ ഉപതിരഞ്ഞെടുപ്പിൽ സി.പി.എം–ബി.ജെ.പി നേതാക്കളുടെ അപവാദങ്ങളും ചാക്കിട്ടുപിടിത്തവും അരങ്ങുവാഴുമ്പോൾ പാലക്കാടിന്റെ തെളിഞ്ഞ മനസ്സ് യു.ഡി.എഫിനൊപ്പം. തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടംപൂർത്തിയാകുമ്പോൾ ചിട്ടയാർന്ന പ്രവർത്തനങ്ങളുമായി വിവാദങ്ങൾക്ക് ഇടംകൊടുക്കാതെ യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ബഹുദൂരം മുന്നിലാണ്. നിയോജക മണ്ഡലം കൺവൻഷനും ഏഴു മേഖലാകൺവൻഷനുകളും ബൂത്ത് കൺവൻഷനുകളും ഇതിനകം പൂർത്തിയായി. രണ്ടാം ഘട്ട ഗൃഹസമ്പർക്കവും സംസ്ഥാന ജില്ലാ യു.ഡി.എഫ് നേതാക്കളുടെ നേതൃത്വത്തിൽ ബഹുജനപങ്കാളിത്തതോടെയാണ് നടക്കുന്നത്.

സി.പി.എമ്മിന്റെ അവസരവാദ രാഷ്ട്രീയവും ബി.ജെ.പിയുമായുള്ള ഡീലും ബി.ജെ.പിക്കുള്ളിലെ പാളയത്തിൽപ്പടയുമാണ് തിരഞ്ഞെടുപ്പിൽ മണ്ഡലത്തിലെ പ്രധാന ചർച്ച. ജില്ലാ സിരാകേന്ദ്രത്തിൽ പാർട്ടി ചിഹ്നത്തിൽ പോലും മത്സരിക്കാനാളില്ലാതെ അവസരവാദ രാഷ്ട്രീയക്കാരനെ സ്ഥാനാർത്ഥിയാക്കിയതിന്റെ ജാള്യതമറക്കാൻ ദിനേന അപവാദങ്ങൾ പടച്ചുവിടുന്ന തിരക്കിലാണ് സി.പി.എം നേതൃത്വം.

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ബിനുമോളെ സ്ഥാനാർത്ഥിയാക്കാൻ ജില്ലാകമ്മിറ്റി തീരുമാനമെടുത്ത ശേഷമാണ് കോൺഗ്രസിൽ നിന്നും സ്ഥാനമോഹവുമായെത്തിയയാളെ സ്ഥാനാർത്ഥിയാക്കിയത്. ഇതോടെ ബൂത്ത് തലങ്ങളിൽവരെ ജില്ലാ സെക്രട്ടറിയുടെ തീരുമാനത്തിനെതിരെ പ്രതിഷേധം ഉടലെടുത്തു. കൊഴിഞ്ഞാമ്പാറയിൽ ജില്ലാസെക്രട്ടറിയുടെ ധിക്കാരപരമായ നടപടിയിൽ പ്രതിഷേധിച്ച് 28 ബ്രാഞ്ചുകളിൽ നിന്നായി 600 പേരെ പങ്കെടുപ്പിച്ച് വിമത കൺവൻഷൻ വിളിച്ചുചേർത്ത് പഞ്ചായത്ത് പ്രസിഡന്റ് തന്നെ രംഗത്തെത്തി. തൊട്ടടുത്തദിവസം ജില്ലാ സെക്രട്ടറിയുടെ അവസരവാദ രാഷ്ട്രീയത്തിൽ പ്രതിഷേധിച്ച് ഏരിയാ കമ്മിറ്റി അംഗവും സി.ഐ.ടി.യു ജില്ലാ ട്രഷററുമായ അബ്ദുൽഷുക്കൂറും രംഗത്തെത്തിയിരുന്നു. അഭിനയിക്കുന്നവർ അരങ്ങുവാഴുന്ന കാലത്ത് ആത്മാർത്ഥതക്ക് വിലയില്ലെന്നും ആട്ടുംതുപ്പുമേറ്റ് ഇനി ഈ കൊടിക്കൊപ്പമില്ലെന്ന് മാധ്യമങ്ങൾക്ക് മുന്നിൽ വിതുമ്പിയാണ് അദ്ദേഹം പ്രതിഷേധിച്ചത്. എന്നാൽ എൻ.എൻ കൃഷ്ണദാസിന്റെ നേതൃത്വത്തിൽ ഭീഷണിയുടെ സ്വരത്തിൽ ഷുക്കൂറിനെ അനുനയിപ്പിച്ച് പിന്മാറ്റുകയാണുണ്ടായത്.

ബി.ജെ.പിയിലാകട്ടെ സ്ഥാനാർത്ഥി പ്രഖ്യാപനംമുതൽ പാളയത്തിൽപ്പടയാണ്. സീറ്റ് മോഹിച്ചെത്തിയ ശോഭയെ വെട്ടി കൃഷ്ണകുമാറിനെ സ്ഥാനാർത്ഥിയാക്കിയതോടെയാണ് കലഹം മൂർച്ഛിച്ചത്. തുടർച്ചയായി ബി.ജെ.പി നഗരസഭാ കൗൺസിലർമാരടക്കം തിരഞ്ഞെടുപ്പ് യോഗങ്ങളിൽ നിന്നും വിട്ടുനിന്നു. കൃഷ്ണകുമാർ അനുകൂലികൾ ശോഭക്ക് സ്വാഗതമാശംസിച്ച് വെച്ച ഫ്ളക്സ് കത്തിക്കൽവരെയെത്തി കാര്യങ്ങൾ. കൃഷ്ണകുമാറിനെ പാലക്കാട്ട് പരാജയപ്പെടുത്തുമെന്ന് ബി.ജെ.പി സംസ്ഥാന നേതാവ് ശിവരാജൻ പരസ്യവെല്ലുവിളിയും നടത്തി. ഇതിനിടെയാണ് ഇന്നലെ ബി.ജെ.പിയെ വീണ്ടും കുരുക്കിലാക്കി സംസ്ഥാന വക്താവ് കൂടിയായ സന്ദീപ് വാര്യർ കൃഷ്ണകുമാറിനെതിരെ തുറന്നടിച്ച് രംഗത്തെത്തിയത്.

കഴിഞ്ഞ തിരഞ്ഞെടുപ്പിലെ കുഴൽപ്പണവിവാദവും പ്രചാരണത്തിൽ ബി.ജെപിക്ക് തലവേദന സൃഷ്ടിക്കുന്നുണ്ട്. പാർട്ടി ചിഹ്നത്തിൽ സ്ഥാനാർത്ഥിയെ നിർത്താതെ ബി.ജെ.പിയെ സഹായിക്കാനുള്ള സി.പി.എമ്മിന്റെ ഡീലിനെതിരെ പാലക്കാട്ടെ മതേതര മനസ്സുള്ള വോട്ടർമാർ തിരഞ്ഞെടുപ്പിലൂടെ തിരിച്ചടിക്കുമെന്നുറപ്പാണ്.

## കക്കോടൻ മൂസ ഹാജിയുടെ വീട് സന്ദർശിച്ച് പ്രിയങ്ക ഗാന്ധി

സുൽത്താൻ ബത്തേരി: വയനാട്ടിലെ പൗരപ്രമുഖനും മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടിയുടെ ഭാര്യ പിതാവുമായ പരേതനായ കക്കോടൻ മൂസ ഹാജിയുടെ വീട് സന്ദർശിച്ച് പ്രിയങ്ക ഗാന്ധി. ഇന്നലെ വൈകിട്ട് 3:40 ഓടെയാണ് പുൽപ്പള്ളയിലെ പ്രചരണ പരിപാടി കഴിഞ്ഞ് സുൽത്താൻബത്തേരി ടൗണിലെ മൂസ ഹാജിയുടെ വീട്ടിലേക്ക് പ്രിയങ്ക എത്തിയത്. പ്രിയങ്ക ഗാന്ധിയെ പി കെ കുഞ്ഞാലിക്കുട്ടിയുൾപ്പെടെ കുടുംബം വരവേറ്റു. അരമണിക്കൂറോളം വീട്ടിൽ ചിലവഴിച്ച് വീട്ടുകാരുമായി സൗഹൃദസംഭാഷണം നടത്തിയ ശേഷമാണ് അവർ മടങ്ങിയത്. തിരക്കിട്ട പ്രചാരണ പരിപാടികൾക്കിടെ തങ്ങളുടെ വീട്ടിലെത്തിയതിൽ കക്കോടൻ കുടുംബം സന്തോഷമറിയിച്ചു. പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ, അബ്ദുസമദ് സമദാനി എം.പി, ഡീൻ കുര്യാക്കോസ് എംപി, എം.എൽ.എമാരായ ഐസി ബാലകൃഷ്ണൻ, ടി സിദ്ധീഖ്, എ കെ എം അഷറഫ്, എം. ലിജു, ലീഗ് നേതാക്കളായ സി. മമ്മൂട്ടി നാലകത്ത് സൂപ്പി, പാറക്കൽ അബ്ദുല്ല, ഫാത്തിമ മുസഫർ യു.സി രാമൻ, കെ അഹമ്മദ് ഹാജി, ടി മുഹമ്മദ്, റസാഖ് കൽപ്പറ്റ, ഹാരിസ് കണ്ടിയൻ, നൗഷാദ് ബെംഗളൂരു, അബ്ദുല്ല മാടക്കര, എം.എ അസൈനാർ, കെ.എം ഷബീർ അഹമ്മദ്, വി. ഉമ്മർ ഹാജി, ഡി.പി രാജശേഖരൻ, ജയന്തി രാജൻ, കെ.കെ.സി മൈമൂന, റസീന അബ്ദുൽ ഖാദർ, ബാനു പുളിക്കൽ, ഖമർലൈല, ആസിയ മൊയ്തു, ഡബ്ല്യു.എം.ഒ ജനറൽ സെക്രട്ടറി പി.പി അബ്ദുൽ ഖാദർ, കുടുംബാംഗങ്ങളായ കല്ലങ്കോടൻ മൊയ്തു, മുഹമ്മദ് കക്കോടൻ, റസൽ, ഡോ. ഗഫൂർ കക്കോടൻ തുടങ്ങിയവരും വീട്ടിലുണ്ടായിരുന്നു.



കക്കോടൻ മൂസ ഹാജിയുടെ വീട്ടിലെത്തിയ പ്രിയങ്ക ഗാന്ധിക്ക് പേരക്കുട്ടി റസലിന്റെ മകൾ ഹനാൻ മുത്തം നൽകുന്നു. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ കുഞ്ഞാലിക്കുട്ടി തുടങ്ങിയവർ സമീപം

## പ്രിയങ്കയുടെ പ്രസംഗത്തിൽ ജമാൽ സാഹിബും

മുട്ടിൽ: വയനാട് മുസ്‌ലിം യതീംഖാന ജനറൽ സെക്രട്ടറിയും മുസ്‌ലിം ലീഗ് നേതാവുമായിരുന്ന എം.എ മുഹമ്മദ് ജമാൽ സാഹിബിന്റെ സേവനങ്ങളെ അനുസ്മരിച്ച് പ്രിയങ്ക ഗാന്ധി. മുട്ടിലിൽ നടന്ന യു.ഡി.എഫ് കോർണർ യോഗത്തിൽ സംസാരിക്കുന്നതിടെയാണ് ജമാൽ സാഹിബിന്റെ സേവനനിരതമായ ജീവിതത്തെ പ്രിയങ്ക പരാമർശിച്ചത്. ബി.ജെ.പി തുടരുന്ന വെറുപ്പിന്റെ രാഷ്ട്രീയത്തെക്കുറിച്ച് പറയുന്നതിനിടെയായിരുന്നു പരാമർശം. പരസ്പര സ്നേഹത്തിന്റെയും മതമൈത്രിയുടെയും നാടാണ് വയനാട്. മുട്ടിൽ യതീംഖാനയിലെ മുഹമ്മദ് ജമാൽ സാഹിബ്, ഒരു പുരുഷായുസ്സ് മുഴുവൻ സഹജീവി സ്നേഹത്തിനും അവരുടെ ഉന്നമനത്തിനുമായാണ് ജീവിച്ചത്. ഈ നന്മയും സൗഹാർദ്ദത്തിന്റെ പാരമ്പര്യവുമാണ് രാജ്യത്തിന് വേണ്ടതെന്നും അതിനായാണ് തന്റെ സ്ഥാനാർത്ഥിത്വമെന്നും പ്രിയങ്ക ഗാന്ധി പറഞ്ഞു. മുട്ടിൽ പള്ളിയുടെ നേതൃത്വം അലങ്കരിച്ച രാധാഗോപിമേനോനെയും തന്റെ പ്രസംഗത്തിൽ പ്രിയങ്ക ഗാന്ധി എടുത്തുപറഞ്ഞു.

## കൽപ്പാത്തി രഥോത്സവ ദിനത്തിലെ പോളിങ് മാറ്റിയത് സ്വാഗതം ചെയ്ത് യു.ഡി.എഫ് നേതാക്കൾ

പാലക്കാട്: കൽപ്പാത്തി രഥോത്സവ ദിനത്തിലെ പോളിങ് മാറ്റിയത് സ്വാഗതം ചെയ്ത് യു.ഡി.എഫ് നേതാക്കൾ. രഥോത്സവത്തിന് പതിനായിരക്കണക്കിനാളുകൾ വരുമ്പോഴുണ്ടാകുന്ന തിരക്ക് പരിഗണിച്ചാണ് വോട്ടെടുപ്പ് മാറ്റണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനോട് യു.ഡി.എഫ് ആവശ്യപ്പെട്ടതെന്നും അതിനാൽ പുതിയ തീരുമാനത്തെ സ്വാഗതം ചെയ്യുന്നവെന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. എന്നാൽ വോട്ടെടുപ്പ് നീട്ടണമെന്നല്ല, വോട്ടെടുപ്പ് തീയതി മുന്നിലേക്കോ പിന്നിലേക്കോ മാറ്റണമെന്നാണ് ആവശ്യപ്പെട്ടത്. പരാമവധി ആളുകൾക്ക് തടസമില്ലാതെ വോട്ട് ചെയ്യാനുള്ള സാഹചര്യമുണ്ടാകണം. പരാതി നൽകിയപ്പോൾ തന്നെ തീരുമാനം എടുക്കാതെ തിരഞ്ഞെടുപ്പിന് ഏതാനും ദിവസങ്ങൾക്ക് മുന്നിൽ മാറ്റിയതിന് പിന്നിൽ എന്താണെന്ന് അറിയില്ലെന്നും അദ്ദേഹം പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി സ്വാഗതാർഹമാണെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ എം.പി പ്രതികരിച്ചു. തീയതി മാറ്റിയത് മുഴുവൻ പേർക്കും സന്തോഷവും ആശ്വാസവും തരുന്ന തീരുമാനമെന്ന് യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ പറഞ്ഞു. തിരഞ്ഞെടുപ്പ് തീയതി വന്നപ്പോൾ തന്നെ യു.ഡി.എഫ് ആവശ്യപ്പെട്ടതാണിത്. തീയതി പ്രഖ്യാപിക്കുന്നതിൽ ഗുരുതരമായ അനാസ്ഥ ഉണ്ടായി. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും ജില്ലാ ഭരണകൂടത്തിനും വീഴ്ച സംഭവിച്ചു. ബി.ജെ.പിയും സി.പി.എമ്മും തീയതി മാറ്റണമെന്ന് കത്ത് നൽകിയത് പ്രഹസനമാണെന്നും രാഹുൽ പറഞ്ഞു.




നിലമ്പൂരിൽ യു.ഡി.എഫ് ജനപ്രതിനിധികളുടെ കൺവൻഷനിൽ കെ.മുരളീധരൻ പ്രസംഗിക്കുന്നു.